# സൂര്യനുദിക്കും

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സൂര്യനുദിക്കും

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70

●

All rights reserved with the publisher

# ആമുഖം

കാർഡിനൽ ജോൺ ഹെന്റി ന്യൂമാൻ, എഴുതിയ വിശ്വ പ്രസിദ്ധമായ കവിതയാണ് "Lead kindly Light." അദ്ദേഹം ഇറ്റ ലിയിലെ സിസിലിയിൽ നിന്ന് ഫ്രാൻസിലെ മാൾ സെയിൽസി ലേക്ക് കപ്പലിൽ യാത്രചെയ്യുകയായിരുന്നു. പല വിധത്തി ലുള്ള വിചാരവികാരങ്ങളും ആകുലഭാരങ്ങളും പേറി അദ്ദേഹം കപ്പലിന്റെ മുകൾത്തട്ടിലേക്ക് ചെന്ന് ആകാശത്തി ലേയ്ക്ക് നോക്കി. കൂരിരുൾ മൂടിയിരിക്കുന്നു. ഒരു നക്ഷത്രം പോലും കാണാനില്ല. പ്രകാശത്തിന്റെ ഒരു കിരണം പോലും കാണാനില്ല. അന്ത:സംഘർഷം മുറ്റി അദ്ദേഹം ഇങ്ങനെ പാടി.

Lead, kindly Light, amid the encircling gloom,
Lead Thou me on;
The night is dark, and I am far from home,
Lead Thou me on;
Keep Thou my feet; I do not ask to see
The distant scene; one step enough for me.

ജീവിതത്തിന്റെ പ്രതിസന്ധികളിൽ അലഞ്ഞുലഞ്ഞ് വശംകെട്ടുപോയ മനുഷ്യന് ക്രിസ്തുവിന്റെ ജീവപ്രകാശം ലഭിക്കുമ്പോൾ അത്ഭുതകരമായ ശാന്തി ലഭിക്കും. ഇരുളിന്റെ രാവുകഴിഞ്ഞ് പ്രകാശപ്രചുരിമയുള്ള പുലരി വരും.

പലരുടേയും ജീവിതത്തിൽ ആന്തരികമായ അന്ധകാര മാണ്; സൂര്യൻ അസ്തമിച്ച അനുഭവം! ആകുലങ്ങൾ, ആവലാ തികൾ, ദുരിതങ്ങൾ, യാതനകൾ, രോഗങ്ങൾ, കെടുതികൾ എന്നിങ്ങനെ നിരാശാകരമായ സാഹചര്യങ്ങൾ ഇരുൾ പര

ത്തുകയാണ്. അസ്തമിച്ചുപോയ സൂര്യനുദിച്ചാൽ സുപ്രഭാതം പ്രത്യാശ പകരും. നിരാശപൂണ്ട ജീവിതങ്ങൾ ക്രിസ്തുവിന്റെ സത്യപ്രകാശത്തിലേക്ക് വന്നാൽ സമാധാനംകൊണ്ട് നിറയും.

പ്രകാശത്തിലേക്ക് വരണമെങ്കിൽ ക്രിസ്തു വെറുക്കുന്ന സകലവും നമ്മിൽനിന്ന് മാറിപ്പോകണം. പാപം മൂലമാണ് സൂര്യൻ അസ്തമിച്ചുപോകുന്നത്. പാപത്തെയും പാപത്തിന്റെ അധിപതിയായ പിശാചിനേയും ഉപേക്ഷിച്ച് നിത്യപ്രകാശ മായ ക്രിസ്തുവിനെ നാം സ്വീകരിക്കുമ്പോൾ നമ്മുടെ അക ക്കണ്ണ് തുറക്കും. അതോടൊപ്പം ജീവിതം പ്രകാശപൂരിത മാകും; സമാധാന സംഭൃതമാകും.

ഈ മഹത്തായ ആശയം പ്രകാശിപ്പിക്കുകയും പ്രചരിപ്പി ക്കുകയും ചെയ്യാനുള്ള ആഗ്രഹത്തിൽനിന്നാണ് ഈ പുസ്തകം പിറവിയെടുത്തത്. സൂര്യനുദിക്കുന്ന ശാന്തിയുടെ സുദിനത്തിലേക്ക് എന്റെ അനുവാചകർ എല്ലാവരും എത്തി ച്ചേരണമെന്ന് ഞാൻ അത്യന്തം ആഗ്രഹിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ രചനയിലും അച്ചടിയിലും കവർ പേജിലും എല്ലാം എന്റെ ആത്മീയ സഹോദരങ്ങളുടെ അനൽപ്പമായ സഹായം ഉണ്ടായിട്ടുണ്ട്. അവർ ഓരോരുത്ത രോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞത ഞാൻ പ്രകാശി പ്പിക്കുന്നു.

എന്റെ മറ്റു പുസ്തകങ്ങൾക്ക് നൽകിയതുപോലുള്ള സ്വീകരണം ഈ ഗ്രന്ഥത്തിനും ഉണ്ടാകുമെന്നുള്ള പ്രത്യാശ യോടെ,

നിങ്ങളുടെ സ്വന്തം,<br>**യോഹന്നാൻ സാർ**

# ഒന്ന്

*“സർവ്വശക്തങ്കലേയ്ക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.”* *ഇയ്യോബ് 22 : 23*

നമുക്കെല്ലാം അഭിവൃദ്ധി വേണം. നമ്മുടെ ശരീരത്തിനഭിവൃദ്ധി വേണം; മനസ്സിനഭിവൃദ്ധി വേണം; ആത്മാവിനഭിവൃദ്ധി വേണം. അഭിവൃദ്ധി തരാൻ സർവ്വശക്തനുണ്ട്, നിങ്ങൾ വിശ്വസിക്കുക. നിങ്ങൾക്ക് എന്തിലാണോ കുറവുള്ളത്, ഏതിലാണോ ബലഹീനതയുള്ളത്, നിങ്ങൾക്ക് നിങ്ങളെക്കുറിച്ചു തന്നെ ഒരു അസംതൃപ്തിയുള്ളത് ഏതു കാര്യത്തിലാണോ, അതുമായിട്ട് തന്നെത്താൻ ദൈവസന്നിധിയിലിരുന്നു പ്രാർത്ഥിക്കണം.

നിങ്ങളെക്കുറിച്ച് തന്നെ ഒരു അസംതൃപ്തി! ജീവിതത്തിൽ ഒരു പൂർണ്ണ സന്തോഷം കിട്ടുന്നില്ല; സമാധാനം കിട്ടുന്നില്ല; ബലം കിട്ടുന്നില്ല; ധൈര്യം കിട്ടുന്നില്ല. നിങ്ങൾക്കു തന്നെ ബോദ്ധ്യമുണ്ട്, നിങ്ങൾക്ക് ചില കാര്യങ്ങളിൽ പോരായ്മയുണ്ടെന്ന്; ചില ബലഹീനതകൾ ഉണ്ടെന്ന്. അതുമായിട്ട് തന്നെത്താൻ, വേറെ ആരോടും പറയാതെ ദൈവസന്നിധിയിലിരിക്കണം. അപ്പോൾ കർത്താവ് നിങ്ങൾക്ക് അനുഗ്രഹം തരും. വ്യക്തമായ അനുഭവം തരും.

തെറ്റിദ്ധാരണകൾ വരാം, എതിർപ്പുകൾ വരാം, ശത്രുത്വങ്ങൾ വരാം. പക്ഷേ, എന്തു വന്നാലും നാം നീതി വിടരുത്, ധർമ്മം വിടരുത്, സത്യം വിടരുത്. എന്നാൽ നിങ്ങൾക്ക് ജീവിതത്തിൽ അടിക്കടി പുരോഗതി ഉണ്ടാകും.

ആകുലങ്ങൾ, ആവലാതികൾ, ഭയങ്ങൾ, ആശങ്കകൾ,

ചിന്താക്കുഴപ്പങ്ങൾ ഇതെല്ലാം മനുഷ്യർക്കുണ്ട്. ഏതെല്ലാം പ്രശ്നങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും അതറിയുന്ന ഒരാളുണ്ട്. അത് കർത്താവായ യേശുക്രിസ്തുവാണ്.

*"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം."* *1 തെസ്സലോനിക്യർ 5 : 16 – 18*

കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞു:

*"എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്."* *മത്തായി 7 : 21*

കർത്താവേ, കർത്താവേ, എന്നുവിളിക്കുന്നു. ദൈവമേ, നീ പരിശുദ്ധനാകുന്നു എന്നു പറയുന്നു. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ എന്നു പറയുന്നു. എന്നാൽ അങ്ങനെ പ്രാർത്ഥിക്കുന്നവരല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.

എന്താണ് പിതാവിന്റെ ഇഷ്ടം? ശിഷ്യന്മാർ കർത്താവിനോട് ചോദിച്ചു: ഞങ്ങൾക്ക് ദൈവത്തെ പ്രസാദിപ്പിക്കണം എന്നുണ്ട്. അതിന് എന്താണ് ചെയ്യേണ്ടത്?

1. *"അവർ അവനോട് ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോട്: ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു."*

*യോഹന്നാൻ 6 : 28, 29*

ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി ക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്. വിശ്വാസമുണ്ടെങ്കിൽ അനുസരണമുണ്ട്. ഇതുരണ്ടും ഒരുമിച്ചു പോകുന്നതാണ്.

2. *"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ." 1 തെസ്സലൊനിക്യർ 4 : 3*

നിങ്ങൾ ഇന്നുള്ള സ്ഥിതിയിൽനിന്ന് മാറി വിശുദ്ധരായിത്തീരുക എന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം. ആന്തരികമായ ഒരു കഴുകൽ നിങ്ങൾക്ക് കിട്ടണം. അതാണ് ദൈവത്തിന്റെ ഇഷ്ടം.

3. *"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിന്നും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം."*
*1 തെസ്സലൊനിക്യർ 5 : 16 – 18*

എപ്പോഴും സന്തോഷിക്കാൻ പറ്റുന്നത് എങ്ങനെയാണ്? എന്റെ ജീവിതത്തിൽ എന്തു സംഭവിച്ചാലും അതു നന്മയ്ക്കായി രൂപാന്തരപ്പെടുത്താൻ കർത്താവിനു കഴിയും എന്നുള്ള വിശ്വാസം ഉണ്ടായിരിക്കണം.

*"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." റോമർ 8 : 28*

എല്ലാം നന്മയ്ക്കാക്കിത്തീർക്കാൻ കർത്താവിന്നു കഴിയും. എനിക്ക് ഒരു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചുപോയി. എനിക്ക് ആരുമില്ല; എനിക്കു തുണയില്ല; ഞാൻ ഒറ്റപ്പെട്ടവനായിപ്പോയി; ഞാൻ അനാഥനാണ്. ഈ ഒരു അപകർഷതാബോധമാണ് ഞാൻ ദൈവത്തെ വിളിക്കുന്നതിന് മുഖാന്തരമായിത്തീർന്നത്.

നിങ്ങളുടെ ജീവിതത്തിൽ വരുന്നതെല്ലാം നന്മയ്ക്കാക്കി ത്തീർക്കാൻ കർത്താവിനു കഴിയും. നിങ്ങൾ പരീക്ഷയിൽ തോറ്റതാണോ? നന്മയ്ക്കാക്കിത്തീർക്കാൻ കർത്താവിനു കഴിയും. നിങ്ങൾക്കിന്ന് സ്നേഹം കിട്ടാതെ പോകുന്നുണ്ടോ? നന്മ യ്ക്കാക്കിത്തീർക്കാൻ കർത്താവിനു കഴിയും. എന്തു നിങ്ങളുടെ ജീവിതത്തിൽ വന്നിട്ടുണ്ടെങ്കിലും നന്മയ്ക്കാക്കിത്തീർക്കാൻ കർത്താവിനു കഴിയും. അതിന് ഒരു വ്യവസ്ഥയുണ്ട്. ദൈവത്തെ സ്നേഹിക്കണം. ദൈവത്തെ വിശ്വസിക്കണം.

നിങ്ങൾ വിശ്വസിക്കുക; നിങ്ങളുടെ ജീവിതത്തിൽ ഇതു വരെ വന്ന എല്ലാ പരാജയങ്ങളും വിജയത്തിലേക്കുള്ള ചവിട്ടു പടികളാക്കാൻ കർത്താവിനു കഴിയും.

> *"യഹോവേ, രാജാവു നിന്റെ ബലത്തിൽ സന്തോ ഷിക്കുന്നു; നിന്റെ രക്ഷയിൽ അവൻ ഏറ്റവും ഉല്ല സിക്കുന്നു."* *സങ്കീർത്തനങ്ങൾ 21 : 1*

ഇവിടെ രാജാവ് എന്നുപറയുന്നത് ദാവീദിനെ തന്നെയാണ്. ഞാൻ സന്തോഷിക്കുന്നു എന്നാണ് ദാവീദ് പറയുന്നത്. ശൗൽ രാജാവ് എതിര്. പിന്നീട് സ്വന്തമകൻ എതിര്. അപ്പനെ കൊല്ലാൻ മകൻ സൈന്യത്തോടു കൂടെ വരുന്നു. ഇങ്ങനെ യെല്ലാമാണെങ്കിലും ഞാൻ ദൈവത്തിന്റെ ബലത്തിൽ സന്തോ ഷിക്കുന്നു എന്നാണ് ദാവീദ് പാടുന്നത്.

നിങ്ങൾക്ക് സന്തോഷിക്കാൻ സാധിക്കണമെങ്കിൽ കർത്താവ് എനിക്ക് അനുകൂലമാണ് എന്നൊരുറപ്പു വേണം. ജീവനുള്ള ദൈവം നമുക്ക് അനുകൂലമല്ലെങ്കിൽ സകലവും വ്യർത്ഥമാണ്. ദൈവം അനുകൂലമാകണമെങ്കിൽ കർത്താ വിനെ പ്രസാദിപ്പിക്കുന്ന തരത്തിൽ ജീവിക്കണം. പാപം കൂടാതെ ജീവിക്കണം. പാപം കൂടാതെ ജീവിച്ചാൽ കർത്താവ് നിങ്ങളെ ഉയർത്തും.

എന്തു പ്രശ്നം വന്നാലും സന്തോഷിക്കുന്നവരാകണം. എന്തെല്ലാം എതിരുകൾ വന്നാലും സന്തോഷിക്കുന്നവരാക

ണം; കൊടിയ രോഗം വന്നാലും സന്തോഷിക്കുന്നവരാകണം. എന്തുനഷ്ടം വന്നാലും നിങ്ങൾ തളരാതിരിക്കുക. പതറാതിരിക്കുക. നിങ്ങൾ സന്തോഷിക്കുക.

തീക്ഷ്ണതയുള്ളൊരു പ്രാർത്ഥനാജീവിതമുണ്ടായിരിക്കണം. തന്നത്താൻ ദൈവസന്നിധിയിലിരുന്നു പ്രാർത്ഥിക്കണം. എല്ലാ കാര്യങ്ങളും കർത്താവിന്റെ കരങ്ങളിലേക്ക് ഏല്പിക്കണം. എനിക്കു ജയജീവിതം വേണം എന്നു മുട്ടിപ്പായി പ്രാർത്ഥിക്കണം.

"എല്ലാറ്റിനും സ്തോത്രം ചെയ്വിൻ." - എന്തുകാര്യം വന്നാലും കർത്താവിനെ സ്തുതിക്കണം.

*"സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു."*
*സദൃശവാക്യങ്ങൾ 17 : 22*

സന്തുഷ്ടഹൃദയം നിങ്ങളുടെ ആരോഗ്യത്തിന് നല്ലതാണ്.

നിങ്ങളുടെ ജീവിതത്തിൽ ആന്തരികമായ ശാന്തിയുണ്ടോ? ആയിരിക്കുന്ന സാഹചര്യത്തിൽ നിങ്ങൾ സന്തുഷ്ടരാണോ? യേശു ഹൃദയത്തിലുണ്ടായാലേ സന്തുഷ്ടനായിത്തീരൂ. മറ്റെല്ലാം മാറിപ്പോകും. എന്നാൽ ജീവനുള്ള ക്രിസ്തു ഉള്ളവരുടെ ജീവിതം വാടുകയില്ല. അവരുടെ ഹൃദയം മ്ലാനമാകുകയില്ല. സമാധാനം യേശു നിങ്ങൾക്കു തരും. നിങ്ങൾ യേശുവിന്റെ സമാധാനം പ്രാപിക്കണം.

യേശു ഹൃദയത്തിലേക്കു വന്നാൽ പാപം താനേ പോകും. മനുഷ്യനാണോ അവനു പാപമുണ്ട്. നമ്മുടെ രക്തത്തിൽ പാപസ്വഭാവമുണ്ട്; ദ്രവ്യാഗ്രഹമുണ്ട്; സ്വാർത്ഥതയുണ്ട്; അഹങ്കാരമുണ്ട്. പാപത്തിന്റെ ചിന്ത എന്നിൽ വരാത്തപ്പോഴും എന്റെ രക്തത്തിൽ പാപമുണ്ട്. മനുഷ്യൻ പാപമയമാണ്.

പാപമയമായ എന്റെ ആളത്വത്തെ രൂപാന്തരപ്പെടുത്താൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നിൽ നിരന്തരം കത്തിക്കൊണ്ടിരിക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് കത്തി

ക്കൊണ്ടിരുന്നാൽ അവിടെ പിന്നെ ഇരുട്ട് അടുക്കുകയില്ല. എന്റെ ഹൃദയത്തിൽ യേശു ഉണ്ടെങ്കിൽ അവിടെ പാപത്തിന് ഇടമില്ല. പ്രലോഭനങ്ങൾ വരും. പ്രലോഭനങ്ങൾ വരുമ്പോൾ എന്റെ കർത്താവേ, എന്നുവിളിച്ചാൽ മതി ഇരുട്ട് മാറിപ്പോകും.

ആരും ഒരു ദിവസംകൊണ്ട് തികഞ്ഞവരാകുന്നില്ല. എന്നാൽ തിരുത്തിത്തിരുത്തിപ്പോകാൻ തീരുമാനിക്കുമ്പോൾ നിങ്ങൾക്കു വിജയം കിട്ടും. "സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."

> *"അതിന്നു യജമാനൻ: നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്നു അവനോടു പറഞ്ഞു."*
>
> *മത്തായി 25 : 21*

ഞാൻ നിന്നെ വളർത്തും. ഞാൻ നിന്നെ ഉയർത്തും. ഞാൻ നിന്നെ ഉദ്ധരിക്കും. ഞാൻ നിന്നെ അഭിവൃദ്ധിപ്പെടുത്തും. അധികത്തിനു ഞാൻ നിന്നെ വിചാരകനാക്കും. അധികത്തിന്റെ ഉത്തരവാദിത്വം ഞാൻ നിന്നെ ഏല്പിക്കും. നിനക്കു ഞാൻ ഉയർന്ന പദവികൾ തരും. നിനക്കു ഞാൻ ഉയർന്ന സ്ഥാനമാനങ്ങൾ തരും. അധികത്തിനു ഞാൻ നിന്നെ വിചാരകനാക്കും.

ഇപ്പോൾ നിനക്ക് അല്പമേയുള്ളൂ. അതിൽ നീ വിശ്വസ്തനായിരിക്കൂ. എന്നാൽ അധികത്തിനു ഞാൻ നിന്നെ വിചാരകനാക്കും. നമ്മെ ഉയർത്തുന്നത് ദൈവമാണ്. നമ്മെ വളർത്തുന്നത് ദൈവമാണ്. ദൈവത്തിന് നിങ്ങൾ ഒന്നാം സ്ഥാനം കൊടുക്കുക. ദൈവം പ്രസാദിക്കുന്ന ഒരു ജീവിതം നയിക്കാൻ നിങ്ങൾ തീരുമാനിക്കുക. നിങ്ങൾ കാണേണ്ടത് ക്രിസ്തുവിനെയാണ്. മറ്റൊന്നിലേക്കും നിങ്ങളുടെ നോട്ടം പോകരുത്.

മനുഷ്യരാരും കണ്ടില്ലെങ്കിലും നിങ്ങളെ കാണുന്ന ഒരു ദൈവമുണ്ട്. രഹസ്യങ്ങൾ കാണുന്ന ക്രിസ്തു പ്രസാദിക്കുന്ന ഒരു ജീവിതം നിങ്ങൾ നയിക്കുക. എല്ലായിടത്തും പൂർണ്ണവിശ്വസ്തതയോടെ നിൽക്കുക. അല്പത്തിൽ നീ വിശ്വസ്തനായിരുന്നാൽ അധികത്തിലേക്ക് കർത്താവ് നിന്നെ നടത്തും.

നിങ്ങൾമൂലം നിങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെടും. മക്കൾ അനുഗ്രഹിക്കപ്പെടും. തലമുറകൾ അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ ദേശം അനുഗ്രഹിക്കപ്പെടും.

ഏതു കാര്യത്തിലാണെങ്കിലും വിശ്വസ്തത പാലിക്കുക. വിശ്വസ്തത എന്നുപറഞ്ഞാൽ ജോലിയുടെ കാര്യത്തിൽ മാത്രമല്ല. പൈസയുടെ കാര്യത്തിൽ, മാതാപിതാക്കളോട്, ഭാര്യയോട്, മക്കളോട്, നമ്മുടെ ജോലിയോട്, നമ്മുടെ ഉത്തരവാദിത്വങ്ങളോട്, നമ്മുടെ കാര്യക്ഷമതയോട് - എല്ലാറ്റിലും ഏറ്റവും വിശ്വസ്തമായി നിൽക്കുക. അത് വളർച്ചയ്ക്കു കൂടിയേ കഴിയൂ. ആരേയും കാണിക്കാൻ വേണ്ടിയല്ല. പക്ഷേ, ദൈവം കാണും, കാണേണ്ടവരും കണ്ടുകൊള്ളും. വൈകിപ്പോയി എന്നുവരാം. ലോകത്തിൽ വിശ്വസ്തതയോടെ നിന്നവർ ആരും പ്രതിഫലം കിട്ടാതെ പോയിട്ടില്ല. അത് ചരിത്രസത്യമാണ്.

എനിക്ക് അംഗീകാരം കിട്ടുന്നില്ല. ഞാൻ കഷ്ടപ്പെടുന്നത് ആരും കാണുന്നില്ല. എന്റെ യാതന മറ്റാരും അറിയുന്നില്ല. ഞാൻ കഠിനാദ്ധ്വാനം ചെയ്യുന്നത് ആരും കാണുന്നില്ല. ആരും അതിനെ പുകഴ്ത്തുന്നില്ല; ആരും അത് അംഗീകരിക്കുന്നില്ല; ആരും അത് പരിഗണിക്കുന്നില്ല; ഒരു നല്ലവാക്കുപോലും തരുന്നില്ല; പിന്നേയും എന്റെ കുറ്റമാണ് പറയുന്നത്, എന്റെ തെറ്റാണ് ചൂണ്ടിക്കാണിക്കുന്നത്; ഇങ്ങനെയെല്ലാം നമുക്കു തോന്നാം. പക്ഷേ, ഓർത്തുകൊള്ളുക, നിങ്ങൾ വിശ്വസ്തതയോടെ നിൽക്കുമെങ്കിൽ ദൈവം അധികം നിങ്ങളെ ഭരമേല്പിക്കും. ഇന്നു ലഭിച്ചതിൽ വിശ്വസ്തനാണെങ്കിൽ കൂടുതൽ

അധികമായതിലേക്ക് ദൈവം നിങ്ങളെ വഴിനടത്തും.

നമ്മുടെ നന്മപ്രവൃത്തികൾക്ക്, നമ്മൾ കരുണയോടെ ചെയ്യുന്ന കാര്യങ്ങൾക്ക് - നമ്മൾ മനോഗുണത്തോടെ ചെയ്യുന്ന കാര്യങ്ങൾ, മറ്റുള്ളവരെ സഹായിക്കാൻ ചെയ്യുന്ന കാര്യങ്ങൾ, മറ്റുള്ളവരുടെ സങ്കടത്തിൽ പങ്കുചേർന്നു ചെയ്യുന്ന കാര്യങ്ങൾ - ഇതിനെല്ലാം പ്രതിഫലമുണ്ട്. എന്തൊരു നന്മയുണ്ടോ അതിനു പ്രതിഫലമുണ്ട്. എന്തൊരു തിന്മയുണ്ടോ അതിനും പ്രതിഫലമുണ്ട്. നന്മയ്ക്കും തിന്മയ്ക്കും പ്രതിഫലമുണ്ട്.

അല്പത്തിൽ വിശ്വസ്തനായിരിക്കുക. അത് നിങ്ങളുടെ ജീവിതത്തിൽ പ്രമാണമായിരിക്കണം. നിങ്ങൾ, ചെയ്യുന്ന ജോലിയിൽ മറ്റാരെക്കാളും മികവുള്ളവരായിരിക്കണം. നിങ്ങൾ ക്രിസ്തുവിനെ നോക്കി ജീവിക്കുന്നവരാണെങ്കിൽ ലോകത്താരേക്കാളും നിങ്ങളായിരിക്കണം മികവുള്ളവർ. അതിനു തക്കവണ്ണം കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സ്, ആത്മാർത്ഥത, സ്വന്തം എന്ന ചിന്ത ഇതെല്ലാം നമുക്കുണ്ടായിരിക്കണം. അത് നമ്മെ പുരോഗതിയിലേക്ക് നയിക്കും.

താലന്തുകളുടെ ഉപമയിൽ യജമാനൻ, ഒരാൾക്ക് അഞ്ചു താലന്തു കൊടുത്തു. ഒരാൾക്ക് രണ്ടു താലന്തു കൊടുത്തു. ഒരാൾക്ക് ഒരു താലന്തു കൊടുത്തു. യജമാനൻ പരദേശത്തേക്കു പോയി. കുറെ നാളുകൾക്കുശേഷം യജമാനൻ തിരികെവന്ന് അവരുമായി കണക്കുതീർത്തു. കണക്കു തീർക്കുന്ന ഒരു ദിവസമുണ്ട്. യജമാനൻ തിരിച്ചു വരുന്ന ഒരു ദിവസമുണ്ട്. പരമ സത്യമാണത്.

യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്നുള്ളത് ചരിത്രസത്യമാണ്. രണ്ടായിരത്തിലേറെ വർഷങ്ങൾക്കുമുമ്പ് റോമൻ സീസറുടെ ഭരണകാലത്ത് യഹൂദ്യദേശത്ത് യേശുക്രിസ്തുവിനെതിരെയുള്ള മഹാപുരോഹിതന്മാരുടെ ഗൂഢാലോചനയ്ക്ക് അന്നത്തെ ഗവർണറായ പീലാത്തോസ് വശംവദനായി. യേശുവിനെ ക്രൂശിക്കാൻ വിധിച്ചു. യേശുവിനെ ക്രൂശിച്ചു.

ഇത് ചരിത്രസത്യമാണ്. യേശുക്രിസ്തു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നും യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റതിന്റെ നാൽപതാംദിവസം സ്വർഗ്ഗാരോഹണം ചെയ്തു എന്നും ഈ യേശുക്രിസ്തു വീണ്ടും വരുമെന്നും നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

ഞാൻ ആരുടെ പിറകെയാണ് പോകുന്നത്? ആരോടാണ് പ്രാർത്ഥിക്കുന്നത്? ഞാൻ വിളിച്ചപേക്ഷിക്കുന്ന യേശു എന്റെ പ്രാർത്ഥന കേൾക്കുന്നവനാണ്. യേശു എന്റെ ഹൃദയം കാണുന്നവനാണ്. യേശു എന്റെ പാപം കണ്ട് എന്നെ കുറ്റം വിധിക്കാൻ നിൽക്കുന്നവനല്ല, എന്റെ ബലഹീനത കണ്ട് എന്നോട് സഹതാപം കാണിക്കുന്നവനാണ്. എന്നെ കരുതുന്നവനാണ്, എന്നെക്കുറിച്ച് വാത്സല്യമുള്ളവനാണ്. ഒരപ്പൻ തന്റെ മോൻ പടുകുഴിയിലേക്ക് വീഴാൻ പോകുമ്പോഴേക്കും വീഴാതെ കോരിയെടുക്കാൻ ശ്രമിക്കുന്നതുപോലെ എന്റെ യേശു എന്നെ സ്നേഹിക്കുന്നു. ആ സജീവമായ യാഥാർത്ഥ്യം നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കണം. എന്റെ കാര്യം നോക്കാൻ യേശു മതിയായവനാണ്. ഈ ഒരുറപ്പ് നമുക്കുണ്ടായിരിക്കണം.

അങ്ങനെയെങ്കിൽ യേശു വീണ്ടും വരും. വളരെ നാൾ കഴിഞ്ഞശേഷം അവൻ വന്നു അവരുമായി കണക്കുതീർത്തു.

> *“ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ ദാസന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരെ ഏല്പിച്ചു. ഒരുവന്ന് അഞ്ചു താലന്ത്, ഒരുവന്ന് രണ്ട്, ഒരുവന്ന് ഒന്ന് ഇങ്ങനെ ഓരോരുത്തന്നു അവനവന്റെ പ്രാപ്തിപോലെ കൊടുത്തു യാത്ര പുറപ്പെട്ടു. അഞ്ചു താലന്തു ലഭിച്ചവൻ ഉടനെ ചെന്നു വ്യാപാരം ചെയ്തു വേറെ അഞ്ചു താലന്തു സമ്പാദിച്ചു. അങ്ങനെ തന്നേ രണ്ടു താലന്തു ലഭിച്ചവൻ വേറെ രണ്ടു നേടി. ഒന്നു ലഭിച്ചവനോ പോയി നിലത്ത് ഒരു കുഴി കുഴിച്ചു യജമാനന്റെ ദ്രവ്യം മറച്ചു*

> *വെച്ചു. വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു അവരുമായി കണക്കു തീർത്തു.”*
> *മത്തായി 25 : 14 – 19*

യേശു വന്നു കണക്കു തീർക്കും. കണക്കു തീർക്കുമ്പോൾ നമ്മൾ ഉറച്ചുനിൽക്കുമോ? അവൻ വന്നു കാര്യം തീർക്കുന്ന നാളിൽ നാം ഉറച്ചു നിൽക്കുമോ?

> *“ഞാൻ നിന്നോടു കാര്യം തീർക്കുന്ന നാളിൽ നീ ധൈര്യത്തോടെ നിൽക്കുമോ? നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? യഹോവയായ ഞാൻ അതു അരുളിച്ചെയ്തിരിക്കുന്നു; ഞാൻ നിവർത്തിക്കയും ചെയ്യും.”*
> *യെഹെസ്കേൽ 22 : 14*

ദൈവം കാര്യം തീർക്കുന്ന നാളുണ്ട്. ആർക്കു പിടിച്ചു നിൽക്കാൻ പറ്റും? മരണത്തെ മുഖാമുഖം കാണുമ്പോൾ നാം ധൈര്യത്തോടെ നിൽക്കുമോ? ഇന്നു കടന്നുപോയാൽ ദൈവ രാജ്യത്തിലായിരിക്കും എന്ന ഉറപ്പുണ്ടോ? ഇന്ന് യേശു വന്നാൽ നിങ്ങൾ ദൈവസന്നിധിയിൽ കാണുമോ? ഇന്ന് മനസ്സിലാക്കിയില്ലെങ്കിൽ ഒരു സമയത്ത് നിങ്ങൾ നേരിട്ടുകാണും. അന്നേരം നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല. ഇന്നു നമുക്കു വേണമെങ്കിൽ മനം തിരിയാം.

ഈ ദൈവത്തെ നിങ്ങൾ ഭക്തിയോടെ സ്വീകരിക്കൂ. യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്കു വിളിക്കൂ. ഇതുവരെ എന്തെല്ലാം ഹീനകാര്യങ്ങൾ വന്നെങ്കിലും എല്ലാം കഴുകി വെടിപ്പാക്കും. യേശുവിന്റെ തിരുരക്തം നിങ്ങളെ ശുദ്ധീകരിക്കും. കർത്താവ് ഇത്രമാത്രമേ പറയുന്നുള്ളൂ: “പോക, ഇനി പാപം ചെയ്യരുത്.” എല്ലാം കർത്താവ് കഴുകിത്തരും. പുതിയ സമാധാനം തരും. പുതിയ ശക്തി തരും. പുതിയ കൃപ തരും. എല്ലാ നന്മകളും നിങ്ങൾക്കു തരും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

*“എന്നെ വിടുക; ഉഷസ്സ് ഉദിക്കുന്നുവല്ലോ എന്ന് അവൻ പറഞ്ഞതിന്ന്: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു.” ഉല്പത്തി 32 : 26*

നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു യാക്കോബ് പറഞ്ഞു. ജീവിതത്തിൽ ഏറ്റവും വലിയ പ്രതിസന്ധി വന്നപ്പോൾ യാക്കോബ് പറഞ്ഞു: “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.” അനുഗ്രഹം പിടിച്ച് മേടിക്കുകയാണ്.

നിർണ്ണായകമായ പല സന്ദർഭങ്ങളും നിങ്ങളുടെയെല്ലാം ജീവിതത്തിൽ വന്നിട്ടുണ്ടാകും. വലിയ പ്രതിസന്ധികൾ ജീവിതത്തിൽ വരുമ്പോഴാണ് നാം വാസ്തവത്തിൽ കർത്താവിന്റെ സ്നേഹം അനുഭവിക്കുന്നത്. എല്ലാം നന്നായി പോയ്ക്കൊണ്ടിരിക്കുമ്പോൾ നമുക്ക് അത്രയും തോന്നുകയില്ല. എന്നാൽ ജീവൻമരണഘട്ടങ്ങളുണ്ട്. ജീവൻ പോകുകയാണോ? മരിക്കാൻ പോകുകയാണോ? അടുത്തനിമിഷം തീരാൻ പോകുകയാണോ? ഇങ്ങനെ മുന്നോട്ട് പോകാൻ വയ്യാത്ത ചില സന്ദർഭങ്ങൾ വരാം.

വലിയ എതിർപ്പുകളും പ്രതിസന്ധികളും വന്ന് എല്ലാം തകരാറിലായി മുന്നോട്ട് ഒരു ആശയുമില്ലാതെ നിരാശ വന്നു മൂടി നമ്മൾ ആകെ വാടിപ്പോകുന്ന സമയങ്ങൾ വരും. ഇങ്ങനെയുള്ള സമയങ്ങളിലാണ് നാം പിടിച്ച് മേടിക്കേണ്ടത്:

"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല."

ഒരാൾ എന്നോട് പറഞ്ഞു: ഭാര്യ അവളുടെ വീട്ടിലേക്ക് പോയി. പ്രകടമായ വഴക്കൊന്നുമില്ല, സ്നേഹമാണ്. പക്ഷേ, എന്തെന്നറിഞ്ഞുകൂടാ, മനസ്സിന്റെ സ്വസ്ഥത നശിച്ചു; സമാധാനം നശിച്ചു; അവർ പിരിഞ്ഞു. ഭാര്യ വീട്ടിലേക്ക് വരില്ല, അവൾക്ക് അവന്റെ കൂടെ ജീവിക്കാൻ താത്പര്യമില്ല. അവൻ അനുഭവിച്ച യാതന! അവൻ അനുഭവിച്ച വേദന! അവൻ എന്റെ അടുത്തിരുന്ന് ഏങ്ങലടിച്ച് കരഞ്ഞു. അവന്റെ കൂടെ ഒരു കൊച്ചുകുട്ടിയുമുണ്ട്. അവരുടെ കുട്ടിയാണ്. സ്വന്തം മോനെപ്പോലും വേണ്ട എന്നുവെച്ച് അവൾ പോയി.

എന്നാൽ കർത്താവ് അത്ഭുതം പ്രവർത്തിച്ചു. ഇന്ന് ഈ ഭാര്യയും ഭർത്താവും മോനും കൂട്ടായ്മയിൽ വരുന്നുണ്ട്; കൂട്ടായ്മ ചെറിയ കാര്യമൊന്നുമല്ല ചെയ്യുന്നത്. അന്ന് വന്ന് എന്നോട് സംസാരിച്ചതിനുശേഷം കരുണയുള്ള കർത്താവ് മനസ്സലിഞ്ഞു പ്രവർത്തിച്ചു, ആ ഭാര്യയേയും ഭർത്താവിനേയും യോജിപ്പിച്ചു. ഇന്നവർ സന്തോഷമായി ജീവിക്കുന്നു.

ചില പ്രതിസന്ധികൾ! ഇങ്ങനെയൊന്നും ആയിരിക്കില്ല. ഒരുപക്ഷേ, ഇതിൽ കൂടുതലോ ഇതിൽ കുറവോ ഉള്ള പ്രതിസന്ധികളെ നിങ്ങൾ നേരിട്ടിട്ടില്ലേ?

> *"യബ്ബേസ് തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു; അവന്റെ അമ്മ: ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞ് അവന്നു യബ്ബേസ് എന്നു പേരിട്ടു. യബ്ബേസ് യിസ്രായേലിന്റെ ദൈവത്തോട്: നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ച് എന്റെ അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടു കൂടെ ഇരുന്ന് അനർത്ഥം എനിക്കു വ്യസന കാരണമായി തീരാതവണ്ണം എന്നെ കാക്കുകയും*

*ചെയ്താൽ കൊള്ളായിരുന്നു എന്ന് അപേക്ഷിച്ചു. അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നൽകി.” 1 ദിനവൃത്താന്തം 4 : 9, 10*

യാക്കോബ് പറഞ്ഞു: “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.” യബ്ബേസ് പറഞ്ഞു: “നീ എന്നെ നിശ്ചയമായി അനുഗ്രഹിക്കണം.”

യബ്ബേസിനും വേണം അനുഗ്രഹം. യബ്ബേസിന്റെ അമ്മയ്ക്കും വേണം അനുഗ്രഹം. കാരണം, യബ്ബേസിനെ അവൾ പ്രസവിച്ചത് വ്യസനത്തോടെയാണ്. എല്ലാവരും വേദനിച്ചാണ് പ്രസവിക്കുന്നത്. പക്ഷേ, ഇവിടെ യബ്ബേസിനെ പ്രസവിച്ച് ആദ്യമായി അമ്മ കുഞ്ഞിനെ കണ്ടപ്പോൾ അയ്യോ! എന്ന് വിളിച്ചുപോയി. ആ കുഞ്ഞിനെ കണ്ട അമ്മയുടെ ഹൃദയവ്യസനം അത്ര ഭയാനകമായിരുന്നു. കാരണം, ആ കുഞ്ഞ് ചില ശാരീരിക വൈകല്യമുള്ളതായിരുന്നിരിക്കാം. ഒരുപക്ഷേ ആ കുഞ്ഞിന്റെ കൈ വരണ്ടതായിരിക്കാം. കൈ വളഞ്ഞ് തിരിഞ്ഞിരിക്കുന്നതായിരിക്കാം. അതല്ലെങ്കിൽ ആ കുഞ്ഞിന് കണ്ണില്ലായിരിക്കാം, അല്ലെങ്കിൽ കാലില്ലായിരിക്കാം; കാല് വരണ്ടുപോയതായിരിക്കാം. നടക്കുകയില്ലെന്ന് ഉറപ്പായിരിക്കാം.

എന്താണെന്ന് നമുക്കറിഞ്ഞുകൂടാ, ആ കുഞ്ഞിനെ കണ്ടപ്പോൾ അമ്മ അയ്യോ, എന്ന് നിലവിളിച്ചുപോയി. വ്യസനത്തോടെ പ്രസവിച്ചു! കൊച്ചുകുട്ടിയായിരുന്ന കാലം മുതലേ, ഈ മോൻ വളർന്നു വരുന്തോറും ഒരു അപകർഷതാബോധം അവനെ ബാധിച്ചിരുന്നു. യബ്ബേസ് വളരെ കടുത്ത അപകർഷതാബോധമുള്ളവനായിരുന്നു.

നിങ്ങൾക്ക് പുറമേ അംഗവൈകല്യമില്ലായിരിക്കും. പക്ഷേ, നിങ്ങളുടെ നോട്ടത്തിൽ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ ചില പോരായ്മകൾ! നിങ്ങൾ മറ്റുള്ളവരെ

പ്പോലെ പഠിച്ചില്ല; മറ്റുള്ളവരെപ്പോലെ ആരോഗ്യമില്ല; മറ്റുള്ളവരെപ്പോലെ കഴിവില്ല; മറ്റുള്ളവരെപ്പോലെ ധനമില്ല; മറ്റുള്ളവരെപ്പോലെ കുടുംബസാഹചര്യമില്ല; ഇങ്ങനെ പല കാര്യങ്ങൾ, പലതും ഓർക്കാനില്ലേ?

നിങ്ങൾ യേശുവിനോട് പറയണം: കർത്താവേ, ഇന്ന കാര്യത്തിൽ എനിക്ക് ചില കുറവുകളുണ്ട്. നീ എന്നെ നിശ്ചയമായി അനുഗ്രഹിക്കണം. നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ച് എന്റെ അതിര് വിസ്താരമാക്കുകയും നിന്റെ കൈ എന്നോടുകൂടെ ഇരുന്ന് അനർത്ഥം എനിക്കു വ്യസന കാരണമായി തീരാതെവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളായിരുന്നു. എനിക്ക് അങ്ങനെയൊരു ആശയുണ്ടാ യിരുന്നു. പാവം യബ്ബേസ്! എന്തൊരു ആത്മാർത്ഥമായ പ്രാർത്ഥനയാണ്! അടുത്ത വാക്യം: "അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നല്കി."

നിങ്ങൾ വിശ്വസിക്കൂ, അപേക്ഷിച്ചതിനെ തരുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ നേരിടുന്ന പ്രതിസന്ധി ഏതുമാകട്ടെ, നിങ്ങളുടെ പ്രശ്നം എന്തുമാകട്ടെ, നിങ്ങളുടെ ജീവിതത്തെ വരിഞ്ഞു മുറുക്കുന്ന ബന്ധനങ്ങൾ എന്തുമാകട്ടെ, നിങ്ങൾ ദൈവത്തോട് ചോദിക്കൂ. ഒറ്റയ്ക്കിരുന്നുകൊണ്ട് ക്രിസ്തു വിനോട് ഉള്ളു തകർന്ന് നിങ്ങൾ പറയൂ. വേറെ ആരും കേൾക്കണ്ട. വേറെ ആരും അറിയണ്ട. നിങ്ങൾ വ്യക്തിപരമായി യേശുവിന്റെ പാദപീഠത്തിൽ ഇരിക്കുക.

ഞാൻ പിടിച്ച് വാങ്ങിച്ചിട്ടുണ്ട്. പിടിച്ചു വാങ്ങിക്കാവുന്ന ഒരു ദൈവമുണ്ട്. വിളിച്ചാൽ വിളി കേൾക്കുന്ന ഒരു ദൈവമുണ്ട്. പ്രാർത്ഥനകേൾക്കുന്ന ദൈവമുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്ന ദൈവമുണ്ട്. അവനാണ് കർത്താവായ യേശുക്രിസ്തു! Ever loving and Ever living Jesus!

സങ്കീർത്തനക്കാരൻ പറയും:

*“ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തു ള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല.”*

*സങ്കീർത്തനങ്ങൾ 16 : 8*

ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഒരു യാഥാർത്ഥ്യമാണ്.

യബ്ബേസ് തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും മാന്യനായിരുന്നു. അത് വളരെ ഗൗരവമുള്ള വാക്കാണ്. ഇങ്ങനെ അപകർഷതാബോധം ഉള്ളവനാണെങ്കിലും അവൻ ഏറ്റവും മാന്യനായിരുന്നു. ജനിച്ചപ്പോൾ അനർത്ഥമുള്ളവനാ യിരുന്നു, ആപത്തുള്ളവനായിരുന്നു, മറ്റുള്ളവരേക്കാൾ താഴ്ചയുള്ളവനായിരുന്നു, മറ്റുള്ളവരേക്കാൾ ക്ഷീണമുള്ളവ നായിരുന്നു; എന്തെല്ലാമോ പോരായ്മയുള്ളവനായിരുന്നു. അംഗഭംഗമായിരിക്കാം. അല്ലെങ്കിൽ ബുദ്ധി കുറവായിരിക്കാം.

ഇങ്ങനെയെല്ലാമാണെങ്കിലും അവൻ മാന്യനായിത്തീർന്നു. അവൻ ജന്മനാ മാന്യനല്ല, കുറവുള്ളവനാണ്. പക്ഷേ, അവൻ തന്റെ സഹോദരന്മാരേക്കാൾ മാന്യനായിത്തീർന്നു.

അവന്റെ അമ്മ: ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞു, അവന്നു യബ്ബേസ് എന്നു പേരിട്ടു. യബ്ബേസ് എന്ന വാക്കിന് ഇംഗ്ലീഷിൽ pain എന്നാണ് അർത്ഥം. Jabez-pain, വേദന, Distress, ദുരിതം.

ചെറുപ്പംമുതൽ അമ്മ അവനെ കാണുമ്പോൾ കരയും. അവനെ ഓർക്കുമ്പോൾ ഒക്കെ കരയും. അങ്ങനെ ആർക്കും വേണ്ടാത്ത ഒരു കുട്ടിയായി, നാട്ടിലും വീട്ടിലും വേണ്ടാത്ത ഒരു കുട്ടിയായി, അവഗണിക്കപ്പെട്ട കുട്ടിയായി, വ്യസന കാരണമായ ഒരു കുട്ടിയായി അവൻ വളർന്നു വന്നു.

നിങ്ങൾ ഏതെങ്കിലും കാരണംകൊണ്ട് വ്യസന കാരണമായി തീർന്നിട്ടുണ്ടോ? നിങ്ങളുടെ ശരീരാവയവങ്ങൾക്ക് ഭംഗമില്ല. പക്ഷേ, നിങ്ങളുടെ ഏതെങ്കിലും കാര്യത്തിൽ നിങ്ങ

ളുടെ അമ്മയും അപ്പനും വ്യസനിക്കേണ്ടി വന്നിട്ടുണ്ടോ?

വിവാഹം കഴിച്ചവർ ചിന്തിക്കണം. നിങ്ങളുടെ ഭാര്യ നിങ്ങളെ ഓർത്ത് വ്യസനിക്കാൻ ഇടയായിട്ടുണ്ടോ? കരയാൻ ഇടവരുത്തിയിട്ടുണ്ടോ? നിങ്ങളുടെ സഹോദരങ്ങൾ നിങ്ങളെ ഓർത്ത് കരയാൻ ഇടവന്നിട്ടുണ്ടോ? ഉള്ളിൽ കയ്പ്പ് വന്ന് ഉള്ള് നീറി വേദന വരാൻ ഇടവന്നിട്ടുണ്ടോ? അത് നല്ലതല്ല. ആരും നമ്മളെയോർത്ത് ഉള്ളു നോവാൻ ഇടവരുത്തരുത്. എന്ത് വന്നാലും ശരി, നമ്മിൽ നിന്ന് ആരുടേയും ജീവിതത്തിൽ ഒരു ദോഷം സംഭവിക്കാൻ ഇടവരുത്തരുത്, സൂക്ഷിക്കണം. ആർക്കും വ്യസനകാരണമായിത്തീരരുത്.

യബ്ബേസ്, ആർക്കും വേണ്ടാത്തവനാണെങ്കിലും യിസ്രായേലിന്റെ ദൈവത്തോടു നിലവിളിച്ചു. അവന് ദൈവത്തെ ഒരു പരിചയം വന്നു. ഒരു മനുഷ്യന് കിട്ടാവുന്ന ഏറ്റവും വലിയ ഭാഗ്യം! ദൈവം ഉണ്ട് എന്നൊരു വിശ്വാസം! പ്രാർത്ഥിച്ചാൽ പ്രാർത്ഥന കേൾക്കും എന്നൊരു വിശ്വാസം! ദൈവം സ്നേഹമാണെന്ന് ഒരു വിശ്വാസം! എനിക്ക് ദൈവത്തോട് പ്രാർത്ഥിക്കാം എന്നൊരു വിശ്വാസം! അങ്ങനെ അവൻ ദൈവത്തോട് പ്രാർത്ഥിച്ചു: “നീ എന്നെ നിശ്ചയമായും അനുഗ്രഹിക്കണം.”

ഇന്നത്തെ നിങ്ങളുടെ പ്രാർത്ഥനാവിഷയം ഇതായിരിക്കട്ടെ: എന്നെ നിശ്ചയമായി അനുഗ്രഹിക്കണം! ഏതെല്ലാം കാര്യത്തിലാണ് അനുഗ്രഹിക്കേണ്ടത്? നിങ്ങൾ തന്നത്താൻ കണ്ടുപിടിക്കുക. നിങ്ങളുടെ കുടുംബത്തിലെ ഏതെങ്കിലും പ്രയാസങ്ങൾ മാറിക്കിട്ടണമോ? അപ്പന്റെ മദ്യപാനം മാറുകയാണോ? അപ്പനും അമ്മയും വഴക്കടിക്കുന്നു, അത് മാറുകയാണോ? ഭാര്യ നിങ്ങളോട് പരിഭവിച്ചിരിക്കുകയാണ്, അത് മാറുകയാണോ? ഭാര്യയ്ക്ക് വേണ്ടത്ര ബുദ്ധിശക്തിയില്ല, പ്രാപ്തിയില്ല. അതൊന്ന് ശരിയായി, അവൾ ബുദ്ധിയുള്ള

വളായിത്തീരുകയാണോ?

അമ്മ നിങ്ങളുടെ ഭാര്യയെ വിഷമിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു, ഉപദ്രവിക്കുന്നു. എന്നും കരയിപ്പിക്കുന്നു. അത് മാറിക്കിട്ടുകയാണോ? അതല്ല, വിവാഹം കഴിയാത്തവർക്ക് നല്ല വിവാഹം കിട്ടണം, നല്ല ബന്ധം കിട്ടണം, അതാഗ്രഹിച്ചിട്ട് ഇതുവരെയും വന്നില്ല, അതാണോ നിങ്ങളെ അലട്ടുന്ന പ്രശ്നം? എന്താണ് നിങ്ങളുടെ ജീവിതത്തിൽ നേരിടുന്ന പ്രശ്നം? നിശ്ചയമായിട്ട് നിങ്ങൾക്ക് അനുഗ്രഹം കിട്ടേണ്ടത് ഏത് കാര്യത്തിലാണ്?

നിശ്ചയമായി അനുഗ്രഹിക്കേണ്ട കാര്യം എനിക്ക് ആദ്യസ്നേഹം തിരികെ കിട്ടണം, എനിക്ക് ദൈവത്തോടുള്ള നന്ദികൊണ്ട് സ്തുതിച്ച് സ്തുതിച്ച് ജീവിക്കണം, ഇതാണോ? എന്താണ് നിങ്ങളുടെ ആഗ്രഹം? അതു ദൈവത്തോട് പറയണം.

1973 മെയ് 10 വ്യാഴാഴ്ച രാത്രി പത്തുമണിക്ക് ശേഷം ഞാൻ വിതുമ്പി വിതുമ്പി കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു: എന്റെ കർത്താവേ, എന്നെ മുഴുവനായി ഒന്ന് കഴുകണമേ എന്ന്. തിരുത്താനുള്ള അനേകം കാര്യങ്ങൾ ഓർമ്മയിൽ വന്നു. കൊടുത്തു തീർക്കേണ്ടത് കൊടുത്തുതീർത്ത് മാപ്പുചോദിക്കുമെന്നും ഉള്ളിൽ നീരസമുണ്ടായിരുന്നവരോട് മാപ്പുചോദിച്ച് നിരപ്പാകുമെന്നും തീരുമാനിച്ചു. പിറ്റേന്ന് രാവിലെ, പതിനൊന്നാം തീയതി വെള്ളിയാഴ്ച ഒൻപതുമണി കഴിഞ്ഞപ്പോൾ ഞാൻ ലോകത്തിൽ കണ്ടിട്ടുള്ളതിലേക്കും പരിശുദ്ധനായ ഒരു ദൈവപുരുഷൻ ഇവിടെ വന്നു മുറിക്കകത്ത് കടന്ന് പ്രാർത്ഥിച്ചു, സ്തുതിച്ചു. അന്ന് എന്റെ തലയിൽ വലിയൊരു ശക്തി ഇറങ്ങി. പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു അത്ഭുതകൃപ!

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീ എന്റെ തലമേൽ ഇറങ്ങി, അന്ന് ആ തീയിൽ എന്നെ കഴുകിയെടുത്തു. അന്നു മുതൽ എന്റെ ജീവിതത്തിൽ വലിയൊരു സമാധാനം

അനുഭവിച്ചു. തുടർന്ന് ആലീസിനും അമ്മയ്ക്കും വീണ്ടെടുപ്പു കിട്ടി. അതിനെത്തുടർന്നാണ് ഈ നാട്ടിലെല്ലാം ആത്മീയ ഉണർവ്വ് പടർന്ന് പിടിച്ചത്. വലിയ തീ ഈ ദേശത്ത് എല്ലാം കത്തി.

ആകമാനം ഒരു കഴുകൽ ആഗ്രഹിക്കുക. എന്തെല്ലാം സംഭവിച്ചിട്ടുണ്ടോ എല്ലാം ഏറ്റുപറഞ്ഞുപേക്ഷിച്ച് കർത്താവേ, എന്നെ നീ കഴുകണമേ എന്നു പ്രാർത്ഥിക്കണം. എനിക്കൊരു പുതിയ ആളായിത്തീരണം. കർത്താവേ, "നീ എന്നെ നിശ്ചയമായി അനുഗ്രഹിക്കണം." എനിക്ക് വേണ്ടത് മുഴുവനായ ഒരു കഴുകലാണ്. "അവൻ അപേക്ഷിച്ചത് ദൈവം അവന് നൽകി."

കർത്താവ് നിങ്ങളുടെ അരികത്ത് നിൽക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് നിങ്ങൾ കർത്താവിനോട് പറയുക: കർത്താവേ, നീ എന്റെ അരികത്ത് വന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നിന്റെ കരം എന്റെ നേരെ നീട്ടിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആ കരം തൊടാൻ എനിക്ക് യോഗ്യതയില്ല. ആ കരത്തിൽ പിടിക്കാൻ എനിക്ക് അർഹതയില്ല. നിനക്ക് എന്നെ തൊടുവാൻ തിരുമനസ്സാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, നീ പാപികളെ വീണ്ടെടുക്കുന്നവനാണ്.

പാപികളിൽ പ്രധാനിയായി, പാപികളിൽ ഒന്നാമനായി ഞാൻ ഇതാ തിരുമുമ്പാകെ വരുന്നു. എന്നെ നീ തൊടണമേ. എന്നെ നീ കഴുകണമേ. എന്നെ ചെളിയിൽ നിന്ന് കോരിയെടുക്കണമേ. ആഴക്കുഴിയിൽ നിന്ന്, പാപത്തിന്റെ ചേറ്റിൽ നിന്ന് എന്നെ നീ പൊക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. ആകമാനം ഒരു കഴുകൽ എനിക്ക് തരണമേ. എന്നെ നീ നിശ്ചയമായി അനുഗ്രഹിക്കണമേ. പുതിയ മനുഷ്യനായി മാറുവാൻ, ആദ്യസ്നേഹലഹരി എന്നിൽ നിറയുവാൻ എനിക്ക് കൃപ തരണമേ. അതിനായി നിന്റെ തിരുരക്തം എന്റെ

ശിരസ്സിൽ തളിക്കണമേ.

യേശുവേ, നിന്റെ തിരുവിലാവിൽ നിന്ന് പൊട്ടി ഒഴുകിയ ആ തിരുരക്തം എന്റെമേൽ തളിക്കണമേ. രോഗങ്ങൾ സൗഖ്യമാക്കണമേ. തിരുരക്തം വന്ന് വീഴുമ്പോൾ രോഗം സൗഖ്യമാകുമല്ലോ. തിരുരക്തം വന്ന് വീഴുമ്പോൾ ബന്ധന മഴിയുമല്ലോ. തിരുരക്തം വന്ന് വീഴുമ്പോൾ ശാപങ്ങൾ മാറുമല്ലോ. എന്റെ സകല വൈകല്യങ്ങളും മാറുമല്ലോ. കർത്താവേ, നീ എന്നെ നിശ്ചയമായി അനുഗ്രഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

# മൂന്ന്

*"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്ന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ." റോമർ 12 : 2*

മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. അതാണ് വാസ്തവത്തിൽ എല്ലാവരിലും നടക്കേണ്ടത്. ആരും തികഞ്ഞവരല്ല. ഇനിയും മാറ്റം വരാനുണ്ട്. അതാണ് ശരിയായ കാഴ്ചപ്പാട്. ഇനിയും പലതും മനസ്സിലാക്കാനുണ്ട്, തിരുത്താനുണ്ട്. നമുക്കെല്ലാം മാറ്റം വരണം. അത് നമ്മുടെ ദാഹമായി മാറണം. നമ്മുടെ സ്വഭാവത്തിൽ മാറ്റേണ്ട കാര്യങ്ങൾ മാറ്റം വരുത്തി ഒരു ശരിയായ സമർപ്പണജീവിതം നാം നയിക്കുമ്പോൾ വലിയൊരു കെട്ടുറപ്പ് കിട്ടും. വലിയൊരു സമാധാനം കിട്ടും.

എന്തെല്ലാം പാപം വന്നാലും അത് ക്രിസ്തുവിന്റെ സ്നേഹത്തിൽ മുങ്ങിപ്പോകും. അതിന് ക്രിസ്തുവിന്റെ സ്നേഹത്തിൽ നമ്മെ സമർപ്പിക്കണം. ഒരു കുടുംബത്തിൽ പലതരത്തിലുള്ള ശാപങ്ങളുണ്ടാകാം. ചിലപ്പോൾ മനോരോഗമുള്ളവരുണ്ട്; പഠിക്കാൻ കഴിവില്ലാത്തവരുണ്ട്; അല്ലെങ്കിൽ അംഗഭംഗമുള്ളവരായി ജനിക്കുന്നു. കാലം തികയാതെ പ്രസവിച്ച് ബുദ്ധിമാന്ദ്യങ്ങൾ വരുന്നു. ഇതൊക്കെ ഓരോ ബാധകളാണ്. ഓരോരോ ബന്ധനങ്ങൾ! ഓരോരോ ശാപങ്ങൾ!

ഇങ്ങനെയുള്ള ശാപങ്ങൾ തലമുറകളായി പകർന്നു വരുന്നതാണ്. വിഗ്രഹാരാധന, കൂടോത്രം, മന്ത്രവാദം, ക്ഷുദ്രപ്രയോഗം, ആഭിചാരം, സ്ഥാനനോട്ടം, മുഹൂർത്തനോട്ടം,

രാഹുകാലനോട്ടം, മുഖലക്ഷണനോട്ടം ഇങ്ങനെ ഒരുപാട് അന്ധവിശ്വാസങ്ങൾ! പൈശാചികൻ അവകാശം പറയുന്ന പല ദോഷങ്ങളും ആളത്വത്തിൽ അടിഞ്ഞുകൂടി കിടക്കുന്നു.

നമ്മുടെ രക്തത്തിൽ പൂർവ്വികന്മാരിൽ നിന്ന് പകർന്നുവന്ന ദുഷിച്ച പ്രവണതകൾ - വ്യാജം പറയുക, ആരെയെങ്കിലും കളിയാക്കുക, മറ്റുള്ളവരെക്കുറിച്ച് ദൂഷണം പറയുക, പണമേ ശരണം എന്നുള്ള ദാഹം വരിക, ഇതെല്ലാം ഓരോ ബാധകളാണ്. തലമുറകളായിട്ട് പകർന്നു വരുന്നതാണ്. ചിലർക്ക് അമിതമായ കാമാസക്തി! ചിലർക്ക് ചീത്തകൂട്ടു കെട്ടിൽപോയി മദ്യത്തോട് അമിതമായ ആസക്തി! മദ്യമേ ശരണം, മദ്യമില്ലാതെ ജീവിക്കാൻ പറ്റുന്നില്ല! ആരോ വലിച്ചു കൊണ്ടുപോകുന്നു മദ്യത്തിലേക്ക്!

പക്ഷേ, ഇതെല്ലാം ക്രിസ്തുവിന്റെ സ്നേഹത്തിൽ മുങ്ങി പ്പോകും. ചിലർ അലസ പ്രകൃതിയുള്ളവർ! ചിലർ ചുമതലാ ബോധമില്ലാത്തവർ! പൂർവ്വികരിൽ നിന്ന് പകർന്നു വന്ന രക്തത്തിലുള്ള ചില പ്രവണതകളാണ്. ഇതെല്ലാം പോകും ക്രിസ്തുവിന്റെ സ്നേഹത്തിൽ.

സജീവമായ, യഥാർത്ഥമായ ഒരു മാറ്റം നിങ്ങൾക്ക് കിട്ടും. അതു കിട്ടുന്നതിന് നിങ്ങൾ ഒന്നും ചെയ്യണ്ട, കർത്താവേ, എനിക്കത് തരണം എന്ന് ആഗ്രഹിച്ചാൽ മതി. ഇന്നിന്ന കാര്യങ്ങൾക്ക് എനിക്ക് ചില താത്പര്യങ്ങളുണ്ട്, ചില ബന്ധനങ്ങളുണ്ട്, ചില ശാപങ്ങളുണ്ട്. അത് ചിലപ്പോൾ ശരീരത്തിലെ രോഗങ്ങളായിട്ടായിരിക്കാം, മനോരോഗങ്ങളാ യിട്ടായിരിക്കാം. ഇതെല്ലാം എന്നിൽ നിന്ന് മാറാൻ കർത്താവേ, എനിക്കാഗ്രഹമുണ്ട്. അതിന് നിന്റെ സ്നേഹത്താൽ എന്നെ നീ പൊതിയണമേ. നിന്റെ സ്നേഹത്താൽ എന്നെ മൂടണമേ. ഇങ്ങനെ പ്രാർത്ഥിച്ച് ആ സ്നേഹംകൊണ്ട് ആവരണം ചെയ്യണം. ഇങ്ങനെ പ്രാർത്ഥിച്ചാൽ തിരുരക്തംകൊണ്ട് കർത്താവ് നമ്മെ കഴുകും. നമ്മുടെ സകല ശാപങ്ങളും കർത്താവ് മാറ്റിത്തരും.

*"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."*

*റോമർ 12 : 1*

ഈ യഥാർത്ഥമായ സമർപ്പണം നമുക്ക് വരണം. എന്തു വന്നാലും ശരി, തെറ്റായ ഒരു കാര്യത്തിനെന്നെ കിട്ടുകയില്ല. ആ ഒരു കരുത്തേറിയ, ഉറപ്പേറിയ നിർണ്ണയമുണ്ടെങ്കിൽ നിങ്ങൾക്ക് ജയിച്ചുപോകാം. നിങ്ങളെ ആർക്കും തടുക്കാൻ പറ്റുകയില്ല. നിങ്ങൾ അഭിവൃദ്ധി പ്രാപിക്കും! ഉയർന്നുയർന്നു പോകും! ദൈവം ഉയർത്തിയാൽ ആർക്ക് തടുക്കാൻ പറ്റും? അതുകൊണ്ട് നിങ്ങൾക്ക് വേണ്ടത്, മനസ്സറിഞ്ഞ് ഒരു തെറ്റു വരാതെ യേശുക്രിസ്തു എന്നെ കാണുന്നു, യേശു എന്നെ അറിയുന്നു, യേശു അറിയാത്ത ഒരു കാര്യം എന്റെ ജീവിതത്തിൽ ഇല്ല എന്ന ഒരു ബോദ്ധ്യത്തോടു കൂടി നിൽക്കുകയാണ്.

എല്ലാം നിയന്ത്രിക്കുന്ന ഒരു ദൈവമുണ്ട്. നമ്മുടെ ഓരോ ചലനവും കാണുന്ന ദൈവം! എല്ലാത്തിലും ദൈവത്തിന്റെ ഒരു കരമുണ്ട്. ആ ദൈവം സ്നേഹമാണ്.

നിങ്ങളെ സ്നേഹിക്കുന്ന യേശു! നിങ്ങളെ താങ്ങുന്ന യേശു! നിങ്ങളുടെ ഓരോ ചെറിയ കാര്യവും അറിയുന്ന ദൈവം! ആ ദൈവം കുറ്റം വിധിക്കാൻ ഇരിക്കുന്നവനല്ല, സ്നേഹിക്കുന്ന ദൈവമാണ്. നിങ്ങളുടെ പോരായ്മകൾ മാറ്റിത്തരുന്ന ദൈവം! ബലഹീനതകൾ ക്ഷമിച്ചുതരുന്ന ദൈവം! നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന ദൈവം! നിങ്ങളുടെ ഭാരങ്ങൾ ചുമക്കുന്ന ദൈവം! നിങ്ങൾക്ക് എല്ലായിടത്തും അഭിവൃദ്ധി തരുന്ന ദൈവം! ഈ സ്നേഹവാനായ ദൈവത്തെ നിങ്ങൾ ഓർക്കുകയും നന്ദിയുള്ളവരായിരിക്കുകയും ചെയ്യണം. ഈ ദൈവം എന്റെ ജീവിതം കണ്ട് ദു:ഖിക്കരുത് എന്നുള്ള ഒരു നിർബ്ബന്ധം വേണം.

നാം പാപം ചെയ്താൽ ദൈവം ദു:ഖിക്കും. പാപം വരുമ്പോൾ നമുക്കുള്ള അനുഗ്രഹം പിശാച് തട്ടിമാറ്റുകയാണ്.

*"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടു ള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." എന്നു എഴുതിയിരിക്കുന്നതുപോലെ തന്നെ.*

*1 കൊരിന്ത്യർ 2 : 9*

നമുക്കുവേണ്ടി സ്വർഗ്ഗത്തിലെ ദൈവം ചില അനുഗ്രഹങ്ങൾ ഒരുക്കി വച്ചിട്ടുണ്ട്. ദൈവത്തെ അറിയാത്തവരാണെങ്കിലും ദൈവത്തെ അന്വേഷിക്കാത്തവരാണെങ്കിലും പാപത്തിൽ ജീവിക്കുന്നവരാണെങ്കിലും, അവർക്കെല്ലാം ദൈവം ചില അനുഗ്രഹങ്ങൾ കരുതി വച്ചിട്ടുണ്ട്. ഈ അനുഗ്രഹങ്ങൾ നഷ്ടമാകുമല്ലോ, പിശാച് തട്ടി മാറ്റുമല്ലോ എന്നുള്ളതാണ് ദൈവത്തിനു ദു:ഖം. തന്നെയുമല്ല നിത്യമായ യാതനയിലേക്ക് ഈ പാപം നമ്മെ കൊണ്ടുപോകുമല്ലോ എന്ന് നമ്മെ സ്നേഹിക്കുന്ന ദൈവം കാണുന്നു.

നാം സ്നേഹിക്കുന്ന ഒരാൾ ഒരു പടുകുഴിയിലേക്ക് വീണുപോയി എന്നുപറഞ്ഞാൽ നമുക്ക് സഹിക്കുമോ? സ്നേഹമുള്ളതുകൊണ്ടാണ് ദു:ഖം വരുന്നത്. സ്നേഹ മുള്ളവർക്ക് ആശങ്കയുണ്ട്.

ചീത്ത കൂട്ടുകെട്ട് ഒരുപാട് ദോഷം ചെയ്യും. തെറ്റായ കാര്യങ്ങൾ പറയാനോ ചെയ്യാനോ കൂട്ടുകൂടി പോകരുത്, സൂക്ഷിക്കണം. ജാഗ്രതയുള്ളവരായിരിക്കണം. കൂട്ടുകെട്ടു കളിൽ കൂടി കുട്ടികൾ നശിച്ചു പോകുന്നു.

സാഹചര്യങ്ങൾ മാറ്റാൻ നമുക്ക് പറ്റില്ല. 'It is better to light a candle than to curse the darkness.' ഒരു ചെറുതിരി കത്തിക്കാം.

നിങ്ങൾ കത്തുന്ന ഒരു തിരിയായി വീട്ടിൽ നിൽക്കുക. ഒരു ചെറുതിരിയായി നിങ്ങളുടെ സ്ഥാപനത്തിൽ, ജോലി സ്ഥലത്ത് നില്ക്കുക.

*"അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്ന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."*

*മത്തായി 5 : 16*

അങ്ങനെ വെളിച്ചം പ്രകാശിക്കത്തക്കവണ്ണം നമ്മുടെ വീട്ടിൽ നിൽക്കുക. നമ്മുടെ സ്ഥാപനത്തിൽ നിൽക്കുക.

നിങ്ങൾ പ്രശ്നം ഉണ്ടാക്കുന്നവർ ആകരുത്. ഞാൻ പ്രശ്നം പരിഹരിക്കുന്നവനായിരിക്കും; സമാധാനം ഉണ്ടാക്കുന്നവനായിരിക്കും.

തന്റെ ആദ്യത്തെ പ്രസംഗത്തിൽ കർത്താവ് പറഞ്ഞു:

*"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."*

*മത്തായി 5 : 9*

നാം ദൈവത്തിന്റെ പുത്രന്മാർ ആണെങ്കിൽ നാം സമാധാനം ഉണ്ടാക്കുന്നവരായിരിക്കും.

നിങ്ങളുടെ വീട്ടിൽ അപ്പൻ ചിലപ്പോൾ മദ്യപിക്കുന്ന ആളായിരിക്കും. അമ്മ ചിലപ്പോൾ കോപിക്കുന്ന ആളായിരിക്കും. ഭാര്യ പരിഭവിക്കുന്നവൾ ആയിരിക്കും. ഭാര്യയും അമ്മായി അമ്മയും കൂടെ വീട്ടിൽ വഴക്കോ ഇഷ്ടക്കുറവോ മുഷിച്ചിലോ ഉണ്ടായിരിക്കും. പല പ്രശ്നങ്ങൾ ഉണ്ട്. പക്ഷേ, ഇതെല്ലാമുണ്ടെങ്കിലും നിങ്ങൾ ഒരു വെളിച്ചമായി അവിടെ നിൽക്കുക. ഒരു ചെറുതിരിയായി കത്തി നിൽക്കുക. എല്ലാവരും ശരിയാവാൻ നോക്കണ്ട.

നിങ്ങൾ ഒരാൾ യേശുവിന്റെ പ്രതിഛായയുള്ള ഒരു ദീപമായി കത്തിനിൽക്കുക. അപ്പോൾ നിങ്ങളിൽ നിന്നുകൊണ്ട് കർത്താവിനു ചിലതെല്ലാം പ്രവർത്തിക്കാൻ പറ്റും. കുടുംബത്തിലുള്ളവർക്ക് നിങ്ങളിൽക്കൂടി ആശ്വാസം കിട്ടും, സമാധാനം കിട്ടും. അങ്ങനെ യേശു പ്രസാദിക്കുന്ന

ജീവിതമായി മാറുന്നതാണ് സൗഭാഗ്യജീവിതം.

ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിക്കുകയും നിങ്ങളെ ത്തന്നെ കണ്ട് കർത്താവിനോട് നിങ്ങളുടെ ഭാരങ്ങൾ, ആവശ്യങ്ങൾ, സങ്കടങ്ങൾ എല്ലാം അറിയിക്കുകയും ദൈവം തന്ന നന്മകൾക്കുവേണ്ടി സ്തുതിക്കുകയും ചെയ്യാനായി ഒരു സമയം നിങ്ങൾ കണ്ടെത്തണം. ബൈബിൾ വായിക്കണം. ബൈബിൾ വായിക്കുമ്പോൾ ഒരു പുതിയ കാഴ്ചപ്പാട് കിട്ടും. ബൈബിൾ വായിക്കുന്നത് വാസ്തവത്തിൽ എന്തൊരാശ്വാസമാണ്! വചനം നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുചെല്ലും. വചനം നിങ്ങളുടെ ഹൃദയത്തിൽ പ്രവർത്തിക്കും.

*"താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു."*

*സദൃശവാക്യങ്ങൾ 22 : 4*

*"യഹോവ നിന്നെ വാലല്ല, തലയാക്കും."*

*ആവർത്തനപുസ്തകം 28 : 13*

*"നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടിരിക്ക. ഒരു പ്രതിഫലമുണ്ടാകും നിശ്ചയം."*

*സദൃശവാക്യങ്ങൾ 23 : 17, 18*

*"സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

*"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല."* *ഉല്പത്തി 32 : 26*

ഈ വചനം ഓരോന്നും പ്രതിസന്ധിഘട്ടങ്ങളിൽ നമുക്ക് എത്രയോ ആശ്വാസമാണ്!

നമുക്ക് ആത്മീയമായും ഭൗതികമായും അനുഗ്രഹം വേണം. ഇന്ന് ഞാൻ കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലണം, ഇതാണ് ആത്മീയ അനുഗ്രഹം.

ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വന്നാൽ, ജീവിതത്തിൽ

വന്നാൽ, ക്രിസ്തു നമ്മുടെ ജീവിതത്തെ നിയന്ത്രിച്ചാൽ നാം ഭാഗ്യശാലികൾ ആയി. ക്രിസ്തുവിനുവേണ്ടി ജീവിതം കൊടുത്താൽ നമ്മുടെ ജീവിതം ക്രിസ്തു ഏറ്റെടുക്കും, ക്രിസ്തു ഉയർത്തും, ക്രിസ്തു വളർത്തും.

*"സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും. നീതികേട് നിന്റെ കൂടാരങ്ങളിൽ നിന്നു അകറ്റിക്കളയും." ഇയ്യോബ് 22 : 23*

*"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞു പോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു."*

*2 കൊരിന്ത്യർ 5 : 1*

കൂടാരമായ ഭൗമഭവനം, അതാണ് ശരീരം. അത് അഴിഞ്ഞുപോകും. ഈ കൂടാരത്തിൽ ഇന്ന് നീതികേടുണ്ട്. അതു നമുക്ക് തന്നെ അറിയാം. ബ്ലൂഫിലിം കണ്ടു, കണ്ണുകൊണ്ട് പാപം ചെയ്തു, ഹൃദയത്തിൽ പാപം ചെയ്തു, ബുദ്ധിയിൽ അതിന്റെ നെഗറ്റീവ് പതിഞ്ഞുകഴിഞ്ഞു. ചീത്തപടമാണെങ്കിൽ തീർച്ചയായിട്ടും ആ ഛായ, ഇമേജ് മായാതെ നിൽക്കും.

അപ്പോൾ നമ്മുടെ ബുദ്ധിയിൽ നീതികേട് വന്നു; നമ്മുടെ കണ്ണിൽ, നമ്മുടെ ഹൃദയത്തിൽ നീതികേട് വന്നു; നമ്മുടെ ആത്മാവിൽ നീതികേട് വന്നു; അങ്ങനെ ശരീരത്തിൽ നീതികേട് വ്യാപിച്ചു; കൂടാരത്തിൽ നീതികേട്! സർവ്വശക്തങ്കലേയ്ക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും കാരണം, നീതികേട് നിന്റെ കൂടാരത്തിൽ നിന്ന് അകറ്റിക്കളയും.

നമ്മുടെ കൂടാരത്തിൽ, നമ്മുടെ ഈ ശരീരത്തിൽ പല അഴുക്കും പറ്റിയിട്ടുണ്ട്. ചീത്തവാക്ക് പറഞ്ഞിട്ടുണ്ട്. അസഭ്യ സംഭാഷണത്തിൽ മുഴുകിയിട്ടുണ്ട്. ദ്വയാർത്ഥം വച്ച് സംസാരി ച്ചിട്ടുണ്ട്. ചിലരെ പരിഹസിച്ചിട്ടുണ്ട്. ചിലരെ കുറ്റപ്പെടുത്തി യിട്ടുണ്ട്. ഇല്ലാത്തത് പറഞ്ഞിട്ടുണ്ട്. ചിലരെ ദുഷിച്ചിട്ടുണ്ട്;

പുച്ഛിച്ചിട്ടുണ്ട്. തരംതാഴ്ത്തിയിട്ടുണ്ട്. ഈ നാവുകൊണ്ട് എന്തെല്ലാം പറഞ്ഞിട്ടുണ്ട്?

ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ അവയവംപ്രതി അനേകം നീതികേടുകൾ ഉണ്ട്. എന്നാൽ സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീതികേട് കൂടാരത്തിൽ നിന്ന് അകറ്റിക്കളയും. നിങ്ങൾ അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ നീതികേട് കൂടാരത്തിൽ നിന്ന് അകറ്റിക്കളയണം.

നമ്മുടെ ശരീരത്തിൽ ഏറിയും കുറഞ്ഞും പലതരത്തിൽ തെറ്റുകൾ പറ്റിയിട്ടുണ്ട്. നമ്മുടെ കൈയിൽ വന്ന പൈസയിൽ ദൈവം പ്രസാദിക്കാത്തതുണ്ടോ? അല്ല, ദൈവം പ്രസാദിക്കാത്ത തരത്തിൽ പൈസ ചിലവഴിച്ചിട്ടുണ്ടോ?

ഒരാളോട് കുറച്ച് രൂപ വാങ്ങിച്ചു. അയാൾ മറന്നുപോയി എന്നിരിക്കട്ടെ. നിങ്ങൾ അത് കൊടുക്കണ്ട എന്നു തീരുമാനിച്ചു. അത് പാപമാണ്, നീതികേടാണ്, അങ്ങനെ പാടില്ല.

ചിലർക്ക് പൈസയുടെ കാര്യത്തിൽ നല്ല സത്യ സന്ധതയുണ്ട്, വിശ്വസ്തതയുണ്ട്. പക്ഷേ, ഹൃദയത്തിലെ ചിന്തകളുടെ, മോഹങ്ങളുടെ, വികാരങ്ങളുടെ, ആഗ്രഹങ്ങളുടെ കാര്യത്തിൽ ഒക്കെ തെറ്റുപറ്റിയിട്ടുണ്ടോ? നീതികേട് വന്നോ? മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ നിങ്ങൾക്ക് തെറ്റുപറ്റിയി ട്ടുണ്ടോ? മാതാപിതാക്കളെ ആദരിക്കേണ്ടതുപോലെ ആദരി ച്ചില്ല എന്ന് വന്നിട്ടുണ്ടോ? ഭാര്യയെ വേണ്ടതുപോലെ കരുതിയില്ല, ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തില്ല എന്നു വന്നി ട്ടുണ്ടോ?

ഭാര്യ അടിമയല്ല, വേലക്കാരിയല്ല. ഭാര്യ നിങ്ങളുടെ തുല്യ പദവിയുള്ള വ്യക്തിയാണ്. ഭാര്യയെ ആദരിക്കണം. ഭാര്യ ഭർത്താവിനെ അനുസരിക്കണം, കീഴ്പ്പെടണം, ഭയപ്പെടണം. ഇത് തിരുവചനത്തിൽ ഉള്ളതാണ്. ഇത് വച്ച് നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കണം. ഭാര്യയെ തരംതാഴ്ത്തി കണ്ടിട്ടുണ്ടോ? ഭാര്യയെ തുച്ഛീകരിച്ചിട്ടുണ്ടോ? എനിക്ക്

പറ്റിയവളല്ല എന്നുള്ള അസംതൃപ്തി വന്നിട്ടുണ്ടോ? അവളെക്കുറിച്ച് അവമതിപ്പ് വന്നിട്ടുണ്ടോ?

ഇതെല്ലാം പാപമാണ്, നീതികേടാണ്. അപ്പോൾ നീതികേട് കൂടാരത്തിൽ നിന്ന് അകറ്റിക്കളയാതെ അനുഗ്രഹം കിട്ടുകയില്ല. അഭിവൃദ്ധി വേണമോ? നീതികേട് മാറ്റുക. ഭൗതികമായും മാനസികമായും ശാരീരികമായും (Materially, Mentally, Physically) നിങ്ങൾക്ക് അഭിവൃദ്ധി വേണമോ? നിങ്ങളുടെ ജീവിതത്തിൽ നിന്ന് നീതികേട് മാറ്റിക്കളയണം. അതിന് എന്താണു ചെയ്യേണ്ടത്?

നമ്മുടെ ഓർമ്മവച്ചകാലം മുതലുള്ള ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കണം. എന്തൊക്കെയാണ് തെറ്റുപറ്റിയത്? ഓരോന്നും കണ്ടുപിടിക്കണം. അതോടൊപ്പം തന്നെ ഇനി എങ്ങനെയാണ് ജീവിക്കുക എന്ന് തീരുമാനിക്കുകയും വേണം. ഇനി മേലിൽ തെറ്റായതൊന്നും വരില്ല; “I will never be the same,” ഞാൻ പഴയതുപോലെ ആയിരിക്കില്ല എന്ന് തീരുമാനിക്കണം.

നിങ്ങൾ ജോലി ചെയ്യുന്നവരാണോ? ജോലിയിൽ അവിശ്വസ്തത വന്നുപോയോ? ആത്മാർത്ഥതയില്ലാതെ പെരുമാറിപ്പോയോ? ഞാൻ ഏതെങ്കിലും തരത്തിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തി പെരുമാറിപ്പോയോ? ആർക്കെങ്കിലും ദോഷം വരത്തക്കവണ്ണം സംസാരിച്ചുപോയോ? അങ്ങനെ ചിന്തിച്ചു വരുമ്പോൾ പലതും തിരുത്താൻ കാണും. ഇത് ഓരോന്നോരോന്ന് ഓർത്തനുതപിച്ച്, പുതിയ തീരുമാനങ്ങൾ എടുക്കുക.

അങ്ങനെയുള്ള ഒരു തീരുമാനത്തിലേക്ക് വരുമ്പോൾ നിങ്ങൾക്ക് ജയിക്കാം, അഭിവൃദ്ധി പ്രാപിക്കാം. “സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.” “നീതികേട് നിന്റെ കൂടാരത്തിൽ നിന്നും അകറ്റിക്കളയും.” മൂന്ന് കാര്യങ്ങൾ നാം ചിന്തിച്ചു:

1. സർവ്വശക്തങ്കലേക്ക് തിരിയുക

2. അഭിവൃദ്ധി പ്രാപിക്കുക

3. നീതികേട് കൂടാരത്തിൽ നിന്ന് അകറ്റിക്കളയുക.

You are royal Priesthood and chosen generation! നിങ്ങൾ രാജകീയപുരോഹിതവർഗ്ഗം, ദൈവത്തിന്റെ സ്വന്തം മക്കൾ! നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ സ്ഥാപനത്തിന്റെ സ്വത്തായി നിൽക്കുക. സ്ഥാപനത്തിന്റെ അടിത്തറ പണിയുന്ന ശില്പികളായി നിങ്ങൾ മാറുക. നിങ്ങൾ മൂലം നിങ്ങളുടെ സ്ഥാപനം അഭിവൃദ്ധിപ്പെടണം. അങ്ങനെ സ്ഥാപനം അഭിവൃദ്ധി പ്പെടുമ്പോൾ നിങ്ങളുംകൂടെ അഭിവൃദ്ധിപ്പെടുകയാണ്, നിങ്ങളുംകൂടെ വളരുകയാണ്. സ്ഥാപനം വേറെയാളുടെയാണ് എന്ന് കാണരുത്. നിങ്ങളുടേതാണ് സ്ഥാപനം.

നിങ്ങൾ എത്രത്തോളം ചേർന്ന് നില്ക്കുന്നുവോ, അത്രത്തോളം അഭിവൃദ്ധിപ്പെടും. അങ്ങനെ നിങ്ങൾ അവിടെ രജതദീപങ്ങളായി, വെള്ളിവെളിച്ചങ്ങളായി നിൽക്കുക. നിങ്ങളെ കാണുന്നവർ, ജീവിതത്തിൽ ചില നിഷ്ഠകൾ ഉള്ളവരാണ്, മറ്റുള്ളവരെപ്പോലെയല്ല, ജീവിതത്തിൽ ചില മൂല്യങ്ങൾ ഇവർക്കുണ്ട് എന്ന് അറിയത്തക്കവണ്ണം നിങ്ങളുടെ ജീവിതം ഏറ്റവും ശ്രേഷ്ഠവും ശോഭനവും സംസ്ക്കാര ഭദ്രവുമായി തീരട്ടെ. ദൈവം അനുഗ്രഹിക്കട്ടെ.

# നാല്

നമുക്കെല്ലാവർക്കും അവരവരുടെ കഴിവുകളുണ്ട്. ചിലർക്ക് അഞ്ച് താലന്ത് തന്നിട്ടുണ്ട്. ചിലർക്ക് രണ്ട് താലന്ത് തന്നിട്ടുണ്ട്. ചിലർക്ക് ഒരു താലന്ത് തന്നിട്ടുണ്ട്. എനിക്ക് ലഭിച്ച താലന്തുകൾക്ക് ഒത്തതുപോലെ ഞാൻ ആത്മാർത്ഥതയോടെ, കാര്യക്ഷമമായി, അത്യുത്സാഹത്തോടെ, സ്വന്തം കാര്യമെന്നതു പോലെ ജോലി ചെയ്യുന്നുണ്ടോ? നിങ്ങൾ തന്നത്താൻ ഒന്ന് ആത്മപരിശോധന ചെയ്യുന്നത് നല്ലതാണ്.

“അല്പത്തിൽ വിശ്വസ്തനായവനെ അധികത്തിന് വിചാരകനാക്കുമെന്ന്” വചനം പറയുന്നു (മത്തായി 25 : 23). ഒരു ചെറിയ കാര്യത്തിൽ ആത്മാർത്ഥതയും വിശ്വസ്തതയും നമുക്ക് പുലർത്താൻ കഴിയുമെങ്കിൽ അങ്ങനെയുള്ളവരെ യാണ് കർത്താവ് വലുതിലേക്ക് വളർത്തുന്നത്; വലുതിലേക്ക് കൊണ്ടുപോകുന്നത്.

അദ്ധ്യാപകജോലി ഞാൻ തുടങ്ങുന്നത് ഏറ്റവും താഴേ ക്കിടയിൽ നിന്നാണ്; ഞാൻ പ്രൈമറി സ്ക്കൂളിൽ പഠിപ്പിച്ചില്ല; മിഡിൽ സ്ക്കൂളിൽ ഫസ്റ്റ്, സെക്കൻഡ്, തേഡ് എന്നുവച്ചാൽ ഇന്നത്തെ 5, 6, 7 ക്ലാസ്സുകളിലാണ് ഞാൻ പഠിപ്പിച്ചത്. വെറും പത്താംക്ലാസ്സും റ്റി.റ്റി.സി.യും മാത്രമേ അന്നെനിക്ക് ഉണ്ടായി രുന്നുള്ളൂ. അങ്ങനെ നിസ്സാരതയിൽ തുടങ്ങി.

അന്ന് വടവുകോട് സ്ക്കൂളിൽ ജോലി ചെയ്യുമ്പോൾ ഞാൻ ഹെഡ്മാസ്റ്ററുടെ കണ്ണിലുണ്ണിയായിരുന്നു; എന്റെ സീനിയേഴ്സിന്റെ വാത്സല്യഭാജനമായിരുന്നു. ജൂനിയർ മോസ്റ്റ്,

youngest എന്നുള്ളതുകൊണ്ടുമാത്രമല്ല, ഞാൻ അത്ര ആത്മാർത്ഥമായി പഠിപ്പിച്ചു. പിന്നീട് ഡിഗ്രിയെടുത്ത് ഹൈസ്ക്കൂളിൽ കയറിയപ്പോൾ എന്റെ വീട്ടിൽനിന്ന് നടന്നാണ് സ്ക്കൂളിൽ പോകുന്നത്. പിന്നീടാണ് സൈക്കിൾ വാങ്ങിയത്. അതുവരെ ഞാൻ നടന്നുപോയി. അവിടെ ചെല്ലുന്നത് രാവിലെ ഒൻപത് മണിക്കാണ്. ക്ലാസ്സ് തുടങ്ങുന്നത് പത്തു മണിക്ക്.

രാവിലെ സ്കൂളിൽചെന്ന് പത്താംക്ലാസ്സിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസ്സെടുക്കുമായിരുന്നു. നാലുമണിക്ക് വീട്ടിലേക്ക് പോരേണ്ട ഞാൻ അവിടെ നില്ക്കും. പഠിക്കാൻ പിന്നോക്കമുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സെടുക്കും. ഇതൊന്നും ആരും എന്നോട് പറഞ്ഞിട്ട് ചെയ്തതല്ല. ജോലിയോടുള്ള ആത്മാർത്ഥത; ജോലിയോടുള്ള പ്രതിബദ്ധത. നമുക്കത് വേണം.

അങ്ങനെ അല്പത്തിൽ വിശ്വസ്തനായി നിന്നപ്പോൾ ദൈവമെന്നെ പിടിച്ചുയർത്തി. എനിക്ക് നല്ലപോലെ അറിയാം എന്റെ കഴിവുകൊണ്ടൊന്നും കയറി പോന്നതല്ലെന്ന്. ഭംഗിവാക്കായിട്ട് പറയുന്നതൊന്നുമല്ല. ഞാനത്ര സമർത്ഥനൊന്നുമല്ല. പക്ഷേ, ഒരു ഹാർഡ്‌വർക്കിംഗ് മെന്റാലിറ്റി ഉണ്ടായിരുന്നു. ആത്മാർത്ഥതയുണ്ടായിരുന്നു. കഠിനമായിട്ട് അദ്ധ്വാനിക്കാനുള്ള താത്പര്യമുണ്ടായിരുന്നു. അതുകൊണ്ട് ദൈവം, അല്പത്തിൽ വിശ്വസ്തനായിരുന്ന എന്നെ അധികത്തിലേക്ക് നടത്തി. വാസ്തവത്തിൽ എന്റെ ജീവിതം എനിക്കു തന്നെ പാഠമാണ്. അനേകർക്കും പാഠമാണ്.

പിന്നീട് കോളേജിൽ വന്നശേഷവും എല്ലായിടത്തും ഞാൻ വിശ്വസ്തനായിരുന്നു. കോളേജിൽ പല ആക്ഷേപങ്ങളും സഹിച്ചു. അനേകം പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുസമയത്ത് പല കുട്ടികളും എന്നെ ആക്ഷേപിച്ചിട്ടുണ്ട്. ഞാൻ കോളേജി

ലേയ്ക്ക് കയറിച്ചെല്ലുമ്പോഴേക്കും മുകളിൽനിന്ന് 'സ്തോത്രം, സ്തോത്രം' എന്ന് കുട്ടികൾ ഉറക്കെ ഞാൻ കേൾക്കാനായിട്ട് വിളിച്ചുപറയും. പിന്നെ 'ഹാലേലുയ്യ, ഹാലേലുയ്യ' എന്നു പറയും. ഞാൻ വരാന്തയിൽക്കൂടെ നടന്നു പോകുമ്പോൾ 'സ്തോത്രം, സ്തോത്രം' എന്നു പറയും.

ഇങ്ങനെയെല്ലാം കളിയാക്കുമ്പോഴും അവർക്കെല്ലാം എന്നെ ബഹുമാനമായിരുന്നു. യേശുക്രിസ്തുവിന്റെ പേരിൽ നിന്നതുകൊണ്ട് എനിക്ക് കർത്താവ് എല്ലായിടത്തും സമാധാനവും ഉയർച്ചയും തന്നുകൊണ്ടിരുന്നു. എനിക്ക് നിങ്ങളോട് പറയാനുള്ള പ്രധാനപ്പെട്ട കാര്യം നിങ്ങളെല്ലാം വളരണം. നിങ്ങളെല്ലാം ഉയരണം.

നിങ്ങൾക്കെല്ലാം വളരാൻ സാധിക്കും. ഉയരാൻ സാധിക്കും. സാധാരണഗതിയിലുള്ള വളർച്ചയല്ല, അത്ഭുതകരമായി, അതിശയകരമായി നിങ്ങൾക്ക് വളരാം. അനേകർക്ക് അസൂയാവിഷയമാകത്തക്കവണ്ണം വളരാം. ഒന്നേ ഒന്നു മാത്രം മതി. യേശുക്രിസ്തുവിനോടുള്ള ഒരു കടപ്പാട് നിങ്ങൾക്കുണ്ടായിരിക്കണം.

അപ്പോൾ നിങ്ങളുടെ ജോലിയിലെ ശൈലി മാറും. നിങ്ങളുടെ കാഴ്ചപ്പാട് മാറും. വളരെ വ്യക്തമായി കാര്യക്ഷമതയുള്ളവരായിത്തീരും. നിങ്ങൾ കഠിന പരിശ്രമമുള്ളവരായിത്തീരും. മറ്റാരേയും നോക്കാതെ യേശുക്രിസ്തു നിങ്ങളെ കാണുന്നു എന്നുള്ള ചിന്തയോടുകൂടി ഉയർന്നുയർന്ന് പറന്നു കയറാം.

നിങ്ങളിൽ പലരും തോൽക്കുന്ന ഒരു കാര്യം നിങ്ങളുടെ സംസാരത്തിലാണ്. വർത്തമാനം പറയുമ്പോൾ അറിയാതെ തമാശ പറയും. നിർദ്ദോഷമായ ഫലിതങ്ങൾക്ക് ദോഷമൊന്നുമില്ല. പക്ഷേ, അധിക വർത്തമാനം വരുമ്പോൾ അതിൽ പാപം വരും. വാക്കുകളുടെ പെരുപ്പത്തിൽ ലംഘനമുണ്ട്. വാക്കുകൾ

പെരുകരുത്. ആകുന്നേടത്തോളം വാക്കുകൾ ചുരുക്കണം. വേറെ ആരുടേയും കുറ്റം പറയരുത്.

ആരേയും വിധിക്കരുത്. ആരേയും കുറ്റപ്പെടുത്തരുത്. ആർക്കെങ്കിലും ദോഷം വരാവുന്ന ഒരു വാക്കും നിങ്ങളിൽനിന്ന് വരരുത്. നിങ്ങളുടെ നാവിൽനിന്ന് ആരെക്കുറിച്ചും ഒരു പ്രസ്താവനയും വരരുത്. അശുദ്ധമായ, അസഭ്യമായ, അശ്ലീലമായ വാക്കുകൾ വരരുത്. രണ്ടർത്ഥം വച്ചുള്ള വാക്കുകൾ വരരുത്. ഏതെങ്കിലും തരത്തിൽ വൃത്തികേട് ധ്വനിപ്പിക്കുന്ന വാക്കുകൾ വരരുത്. നിങ്ങളുടെ നാവിനെ നിങ്ങൾ നിയന്ത്രിക്കണം. നാവിനെ നിയന്ത്രിക്കാൻ പറ്റിയാൽ നിങ്ങൾക്ക് നിങ്ങളെത്തന്നെ മുഴുവനായി നിയന്ത്രിക്കാൻ പറ്റുമെന്ന് അപ്പൊസ്തലൻ പറയുന്നു.

> *"സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. നാമെല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നേ നാവും ചെറിയ അവയവമെങ്കിലും വളരെ വമ്പ് പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നെ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ*

*അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈ വകയെല്ലാം മനുഷ്യജാതിയോടു മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽ നിന്നുതന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കയ്പ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവു പഴവും മുന്തിരിവള്ളി അത്തിപ്പഴവും കായിക്കുമോ? ഉപ്പുറവിൽ നിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല."* *യാക്കോബ് 3 : 1 – 12*

ഒരു കുതിരയെ അതിന്റെ വായിൽ കടിഞ്ഞാണിട്ട് നിയന്ത്രിക്കുന്നു; അതുപോലെ മനുഷ്യൻ നാവിന് കടിഞ്ഞാണിടണം. എത്ര വലിയ കപ്പലും ഒരു ചുക്കാൻകൊണ്ട് ബോധിച്ച ദിക്കിലേക്ക് തിരിയ്ക്കാൻ കപ്പിത്താന് സാധിക്കുന്നു. അതുപോലെ നാവ് ഒരു ചെറിയ അവയവമാണെങ്കിലും അതുകൊണ്ട് ജീവിതത്തെ മുഴുവൻ തിരിക്കാൻ സാധിക്കും.

നാവിന് പറ്റുന്ന ഒരപകടം വമ്പ് പറയുന്നു, Boasting! തന്നെത്തന്നെ പുകഴ്ത്തുന്നു, തന്നെത്തന്നെ പ്രശംസിക്കുന്നു, തന്നെത്തന്നെ ഉയർത്തുന്നു. കുറച്ചു തീയേ ഉള്ളൂ പക്ഷേ,

എത്ര വലിയ കാട് കത്തിക്കും? അനേകംപേരെ കത്തിച്ചു കളയുന്ന, നശിപ്പിക്കുന്ന ഒരു തീയാണ് നാവ്! നാവ് മൂലം, നാവിന്റെ സംസാരംമൂലം നമ്മുടെ ദേഹത്തിന്, നമ്മുടെ ശരീരത്തിലെ ജീവചക്രത്തിന്, നമ്മുടെ ആത്മാവിന് തീ കൊടുക്കും. ആത്മാവിന് കേട് വരുത്തും. നമ്മുടെ ആത്മാവ് നരകത്തിൽ പോകുവാനിടയായിത്തീരും.

മനുഷ്യജാതിയോട് മൃഗം മരുങ്ങുന്നുണ്ട്, പക്ഷി മരുങ്ങുന്നുണ്ട്, ഇഴജാതികൾ മരുങ്ങുന്നുണ്ട്, ജലജന്തു മരുങ്ങുന്നുണ്ട്. എന്തെല്ലാം മനുഷ്യനോട് മരുങ്ങിയാലും നാവിനെ മരുക്കിയെടുക്കാൻ പറ്റുന്നില്ല. നാവ് മരുക്കാൻ പറ്റാത്ത ഒന്നാണ്. അത് തീരാത്ത ദോഷമാണ് വരുത്തുന്നത്. മരണകരമായ വിഷം ഈ നാവിലുണ്ട്. ഒരു നാവുകൊണ്ടുതന്നെ ദൈവത്തെ സ്തുതിക്കും, കുറച്ചു കഴിയുമ്പോൾ അതേ നാവുകൊണ്ട് മറ്റുള്ളവരെ ശപിക്കും.

സഹോദരന്മാരേ, ഇങ്ങനെയാകുന്നത് യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് കുറച്ചുനേരം മധുരമുള്ള വെള്ളം വരുന്നു. പിന്നെ കയ്പ്പുള്ള വെള്ളം വരുന്നു. അത്തിവൃക്ഷത്തിൽനിന്ന് ഒലിവുപഴം കായ്ക്കുകയില്ല. മുന്തിരിവള്ളിയിൽ നിന്ന് അത്തിപ്പഴവും കായ്ക്കുകയില്ല. ഉപ്പുറവിൽ നിന്ന് മധുരമുള്ള വെള്ളം പുറപ്പെടുകയില്ല. നാവ് അടങ്ങാത്ത ദോഷം. അത് ഒരു തീയാണ്. അനേകരെ നശിപ്പിക്കുന്നതാണ്.

നിങ്ങൾ ഒന്നോ രണ്ടോ പേരുകൂടി പോകുമ്പോഴോ, മൂന്നോ നാലോ പേര് ഒരുമിച്ചിരിക്കുമ്പോഴോ, അറിയാതെപറയുന്ന വാക്കുകൾ നിങ്ങൾക്ക് തന്നെ ദോഷം വരുത്തും. നിങ്ങളുടെ തന്നെ അഭിവൃദ്ധിക്ക് അത് വിഘ്നം സൃഷ്ടിക്കുന്നു. ചിലപ്പോൾ കോപിക്കുന്ന വാക്കുകൾ വന്നുപോകുന്നു. ചിലപ്പോൾ മറ്റുള്ളവരെ വിധിക്കുന്ന വാക്കുകൾ! ചിലപ്പോൾ മറ്റുള്ളവരെ ദുഷിക്കുന്ന വാക്കുകൾ! ചിലപ്പോൾ മറ്റുള്ളവരെ ഇടിച്ചു

താഴ്ത്തുന്ന വാക്കുകൾ! ചിലപ്പോൾ മറ്റുള്ളവരെ പുച്ഛിക്കുന്ന വാക്കുകൾ! മറ്റുള്ളവരെ നിന്ദിക്കുന്ന, ആക്ഷേപിക്കുന്ന വാക്കുകൾ! ചിലരെ ചതിയിലാക്കുന്ന വാക്കുകൾ! ചിലരെ കെണിയിലാക്കുന്ന വാക്കുകൾ! മനുഷ്യഹൃദയം പൊതുവെ വളഞ്ഞ സ്വഭാവമാണ്. വക്രതയുള്ളതാണ്. നമ്മുടെ നാവിന്റെ വക്രതകൊണ്ട് അനേകംപേർക്ക് ദോഷം സംഭവിക്കും.

നമ്മുടെ ഒരു വാക്കുകൊണ്ട് വേറൊരാൾക്ക് ഒരു ദോഷം വരുത്തരുത്; ഒരു നഷ്ടം വരുത്തരുത്; ആർക്കും ഏതുകാരണ വശാലും നമ്മുടെ നാവുകൊണ്ട് പ്രയോജനമേ വരുത്താവൂ. നാം ഒരു വിഷയം ഒരാളോട് ഗൗരവമായി പറയുന്നതുപോലും, ശാസനയോടുകൂടി പറയുന്നതുപോലും അയാൾക്ക് പ്രയോജനമായിത്തീരണം. ആരേയും ഒരു കാരണവശാലും നമ്മുടെ വാക്കുകൊണ്ട് തെറ്റിക്കാനിടവരരുത്. നാവിനെ നിയന്ത്രിക്കണം. കർത്താവ് പറഞ്ഞു: "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. അതിലധികമായത് ദുഷ്ടനിൽനിന്ന് വരുന്നു." സത്യസന്ധമല്ലാതെ പറയുന്നത്, വ്യാജം പറയുന്നത്, അത് പിശാചിൽനിന്ന് വരുന്നതാണ്.

> *"നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും, ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു."* *മത്തായി 5 : 37*

ഒരിക്കലും വ്യാജം വരരുത്. പൊങ്ങച്ചം വരരുത്, തന്നത്തന്നെ ഉയർത്തി പറയരുത്, സ്വയപ്രശംസ വരരുത്. എപ്പോഴും നമ്മുടെ ആഭരണം വിനയമായിരിക്കണം, താഴ്മയായിരിക്കണം. കർത്താവ് പറഞ്ഞു: "തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്ന വനെല്ലാം ഉയർത്തപ്പെടും." എപ്പോഴും വിനയത്തിന്റെ വാക്കുകൾ വരട്ടെ; സ്നേഹത്തിന്റെ വാക്കുകൾ വരട്ടെ.

അതുകൊണ്ടാണ് പത്രോസ് ശ്ലീഹാ പറഞ്ഞത്:

*“ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്ന് അറിയേണ്ടതിന്ന് നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ.”*

*കൊലോസ്യർ 4 : 6*

നിങ്ങൾ ഒരു സ്ഥലത്ത് ജോലി ചെയ്യുന്നു. ഒരാൾക്ക് ഒരു തെറ്റു കണ്ടാൽ പറയാൻ അധികാരപ്പെട്ട ആൾ തെറ്റ് തെറ്റാണെന്ന് പറയണം. ശാസിക്കേണ്ടിടത്ത് ശാസിക്കണം. കർക്കശമായി പറയേണ്ടിടത്ത് കർക്കശമായി പറയണം. നിങ്ങളുടെ വാക്ക് എപ്പോഴും രുചി വരുത്തിയതുമായിരിക്കണം. പ്രത്യേകിച്ചും അധികാരസ്ഥാനങ്ങൾക്ക് മുമ്പിൽ വരുമ്പോൾ നിങ്ങൾ വളരെ വിനയത്തോടെ വേണം സംസാരിക്കാൻ. ആത്മീയമായി പറയുമ്പോൾ നമ്മളെല്ലാവരും സഹോദരന്മാരാണ്. അവിടെ വലിപ്പമോ, ചെറുപ്പമോ ഇല്ല. എന്നാൽ അധികാരത്തിന്റെ കാര്യത്തിൽ വരുമ്പോൾ സീനിയേഴ്സുണ്ട്, ജൂനിയേഴ്സുണ്ട്, സുപ്പീരിയേഴ്സുണ്ട്, സബോർഡിനേറ്റ്സുണ്ട്. അവരവരുടെ നിലവാരത്തിന് ഒത്തതുപോലെ നാം സംസാരിക്കണം.

വിനയം എല്ലാവർക്കും വേണം. പക്ഷേ, അധികാര സ്ഥാനത്തുള്ള ആരെങ്കിലും, നിങ്ങളുടെ സീനിയേഴ്സാരെങ്കിലും കർക്കശമായി എന്തെങ്കിലും പറയുമ്പോഴേക്കും അവിടെ നിങ്ങൾ ഒരിക്കലും തിരിച്ച് പറയരുത്. ദൈവമക്കൾ എല്ലാറ്റിലും മാതൃകയായിരിക്കണം. നമുക്ക് മനസ്സിലാകുന്നില്ലെങ്കിലും മൗനമായി നിൽക്കണം. പിന്നീട് സീനിയർ ആയ ആളോട് പോയി വിനയത്തോടെ ചോദിക്കാം. ഒരിക്കലും പെട്ടെന്നു ണ്ടാകുന്ന വികാരാവേശംകൊണ്ട് തിരിച്ചു പറഞ്ഞാൽ അത് നമുക്ക് ദൈവത്തിന്റെ സന്നിധിയിൽ ദോഷമായിത്തീരും.

*“ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ;*

*നാം തമ്മിൽ അവയവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്. പിശാചിന് ഇടം കൊടുക്കരുത്. കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്ന് ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്ന് കൈകൊണ്ടു നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്ക യത്രേ വേണ്ടത്. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്ന് ആവശ്യംപോലെ ആത്മിക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്; ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്ക രുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നത്. എല്ലാ കയ്പ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവു മുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."*

*എഫെസ്യർ 4 : 25 – 32*

സത്യം സംസാരിപ്പിൻ! ഓരോരുത്തരും തമ്മിൽ തമ്മിൽ അവയവങ്ങളാണ്. ഒരവയവം ഒരവയവത്തേക്കാൾ കുറഞ്ഞതല്ല. ചെറുവിരലിന് കഴിവില്ലെന്നല്ല, ചെറുവിരൽ കൂടിയേ കഴിയൂ.

പുറമേ പ്രത്യേകിച്ച് ഉപയോഗമില്ലാത്ത നഖംപോലും കൂടിയേ കഴിയൂ. നമ്മുടെ ഓരോ അവയവവും ചെറുതെന്നോ വലുതെന്നോ ഇല്ല, എല്ലാം ഉപയോഗമുള്ളതാണ്. ഓരോരു ത്തർക്കും അവരവരുടെ പ്രാധാന്യമുണ്ട്. അവരവരുടെ ഉത്തരവാദിത്വമുണ്ട്. ഞാൻ ഏറ്റവും ചെറിയവനാണ്, എന്നെ ആർക്കാണ് വില? എന്നു വിചാരിക്കരുത്. ഞാൻ വിലയേറി

യവനാണ്. ഞാൻ ഉത്തരവാദിത്വപ്പെട്ടവനാണ്. എനിക്കും ചിലത് ചെയ്യുവാൻ സാധിക്കും.

ഒരു കാറാണെന്നിരിക്കട്ടെ. അതിന്റെ എഞ്ചിനിലെ ഒരു ചെറിയ നട്ട് പോലും വളരെ പ്രധാനപ്പെട്ടതാണ്. ഒരു നട്ട് അഴിഞ്ഞുപോയാൽ കാറ് ഓടാതെയാകും. ഒരു ഫാക്ടറിയിലെ എത്ര വലിയ എൻജിനാണെങ്കിലും ഒരു നട്ട് അഴിഞ്ഞോ, വീണുപോകയോ ചെയ്താൽ ആ എൻജിൻ പ്രവർത്തന രഹിതമായിത്തീരും. അതുപോലെ ആരും വേണ്ടാത്തവരല്ല; ആരേയും ഒഴിവാക്കാവുന്നവരല്ല. എല്ലാവർക്കും അവരവരുടെ സ്ഥാനമുണ്ട്. നാം തമ്മിൽ അവയവങ്ങളല്ലോ.

കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ! നമ്മൾ കാര്യങ്ങൾ ഗൗരവമായിട്ട് പറയുന്നു എന്നുള്ളതുകൊണ്ട് അത് പാപമായി മാറുകയില്ല. എങ്ങനെ കോപിക്കുന്നു? ദേഷ്യം എന്നുപറയുന്ന കോപമല്ല, കാര്യത്തിന്റെ ഗൗരവത്തോടുള്ള കോപം; പക്ഷേ, അത് പാപമായിത്തീരരുത്. ഉള്ളിൽ കയ്പ്പോ, വൈരാഗ്യമോ, നീരസമോ ഉണ്ടായിരിക്കരുത്. ഇനി അഥവാ കോപിച്ചു പക്ഷേ, ഒരു ദിവസത്തിൽ കൂടുതൽ അത് നിങ്ങളുടെ ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കരുത്. "സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്." അങ്ങനെ കോപം വച്ചുകൊണ്ടിരുന്നാൽ പിശാചിന് ഹൃദയത്തിലിടം കൊടുക്കുകയായിരിക്കും.

നാം പറയുന്ന ഒരു വാക്കുകൊണ്ട് കേൾക്കുന്ന ആൾക്ക് കൃപ ലഭിക്കണം. സൗമ്യമായി പറഞ്ഞാലും, ഗൗരവമായി പറഞ്ഞാലും, കർക്കശമായി പറഞ്ഞാലും കേൾക്കുന്നവർക്ക് കർത്താവിന്റെ കൃപ ലഭിക്കണം. ആവശ്യംപോലെ മാത്രമേ പറയാവൂ. ആവശ്യമില്ലാത്ത ഒരു വാക്ക് വരരുത്. പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും ആത്മാവിൽ വർദ്ധനവുണ്ടാകണം. ചീത്തവാക്കൊന്നും വായിൽനിന്ന് വരരുത്; ഇങ്ങനെ എന്തെങ്കിലും വന്നുപോയാൽ ദൈവത്തിന്റെ ആത്മാവ്

ദു:ഖിക്കും. ഈ ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് വീണ്ടെടുപ്പുനാളിൽ നിത്യഭാഗ്യത്തിലേക്ക്, നിത്യസ്വർഗ്ഗത്തിലേക്ക് പോകുവാൻ നിങ്ങളെ മുദ്രയിട്ടിരിക്കുന്നത്. ആ പരിശുദ്ധാത്മാവ് ദു:ഖിക്കാൻ ഇടവരരുത്.

കയ്പ്പ് വിടണം, കോപം വിടണം, ക്രോധം വിടണം. വ്യർത്ഥസംഭാഷണം, പൊങ്ങച്ചവർത്തമാനം, ദൂഷണം സകല ദുർഗ്ഗുണവും നിങ്ങളിൽനിന്ന് ഒഴിഞ്ഞ് പോകട്ടെ. പരസ്പരം ദയയും മനസ്സലിവുള്ളവരായിരിക്കണം. യേശുക്രിസ്തു നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. ക്രിസ്തുവിന്റെ സ്വഭാവം അനുകരിക്കണം. യേശുക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ നാം അന്യോന്യം സ്നേഹിക്കണം.

ദുർന്നടപ്പ് പാടില്ല. ബ്ലൂഫിലിം കാണരുത്. സിനിമ, സീരിയൽ, ചീത്തപ്പടങ്ങൾ കാണരുത്. ചീത്തപ്പടങ്ങൾ കണ്ട് നിങ്ങളുടെ കണ്ണുകൾ മലിനമാക്കരുത്. നിങ്ങളുടെ നാവ് ദൈവത്തെ സ്തുതിക്കാനുള്ളതാണ്; അനേകർക്ക് പ്രോത്സാഹനം കൊടുക്കേണ്ടതാണ്; അനേകരെ പിടിച്ചുയർത്താൻ പറ്റണം; നമ്മുടെ നാവ് പ്രയോജനമുള്ളതാക്കിത്തീർക്കണം.

> *"വീഞ്ഞ് കുടിച്ച് മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാററിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ." എഫേസ്യർ 5 : 18 – 20*

മദ്യപാനം, മൂക്കിൽപൊടി വലിക്കുക എന്നിവയൊന്നും നിങ്ങൾ ചെയ്യരുത്. ആത്മാവിൽ നിറയണം. നമ്മുടെ നാവിൽ

നിന്ന് വരുന്നതെല്ലാം സങ്കീർത്തനങ്ങൾപോലെ, സ്തുതികൾ ആയിരിക്കണം. നിങ്ങളുടെ ഹൃദയത്തിലും നാവിലും എപ്പോഴും സ്തോത്രമുണ്ടായിരിക്കട്ടെ. ഇങ്ങനെ നിങ്ങൾ നിങ്ങളെത്തന്നെ സൂക്ഷിച്ചാൽ ശരീരത്തെയും മനസ്സിനെയും ആരോഗ്യമുള്ള തായി സൂക്ഷിക്കാൻ പറ്റും. ആത്മാവിനെ വിശുദ്ധിയുള്ളതായി സൂക്ഷിക്കാൻ പറ്റും. അങ്ങനെ നിങ്ങൾക്ക് നിത്യജീവൻ പ്രാപിക്കാൻ പറ്റും. പടിപടിയായി ഉയരാൻ പറ്റും.

# അഞ്ച്

*"ഞാൻ വരുംമുമ്പെ നിനക്ക് അല്പമേ ഉണ്ടായിരുന്നുള്ളു; ഇപ്പോൾ അത് അത്യന്തം വർദ്ധിച്ചിരിക്കുന്നു; ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇനി എന്റെ സ്വന്ത ഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും എന്നും പറഞ്ഞു." ഉല്പത്തി 30 : 30*

ഇത് വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകൻ യാക്കോബിന്റെ ഏങ്ങലടിയുടെ ശബ്ദമാണ്, നിരാശയുടെ വാക്കാണ്. ഇനി ഞാൻ എന്നാണ് എന്റെ കാര്യം നോക്കുന്നത്? ഇത്രയുംകാലംകൊണ്ട് ഞാൻ എന്റെ അമ്മാവനും അമ്മായപ്പനുമായ ലാബാന് ഉപകാരം ചെയ്തു. അമ്മായപ്പനോടു യാക്കോബ് പറയുകയാണ്: ഞാൻ ഈ കഴിഞ്ഞ ഇരുപതുകൊല്ലം ജോലിചെയ്തു. ഞാൻ ഇവിടെ വന്നത് ഒരു മരുമകനായിട്ടല്ല, പെങ്ങളുടെ മകനായിട്ടാണ്.

പക്ഷേ, ഒരു പെങ്ങളുടെ മകനായിട്ടല്ല ഞാൻ ഇവിടെ നിന്നത്; ഒരു വേലക്കാരനായിട്ടാണ്. ഒരുപാട് കഷ്ടപ്പെട്ടു. രാവെന്നില്ല പകലെന്നില്ലാതെ അദ്ധ്വാനിച്ചു. നിന്റെ ആൺമക്കൾ വീട്ടിൽ മിടുക്കന്മാരായിട്ടിരുന്നപ്പോഴും ഞാൻ അദ്ധ്വാനിച്ചു. കഷ്ടപ്പെട്ട് ഓടിനടന്നു. ആടുകളെ നോക്കി, വയലിൽ അഹോരാത്രം പണിചെയ്തു. ഉറക്കമില്ലാത്ത രാവുകളായിരുന്നു.

ഈ കഴിഞ്ഞ ഇരുപതുകൊല്ലം എന്റെ ജീവിതം എന്തായിരുന്നു? കഠിനമായ അദ്ധ്വാനം! ദുരിതംപിടിച്ച ജീവിതം!

ഇനി എന്നാണ് എന്റെ കാര്യം നോക്കുന്നത്? ഭാര്യമാരുണ്ട്. മക്കളുണ്ട്. ഇനി ഞാൻ എന്റെ സ്വന്തഭവനത്തിനു വേണ്ടി എപ്പോൾ കരുതും? ഇത് വലിയ ഒരു ചോദ്യമാണ്. ഒരു പ്രശ്നമാണ്. മനസ്സ് നൊന്തു വിങ്ങി, ഉള്ളുലഞ്ഞ് വേദനിച്ച്, ഹൃദയം പിരിമുറുക്കത്തിൽ, നാളെയെക്കൊണ്ടുള്ള ആകുലത്തിൽ വീർപ്പുമുട്ടിപ്പറയുന്ന വാക്കുകളാണ്.

നമ്മുടെയെല്ലാം ജീവിതത്തിൽ അങ്ങനെയല്ലേ? ഞാൻ ഇനി എന്നാണ് എന്റെ കാര്യം നോക്കുന്നത്? പലതും ചെയ്തു, പഠിച്ചു, അദ്ധ്വാനിച്ചു, കുടുംബജീവിതം കെട്ടിപ്പടുത്തു. ഭാര്യയുണ്ട്, മക്കളുണ്ട് എല്ലാം ശരി. പക്ഷേ, നേടേണ്ടത് നേടിയോ? സ്വന്തഭവനത്തിനുവേണ്ടി കരുതിയോ? യാക്കോബ് പറയുന്ന സ്വന്തഭവനം തന്റെ ഈ ഭൂമിയിലെ കാര്യമാണ്. നാം ചിന്തിക്കുമ്പോൾ സ്വന്തഭവനം നിത്യതയാണ്, നിത്യസ്വർഗ്ഗമാണ്. ഈ ഭൂമിയിലുള്ളതെല്ലാം പെട്ടെന്ന് കഴിഞ്ഞുപോകും, മറഞ്ഞുപോകും.

ഞാൻ ഓർക്കുന്നു, 1964-ൽ ഞാൻ കോളേജിൽ അദ്ധ്യാപകനായി കയറി. ഇത്രയും വർഷങ്ങൾ എത്ര പെട്ടെന്നാണ് ഓടിപ്പോയത്? കോളേജിൽ കയറിയ ആദ്യദിവസങ്ങൾ! സംഭവബഹുലമായ ദിവസങ്ങൾ! എത്ര പെട്ടെന്ന് കാലങ്ങൾ പോയി! നിങ്ങൾ ഓന്നോർത്തുനോക്കൂ. നിങ്ങളുടെ ജീവിതത്തിൽ എത്ര പെട്ടെന്നാണ് കാലം പോയത്! ഇതുപോലെ നമ്മുടെ ഓരോരുത്തരുടേയും ഈ ഭൂമിയിലെ ജീവിതം തീരും. നമുക്കെല്ലാവർക്കും വേണ്ടി സ്വന്തഭവനം കർത്താവ് ഒരുക്കുന്നുണ്ട്.

*“ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്ന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.”*

*യോഹന്നാൻ 14 : 2, 3*

നമുക്കുവേണ്ടി ഭവനം പണിയുന്ന ക്രിസ്തുവിന്റെ രാജ്യത്തിൽ നാം എത്തിയില്ലെങ്കിൽ തീരാനഷ്ടമാണ്. നിങ്ങൾ ചിന്തിക്കൂ. നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? നിങ്ങൾക്ക് ക്രിസ്തുവിനെ സ്വന്തമായി കിട്ടിയോ? ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ഇപ്പോൾ വസിക്കുന്നുണ്ടോ? നിങ്ങൾ ഓടിനടന്നു ജോലി ചെയ്യുന്നു, കഷ്ടപ്പെടുന്നു, പകലന്തിയോളം പണിയെടുക്കുന്നു. പോരാ, പിന്നെ രാത്രിയിലും ജോലി ചെയ്യുന്നു. യാത്രകൾ ചെയ്യുന്നു. കഷ്ടപ്പാടാണ്. എന്തു ദുരിതം! എന്നാൽ യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലുണ്ടോ? ഇന്ന് നിങ്ങൾ കടന്നുപോയാൽ യേശുവിന്റെ രാജ്യത്തിലെത്തുമോ? ചിന്തിക്കേണ്ടതാണ്. ക്രിസ്തു നിങ്ങൾക്കുവേണ്ടിയൊരുക്കുന്ന ഭവനത്തിൽ നിങ്ങൾ ചെന്നുചേരുമോ?

ഒരു ദിവസം നാമെല്ലാവരുടേയും കണ്ണടയും, ഒരു സംശയവുമില്ല. എനിക്ക് ഒരു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചു. നമ്മുടെ കൂട്ടായ്മയിൽ വരുന്ന ബീന, ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ വിധവയായി. മകൾ പിഞ്ചുകുഞ്ഞായിരുന്നു. അപ്പനെ കണ്ടിട്ടില്ല. ഇന്ന് ആ മകളുടെ വിവാഹം കഴിഞ്ഞു, കുഞ്ഞുങ്ങളായി; അവർ യേശുവിനെ പിടിക്കാനിടയായി.

നിങ്ങൾ ഒരു സെക്കന്റ് ഒന്ന് ചിന്തിച്ചുനോക്കൂ. യേശു ഇപ്പോൾ എന്റെ ഹൃദയത്തിലുണ്ടോ? എന്റെ ജീവിതത്തിന്റെ ചലനങ്ങൾ, എന്റെ ജീവിതത്തിലെ ഓരോ വാക്കും, എന്റെ ജീവിതത്തിലെ പ്രവൃത്തികൾ, ഇതെല്ലാം നിരീക്ഷിക്കുന്ന യേശുവിന് എന്റെ ജീവിതത്തിൽ വസിക്കാൻ പറ്റുമോ? ക്രിസ്തു വസിക്കത്തക്കവണ്ണം എന്റെ ഹൃദയം ഒരുങ്ങിയോ? വേദപുസ്തകം പറയുന്നു:

> *“മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത്: കർത്താവിന്റെ വഴി ഒരുക്കുവിൻ; അവന്റെ പാത നിരപ്പാക്കുവിൻ.”* *ലൂക്കോസ് 3 : 4*

യേശുവിന് കടന്നുവരാൻ നാം വഴി ഒരുക്കിക്കൊടുക്കണം. വഴിയിലുള്ള കല്ലും മുള്ളും മാറ്റിക്കൊടുക്കണം, വഴിയിലുള്ള കുണ്ടും കുഴിയും നികത്തിക്കൊടുക്കണം. നമ്മുടെ ഹൃദയത്തിലേയ്ക്ക് യേശുവിന് വരാൻ നാം വഴി ഒരുക്കിയിട്ടുണ്ടോ? നമ്മുടെ ജീവിതത്തിന്റെ വഴിയിൽ എവിടെയെങ്കിലും കുണ്ടും കുഴിയും ഇപ്പോഴുമുണ്ടോ? അരുതാത്ത കുഴികൾ! അരുതാത്ത കുന്നുകൾ! വളഞ്ഞ മാർഗ്ഗങ്ങൾ! എന്തെങ്കിലും ഇപ്പോഴും നമ്മുടെ ജീവിതത്തിലുണ്ടോ? ആരെയും നോക്കണ്ട. വചനം പറയുന്ന എന്നെയും നോക്കണ്ട. നിങ്ങൾ യേശുവിനെ നോക്കൂ. ആ യേശുവിന് നിന്റെ ഹൃദയത്തിൽ ഇപ്പോൾ വസിക്കാൻ പറ്റുമോ? നിന്റെ ഹൃദയത്തിൽ യേശു വാഴുമോ? യേശു അവിടെ വിശ്രമിക്കുമോ? യേശു നിന്റെ ജീവിതത്തിൽ അധിവസിക്കുമോ? യേശു നിന്നെ ഭരിക്കാൻ നിനക്കു സമ്മതമാണോ?

വളരെ ഉയർന്ന വിദ്യാഭ്യാസമുള്ള ഒരു ചെറുപ്പക്കാരനോടു സംസാരിക്കാനിടയായി. ഞാൻ പറഞ്ഞു: “മകനേ, നിനക്കു സമാധാനം കിട്ടണമെങ്കിൽ യേശുവിനായി നിന്റെ ജീവിതം കൊടുക്കണം. കൂട്ടായ്മയിൽ വന്നാൽ പോരാ, വചനം വായിച്ചാലും പോരാ, പൂർണ്ണമായും യേശുവിന്റെ ഇഷ്ടം ജീവിതത്തിൽ നടന്നാൽ മതി എന്നൊരു സമർപ്പണം വരണം? ആ ഒരു സമർപ്പണത്തിലേക്ക് വന്നല്ലാതെ നിനക്ക് സമാധാനം കിട്ടില്ല.”

വിദ്യാഭ്യാസമുണ്ടെന്നുള്ളതുകൊണ്ട് ഹൃദയത്തിൽ സമാധാനം കിട്ടില്ല. പണമുണ്ടെന്നുള്ളതുകൊണ്ട് സമാധാനം കിട്ടില്ല. നല്ല ആരോഗ്യമുണ്ടെന്നുള്ളതുകൊണ്ട് മനസ്സിന് സമാധാനം കിട്ടില്ല. നല്ല വരുമാനമുള്ളതുകൊണ്ട് മനസ്സിൽ സന്തോഷം കിട്ടില്ല. എന്തെല്ലാമുണ്ടെങ്കിലും സമാധാനം വരണമെങ്കിൽ യേശു അകത്തു വരണം. നാം ഒന്നിന്റേയും അടിമയാകരുത്. ആരുടേയും അടിമയാകരുത്. ഒരു തിന്മയുടേയും

യാതൊരു ദുഃസ്വഭാവത്തിന്റേയും അടിമയാകരുത്. ഒരു വ്യക്തിയുടേയും പ്രസ്ഥാനത്തിന്റേയും അടിമയാകരുത്. ക്രിസ്തുവിന്റെ മാത്രം അടിമയായിട്ട് നാം കഴിയണം.

ക്രിസ്തുവിന്റെ അടിമയായി പ്രവർത്തിക്കാൻ വിട്ടു കൊടുക്കണം. അപ്പോൾ നിങ്ങളുടെ ജീവിതം പടിപടിയായി ഉയരും; ജോലിയിൽ മികവുള്ളവരായിത്തീരും; കാര്യക്ഷമ തയുള്ളവരായിത്തീരും; ഊർജ്ജസ്വലതയുള്ളവരായിത്തീരും; നിങ്ങൾ ജോലിയിൽ പ്രശോഭിക്കാൻ തുടങ്ങും. ഇന്ന് നിങ്ങളെ ആരും കണ്ടില്ലായിരിക്കും. എന്നാൽ, നാളെ കാണേണ്ടവർ കാണും. ഉയർന്നുയർന്നു പോകുവാൻ ആഗ്രഹിക്കുക.

മിഡിൽ സ്ക്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ ഞാൻ ഞങ്ങളുടെ ഹെഡ്മാസ്റ്റർ മത്തായിസാറിനോടു പറഞ്ഞു: "ഞാൻ ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കാം." അന്ന് സാർ പറഞ്ഞു: "നീ പഠിക്ക്. നിനക്ക് സാധിക്കുമെന്ന് എനിക്കറിയാം. പക്ഷേ, റ്റി.റ്റി.സി. പോരല്ലോ ഹൈസ്ക്കൂളിൽ പഠിപ്പിക്കാൻ." ഞാൻ വാശിപിടിച്ച് പഠിച്ചു. മനുഷ്യരോടാരോടുമല്ല, എന്നോടു തന്നെ വാശിപിടിച്ച് പഠിച്ചു. കഠിനമായി അദ്ധ്വാനിച്ചു പഠിച്ചു. കൂടെ ഏറ്റവും മികവോടെ ജോലിയും ചെയ്തു. ഒരിടത്തും രണ്ടാമനായില്ല. ഒന്നാമനായി ജോലിചെയ്തു. ഹൈസ്ക്കൂളിൽ പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ കോളേജിൽ പഠിപ്പിക്കണമെന്ന് ആഗ്രഹിച്ചു. ചിന്തകൾ ചിറകുവച്ചു പറക്കുകയാണ്.

നിങ്ങൾ എപ്പോഴും ഉയരണം. ഉയരണമെന്നാഗ്രഹിക്കണം. ലോകപ്രകാരം ഉയരുന്നതും കർത്താവ് സന്തോഷിക്കുന്നതാണ്. കാരണം, കർത്താവിന്റെ മക്കൾ താണുനിൽക്കരുത്. സ്വർഗ്ഗത്തിലെ അപ്പന്റെ ആഗ്രഹം അപ്പന്റെ മക്കളെല്ലാം ഉയർന്നുയർന്നു വരണമെന്നാണ്. അതാണ് ഏറ്റവും വലിയ സാക്ഷ്യം. നിങ്ങളുടെ ജീവിതത്തിൽ ഇതെല്ലാം സാധിക്കണ മെങ്കിൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണം.

നിങ്ങൾ ചിന്തിക്കൂ. ക്രിസ്തു എന്റെ ഹൃദയത്തിൽ

വസിക്കുന്നുണ്ടോ? ഞാൻ എന്റെ നിത്യഭവനത്തിനുവേണ്ടി കരുതിയോ? ഞാൻ നേടിയോ? എന്തെല്ലാം നേടി എന്നു പറഞ്ഞാലും ഒരു സെക്കന്റുകൊണ്ട് എല്ലാം തീരും. മരണത്തിന്റെ ആ നിമിഷംവരെ മാത്രമേ സഹായകമാകൂ. അതിനപ്പുറത്തേയ്ക്ക് ആർക്കും, ഒന്നിനും ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നാൽ യേശുക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ ആ ജീവിതം കെട്ടുറപ്പുള്ളതായിരിക്കും. അവിടെ ധൈര്യമുണ്ട്, പ്രസന്നതയുണ്ട്. അവിടെ depression ഇല്ല.

ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?

1. ആത്മാവിനുവേണ്ടി കരുതണം. നിത്യജീവനുവേണ്ടി കരുതണം.

2. ലോകപ്രകാരം കരുതണം.

നമുക്ക് ഈ ലോകത്തിൽ ഒട്ടേറെ ആവശ്യങ്ങളുണ്ട്. ഒന്നുകിൽ രോഗം, അല്ലെങ്കിൽ മക്കളുടെ പ്രശ്നങ്ങൾ - മക്കളുടെ പഠിത്തം, അവരുടെ സ്വഭാവം - വീട്ടിലെ കാര്യങ്ങൾ, ഇങ്ങനെ ഒട്ടേറെ ആവലാതികളുണ്ട്. നിങ്ങളിൽ ടെൻഷനില്ലാത്തവർ ആരാണുള്ളത്? ചില അസ്വസ്ഥതകൾ നിങ്ങളെ അലട്ടുന്നില്ലേ? ചെറുതായിരിക്കാം, വലുതായിരിക്കാം. അസ്വസ്ഥതകളും ദുരിതങ്ങളും പ്രശ്നങ്ങളും രോഗങ്ങളും ആവലാതികളും ഉള്ള ഈ ലോകജീവിതത്തിൽ ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും? എന്റെ കാര്യം ഇനി ആരാണ് കരുതാനുള്ളത്? ഞാൻ മറ്റുള്ളവർക്കുവേണ്ടി കഷ്ടപ്പെട്ടു. ഞാൻ സമ്പാദിച്ചതെല്ലാം മറ്റുള്ളവർക്ക് ഉപകാരപ്പെട്ടു.

ദൂരെസ്ഥലത്തു നിന്ന് ഒരു സ്ത്രീ എന്നെ വിളിച്ചു പറഞ്ഞു: “സാറേ, എന്റെ ഭർത്താവ് മരിച്ചുപോയി. അദ്ദേഹത്തിന് ഉയർന്ന ജോലിയും നല്ല ശമ്പളവും ഉണ്ടായിരുന്നു. സമ്പാദ്യം മുഴുവനും അദ്ദേഹത്തിന്റെ പെങ്ങന്മാരെ കെട്ടിച്ചുവിടാനും

അനിയന്മാരെ പഠിപ്പിക്കാനും ഉപയോഗിച്ചു. സ്വന്തമായി ഒന്നും അദ്ദേഹം കരുതിയില്ല. ഇനി എന്റെ മക്കളെയെങ്ങനെ പഠിപ്പിക്കും? അത്യാഹിതം വരുമെന്ന് അറിയാമായിരുന്നെങ്കിൽ കരുതാമായിരുന്നു. ഇന്ന് ഞങ്ങൾ വാടകവീട്ടിലാണ് താമസം.

അദ്ദേഹത്തിന്റെ gratuity benefits കൊണ്ട് വാടക കൊടുത്തുപോകുന്നു. എന്റെ മക്കളെ ഉയർന്ന പഠനത്തിന് വിടണമെങ്കിൽ നല്ല തുക വേണമല്ലോ. അതിനു മാർഗ്ഗം കാണുന്നില്ല. എന്റെ മക്കളുടെ ഭാവിയോർത്ത് എനിക്ക് സമാധാനമില്ല. സാറൊന്നു പ്രാർത്ഥിക്കണം.”

വേറൊരാൾ പറഞ്ഞു: “ഞാൻ കല്യാണം കഴിച്ചപ്പോൾ നല്ലൊരു തുക സ്ത്രീധനം കിട്ടി. അപ്പൻ അതെടുത്ത് വീട്ടിലെ മറ്റുള്ളവരുടെ പഠിത്തത്തിനും പെങ്ങന്മാരെ കെട്ടിച്ചു വിടാനും ഉപയോഗിച്ചു. ഇപ്പോൾ അപ്പൻ സ്വത്ത് വീതിച്ചപ്പോൾ എല്ലാവർക്കും ഒപ്പം വീതിച്ചു. എന്റെ ഭാര്യയ്ക്ക് കിട്ടിയ സ്ത്രീധനത്തിന് അല്പം ഭൂമി മാറ്റിവച്ചില്ല. സാറേ, മനസ്സിന് ഒരു സമാധാനവുമില്ല.” ഇങ്ങനെ ഓരോ തരത്തിൽ എനിക്കു വേണ്ടി കരുതിയില്ലല്ലോ എന്നോർത്ത് ദു:ഖിക്കുന്ന ആളുകളുണ്ട്. നാളെ എന്ത് എന്നോർത്തു മനസ്സ് ഭാരപ്പെടുന്നവരുണ്ട്.

നാളെ എങ്ങനെ ഞാൻ ജീവിക്കും എന്നോർത്തു വിഷമിക്കുന്നവർ. ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും എന്ന ഈ ചോദ്യം, അന്ന് യാക്കോബ് ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ ഈ അന്തരീക്ഷത്തിൽ അങ്ങ് ലയിച്ചുനിന്നു. ആ ചോദ്യം തലമുറകളിൽ ലയിച്ചു നിന്നു. നൂറ്റാണ്ടുകൾക്കുശേഷം ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിന് മറുപടി തന്നു.

> *“അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ”* *1 പത്രോസ് 5 : 7*

അവൻ നിങ്ങൾക്കായി കരുതും. ക്രിസ്തു നിങ്ങൾക്കു വേണ്ടി കരുതും. ഇതുവരെ എല്ലാം പരാജയമാണ്. ഇതുവരെ കരുതേണ്ടതൊന്നും കരുതിയില്ല, ഇതുവരെ ജയിച്ചു എന്നു പറയാനില്ല. പരാജയത്തിന്റെ കണക്കേയുള്ളൂ. നഷ്ടത്തിന്റെ കണക്കേ പറയാനുള്ളൂ. വേണ്ടായിരുന്നു എന്നു തോന്നുന്ന കാര്യങ്ങളേ പറയാനുള്ളൂ. അങ്ങനെ പോകണ്ടായിരുന്നു, അങ്ങനെ ചെയ്യണ്ടായിരുന്നു, അങ്ങനെ മിണ്ടണ്ടായിരുന്നു, അങ്ങനെ പെരുമാറണ്ടായിരുന്നു, അങ്ങനെ ജീവിക്കേണ്ടായിരുന്നു. ഇന്നു പലതും തോന്നുന്നുണ്ട്.

ഇന്ന് നഷ്ടത്തിന്റെ കണക്ക് മനസ്സിലുണ്ട്. ദു:ഖത്തിന്റെ കണക്ക് മനസ്സിലുണ്ട്. ആകുലങ്ങളുടെ കണക്ക് മനസ്സിലുണ്ട്. എന്നാൽ നിങ്ങൾ ഇനി നിരാശപ്പെടേണ്ട. അവൻ നിങ്ങൾക്കായി കരുതും. Cast all your care upon him. ഇതു വായിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്കായി കരുതാനൊരാളുണ്ട്. നിങ്ങളുടെ കാര്യം നോക്കാനൊരാളുണ്ട്. നിങ്ങൾ അനാഥരല്ല. നിങ്ങൾ അഗതികളല്ല. നിങ്ങൾ അപ്പനുള്ള മക്കളാണ്. യേശുവിനായി നിങ്ങൾ ഉള്ളുതുറന്നു കൊടുക്കൂ. യേശുവിനു വേണ്ടി നമുക്കു വല്ലതും ചെയ്യാം. യേശുവിനുവേണ്ടി എന്തെങ്കിലുമെല്ലാം അദ്ധ്വാനിക്കാം. യേശുവിനുവേണ്ടി ചെയ്യുന്നത് മാത്രം നിലനിൽക്കും.

യേശുവിനുവേണ്ടി നിങ്ങൾ ചെയ്താൽ നിങ്ങളുടെ കാര്യം യേശു നോക്കും. യേശുവിന്റെ കാര്യം നിങ്ങൾ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങളുടെ കാര്യം യേശു അന്വേഷിക്കും. പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. അന്നു ഞാൻ ഈ ജീവിതം യേശുവിന് കൊടുത്തു. ഞാൻ യേശുവിന്റെ വേലക്കാരനായി. തികഞ്ഞവനായിട്ടല്ല, ഇന്നും തികഞ്ഞിട്ടില്ല. എനിക്ക് കുറവുകളും ബലഹീനതകളുമുണ്ട്, ഞാൻ അറിയുന്നു.

കർത്താവിന്റെ വേലയ്ക്കുവേണ്ടി എന്റെ ജീവിതം

വേർതിരിച്ചു. മുഴുവൻ സമയവും വേല ചെയ്യാൻ എനിക്ക് മനസ്സായിരുന്നു. ജോലി രാജിവയ്ക്കാൻ മനസ്സായിരുന്നു. അങ്ങനെ എന്റെ ജീവിതത്തിൽ ദൈവത്തിന്റെ വേല ചെയ്യണമെന്ന് ഞാൻ തീരുമാനിച്ചപ്പോൾ എന്റെ കാര്യം യേശു നോക്കി. കർത്താവ് ഏറ്റെടുത്തു.

യേശുവിനുവേണ്ടി ജീവിതം വിട്ടുകൊടുത്താൽ നഷ്ടമല്ല, നൂറിരട്ടി ലാഭമാക്കിത്തരും. ക്രിസ്തു പ്രസാദിക്കുന്ന ജീവിതം നയിക്കുമെന്ന് തീരുമാനിക്കൂ. ഏതൊരു കാര്യം ചെയ്യുമ്പോഴും ക്രിസ്തു പ്രസാദിക്കുമോ? കർത്താവ് ഇതിൽ സന്തോഷിക്കുമോ? എന്റെ ഈ മനോഭാവത്തിൽ കർത്താവ് സന്തോഷിക്കുമോ? എന്റെ ഈ ചിന്താഗതിയിൽ കർത്താവ് സന്തോഷിക്കുമോ? എന്റെ ഈ വാക്കിൽ കർത്താവ് സന്തോഷിക്കുമോ? എന്റെ അപ്പനോടോ അമ്മയോടോ സഹോദരങ്ങളോടോ ഉള്ള പെരുമാറ്റത്തിൽ കർത്താവ് സന്തോഷിക്കുമോ? എന്റെ ഇപ്പോഴത്തെ ജോലിയിൽ, കാര്യക്ഷമതയിൽ, ആത്മാർത്ഥതയിൽ, ചുമതലാബോധത്തിൽ, ജോലിരീതിയിൽ കർത്താവ് പ്രസാദിക്കുമോ? ഇങ്ങനെ എല്ലാറ്റിലും യേശു സന്തോഷിക്കണ മെന്ന ചിന്ത വന്നാൽ നിങ്ങൾ ജയിക്കും. നിങ്ങളുടെ പരാജയങ്ങൾ മാറും. ജീവിതമാകെ ജ്വലിക്കും. നിങ്ങളുടെ ജീവിതം മൂലം അനേകർ യേശുവിനെ കണ്ടെത്തും.

> *"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വ പ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." മത്തായി 5 : 16*

നമ്മുടെ വെളിച്ചം പ്രകാശിക്കണം.

ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?

> *"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ*

*ഇട്ടുകൊൾവിൻ.”* *1 പത്രോസ് 5 : 7*

*“നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങി പ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.”*
*സങ്കീർത്തനങ്ങൾ 55 : 22*

നീ കുലുങ്ങിപ്പോകുവാൻ സമ്മതിക്കയില്ല. നിന്റെ ജീവിതം കെട്ടുറപ്പുള്ളതായിരിക്കും.

നിങ്ങൾ ഈ സമയം നിങ്ങളുടെ ജീവിതത്തിൽ യേശു കടന്നുവരുവാൻവേണ്ടി പ്രാർത്ഥിക്കണം. യേശുവിനോടു പുതിയസമർപ്പണം പറയണം. കർത്താവേ, ഇനി ഓരോ നിമിഷവും യേശു പ്രസാദിക്കണമെന്നുള്ള ഏക ചിന്തയോടു കൂടി എന്റെ ജോലികാര്യങ്ങൾ ഞാൻ ചെയ്യും. എന്റെ വീട്ടിലും ഓഫീസിലും ഞാൻ സാക്ഷ്യത്തോടെ നിൽക്കും. യേശു പ്രസാദിക്കാത്ത ഒരു വാക്കുപോലും, ഒരക്ഷരംപോലും, ഒരു ചലനംപോലും എന്റെ ജീവിതത്തിൽ ഉണ്ടാകയില്ല. ഇതു ഞാൻ തീരുമാനിക്കുമ്പോൾ കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ കൊണ്ടുവന്ന് വയ്ക്കണം. യേശുവേ, നിന്റെ തൃക്കരം എന്റെമേൽ വയ്ക്കുമ്പോൾ ആ തൃക്കരത്തിലെ തിരുരക്തം എന്റെ പാപം കഴുകിത്തരും എന്നു ഞാൻ വിശ്വസിക്കുന്നു.

*“അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.”*
*1 യോഹന്നാൻ 1 : 7*

കർത്താവേ, എന്റെ ജീവിതത്തിൽ ഈ നിമിഷംവരെ വന്നുപോയ സകലപാപങ്ങളും ക്ഷമിച്ചുതരണമേ. നിങ്ങളുടെ ഹൃദയത്തിൽ ആത്മാർത്ഥമായ ആഗ്രഹത്തോടെ പ്രാർത്ഥി ക്കുക. ഈ നിമിഷം മുതൽ മനസ്സറിഞ്ഞ് ഒരു പാപം വരാതെ ഞാൻ ഒരു പുതിയ ജീവിതം നയിക്കുമെന്ന് തീരുമാനിക്കുക.

കർത്താവേ, ഈ നിമിഷം മുതൽ എന്റെ ജീവിതം ഒരു പുതിയ ജീവിതമായിരിക്കും, കർത്താവിനോടു പറയുക. ഈ നിമിഷം വരെ വന്നുപോയ സകല പാപങ്ങളും നിന്റെ ചങ്കുപൊട്ടി യൊഴുകിയ തിരുരക്തത്താൽ കഴുകിത്തരണമേ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്തിൽ കഴുകിത്തര ണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ. നിങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

പരിശുദ്ധാത്മാവ് നിങ്ങളുടെ പാപങ്ങൾ ഓർമ്മ തരുന്ന ഈ സമയം നിങ്ങൾക്ക് പറ്റിയ മണ്ടത്തരങ്ങൾ, നിങ്ങൾക്ക് പറ്റിയ വിഡ്ഢിത്തങ്ങൾ, നിങ്ങൾക്ക് പറ്റിയ ഘോരമായ പാതകങ്ങൾ, പുറത്ത് പറയാൻ അറയ്ക്കുന്ന ലജ്ജാകരമായ പാപങ്ങൾ, ജീവിതത്തിൽ വന്നുപോയ ദുശ്ശീലങ്ങൾ, നിങ്ങൾക്ക് വന്ന ചീത്തസ്വഭാവങ്ങൾ, നിങ്ങൾ മൂലം മറ്റുള്ളവരുടെ സമാധാനം കെട്ടുപോയത്, സമാധാനം കെടുത്തിയത്, കുടുംബത്തിൽ കലക്കമുണ്ടാക്കിയത്, നിങ്ങൾമൂലം നിങ്ങളുടെ ഭാര്യയോ, അമ്മയോ, അപ്പനോ, സഹോദരങ്ങളോ ദു:ഖിച്ചത്, നിങ്ങൾമൂലം മറ്റുള്ളവർക്ക് നഷ്ടം വന്നത്, നിങ്ങൾ ജോലിയിൽ അലസത വരുത്തിയത്, ജോലിയിൽ ചുമതലാ ബോധമില്ലാതെ നിന്നത്, ജോലിസ്ഥലത്ത് നിങ്ങൾക്ക് ഉൾപ്പോരുണ്ടായത്, മത്സരമുണ്ടായത്, അനുസരണക്കേടു ണ്ടായത്, ധിക്കാരമനോഭാവം ഉണ്ടായത്, നിങ്ങളുടെ ജീവിതത്തിൽ ഉത്തരവാദിത്തമില്ലാതെ പെരുമാറിയത്, അലസത വന്നത്, എല്ലാമെല്ലാം പരിശുദ്ധാത്മാവേ, പാപബോധം തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കുക. കർത്താവേ, ചെറുതും വലുതും ആയിരിക്കുന്ന പാപങ്ങളെല്ലാം തിരുമുമ്പാകെ തുറന്നിരിക്കുന്നു. അവിടുന്ന് കണ്ടിരിക്കുന്നു, അവിടുന്ന് അറിയുന്നു. അവിടുന്ന് എല്ലാം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

യേശുവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. ഈ നിമിഷംവരെ വന്നുപോയ പാപങ്ങളെല്ലാം ക്ഷമിക്കണമേ.

മേലിൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കുമെന്ന് തിരുമുമ്പാകെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു. നിങ്ങൾ ദൈവത്തോട് വാക്കു പറയുക. കഴുകുന്നവൻ, കരുതുന്നവൻ, കാക്കുന്നവൻ, നിത്യതയിലേക്ക് നമ്മെ നയിക്കുന്നവൻ, നിത്യജീവന്റെ ഉറപ്പ് നമുക്ക് തരുന്നവൻ നമ്മെ കഴുകി വെടിപ്പാക്കുവാൻ ഇതാ വന്നിരിക്കുന്നു. ക്രിസ്തുവിന്റെ കരങ്ങളിലേയ്ക്ക് നിങ്ങളെ ത്തന്നെ കൊടുക്കുവിൻ.

## ആറ്

*"ഞാൻ വരുംമുമ്പേ നിനക്ക് അല്പമേ ഉണ്ടായിരുന്നുള്ളൂ; ഇപ്പോൾ അത് അത്യന്തം വർദ്ധിച്ചിരിക്കുന്നു; ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇനി എന്റെ സ്വന്തഭവനത്തിന്നുവേണ്ടി ഞാൻ എപ്പോൾ കരുതും എന്നും പറഞ്ഞു."* *ഉല്പത്തി 30 : 30*

"ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു!" യാക്കോബ് ചെന്നേടത്തെല്ലാം യാക്കോബ്മൂലം അനുഗ്രഹം! അതൊരു പാഠമാക്കി എടുക്കേണ്ടതാണ്. നിങ്ങൾ ഒരു വീട്ടിൽനിന്നു കല്യാണം കഴിച്ചാൽ ആ വീട്ടിൽ നിങ്ങൾമൂലം അനുഗ്രഹം വരണം. നിങ്ങളുടെ പെങ്ങളെ ഒരു വീട്ടിൽ കെട്ടിച്ചു. ആ വീടിന് നിങ്ങൾ മൂലം അനുഗ്രഹമുണ്ടാകണം. നിങ്ങളുടെ അമ്മവീട് അല്ലെങ്കിൽ അപ്പന്റെ വീട് അവർക്കെല്ലാം നിങ്ങൾമൂലം അനുഗ്രഹമുണ്ടാകണം. നിങ്ങൾ മൂലം അനേകർക്ക് അനുഗ്രഹമുണ്ടാകണം. കാൽ വച്ചേടത്തൊക്കെയും അനുഗ്രഹമുണ്ടാകണം.

"ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു!" എന്തൊരു സംതൃപ്തിയോടെയാണ് യാക്കോബ് അത് പറയുന്നത്! അമ്മായിയപ്പനായ ലാബാനോടാണ് ഈ മരുമകൻ പറയുന്നത്. ഞാനിവിടെ വന്നതുകൊണ്ട് നിനക്ക് അനുഗ്രഹമുണ്ടായി. നിന്റെ ആടുമാടുകൾ വർദ്ധിച്ചു. നിനക്കു സമ്പത്തു വർദ്ധിച്ചു. നിനക്ക് എല്ലാരംഗത്തും അനുഗ്രഹമുണ്ടായി.

ഒരു പെൺകുട്ടിയെ ഒരു വീട്ടിൽ കെട്ടിച്ചുവിട്ടാൽ അവളവിടെ ചെല്ലുമ്പോൾ ആ കുടുംബത്തിന് അവൾമൂലം അനുഗ്രഹമുണ്ടാകണം. ഞാനൊരു സ്ഥലത്തുനിന്നും വിവാഹം കഴിച്ചാൽ ആ വീട്ടിൽ ഞാൻമൂലം അനുഗ്രഹമുണ്ടാകണം. എന്റെ മക്കളെ വേറൊരിടത്ത് കല്യാണം കഴിച്ചു വിട്ടാലും, വേറെ സ്ഥലത്തുനിന്നും വിവാഹം കഴിച്ചുകൊണ്ടുവന്നാലും അവിടെ അനുഗ്രഹമുണ്ടാകണം.

ഞാൻ ജോലി ചെയ്യുന്നിടത്ത്, എന്റെ കമ്പനിയിൽ ഞാൻമൂലം അനുഗ്രഹമുണ്ടാകണം. ഒരു നഷ്ടമോ, ഒരു കേടോ, ഒരു വീഴ്ചയോ വരരുത്. ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. അങ്ങനെയായാൽ ഇനിയെന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും എന്ന് നീ കരഞ്ഞാലും ദൈവംതമ്പുരാൻ നിന്നെ അനുഗ്രഹിച്ച് പതിന്മടങ്ങായി അഭിവൃദ്ധിപ്പെടുത്തും. യാക്കോബിന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിലേക്ക് വരുമ്പോൾ നാം അതാണ് കാണുന്നത്. ഞാനെന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും എന്ന് പറഞ്ഞ യാക്കോബ് പിന്നീട് ഒരിക്കൽ പറയുന്നുണ്ട്:

> *"യോസേഫ് തന്റെ അപ്പനായ യാക്കോബിനെയും അകത്തു കൊണ്ടുചെന്നു, അവനെ ഫറവോന്റെ സന്നിധിയിൽ നിർത്തി, യാക്കോബ് ഫറവോനെ അനുഗ്രഹിച്ചു."* *ഉല്പത്തി 47 : 7*

യാക്കോബ് ഫറവോനെ അനുഗ്രഹിച്ചു. ആരാണ് ഫറവോ? അന്നത്തെ സംസ്ക്കാരത്തിന്റെ കേന്ദ്രസ്ഥാനമായ ഈജിപ്തിന്റെ ഭരണാധികാരി. ഇനി ഞാനെന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും എന്ന് പറഞ്ഞ യാക്കോബ്, മക്കൾ, മക്കളുടെ മക്കൾ അങ്ങനെ എഴുപത് പേരായി കുടുംബം വർദ്ധിച്ചു. പിന്നേയും മക്കൾ വർദ്ധിച്ചു വർദ്ധിച്ചു വന്നു. സമ്പത്തു വർദ്ധിച്ചു. യാക്കോബിന്റെ കഷ്ടപ്പാടെല്ലാം മാറി. വലിയൊരു സമൂഹമായ ഗോശൻ ദേശത്തിന്റെ അധിപ

തിയായി മാറി. ഈ യാക്കോബ് ഇപ്പോൾ ഫറവോനെ അനുഗ്രഹിക്കുകയാണ്. രാജ്യത്തെ ഭരണാധികാരിയെ അനുഗ്രഹിക്കത്തക്കവണ്ണം യാക്കോബ് വളർന്നു. എന്തുകൊണ്ട്? യാക്കോബ് കാൽവച്ചേടത്തൊക്കെയും വിശ്വസ്തനായിരുന്നു.

ഇന്ന് നിങ്ങൾക്ക് പലതിനും പോരായ്മ കാണും. പൈസയ്ക്ക് പോരായ്മയുള്ളവരുണ്ട്. നിങ്ങളുടെ ശമ്പളം വീട്ടിലെ ആവശ്യങ്ങൾക്ക് മതിയാകുന്നില്ല. ചികിത്സകൾക്ക്, അല്ലെങ്കിൽ അങ്ങനെയുള്ള ഓരോ കഷ്ടപ്പാടിനു വേണ്ടി ചില വഴിക്കുമ്പോൾ പൈസ മതിയാകുന്നില്ല. ആരോഗ്യത്തിന് പോരായ്മ കാണും. ഇന്ന് നിങ്ങൾക്ക് രോഗങ്ങളുണ്ട്. പലതരത്തിലുള്ള ശരീരക്ലേശങ്ങൾ! ക്ഷീണങ്ങൾ! നിങ്ങളുടെ അവയവങ്ങൾ ചിലയിടത്ത് വേണ്ടതുപോലെ ചലിപ്പിക്കാൻ സാധിക്കാതെ അവയവങ്ങളുടെ ശക്തി കുറഞ്ഞുപോയിട്ടുണ്ടാകും.

മറ്റുള്ളവരിൽ നിന്ന് കിട്ടേണ്ട കരുതലുകൾ വേണ്ടതുപോലെ കിട്ടുന്നില്ല. വേണ്ടതുപോലെ മറ്റുള്ളവർ മാനിക്കുന്നില്ല, സ്നേഹിക്കുന്നില്ല, ആദരിക്കുന്നില്ല. നമുക്ക് അർഹതപ്പെട്ട അംഗീകാരം ലഭിക്കുന്നില്ല. അത് സ്വന്തം വീട്ടിലാകാം, ജോലിസ്ഥലത്താകാം. ചിലപ്പോൾ നിങ്ങൾക്ക് ഓരോ കാര്യത്തിനുമുള്ള നിങ്ങളുടെ കഴിവിൽ വേണ്ടത്ര മികവ് പുലർത്താൻ സാധിക്കുന്നില്ല. പലതിനും പോരായ്മകളുണ്ട്. ഇതെല്ലാം ഓർത്തുകൊണ്ട് നിങ്ങൾക്ക് പറയാം: “ഇനിയെന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും?”

എന്റെ കുറവുകളെല്ലാം എനിക്കൊന്ന് പരിഹരിച്ചുകിട്ടണം. അതിനെന്താണ് വേണ്ടത്? നിങ്ങൾ ദൈവസന്നിധിയിലേക്ക് ചെന്നിട്ട് നിങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം തിരുത്താനുണ്ടോ അതിനെല്ലാം എനിക്ക് മനസ്സാണ് എന്ന് കർത്താവിനോട് പറഞ്ഞിട്ട് കർത്താവേ, എന്റെ ഈ കാര്യത്തിൽ നിന്റെ കരംവച്ച് അനുഗ്രഹം തരണമെന്ന് പറഞ്ഞ് ചോദിച്ച് വാങ്ങിക്കണം.

ഞാൻ ചോദിച്ചതൊക്കെയും കർത്താവ് എനിക്കു തന്നു. ഒന്നും വിലക്കിയില്ല. 'ഇല്ല' എന്ന് കർത്താവ് പറഞ്ഞിട്ടില്ല. ചോദിക്കുന്നതൊക്കെയും തരുന്ന ഒരു നല്ല കർത്താവ് ജീവിക്കുന്നുണ്ട്. നിങ്ങളെ അലട്ടുന്ന പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടോ? നിങ്ങളെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളുണ്ടോ? അടുത്തുചെന്ന് ധൈര്യമായി ചോദിച്ചുകൊള്ളൂ.

ക്രിസ്തുവിന്റെ കൃപാസനത്തിന്റെ അടുക്കലേക്ക് ചെന്ന് നിങ്ങൾ ചോദിക്കണം: കർത്താവേ, എനിക്കിന്ന കാര്യമുണ്ട്. ഒരു കുഞ്ഞില്ലെങ്കിൽ, നല്ല വീടില്ലെങ്കിൽ അതൊരു പോരായ്മയാണ്. ഇതെല്ലാം വച്ചുകൊണ്ട് നിങ്ങൾ ദൈവത്തോട് പറയണം. എനിക്ക് ഈ പോരായ്മകളെല്ലാം ഒന്ന് നികത്തിത്തരണം. എന്റെ ജീവിതത്തിലെ അവശതകളെല്ലാം, ബലഹീനതകളെല്ലാം, ബുദ്ധിക്കുറവുകളെല്ലാം നീയൊന്ന് മാറ്റിത്തരണം. എന്റെ കഴിവുകേടുകളെല്ലാം, ജീവിതത്തിലെ ഇന്നുള്ള വിഷമതകളെല്ലാം നീയൊന്ന് മാറ്റിത്തരണം. "അവൻ നമ്മുടെ ബലഹീനതയിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപമൊഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്."

*"ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽക്കൂടി കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക."*

*എബ്രായർ 4 : 14 – 16*

നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക, മടിക്കാതെ ചെല്ലുക. പാപം മാറ്റിയാൽ പിന്നെ പേടിക്കേണ്ട ആവശ്യമില്ല. നമുക്കും ദൈവത്തിനും ഇടയ്ക്കുള്ള നമ്മുടെ പാപമാണ് ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുന്നതിനുള്ള തടസ്സം. ദൈവത്തിനും എനിക്കും ഇടയ്ക്ക് വലിയോരു പിളർപ്പ്. അതെന്റെ പാപമാണ്.

നിനവേ പട്ടണത്തിന് ചുറ്റും 60 അടി താഴ്ചയും 100 അടി വീതിയുമുള്ള വലിയ കിടങ്ങായിരുന്നു എന്നതുപോലെ, നമുക്കും ദൈവത്തിനും ഇടയ്ക്ക് വലിയോരു കിടങ്ങ് കിടക്കുന്നു, അത് നമ്മുടെ പാപമാണ്. ഈ പാപം ഒരു കിടങ്ങായിക്കിടക്കുന്നതുകൊണ്ട് നമുക്ക് ദൈവസന്നിധിയിലേക്ക് ചെല്ലാൻ സാധിക്കുകയില്ല.

*"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."*

*യെശയ്യാവ് 59 : 1, 2*

*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളുടെ അമ്മയെ ഉപേക്ഷിച്ചു കളഞ്ഞതിന്റെ ഉപേക്ഷണപത്രം എവിടെ? അല്ല, എന്റെ കടക്കാരിൽ ആർക്കാകുന്നു ഞാൻ നിങ്ങളെ വിറ്റുകളഞ്ഞത്? നിങ്ങളുടെ അകൃത്യങ്ങളാൽ നിങ്ങൾ നിങ്ങളെത്തന്നെ വിറ്റുകളഞ്ഞും നിങ്ങളുടെ ലംഘനങ്ങളാൽ നിങ്ങളുടെ അമ്മ ഉപേക്ഷിക്കപ്പെട്ടുമിരിക്കുന്നു."* *യെശയ്യാവ് 50 : 1*

ജീവിതത്തിൽ വന്ന നഷ്ടത്തിന്റെയെല്ലാം കാരണം നിങ്ങ

ളുടെ പാപങ്ങളാണ്. സ്വന്തപ്പെട്ടവർക്ക് നഷ്ടം വരാൻ കാരണം ഞാനാണ്; ഭാര്യയ്ക്ക് ക്ഷീണം വരാൻ കാരണം ഞാനാണ്; കുടുംബത്തിന് കേട് വരാൻ കാരണം ഞാനാണ്; മക്കൾ പഠിക്കാത്തതിന് കാരണം ഞാനാണ്.

> *"എന്നാറെ ദൈവത്തിന്റെ ആത്മാവ് യഹോയാദാ പുരോഹിതന്റെ മകനായ സെഖര്യാവിന്റെ മേൽ വന്നു; അവൻ ജനത്തിനെതിരേ നിന്ന് അവരോട് പറഞ്ഞത്: ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്ക് ശുഭം വരുവാൻ കഴിയാതവണ്ണം നിങ്ങൾ യഹോവയുടെ കല്പനകളെ ലംഘിക്കുന്നത് എന്ത്? നിങ്ങൾ യഹോവയെ ഉപേക്ഷിച്ചതുകൊണ്ട് അവൻ നിങ്ങളേയും ഉപേക്ഷിച്ചിരിക്കുന്നു."*
> *2 ദിനവൃത്താന്തം 24 : 20*

നിങ്ങളുടെ കുടുംബത്തിലെ കേടുമാറാത്തത് എന്തുകൊണ്ടാണ്? നിങ്ങളുടെ മക്കൾക്ക് ദോഷം വരുന്നത് എന്തുകൊണ്ടാണ്? നിങ്ങളുടെ വിവാഹം നടക്കാത്തത് എന്തുകൊണ്ടാണ്? നിങ്ങൾക്കൊരു കുഞ്ഞിനെ കിട്ടാത്തത് എന്തുകൊണ്ടാണ്? നിങ്ങളുടെ ജോലി ശരിയാകാത്തത് എന്തുകൊണ്ടാണ്? നിങ്ങൾക്കൊരു നല്ല വീട് കിട്ടാത്തത് എന്തുകൊണ്ടാണ്? നിങ്ങൾക്ക് പാപത്തിന്മേൽ ജയം കിട്ടാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ പലതും പലതും പ്രാർത്ഥിച്ചിട്ടും പ്രാർത്ഥന കേൾക്കാത്തത് എന്തുകൊണ്ടാണ്? ശുഭം നിങ്ങളുടെ ജീവിതത്തിൽ വരാത്തത് എന്തുകൊണ്ടാണ്?

ശുഭഭാവി വരുവാൻ കഴിയാതവണ്ണം നിങ്ങൾ ദൈവത്തിന്റെ കല്പനകളെ ലംഘിക്കുന്നത് എന്ത്? നിങ്ങൾ ദൈവത്തെ ഉപേക്ഷിച്ചതുകൊണ്ട് ദൈവം നിങ്ങളേയും ഉപേക്ഷിച്ചിരിക്കുന്നു.

ഇനിയെന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും? ഞാനെന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ

കരുതുമെന്ന് നിങ്ങളുടെ ചിലരുടെയെല്ലാം ഹൃദയത്തിൽ വിതുമ്പലുകളുണ്ട്. ഞാൻ കരുതേണ്ടത് കരുതിയില്ലല്ലോ? നോക്കേണ്ടത് നോക്കിയില്ലല്ലോ? ഞാൻ നേടേണ്ടത് നേടിയില്ലല്ലോ? സാക്ഷാത്തായ സമ്പാദ്യം ഞാൻ നേടിയില്ലല്ലോ.

ഞാൻ പറഞ്ഞതെല്ലാം ഭൗതികമായ കാര്യങ്ങളാണ്. ഒരു സെക്കന്റ് നേരം നിങ്ങൾ ചിന്തിക്കൂ. ഇന്നു ഞാൻ മരിച്ചാൽ ദൈവരാജ്യത്തിൽ പോകുമോ? ഒരുദിവസം ഞാൻ സ്വർഗ്ഗത്തിലെ ഭവനത്തിൽ എത്തും. അന്ന് കണ്ണുനീരെല്ലാം മാറും. ദു:ഖമില്ലാത്ത ദേശത്തെത്തുവാൻ നിങ്ങൾ ഒരുങ്ങിയോ? സ്വന്തഭവനത്തിനുവേണ്ടി നിങ്ങൾ കരുതിയോ? സ്വന്തഭവനം സ്വർഗ്ഗരാജ്യമാണ്.

ഇനി ഞാനെന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും? ഇന്ന് ഞാൻ മരിച്ചാൽ ദൈവരാജ്യത്തിൽ എത്തുമോ? എന്നെ ഇന്ന് പുറകോട്ട് വലിക്കുന്ന എന്തെങ്കിലുമുണ്ടോ? ഈ ഭൂമിയിലേക്ക് എന്റെ വേര് ആഴത്തിൽ എവിടെയെങ്കിലും പാകിക്കിടക്കുന്നുണ്ടോ? എന്നിൽ എന്തെങ്കിലും പാപമുണ്ടോ? എന്റെ ജീവിതത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ? പാപങ്ങളെല്ലാം കർത്താവ് ക്ഷമിച്ചുതന്നോ? യേശുക്രിസ്തുവിന്റെ രക്തം എല്ലാം കഴുകിയോ? എന്റെ ലക്ഷ്യം എന്താണ്?

നിമിഷനേരംകൊണ്ട് എന്തും സംഭവിക്കാം. എനിക്കെത്ര ആയുസ്സ് ഉണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ ഞാൻ കടന്നുപോകുമ്പോൾ യേശുവിന്റെ രാജ്യത്തെത്താൻ ഞാൻ ഒരുങ്ങിയോ? അത് വൈകാൻ പാടില്ല. താമസിക്കാൻ പാടില്ല. നിങ്ങളുടെ സ്വന്തപ്പെട്ടവർ അല്ലെങ്കിൽ ബന്ധപ്പെട്ടവരോ, പരിചയത്തിലുള്ളവരോ എത്രയോ പെട്ടെന്ന് നിനച്ചിരിയാതെ കടന്നുപോയി. മനുഷ്യാവസ്ഥ ഇതല്ലേ? ഏതുവിധത്തിലാണ് മരണം വരുന്നതെന്ന് നമുക്കറിയാൻ പറ്റില്ല. നമ്മൾ ആരും പ്രതീക്ഷിക്കാതെ മറ്റൊരു കോണിൽക്കൂടി മരണം കടന്നുവരുന്നു.

ഞങ്ങളുടെ ആത്മീയപിതാവായ 'പപ്പ' 1973 മെയ്മാസം പതിനൊന്നാം തീയതി രാവിലെ എന്റെ ഭാര്യ ആലീസിനോട് പറഞ്ഞു, ഇന്ന് കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുക യില്ല എന്ന്. ആലീസ് പ്രകടമായി ഒരു തെറ്റിനും പോയിട്ടില്ല. എന്നാൽ ഹൃദയത്തിൽ നിറയെ അമ്മയോട് ഇഷ്ടക്കുറവായി രുന്നു. വേറെ ഒരു കുഴപ്പവും ഇല്ല. പപ്പ ഇതു പറഞ്ഞുകഴിഞ്ഞ് ആലീസും അമ്മയും അന്ന് ഭക്ഷണം കഴിച്ചില്ല.

പപ്പ വൈകുന്നേരം തിരിച്ചുവന്ന് പ്രാർത്ഥിക്കാനിരുന്നു. അന്ന് ആലീസ് മുഴുവൻ സമയവും ഓരോന്ന് ചിന്തിച്ച് ചിന്തിച്ച് പാപങ്ങൾ കഴുകിക്കളയുകയായിരുന്നു. അമ്മയോട് വന്ന നീരസങ്ങളും ഇഷ്ടക്കുറവുകളുമെല്ലാം ദൈവസന്നി ധിയിൽ ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായി രുന്നു. വൈകുന്നേരം എല്ലാം ദൈവസന്നിധിയിൽ തുറന്നു പറഞ്ഞു. പപ്പ പ്രാർത്ഥിച്ചു ബന്ധനം അഴിഞ്ഞു. പാപങ്ങൾ കർത്താവ് ക്ഷമിച്ചു. എല്ലാ കറകളും കഴുകി. പൂർണ്ണസമാ ധാനം കിട്ടി. ദൈവരാജ്യത്തിൽ ജീവന്റെ പുസ്തകത്തിൽ പേരെഴുതി. അന്നുതന്നെ അമ്മയ്ക്കും കർത്താവ് പൂർണ്ണവി മോചനം കൊടുത്തു. രക്ഷയുടെ സന്തോഷം കൊടുത്തു.

നിങ്ങളുടെ ജീവിതത്തിൽ ഒന്നും നേടിയില്ലെങ്കിലും, ഒന്നും സമ്പാദിച്ചില്ലെങ്കിലും ആത്മാവിന്റെ രക്ഷ സമ്പാദിച്ചിരി ക്കണം. എന്ന് കടന്നുപോയാലും, എപ്പോൾ കടന്നുപോയാലും നിങ്ങൾ ദൈവരാജ്യം നേടിയിരിക്കണം. സ്വന്തഭവനത്തിനു വേണ്ടി നിങ്ങൾ കരുതിയിരിക്കണം. ഇനി എന്റെ സ്വന്തഭവന ത്തിനുവേണ്ടി എപ്പോൾ കരുതും? ആത്മാവിനുവേണ്ടി എപ്പോൾ കരുതും? ആത്മാവിനുവേണ്ടി കരുതുക!

കർത്താവ് എനിക്കുതന്ന ഒരു ഭാഗ്യം അതാണ്. ആത്മാ വിനെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട്! ഞാൻ തികഞ്ഞു എന്നൊന്നും പറയുന്നില്ല. അന്ന് തികഞ്ഞില്ല, ഇന്നും തികഞ്ഞി ട്ടില്ല. പക്ഷേ, എനിക്ക് വളരെ വ്യക്തമായി നിങ്ങളോട് ഒരുകാര്യം പറയാനുണ്ട്. എനിക്ക് ആത്മാവിൽ കേടു വരരുത്

എന്ന് ഭാഗ്യവശാൽ കർത്താവ് ഒരു തീരുമാനം തന്നു. തെറ്റു കൾ പറ്റിയിട്ടുണ്ട്. പാപങ്ങൾ വന്നിട്ടുണ്ട്. ബലഹീനതകൾ സംഭവിച്ചിട്ടുണ്ട്. ഞാനെത്ര നിസ്സാരനാണെന്ന് ഞാൻ നല്ല വണ്ണം അറിയുന്നു. പക്ഷേ, എന്നാലും ആത്മാവിൽ എന്റെ കർത്താവിന്റെ കൃപയിൽത്തന്നെ എനിക്ക് ഇന്നുവരെയും നിൽക്കുവാൻ കർത്താവ് ഭാഗ്യം തന്നു.

നിങ്ങൾ എന്തെല്ലാം നഷ്ടപ്പെടുത്തിയാലും ആത്മാവിന്റെ ജീവൻ നഷ്ടപ്പെടുത്തരുത്. അതിനുവേണ്ടി നിങ്ങൾ നിങ്ങളെ ത്തന്നെ വിട്ടുകൊടുക്കണം. കർത്താവേ, എനിക്കുവേണ്ടി ഞാൻ കരുതുന്നില്ല, കരുതാൻ സാധ്യമല്ല. യേശുവേ, നീ എനി ക്കുവേണ്ടി കരുതുന്നു. അതാണ് ഗോഗുൽത്തായിലെ കുരി ശിൽ കാണുന്നത്. എന്റെ ആത്മാവിനെ രക്ഷപ്പെടുത്താൻ എനിക്ക് സാധിക്കുകയില്ല.

നരകത്തിന്റെ അധമപാതാളത്തിലേക്ക്പോയ എന്നെ ആർക്ക് രക്ഷപ്പെടുത്താൻ പറ്റും? ഈ അഗാധകൂപത്തിലേക്ക് താണുതാണുപോയ എന്നെ ആർക്ക് രക്ഷപ്പെടുത്താൻ പറ്റും? എന്നെ ഉയർത്തിയെടുക്കാൻ, അങ്ങോട്ട് ഇറങ്ങിവരാൻ ഒരാൾക്കേ കഴിയുകയുള്ളൂ. അത് യേശുവിന് മാത്രം! അവന് മാത്രമേ കഴിയുകയുള്ളൂ. അവന്റെ കരം അങ്ങോട്ട് നീണ്ടു വന്ന് എന്നെ പൊക്കിയെടുത്തു.

> *"ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമ നത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതി യോരു പാട്ടുതന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ; പലരും അതുകണ്ട് ഭയപ്പെട്ടു യഹോവ യിൽ ആശ്രയിക്കും."   സങ്കീർത്തനങ്ങൾ 40 : 1 – 4*

നാശകരമായ കുഴിയിൽനിന്ന് കരേറ്റാൻ യേശുവുണ്ട്. നിങ്ങൾ വിശ്വസിക്കൂ. നിങ്ങളാരും തളരണ്ട; നിങ്ങളാരും പതറണ്ട. നിങ്ങളെയെല്ലാം യേശു സ്നേഹിക്കുന്നു. നിങ്ങളെ കരേറ്റാൻ യേശുവിന്റെ കരം നീണ്ടു വരുന്നുണ്ട്. നിങ്ങൾ ഏതു കൊടിയ പാപത്തിൽ വീണവരാണെങ്കിലും, ഏതെല്ലാം അനർത്ഥങ്ങൾ സംഭവിച്ചവരാണെങ്കിലും, ഏതെല്ലാം ക്ഷീണങ്ങൾ സംഭവിച്ചവരാണെങ്കിലും, ഏതെല്ലാം അഴുക്കുചാലിൽ വീണവരാണെങ്കിലും, പടുകുഴിയിൽ താണവരാണെങ്കിലും നിങ്ങളെ കോരിയെടുക്കാൻ യേശുവിന്റെ കരം നീട്ടുന്നുണ്ട്. ഇനി എന്റെ സ്വന്തം ഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും? "അവൻ നിങ്ങൾക്കായ് കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക."

മോനേ, നീ കരുതിയില്ല, നിനക്ക് കരുതാൻ സാധിക്കുകയുമില്ല. ഞാൻ നിനക്കുവേണ്ടി കരുതിയിട്ടുണ്ട്. നിന്റെ പാപത്തിനു പരിഹാരം ഞാൻ വരുത്തിയിട്ടുണ്ട്. നീ ഏൽക്കേണ്ട ശിക്ഷ മുഴുവൻ ഞാൻ കുരിശിന്മേൽ കിടന്ന് ഏറ്റു. നീ കരയേണ്ട കരച്ചിൽ മുഴുവൻ ഞാൻ കുരിശിൽ കിടന്നു കരഞ്ഞു. നീ ഏൽക്കേണ്ട വേദന മുഴുവനും ഞാൻ കുരിശിലേറ്റു പിടഞ്ഞു. നീ ഏൽക്കേണ്ട വേദനയുടെ ആധിക്യമെല്ലാം ഞാൻ കുരിശിൽ വഹിച്ചു. നിനക്കുവേണ്ടി എല്ലാം ചുമന്നു. നീ ഏല്ക്കേണ്ട ശിക്ഷയും നിന്ദയും ശാപവും എല്ലാം ഞാനേറ്റു. നീ ഏല്ക്കേണ്ട ബന്ധനമെല്ലാം ഞാനേറ്റ്, ബന്ധിക്കപ്പെട്ടവനായി കുരിശിൽ കിടന്നു.

ഒരിടത്തും ഒതുങ്ങാത്തവനായ ദൈവം മൂന്ന് ആണികളിന്മേൽ തൂങ്ങി കുരിശിന്മേൽ ഒതുങ്ങിക്കിടന്നു. ഈ യേശുവിനെ നിങ്ങൾ ഇപ്പോൾ സ്വീകരിക്കുമെങ്കിൽ നിങ്ങൾക്ക് സ്വന്തഭവനത്തിനുവേണ്ടി കരുതി എന്നുള്ള ധൈര്യത്തോടെ മുന്നോട്ട് ജീവിക്കാം. കഴിഞ്ഞതെല്ലാം കർത്താവ് ക്ഷമിക്കും, പൊറുക്കും. ഒരു പുതിയ ജീവിതം അവൻ നിങ്ങൾക്കു തരും. നിങ്ങൾക്ക് ഒരു പ്രത്യാശ തരും. സമാധാനം തരും. നിങ്ങൾ

ഭാഗ്യശാലികളാണ്. നിങ്ങൾ അനുഗൃഹീതരാണ്. നിങ്ങൾ സ്വർഗ്ഗത്തിലെ അപ്പന്റെ പ്രിയമക്കളാണ്. അപ്പന്റെ പ്രിയമക്കളായി, വിശുദ്ധിയോടെ, വിശ്വസ്തതയോടെ, അപ്പന്റെ സത്യവിശ്വാസം മുറുകെ പിടിയ്ക്കുന്നവരായി നിങ്ങൾ നിൽക്കുക.

കർത്താവു പറയുന്നു: മോനേ, ഞാൻ കുരിശിന്മേൽ നിനക്കുവേണ്ടി കരുതി. ഞാൻ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു. ഇന്നും നിനക്കുവേണ്ടി കരുതുന്നു. നിന്റെ പാപം ഞാൻ പോക്കിയിരിക്കുന്നു. ഇനി ഞാൻ നിന്നെ നടത്തിക്കൊള്ളാം. ഞാൻ നിന്റെ വലങ്കരത്തിൽ പിടിച്ചുകൊള്ളാം. ഞാൻ നിന്നെ അന്ത്യത്തോളം നടത്തിക്കൊള്ളാം. നിന്നെ ഞാൻ ശാശ്വതശാന്തിയിലേക്ക് എത്തിച്ചുകൊള്ളാം. നിത്യകൂടാരത്തിലേക്ക് ഞാൻ സ്വീകരിച്ചുകൊള്ളാം. നിത്യസ്വർഗ്ഗഭവനത്തിലേക്ക് ഞാൻ നിന്നെ കൈക്കൊണ്ടുകൊള്ളാം.

മകനേ, നിന്റെ ജീവിതം എന്റെ കരത്തിലേക്ക് തന്നു എന്നുള്ള ഉറപ്പ് നീ വരുത്തുക. അത് മാത്രം മതി. കഴിഞ്ഞതെല്ലാം ഞാൻ മായിച്ചുതരാം. ഇന്നു നീ നിന്റെ ജീവിതം എന്റെ കൈകളിലേക്ക് തരിക. ഞാൻ നിന്നെ വളർത്താം. ഞാൻ നിന്നെ ഉയർത്താം. ഞാൻ നിന്നെ പരിപാലിക്കാം. ഞാൻ നിന്നെ പരിപോഷിപ്പിക്കാം. ഞാൻ നിന്നെ സ്വർഗ്ഗരാജ്യത്തിലേക്ക് കൈക്കൊള്ളാം. എന്റെ മാറിലേക്ക് ഞാൻ നിന്നെ അണച്ചുകൊള്ളാം. എന്റെ സിംഹാസനത്തിന്റെ മുമ്പിലേക്ക് ഞാൻ ചേർത്തുകൊള്ളാം. എന്റെ വലഭാഗത്ത് ഞാൻ ഇരുത്തിക്കൊള്ളാം.

# ഏഴ്

ഒരു ചിന്തകൻ പറഞ്ഞു, എന്നുമെന്നും അനേകംപേർ ഈ ഭൂമിയിൽ നിന്നും മരിച്ചുപോകുന്നതു കണ്ടിട്ടും ഞാൻ മരണത്തെ നേരിടേണ്ടിവരും എന്ന് ചിന്തിക്കാൻ കഴിയാത്തതാണ് ഇന്ന് ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം എന്ന്. ഒരു നൂറു വർഷം കഴിഞ്ഞാൽ ഇന്ന് ഈ ഭൂമിയിലുള്ള ആരുംതന്നെ കാണുകയില്ല. മഹാസമുദ്രത്തിലെ ഒരു തുള്ളി വെള്ളം പോലെയാണ് മനുഷ്യജീവിതം. നിത്യതയിലെ ഒരു തുള്ളി മാത്രമാണ് ഈ ഭൗതികജീവിതം.

നിത്യത, പാരാവാരം പോലെ പരന്ന് കിടക്കുന്നു. നിത്യത നാം കർത്താവിനോട് കൂടെയല്ല എങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമായിപ്പോയി; അത് പൂജ്യമായിപ്പോയി. ഭൂമിയിലെ നമ്മുടെ ആവശ്യങ്ങളൊന്നും വേണ്ടെന്ന് വയ്ക്കണ്ട. പക്ഷേ, നമ്മൾ ആത്മാവിന്റെ നിത്യത എന്നത് മറക്കാൻ പാടില്ല.

നിങ്ങൾ തന്നെത്താൻ ഇരുന്ന് ചിന്തിച്ചിട്ടുണ്ടോ, ഞാൻ ഇന്ന് മരിച്ചുപോയാൽ എന്റെ ആത്മാവ് എവിടെ? ഞാനിത് എപ്പോഴും ചിന്തിക്കാറുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ ഞാൻ മരിച്ചാൽ ദൈവസന്നിധിയിൽ ചെല്ലുമോ? കാരണം, മനസ്സിലൂടെ ഏതെങ്കിലും ഒരു ചെറിയ നീരസത്തിന്റെ കണിക പോയാൽ, ഒരു മുൻവിധി പോയാൽ അത് പാപമാണെന്ന് ഞാൻ മനസ്സിലാക്കുന്തോറുമാണ് ഭയം വരുന്നത്. ഇത് ഗൗരവമുള്ള കാര്യമാണ്.

നമ്മൾ ഇവിടെ ഒരുമിച്ച് കഴിയുന്നു. എന്നാൽ ഒരു ദിവസം നാം അപ്പുറത്തേക്കു പോകുന്നു. അപ്പോൾ റീത്തു വയ്ക്കും, അനുശോചനയോഗങ്ങൾ നടക്കും; പക്ഷേ,

ഇതുകൊണ്ട് വല്ലതും ആയോ? ഞാൻ ഇപ്പോൾ കടന്നുപോയാൽ യേശുവിന്റെ സന്നിധിയിൽ ചെല്ലും, എന്റെ ജീവിതത്തിൽ പാപമില്ലാത്ത, ശുദ്ധവും നിർമ്മലവും നിഷ്കളങ്കവുമായ ഒരു ഹൃദയത്തോടെ ഞാൻ പ്രവർത്തിക്കുന്നു, എന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടിരിക്കുന്നു-കർത്താവ് എന്റെ പാപം ക്ഷമിച്ചു തന്നിരിക്കുന്നു - അങ്ങനെ ഒരുറപ്പ് നമുക്കുണ്ടായിരിക്കണം.

കൂട്ടായ്മയിൽ വരുന്നവരും അല്ലാത്തവരുമായ പല ആളുകളും ചോദിക്കാറുണ്ട്: എന്റെ ആത്മാവിന്റെ അവസ്ഥ എന്താണ്? ഞാൻ ഇന്ന് കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുമോ? എന്റെ പാപങ്ങളൊക്കെ ക്ഷമിക്കപ്പെട്ടോ? എന്റെ ഹൃദയം വിശുദ്ധമായോ? ഓരോ സമയത്തും വന്നുപോയ പാപങ്ങൾ കഴുകപ്പെട്ടോ? ഇല്ലെങ്കിൽ നഷ്ടമല്ലേ? പാപം ക്ഷമിച്ചുകിട്ടിയില്ലെങ്കിൽ എന്തൊരു നഷ്ടമാണ്!

നിങ്ങളുടെ വീട്ടിൽ വാസ്തവമായ 'ഒരു മനസ്സ്' ഉണ്ടോ? നിങ്ങൾ ചിന്തിക്കണം. നിങ്ങളും ഭാര്യയുമായിട്ട് നൂറുശതമാനം 'Oneness' (ഒരുമനസ്സ്) ഉണ്ടോ? എന്തെങ്കിലും ചെറിയ 'കരിനിഴൽ' ഉണ്ടോ? ഇപ്പോൾ ആയിരിക്കുന്നതിൽ സംതൃപ്തരാണോ? ഇപ്പോൾ ഉള്ളതിൽ സംതൃപ്തരാണോ? നിങ്ങളുടെ ജോലിയിൽ വളരണം; അല്ലെങ്കിൽ ശമ്പളം കൂടുതൽ കിട്ടണം. അല്ലെങ്കിൽ 'പ്രമോഷൻ' കിട്ടണം. അങ്ങനെ ആഗ്രഹിക്കുന്നതിൽ തെറ്റൊന്നുമില്ല. നിങ്ങൾക്ക് ഉയരണം, ഉയരണം എന്ന ആഗ്രഹം നല്ലതാണ്. അതിനുവേണ്ടി കൂടുതൽ കഷ്ടപ്പെടണം. "അല്പത്തിൽ വിശ്വസ്തനെ അധികത്തിന് വിചാരകനാക്കും." അല്പത്തിൽ ഞാൻ വിശ്വസ്തനാണോ എങ്കിൽ അധികത്തിലേക്ക് ഞാൻ വളരും. അത് സംശയമില്ല.

പക്ഷേ, ഞാൻ എന്റെ ജോലിയിൽ വിശ്വസ്തനാണോ? എന്റെ ജോലിയിൽ ആത്മാർത്ഥതയുള്ളവനാണോ? എന്റെ ജോലിയിൽ കാര്യക്ഷമതയുള്ളവനാണോ? ഞാൻ ചുമതലാബോധത്തോടെ ജോലി ചെയ്യുന്നുണ്ടോ? എന്റെ സ്വന്തം

കാര്യംപോലെ ഞാൻ ജോലി ചെയ്യുന്നുണ്ടോ? അതോ കടമ തീർക്കാനുള്ള ജോലിയാണോ? നിങ്ങൾക്ക് ഒരു ‘own’ feeling (എന്റെ സ്വന്തം എന്ന ചിന്ത) ഉണ്ടോ? ഇതൊക്കെ വച്ച് നോക്കുമ്പോഴാണ് നിങ്ങളുടെ ഔദ്യോഗിക ജീവിതത്തിലും കുടുംബജീവിതത്തിലും ഒക്കെ പരാജയങ്ങളുണ്ട്, തെറ്റുകളുണ്ട്, മനസ്സിങ്ങനെ പിരിമുറുക്കത്തിലാണ്, മനസ്സിൽ പലതും അമർത്തി വച്ചിരിക്കുകയാണ് എന്ന് നാം തിരിച്ചറിയുന്നത്.

എന്തെല്ലാം ഉണ്ടെങ്കിലും തുറന്നുകളഞ്ഞാൽ വലിയൊരു ആശ്വാസമാണ്. നമുക്കുള്ള ഉൽക്കണ്ഠകൾ, ഭയപ്പാടുകൾ, ഹൃദയത്തിലുള്ള നീരസങ്ങൾ, മനസ്സിൽ വന്ന അസ്വസ്ഥതകൾ അതെല്ലാം അപ്പോഴപ്പോൾ തുറന്ന് കളയുമ്പോൾ ഒരു സുഖം കിട്ടും. മനസ്സിൽ ഒന്നും അമർത്തി അമർത്തി വയ്ക്കരുത്. മനസ്സിൽ അമർത്തിവെച്ചാൽ പിന്നെ ചിലപ്പോൾ അത് പൊട്ടി ത്തെറിയ്ക്കും.

മന:ശാസ്ത്രജ്ഞന്മാർ പറയും സ്വപ്നങ്ങൾ എന്ന് പറയുന്നത് ഉള്ളിൽ അമർത്തി വച്ചിരിക്കുന്ന വികാരങ്ങളുടെ ബഹിർഗമനമാണ് എന്ന്. ആത്മാവിന്റെ പാപമോചനം ലഭിച്ചുകഴിയുമ്പോൾ ദു:സ്വപ്നങ്ങൾ പോകും. പേടിപ്പെടുത്തു ന്നതും അഴുക്കായതുമായ സ്വപ്നങ്ങളെല്ലാം പോകും. കാരണം, ഉപബോധമനസ്സ് ശുദ്ധമായിക്കഴിഞ്ഞു. അങ്ങനെ ഒരു ഉയർന്ന നിലവാരത്തിലേക്ക് നിങ്ങൾ വരണം.

നിങ്ങളുടെ വരുമാനം ഭാര്യ അറിയണം. നിങ്ങളുടെ ചിലവു കാര്യങ്ങൾ ഭാര്യ അറിയണം. നിങ്ങളുടെ എല്ലാ രഹസ്യങ്ങളും ഭാര്യ അറിയണം. കല്യാണത്തിന് മുമ്പുള്ള കാര്യങ്ങൾ ഭാര്യയോട് പറയരുത്. പക്ഷേ, നിങ്ങളുടെ ആശങ്കകൾ, ഭയപ്പാടുകൾ എല്ലാം ഭാര്യയോട് തുറന്ന് പറയണം. അങ്ങനെ നിങ്ങളുടെ വീട്ടിൽ തന്നെ ഒരു തുറന്ന അനുഭവം ഉണ്ടാകണം. അത് നിങ്ങളുടെ ഭാര്യയോട് പറയാൻ പറ്റുന്നില്ലെങ്കിൽ കൂട്ടായ്മയിൽ ആത്മീയമായി നിങ്ങൾക്ക് വിശ്വാസവും ബഹുമാനവുമുള്ള ആരോടെങ്കിലും തുറന്ന് പറഞ്ഞിരിക്കണം.

ഒന്നും മറച്ചുപിടിയ്ക്കരുത്. തുറന്ന് പറഞ്ഞാൽ തന്നെ നിങ്ങൾക്ക് ഒരു സ്വസ്ഥത കിട്ടും. ആവി പിടിച്ചിരിക്കുന്ന, ചുട്ടുപഴുത്തിരിക്കുന്ന മനസ്സിന്റെ ഉള്ളിൽ വിങ്ങുന്ന ചില ആകുലങ്ങളോ, ഭാരങ്ങളോ, പ്രയാസങ്ങളോ അതെല്ലാം നിങ്ങൾ ആരോടെങ്കിലും തുറന്നുപറഞ്ഞാൽ മാറും. അങ്ങനെ നിങ്ങളുടെ ഹൃദയം എപ്പോഴും നിർമ്മലമായിരിക്കണം.

നിങ്ങളുടെ ജീവിതത്തിൽ ഏതുസമയത്ത് മരിച്ചാലും ദൈവസന്നിധിയിൽ ചെല്ലുമെന്ന് ഉറപ്പ് കിട്ടത്തക്കവണ്ണം പാപമോചനം പ്രാപിച്ച് നിൽക്കണം. പാപം എന്ന് സംശയമുള്ള ഒന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടാകരുത്. ആ ഒരു നിഷ്ഠ നിങ്ങൾക്കുണ്ടെങ്കിൽത്തന്നെ മാനസികമായി നിങ്ങൾക്കുയരാം. ഭൗതികമായി നിങ്ങൾക്കുയരാം. ആത്മികമായിട്ടും നിങ്ങൾക്കുയരാം. ഒരു നിഷ്ഠ വേണം.

എല്ലാ മനുഷ്യരിലും ദുരാത്മവ്യാപാരമുണ്ട്. അത് ഏറിയും കുറഞ്ഞും ഇരിക്കും എന്ന് മാത്രം. ശരിയായി ക്രിസ്തു ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തികൾ ഒഴികെ മറ്റെല്ലാവരിലും ദുരാത്മവ്യാപാരമുണ്ട്; എല്ലാ ഭവനങ്ങളിലുമുണ്ട്. ഈ ദുരാത്മാക്കൾ നമ്മെ വീഴിക്കാനായി എപ്പോഴും കച്ചകെട്ടി കാത്തിരിക്കുകയാണ്. ദുർഭൂതങ്ങൾ നമ്മിൽ അവകാശം പറഞ്ഞുകൊണ്ട് നിൽക്കുമ്പോൾ അവർ വിട്ടുപോകണമെങ്കിൽ നമ്മിൽനിന്ന് പാപം കഴുകപ്പെടണം. അങ്ങനെയാണെങ്കിൽ നിങ്ങൾക്കൊരു മന്ത്രവാദത്തെയും പേടിയ്ക്കേണ്ട. ആഭിചാരത്തെയും ക്ഷുദ്രപ്രയോഗത്തെയും പേടിക്കേണ്ട. ആരെല്ലാം നിങ്ങൾക്കെതിരെ എന്തുചെയ്താലും പേടിക്കേണ്ട.

ദൈവത്തിന്റെ കൃപയിലും പരിശുദ്ധാത്മാവിന്റെ വലയത്തിനകത്തും, ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ മറവിനകത്തും അല്ലെങ്കിൽ തീർച്ചയായിട്ടും നമ്മിൽ ദുരാത്മാക്കൾക്ക് അവകാശം ഉണ്ടാകും. മന്ത്രവാദദോഷങ്ങൾ നമ്മെ ബാധിക്കും; മന്ത്രവാദദോഷം എന്ന് പറഞ്ഞാൽ, അവർ പ്രത്യേകിച്ച് മന്ത്രവാദം ചെയ്യണമെന്നില്ല. വൈരാഗ്യത്തിന്റെ

ആത്മാവ്, മറ്റുള്ളവർ നമ്മെ എതിർക്കുന്ന ആത്മാവ് ഇതെല്ലാം ദുരാത്മാക്കളാണ്. ഈ ദുരാത്മാവ് എല്ലാവരിലും വ്യാപരിയ്ക്കാൻ ശ്രമിക്കുന്നുണ്ട്.

നിങ്ങളിലൊരാൾക്ക് ക്രിസ്തുവിനെ വിശ്വാസമില്ലാത്തതോ അല്ലെങ്കിൽ പാപം വിടാൻ മനസ്സില്ലാത്തതോ ആയ ഒരാളുമായിട്ട് ഒരു സ്നേഹബന്ധം വന്നു. അപ്പോൾ അവരിലുള്ള ദുരാത്മാക്കൾക്ക് നിങ്ങളിലേക്ക് അതിൽക്കൂടി പകരാൻ ഇടം കിട്ടുകയാണ്. അവിടെ പൂർവ്വികമായി ഏതെങ്കിലും ശാപത്തിന്റെ ആത്മാവ് കാണും; പൂർവ്വികന്മാർ മുതലുള്ള ഏതെങ്കിലും ദോഷത്തിന്റെ ആത്മാവ് കാണും. ഈ വ്യക്തി അതൊന്നും ചെയ്തില്ലെങ്കിലും അയാളുടെമേൽ ചില ദോഷങ്ങളുണ്ട്; ആ വ്യക്തിയുടെമേൽ ചില ബാധകളുണ്ട്. സ്നേഹബന്ധത്തിൽ കൂടി ആ വ്യക്തിയിലുള്ള ദുരാത്മാക്കൾ നമ്മുടെ ഉള്ളത്തിലേയ്ക്ക് കടന്നുവരാൻ ഇടയാകും.

നിങ്ങൾ ഒരു പെൺകുട്ടിയെ അരുതാത്ത രീതിയിൽ കാണുകയും നോക്കുകയും സ്നേഹിക്കുകയും മോഹിക്കുകയും ചെയ്തു. ആ പെൺകുട്ടിയിൽ പൂർവ്വികന്മാരായി ലഭിച്ച എന്തെങ്കിലും ദുരാത്മാക്കൾ ഉണ്ടെങ്കിൽ അതിന്റെയെല്ലാം ശാപം അവിടെ നിൽക്കുന്നുണ്ട്. ആ ശാപത്തിന്റെ ആത്മാവ് നിങ്ങളുടെ ഉള്ളത്തിലേക്ക് പകരും. നിങ്ങൾ ആ പെൺകുട്ടിയെ തൊട്ടില്ല. ഒരു കുഴപ്പത്തിനും പോയില്ല. പക്ഷേ, ഒരു മോഹം നിങ്ങളിൽ വന്നപ്പോഴേക്കും ദുരാത്മാക്കൾക്ക് കടന്നുവരാനുള്ള ഒരു പാലം വച്ചുകൊടുക്കുകയാണ്.

അതുകൊണ്ട് നമ്മുടെ കൂട്ടുകെട്ടുകൾ സൂക്ഷിക്കണം. നമ്മുടെ ബന്ധങ്ങൾ സൂക്ഷിക്കണം. നമ്മുടെ സംസാരങ്ങൾ സൂക്ഷിക്കണം. അല്ലെങ്കിൽ ഇതെല്ലാം നമ്മിലേക്ക് സംക്രമിച്ചുകൊണ്ടിരിക്കും. നമ്മൾ അറിയുകയുമില്ല. പ്രകടമായി ഒരു പാപത്തിലേക്ക് പോയില്ലെങ്കിലും ഇതെല്ലാം നമ്മിലേയ്ക്ക് വന്ന് അടിഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ട് എപ്പോഴും ഓർത്തുകൊള്ളണം, ദുരാത്മാക്കൾക്ക് നമ്മിൽ ഒരു കാരണ

വശാലും ഇടം കൊടുക്കരുത്. അത് നിങ്ങളുടെ ഒരു നിർബ്ബന്ധമായിരിക്കണം.

എന്തെല്ലാം നഷ്ടം വന്നാലും ശരി ഇന്ന് ഞാൻ കടന്നു പോയാൽ എനിക്കെന്റെ കർത്താവിന്റെ രാജ്യത്തിൽ എത്തണമെന്നത് നിങ്ങളുടെ ഒരു നിർബ്ബന്ധമായിരിക്കണം. അതിനുവേണ്ടി എന്തെല്ലാം ത്യജിയ്ക്കണമോ ഞാൻ തയ്യാറാണ്. പതിനേഴാമത്തെ വയസിൽ ഞാൻ മാനസാന്തരപ്പെട്ടപ്പോൾ തന്നെ അറിയാതെ ഇങ്ങനെയുള്ള കൂട്ടുകെട്ടിൽ നിന്നും ഞാൻ മാറി. നാം ദൈവത്തിന്റെ ആത്മാവിൽ ആയിക്കഴിഞ്ഞാൽ വേണ്ടാത്തതെല്ലാം നമ്മിൽ നിന്ന് മാറിപ്പോകും. വേണ്ടാത്തത് നമ്മിൽനിന്ന് മാറുന്നില്ലെങ്കിൽ ആത്മാവിനോട് നമുക്ക് അടുപ്പം വന്നില്ല എന്നതാണ് അതിന്റെ അർത്ഥം.

ഞാൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടു കഴിഞ്ഞ് പതിനെട്ടാമത്തെ വയസ്സിൽ സ്ക്കൂളിൽ ജോലിയിലാ യിരുന്നപ്പോൾ അന്നത്തെ സ്ക്കൂളിലെ അദ്ധ്യപകർ, കൂടിയിരുന്ന് വർത്തമാനം പറയുകയും തമാശ പറയുകയും ചെയ്യുമ്പോൾ ഞാൻ അതിലൊന്നും കൂടുകയില്ല. എനിക്കറിയാമായിരുന്നു എനിക്കിതൊന്നും പാടില്ല. മറ്റുള്ളവർ സംസാരിക്കുന്നതുപോലെ എനിക്ക് സംസാരിക്കാൻ പാടില്ല; മറ്റുള്ളവർ പെരുമാറുന്നതു പോലെ എനിക്ക് പെരുമാറാൻ പാടില്ല; മറ്റുള്ളവരുടെ രീതിയിൽ എനിക്ക് നീങ്ങാൻ പാടില്ല; ഞാൻ ആ കാലങ്ങളിൽ കുറച്ച് സ്വയം അച്ചടക്കം പാലിച്ചിരുന്നു.

നിങ്ങളൊന്ന് ചിന്തിച്ച് നോക്കുക. നിങ്ങൾക്ക് തന്നെത്താൻ ഒരു അച്ചടക്കമുണ്ടോ? നിങ്ങളുടെ സംസാരത്തിൽ അടക്കവും ഒതുക്കവും ഉണ്ടോ? നിങ്ങളുടെ പെരുമാറ്റങ്ങളിൽ വിവേക മുണ്ടോ? പരിജ്ഞാനത്തോടുകൂടിയാണോ നിങ്ങൾ ഇടപെടു ന്നത്? നിങ്ങളുടെ ഉള്ളിൽക്കൂടി കയ്പ്പ് പോകുന്നുണ്ടോ? ആരോടെങ്കിലും വിദ്വേഷം വരുന്നുണ്ടോ? ആരെയെങ്കിലും തരം താഴ്ത്തണമെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? ഏതെങ്കിലും തൊഴുത്തിൽകുത്തോ ഇഷ്ടക്കുറവോ നിങ്ങൾക്ക് വന്നിട്ടുണ്ടോ?

നിങ്ങൾ ചിന്തിയ്ക്കണം. എന്തൊക്കെ ഉണ്ടെങ്കിലും കഴുകൽ പ്രാപിയ്ക്കാതെ ഒരടി മുന്നോട്ട് വയ്ക്കരുത്. കഴുകൽ പ്രാപിച്ചില്ലെങ്കിൽ തീരാനഷ്ടം! ഏതു സന്ദർഭം വന്നാലും നമ്മെ രക്ഷിക്കാൻ യേശുവിന്റെ കരം വേണം.

"ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?" യാക്കോബിന്റെ ചിന്താഭാരത്തോടെയുള്ള ഒരു ചോദ്യമാണിത്. ഇത്രയുംനാൾ ഞാൻ അമ്മാവനായ ലാബാന്റെ വീട്ടിൽ ജോലി ചെയ്തു. അമ്മാവന് സ്വത്തുണ്ടായി, അമ്മാവന് ആടുമാടുകളുണ്ടായി. എന്റെ യൗവ്വനവീര്യം മുഴുവൻ അമ്മാവന് വേണ്ടി ഞാൻ ചിലവഴിച്ചു, അതിന്റെ ഫലം കിട്ടുന്നത് അമ്മാവന്റെ മക്കൾക്ക്. എനിക്കോ? ഞാൻ വെറും ഒരു പരദേശി! അന്യനാട്ടുകാരൻ!

പരദേശിയായി ഇവിടെ വന്ന് കഷ്ടപ്പെട്ടു. എല്ലാം പൂജ്യം! എന്റെ ആയുസ്സ് ഇത്രയും നഷ്ടപ്പെട്ടു. ഇരുപത് കൊല്ലം പാഴായി. ഏഴ് കൊല്ലം റാഹേലിന് വേണ്ടി. പക്ഷേ, കിട്ടിയത് ചേട്ടത്തി ലേയയെ ആണ്. ആഗ്രഹിച്ച പെണ്ണിനെ കിട്ടിയില്ല. അമ്മായിഅപ്പൻ പറഞ്ഞു: ഇവിടെ അങ്ങനെയാണ്. മൂത്തപെണ്ണ് ഇരിക്കുമ്പോൾ ഇളയതിനെ കൊടുക്കാറില്ല. നിനക്ക് വേണമെങ്കിൽ ഇളയതിനെയും തരാം, ഒരു ഏഴു കൊല്ലം കൂടി നീ ജോലി ചെയ്യ്. മോൾക്കുവേണ്ടി അമ്മായിഅപ്പൻ അടിമപ്പണി ചെയ്യിക്കുകയാണ്.

ചോരയും നീരും ഊറ്റുന്ന സമൂഹിക സാഹചര്യങ്ങൾ നിങ്ങളെ ഞെരുക്കുന്നുണ്ടാകും. നിങ്ങൾ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചിട്ടും അതിന്റെ ഫലം കിട്ടാതെ പോകുന്ന പല സാഹചര്യങ്ങളും നിങ്ങൾക്കുണ്ടായിട്ടില്ലേ? ഞാൻ ഭൗതികമായ കാര്യങ്ങൾ മാത്രമല്ല, ആത്മീയകാര്യങ്ങളാണ് പറയുന്നത്. ഈ പ്രായം വരെയുള്ള ജീവിതത്തിൽ ആത്മീയമായി നിങ്ങൾ എന്ത് നേടി? ആത്മീയമായിട്ട് നിങ്ങൾ എന്ത് സമ്പാദിച്ചു?

ഭൗതികമായി സമ്പാദിക്കാത്ത അനേകം കാര്യങ്ങൾ

കിടക്കുന്നുണ്ട്. ഭൗതികമായി നിങ്ങളുടെ ആഗ്രഹങ്ങൾ സാധിക്കാത്ത കാര്യങ്ങൾ! നിങ്ങളുടെ താത്പര്യങ്ങൾ, നിങ്ങളുടെ പ്രതീക്ഷകൾ മുടങ്ങിപ്പോയ കാര്യങ്ങൾ! നിങ്ങളുടെ സ്വപ്നങ്ങളെല്ലാം കരിഞ്ഞുണങ്ങിയ കാര്യങ്ങൾ! പലതും പലതും കാണാം. അതെല്ലാം തീരുന്നതാണ്. ആത്മീയമായിട്ട് നിങ്ങൾ എന്തു നേടി? യാക്കോബ് പറയുകയാണ്:

> *''ഞാൻ വരുംമുമ്പെ നിനക്ക് അല്പമേ ഉണ്ടായിരുന്നുള്ളു; ഇപ്പോൾ അത് അത്യന്തം വർദ്ധിച്ചിരിക്കുന്നു; ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇനി എന്റെ സ്വന്ത ഭവനത്തിന്നു വേണ്ടി ഞാൻ എപ്പോൾ കരുതും എന്നും പറഞ്ഞു.''*
>
> *ഉല്പത്തി 30 : 30*

ഇത്രയും നാൾ ഞാൻ അദ്ധ്വാനിച്ചത് നിനക്ക് വേണ്ടിയാണ്. അമ്മാവന് വേണ്ടിയാണ്. അമ്മാവന്റെ മക്കൾക്ക് പ്രയോജനപ്പെട്ടു. എനിക്കുവേണ്ടി ഞാനൊന്നും കരുതിയില്ലല്ലോ. എനിക്കുമില്ലേ മക്കൾ? എനിക്കും കുഞ്ഞുങ്ങൾ ഉണ്ടായിട്ടുണ്ട്. എനിക്കും രണ്ട് ഭാര്യമാരുണ്ട്. എനിക്കും ഒരു കുടുംബമുണ്ട്. എനിക്കുമില്ലേ ഒരു ജീവിതം? എനിക്ക് വേണ്ടേ ഒരു ഭാവി? ഇനി എന്നാ ഞാനിത് കരുതുന്നത്? ഇനിയെന്റെ സ്വന്തഭവനത്തിനു വേണ്ടി ഞാൻ എപ്പോൾ കരുതും? ഏങ്ങലടിച്ചുകൊണ്ടാണ് യാക്കോബ് ഇത് പറയുന്നത്.

യാക്കോബ് ഇത് പറയുമ്പോൾ യാക്കോബിന് ഏതാണ്ട് തൊണ്ണൂറ് വയസ്സ് പ്രായം കാണും. അന്ന് ആ പഴയകാലത്ത് യൗവ്വനം എന്ന് പറയുന്നത് 70, 80, 90 വയസ്സൊക്കെയാണ്. യാക്കോബിന് ജീവിതത്തിന്റെ മദ്ധ്യപ്രായം കഴിഞ്ഞു എന്ന് പറയാം. അപ്പോഴാണിത് പറയുന്നത്.

യാക്കോബിന്റെ ജീവിതത്തിൽ പതിനഞ്ച് വയസ്സുവരെ അപ്പൻ മാത്രമല്ല അപ്പന്റെ അപ്പനും ജീവിച്ചിരിപ്പുണ്ടായിരുന്നു.

യാക്കോബിന്റെ അപ്പന്റെ അപ്പനാണ് അബ്രാഹാം. യാക്കോബിന് പതിനഞ്ച് വയസ്സ് ആകുമ്പോഴാണ് അബ്രാഹാം പിതാവ് മരിക്കുന്നത്. അബ്രാഹാം പിതാവിന്റെ മടിയിലിരുന്ന് വളർന്നവനാണ് യാക്കോബ്. അപ്പന്റെ അപ്പൻ മകന് കഥകൾ പറഞ്ഞുകൊടുത്തു കാണില്ലേ?

അപ്പൻ പറയും: “മോനേ, നമുക്കൊരു ദൈവമുണ്ട്. നിനക്കറിയാമോ, നീ ഈ താമസിക്കുന്ന വീട്ടിലല്ലായിരുന്നു ഞാൻ ജനിച്ചുവളർന്നത്. അറുന്നൂറ് നാഴിക ദൂരെ അങ്ങ് ‘മെസോപ്പട്ടോമിയ’യിൽ ആണ്.” “അപ്പാ, എവിടെയാ ഈ ‘മെസോപ്പട്ടോമിയ?” “മോനേ, നിനക്കറിയാൻ പാടില്ല. നീ അറിയുന്ന നാടല്ല. ഒരു വലിയ നദിയുണ്ട്. യൂഫ്രട്ടീസ് ടൈഗ്രീസ് നദി. അതിന്റെ അപ്പുറത്താണ് ഞാൻ ജനിച്ചത്.”

അന്ന് വലിയ ഒരു അത്ഭുതം ഉണ്ടായി. നിത്യനായ ദൈവം എനിക്ക് പ്രത്യക്ഷപ്പെട്ടു.” അപ്പൻ കഥ പറഞ്ഞ് കൊടുക്കുകയാണ്. “ഓ, അപ്പന് പ്രത്യക്ഷപ്പെട്ടോ?” “ഉവ്വ് മോനേ. ദൈവംതമ്പുരാൻ എന്നോട് നീ ഇവിടം വിടാൻ പറഞ്ഞു. “നീ എഴുന്നേറ്റ് ഈ ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക” എന്ന് സ്വർഗ്ഗത്തിലെ ദൈവം എന്നോട് കൽപ്പിച്ചു.” മോൻ അതിശയം കൂറി അപ്പന്റെ മുഖത്തേയ്ക്ക് നോക്കിയിരിക്കുകയാണ്. എന്താ അപ്പൻ ഈ പറയുന്ന കഥ!

“മോനേ, അങ്ങനെ ഞാൻ യാത്ര ചെയ്ത് നദി കടന്ന് ഇക്കരെ വന്നു. അറുന്നൂറ് നാഴിക യാത്ര ചെയ്താണ് ഈ കനാൻ നാട്ടിൽ ഞാൻ എത്തിയത്. മോനേ, ഇവിടെ വന്നതിനുശേഷം വളരെ വർഷങ്ങൾ എനിക്ക് മക്കളുണ്ടായിരുന്നില്ല. നിന്നെപ്പോലെ ഒരു ഓമനക്കുഞ്ഞിനെ കിട്ടാൻ ഞാൻ എത്ര കാത്തിരുന്നു എന്നറിയാമോ? മോനേ, എനിക്ക് നൂറ് വയസ്സായ ശേഷമാണ് നിന്റെ അപ്പൻ ജനിക്കുന്നത്.

ഞാൻ ഇങ്ങനെ ഇരിക്കുമ്പോൾ ദൈവംതമ്പുരാൻ എന്നോട് പറഞ്ഞു: നിന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ

കൂട്ടിക്കൊണ്ട് നീ മോറിയാദേശത്ത് ചെന്ന് അവനെ എനിക്ക് യാഗം കഴിക്കുക എന്ന്." "അപ്പാ ഈ 'യാഗം' എന്നു പറഞ്ഞാൽ എന്താണ്?" മോൻ ചോദിക്കുകയാണ്. "മോനേ, യാഗം കഴിയ്ക്കുക എന്ന് പറഞ്ഞാൽ വെട്ടിക്കൊല്ലുകയാണ്. എന്നിട്ട് വിറകിൻമീതെ കിടത്തിയിട്ട് വിറകിന്റെ അടിയിൽ തീ കൊളുത്തും. എന്നിട്ട് ദഹിപ്പിച്ചുകളയുകയാണ്." "അയ്യോ! അപ്പനെ കൊല്ലാനോ?"

"എടാ, നിന്റെ അപ്പനെ കൊല്ലാൻ ദൈവംതമ്പുരാൻ കല്പിച്ചതാണ്." "എന്നിട്ട് അപ്പനത് ചെയ്തോ?" "ചെയ്തില്ല. ചെയ്താൽ നിന്റെ അപ്പൻ ഇപ്പോൾ കാണില്ലല്ലോ. സ്വർഗ്ഗത്തിലെ ദൈവം എന്നോട് പറഞ്ഞു; ഞാൻ അനുസരിക്കാൻ നിന്റെ അപ്പനേയും കൂട്ടിക്കൊണ്ട് പുറപ്പെട്ടു. നിന്റെ അപ്പന്റെ ചുമലിലേയ്ക്ക് വിറകുകെട്ട് എടുത്ത് കൊടുത്ത് അപ്പനും ഞാനും വേലക്കാരുമായിട്ട് മൂന്ന് ദിവസം വഴിയാത്ര ചെയ്തു. മൂന്ന് ദിവസം കഴിഞ്ഞ് മോറിയാമലയുടെ ചുവട്ടിൽ ചെന്നപ്പോൾ വേലക്കാരെ അവിടെ നിർത്തിയിട്ട് ഞാൻ നിന്റെ അപ്പൻ - അന്ന് അവൻ കൊച്ചനാണ് - യിസ്ഹാക്കിനേയും കൂട്ടിക്കൊണ്ട് മോറിയാമല കയറി.

അവിടെ ചെന്ന് ഞാൻ വിറകൊക്കെ അടുക്കുമ്പോൾ യിസ്ഹാക്ക് ഓടിനടന്ന് മലയുടെ മുകളിൽ സുന്ദരമായ പ്രകൃതിദൃശ്യങ്ങളൊക്കെ കണ്ട് കളിക്കുകയാണ്. യാഗ പീഠത്തിൽ വിറകെല്ലാം അടുക്കിയിട്ട് ഞാൻ മോനേ, വന്നേ എന്നുപറഞ്ഞ് വിളിച്ചു." "എന്നിട്ട് എന്റെ അപ്പൻ വന്നോ?" "ഉവ്വെന്ന്, നിന്റെ അപ്പൻ വന്നു. നിന്റെ അപ്പനെ ചേർത്ത് നിർത്തിയിട്ട് ഞാൻ അവന്റെ ചെവിയിൽ പറഞ്ഞു: മോനേ, നിന്നെയാണ് യാഗം കഴിക്കാൻ പോകുന്നത്.

മോനേ, നിന്റെ അപ്പൻ എന്തൊരു നല്ല കുട്ടിയായിരുന്നു എന്നറിയാമോ? അവൻ ഞാൻ പറഞ്ഞത് അതുപോലെ അനുസരിച്ചു; അവൻ കൈനീട്ടിത്തന്നു. കൈ രണ്ടും കെട്ടി, കാലും കെട്ടി, അവനെ ഞാൻ യാഗപീഠത്തിന്മേൽ

വിറകിൻമീതെ കിടത്തി. ഞാൻ വെട്ടാൻ കത്തി എടുത്തു.” “അയ്യോ! എന്റെ അപ്പനെ വെട്ടിയോ?” ഇല്ല മോനേ, വെട്ടാൻ കത്തി ഉയർത്തി. അപ്പോൾ പെട്ടെന്ന് ഉടയതമ്പുരാൻ പറഞ്ഞു: “അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെമേൽ കൈ വയ്ക്കരുത്” എന്ന്. മോനേ, അന്ന് ഒരു സംഭവം ഉണ്ടായി. അത് പറയാനാണ് ഞാൻ നിന്നോട് ഈ കഥ പറയുന്നത്.

അന്ന് അപ്പന്റെ കൈയിലെ കെട്ടുകളഴിച്ച് മാറ്റി നിർത്തിയിട്ട് ഞാൻ മുകളിലേയ്ക്ക് നോക്കി. ഞാൻ നോക്കിയതിന് അർത്ഥമുണ്ട്. ഞാൻ വിറകെല്ലാം അടുക്കിക്കഴി ഞ്ഞിരിക്കുന്നു, യാഗപീഠം ഒരുക്കിയിരിക്കുന്നു. യാഗം കഴിയ്ക്കാൻ എനിക്ക് ആട്ടിൻകുട്ടിയെ തരണം. ബാലന്റെമേൽ കൈവയ്ക്കരുത് എന്ന് പറഞ്ഞല്ലോ. എനിക്കൊരു ആട്ടിൻ കുട്ടിയെ തരണം. മോനേ, ദൈവം കരുതുന്നവനാണ്. നമുക്ക് ഒരു ദൈവമുണ്ട്. ദൈവംതമ്പുരാൻ അപ്പോൾ എനിക്ക് ഒരു ആട്ടിൻകുട്ടിയെ അവിടെ തന്നു. നീ ഒന്ന് പറഞ്ഞേ: “യഹോവ യിരേ.” യാക്കോബ് പറഞ്ഞു: “യഹോവ യിരേ,” മോനേ, അതിന്റെ അർത്ഥം എന്താണെന്നറിയാമോ? ദൈവം കരുതുന്നവനാണ്.

അപ്പന്റെ മടിയിലിരുന്ന് ദൈവം കരുതുന്നവനാണെന്നുള്ള കഥകേട്ട് വളർന്നവനാണ് യാക്കോബ്. ആ യാക്കോബാണ് സ്വന്തം ജീവിതത്തിലെ കാര്യം വന്നുകഴിഞ്ഞപ്പോൾ ഞാൻ എന്നാണ് ഇനി കരുതുന്നത് എന്ന് പറഞ്ഞത്. കരുതുന്ന ഒരു ദൈവമുണ്ടെന്ന് പഠിച്ചതാണ്. ആ വാക്ക് കേട്ട് സന്തോഷിച്ച് ആവേശം കൊണ്ടവനാണ്. പക്ഷേ, സ്വന്തം ജീവിതത്തിൽ പ്രശ്നം വന്നപ്പോൾ പതറുന്നു.

അനേകം അനുഭവങ്ങളുടെ പിൻബലത്തിലാണ് നാം വളർന്നുവന്നത്. എന്നാൽ സ്വന്തം ജീവിതത്തിന്റെ വളരെ ഗൗരവമായ ചില പ്രശ്നങ്ങളുടെ മുമ്പിൽ വരുമ്പോൾ നിങ്ങൾക്ക് പറയാൻ പറ്റുമോ, എന്റെ ദൈവം കരുതുന്നവനാണ്, എന്റെ ദൈവം എനിക്കുവേണ്ടി കരുതുന്നു, എനിക്കുവേണ്ടി ഞാൻ കരുതേണ്ട ആവശ്യമില്ല എന്ന്.

എന്റെ ഭക്ഷണകാര്യം ഞാൻ കരുതണ്ട; എന്റെ ജോലിക്കാര്യം ഞാൻ കരുതണ്ട; എന്റെ 'പ്രമോഷന്റെ' കാര്യം ഞാൻ കരുതണ്ട; എന്റെ വിവാഹത്തിന്റെ കാര്യം ഞാൻ കരുതണ്ട; എന്റെ ഭാര്യയുടെ കാര്യം ഞാൻ കരുതണ്ട; എന്റെ രോഗത്തിന്റെ കാര്യം ഞാൻ കരുതണ്ട; എന്റെ കുടുംബത്തിന്റെ കാര്യം ഞാൻ കരുതണ്ട; എന്റെ മക്കളുടെ കാര്യം ഞാൻ കരുതണ്ട; എനിക്കുവേണ്ടി കരുതാൻ ഒരാളുണ്ട്.

നിങ്ങൾക്ക് വിശ്വസിക്കാൻ പറ്റുന്നുണ്ടോ? എനിക്കുവേണ്ടി കരുതാൻ ഒരാളുണ്ട്. എനിക്ക് നല്ല ഉറപ്പാണ്, കരുതാൻ ഒരു ദൈവമുണ്ട്. എനിക്ക് നല്ല വിശ്വാസമാണ്, എന്റെ കാര്യം കാണുന്ന ഒരു ദൈവമുണ്ട്. എന്റെ കാര്യം അറിയുന്ന ഒരു ദൈവമുണ്ട്. എന്നെ കാക്കുന്ന ഒരു ദൈവമുണ്ട്. എനിക്കുവേണ്ടി ഏറ്റവും നല്ലത് കരുതുന്ന ഒരു ദൈവമുണ്ട്. വിശ്വസിക്കാൻ കൊള്ളാവുന്നവന്റെ പുറകെയാണ് നാം പുറപ്പെട്ടിരിക്കുന്നത്. നിങ്ങളെന്തിന് ഭയപ്പെടണം? എല്ലാം വിശ്വസിച്ച് ഏല്പിക്കാം.

നിങ്ങൾ ശൂന്യതയിലേയ്ക്ക് യാത്ര ചെയ്യുന്നവരല്ല. ആരുടെ കൈയിലേയ്ക്കാണ് ജീവിതം കൊടുക്കുന്നത് എന്നുള്ള ഉറപ്പോടെ നിങ്ങൾക്ക് പോകാം. വിശ്വസിക്കാൻ കൊള്ളാവുന്നവൻ! എന്റെ മക്കൾക്ക് വേണ്ടി കരുതാൻ അവനുണ്ട്. എന്റെ കുടുംബത്തിന് വേണ്ടി കരുതാൻ അവനുണ്ട്. എന്റെ ആരോഗ്യത്തിന് വേണ്ടിക്കരുതാൻ അവനുണ്ട്.

എന്റെ കടത്തിന്റെ കാര്യം കരുതാൻ അവനുണ്ട്. എന്റെ വീടിന്റെ കാര്യം കരുതാൻ അവനുണ്ട്. എന്റെ ആഹാരത്തിന്റെ കാര്യം കരുതാൻ അവനുണ്ട്. എന്റെ രോഗത്തിന്റെ കാര്യം കരുതാൻ അവനുണ്ട്. എന്റെ സമാധാനത്തിന്റെ കാര്യം കരുതാൻ അവനുണ്ട്. അവൻ മതിയായവനാണ്. വിശ്വസിക്കാൻ കൊള്ളാവുന്നവന്റെ കൈയിലേയ്ക്കാണ് ഞാൻ എന്റെ ജീവിതം കൊടുത്തിരിക്കുന്നത്. ഈയൊരു ഉറപ്പ് നിങ്ങൾക്ക് വേണം. അതാണ് സമർപ്പണം.

*“നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്. നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന്ന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.” റോമർ 8 : 15 – 17*

എന്തൊരു ഉറപ്പാണ് പൗലോസ്ശ്ലീഹായ്ക്ക്! എന്തൊരു ധൈര്യമാണ്! എന്തൊരു സമർപ്പണമാണ്! ഈ സമർപ്പണമൊക്കെ കേൾക്കുമ്പോൾ നാം ആവേശം കൊള്ളില്ലേ? ഈ ആവേശമാണ് എനിക്ക് സുവിശേഷവേലയ്ക്ക് പ്രേരകമായത്. ഞാൻ മാനസാന്തരപ്പെട്ട് സ്ക്കൂളിൽ ജോലി കിട്ടിക്കഴിഞ്ഞപ്പോൾ അവിടെ ആഴ്ചയിൽ ഒരിക്കൽ ബൈബിൾക്ലാസ്സ് എടുത്തു. എനിക്ക് കിട്ടിയ സന്തോഷം അനേകർക്ക് കൊടുക്കണം എന്ന ഹൃദയത്തിന്റെ ദാഹമായിരുന്നു അതിന് കാരണം. വടവുകോട് സ്ക്കൂളിലെ ഹെഡ്മാസ്റ്ററും എനിക്ക് പിന്തുണ തന്നിരുന്നു. ഞാൻ കുട്ടികളെ പാട്ട് പഠിപ്പിക്കും, ബൈബിളിലെ കാര്യങ്ങൾ പറഞ്ഞു കൊടുക്കും.

കൂടുതലൊന്നും അറിയാൻ പാടില്ല. പക്ഷേ, ഒരു കാര്യം അറിയാമായിരുന്നു. എനിക്ക് അപ്പനുണ്ട്, എനിക്ക് നാഥനുണ്ട്, എനിക്ക് കർത്താവുണ്ട്. വിശ്വസിക്കാൻ കൊള്ളാവുന്ന യേശുവിനെ ഞാൻ എന്റെ ജീവിതം ഏൽപ്പിച്ചിരിക്കുകയാണ്. ഇത് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് ഞാനത് പകർന്നു കൊടുത്തുകൊണ്ടിരുന്നു. പിന്നീട് കേളേജിൽ വന്നപ്പോഴും ഞാൻ ബൈബിൾ ക്ലാസ്സുകൾ നടത്തിക്കൊണ്ടിരുന്നു - 1980 വരെ. അതു കഴിഞ്ഞപ്പോഴേക്കും കോളേജിൽ സമരങ്ങളും

ബഹളങ്ങളും ഒച്ചപ്പാടുകളും എല്ലാമായായപ്പോൾ ഞാൻ ബൈബിൾക്ലാസ്സുകൾ നിർത്തി.

ദൈവത്തിന്റെ വേലയ്ക്ക് വേണ്ടിയുള്ള ആവേശം വരുന്നത്, ഞാൻ ക്രിസ്തുവിന്റെ വകയാണ്, ജീവനുള്ള ദൈവം എന്റെ അപ്പനാണ് എന്ന ഉറപ്പ് നമുക്ക് കിട്ടുമ്പോഴാണ്. നിങ്ങൾക്ക് ആ ഉറപ്പുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾ സുവിശേഷം പറഞ്ഞുപോകും. നിങ്ങൾ മറ്റുള്ളവരോട് സാക്ഷ്യം പറഞ്ഞുപോകും. നിങ്ങളുടെ ജീവിതം മറ്റുള്ളവർക്ക് വെളിച്ചമാക്കി കാണിച്ചുകൊടുക്കും.

നിങ്ങളെ കാണുന്നവർ യേശുവിനെ കണ്ടെത്തും. നിങ്ങളുടെ സൗമ്യത, നിങ്ങളുടെ താഴ്മ, എളിമ, ലളിത ജീവിതം, വിശുദ്ധിയ്ക്ക് വേണ്ടിയുള്ള ദാഹം, തെറ്റുപറ്റരുതെന്നുള്ള നിർബ്ബന്ധം, കാര്യക്ഷമത, ആത്മാർത്ഥത, ഉത്തരവാദിത്വം, സ്നേഹം, എല്ലാവരേയും സ്നേഹത്തോടെ കാണുന്ന നിങ്ങളുടെ മനോഭാവം ഇതെല്ലാം മറ്റുള്ളവരിലേക്ക് ആവേശമായി പകരാൻ നിങ്ങൾക്ക് സാധിക്കും.

*"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ."* *1 പത്രോസ് 5 : 7*

*"നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല."* *സങ്കീർത്തനങ്ങൾ 55 : 22*

*"നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു; മരണത്തിൽ നിന്നുള്ള നീക്കു പോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നേ."*

*സങ്കീർത്തനങ്ങൾ 68 : 19, 20*

*"അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ച പേക്ഷിയ്ക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നെ."*

*സങ്കീർത്തനങ്ങൾ 57 : 2*

ഈ വാക്യങ്ങളൊക്കെ വച്ചുകൊണ്ട് ഞാൻ പ്രാർത്ഥിയ്ക്കാറുണ്ട്. ചെറുപ്രായം മുതലേ ഈ വാക്യങ്ങളൊക്കെ കാണാതെ പഠിച്ചുകൊണ്ട് പ്രാർത്ഥിക്കും. അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കുവേണ്ടി എല്ലാം നിർവ്വഹിക്കാൻ ഒരാളുണ്ട്. എനിക്കുവേണ്ടി കരുതാൻ ആളില്ലാത്ത കാലമാണ്. അപ്പനില്ലാത്തവർക്കേ അതിന്റെ വേദന മനസ്സിലാവുകയുള്ളൂ. അതുകൊണ്ട് എനിക്കുവേണ്ടി കാര്യങ്ങൾ ചെയ്യാൻ ആരുമില്ല. അപ്പോൾ അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിച്ചു.

എല്ലാം ദൈവം ചെയ്തു. എല്ലാം ദൈവം തന്നു. ഞാൻ ദൈവത്തോട് നന്ദിയുള്ളവനാണ്. എന്റെ ജീവിതത്തിന്റെ അർത്ഥം ദൈവത്തോടുള്ള നന്ദിയാണ്. ദൈവം എനിക്ക് തന്നതിനൊത്തതുപോലെ ഞാൻ ഒന്നും ചെയ്തിട്ടില്ല. ദൈവം എന്നെ സ്നേഹിച്ചതിനൊത്തതുപോലെ ഞാൻ അവനെ സ്നേഹിച്ചിട്ടില്ല. എനിക്കുവേണ്ടി ദൈവം എല്ലാം ചെയ്തു. എല്ലാമെല്ലാം തന്നു. ഭൗതികം തന്നു. ആത്മികം തന്നു. കുടുംബം തന്നു, ഭാര്യയെ തന്നു, മക്കളെ തന്നു, സാഹചര്യങ്ങൾ തന്നു, ദൈവമക്കളെ തന്നു, കൂട്ടായ്മയെ തന്നു, എല്ലാം തന്നു.

വാസ്തവത്തിൽ ആരും വിലമതിയ്ക്കാതെ തള്ളപ്പെട്ടു കിടന്നിരുന്ന കുടുംബമായിരുന്നു ഞങ്ങളുടെ കുടുംബം. ആർക്കും വേണ്ടാത്തൊരു കുടുംബം. എനിക്ക് അതെല്ലാം ഓർമ്മയുണ്ട്. ഞങ്ങൾ അനാഥത്വത്തിൽ വീർപ്പുമുട്ടിയവരായിരുന്നു. അനാഥത്വത്തിന്റെ വേദന! ശരിക്കും കയ്പ്പ് കുടിച്ചവരായിരുന്നു. എന്നാൽ ഇന്ന് ഓരോ ദിവസവും നാനാദേശങ്ങളിൽ നിന്ന് പലരും വിളിക്കുന്നു. വലിയോരു കുടുംബമാക്കി കർത്താവ് തീർത്തു. ഞാൻ അതിന്റെ സകല

നന്ദിയും യേശുവിന് അർപ്പിക്കുന്നു.

എന്നെ അനാഥസ്ഥിതിയിൽ നിന്ന് ഉയർത്തിയ ദൈവം! എന്നെ വളർത്തിയ ദൈവം! എനിക്ക് അഡ്രസ്സ് തന്ന ദൈവം! എന്നെ വിലമതിച്ച ദൈവം! മക്കളേ, ആ ദൈവം നിങ്ങളേയും വിലമതിക്കും. നിങ്ങളേയും നയിക്കും. നിങ്ങളുടെ ജീവിതവും അനാഥമാകില്ല. നിങ്ങൾ ദൈവത്തിനായി നിങ്ങളെത്തന്നെ കൊടുക്കൂ. ദൈവത്തിനായി നിങ്ങളുടെ ജീവിതം അർപ്പിക്കൂ. ദൈവത്തിന്റെ കരങ്ങളിലേക്ക് നിങ്ങളെ വിട്ടുകൊടുക്കൂ.

# എട്ട്

*“സകലവും എനിക്ക് പ്രതികൂലം തന്നെ.”*

*ഉല്പത്തി 42 : 36*

യാക്കോബിന്റെ ജീവിതത്തിലെ ഒരു വലിയ പ്രതികൂലം ആയിരുന്നു യബ്ബോക്ക് കടവിലെ പോരാട്ടം. പെനിയേലിന്റെ അടുത്ത് യബ്ബോക്ക് എന്ന സ്ഥലത്ത് വച്ച് യാക്കോബ് വലിയ ഒരു പ്രതിസന്ധി അഭിമുഖീകരിക്കേണ്ടി വന്നു. മരണം മുന്നിൽ കാണുന്നു. ഇനി ആശയ്ക്ക് വകയില്ല. കാരണം നാനൂറ് ആളുകളുമായി ഏശാവ് വരുന്നു. ഇരുപത്കൊല്ലം മുമ്പ് മരണ ഭീതിയോടെ യാക്കോബ് ഓടിയത് ഏശാവിനെ ഭയന്നാണ്. ഏശാവ്, കൊല്ലും എന്നുറപ്പായിരുന്നു. അതുകൊണ്ട് പേടിച്ച് ജീവൻ രക്ഷിക്കാനുള്ള ഓട്ടമായിരുന്നു. 600 നാഴിക ദൂരേയ്ക്കാണ് ഓട്ടം.

ബേർശേബ മരുഭൂമിയിൽക്കൂടി ഏകാകിയായി ഓടിപ്പോകുന്ന യാക്കോബ്! മരുഭൂമിയിൽക്കൂടി യാത്രചെയ്ത് പോകുമ്പോൾ എന്തെല്ലാം ചിന്തകളായിരിക്കും ഉള്ളത്? ഇനി എന്റെ ഭവനം കാണുമോ? ഭാവിയെല്ലാം അനിശ്ചിതമായിരിക്കുന്നു. ഒരുറപ്പും ഉണ്ടായിരുന്നില്ല. പക്ഷേ, ഇതെല്ലാം കഴിഞ്ഞ് 20 കൊല്ലത്തിനുശേഷം തിരിച്ചുവരുന്നു. മനസ്സ് നിറയെ ആശങ്കയാണ്. ചേട്ടൻ എന്തുചെയ്യും? ചേട്ടനെ ഞാൻ എങ്ങനെ കാണും? മരണം മുന്നിൽ കണ്ടുകൊണ്ടുള്ള പോക്ക്.

നാനൂറ് ആളുകളുമായി ഏശാവ് വരുന്നു എന്ന് യാക്കോബ് കേൾക്കുന്നു. തീർച്ചയായിട്ടും കൊല്ലും ഉറപ്പാണ്. ഇനി ഭാവിയില്ല. എന്റെ ഭാര്യമാരെ ഇനി കാണുകയില്ല. മക്കളെ

കാണുകയില്ല. സ്വത്തും ആടുമാടുകളും ദാസീദാസന്മാരും, എന്തെല്ലാം നേടി എന്നു പറഞ്ഞാലും എന്തു പ്രയോജനം? എല്ലാം നേടി. പക്ഷേ, ഞാൻ ഇതാ ഇവിടെ തീരാൻ പോകുന്നു. നിർണ്ണായകമായ, വളരെ ഗൗരവമുള്ള ഒരു സ്ഥിതിയിലേക്ക് യാക്കോബ് വന്നു.

യാക്കോബ് അന്ന് ഭാര്യമാരെയും മക്കളെയും ആടുമാടുകളെയും ദാസീദാസന്മാരെയും അക്കരെ കടത്തി. യാക്കോബ് തനിയെ ശേഷിച്ചു. യാക്കോബിന്റെ പദ്ധതി, ഏശാവ് അക്കരെ നിന്ന് വരുമ്പോൾ ആദ്യം ദാസീദാസന്മാരെ കൊല്ലട്ടെ. അവരെ കൊല്ലുമ്പോഴേക്കും എനിക്ക് ഓടി രക്ഷപ്പെടാം. അതുകഴിഞ്ഞ് കൂടിവന്നാൽ എന്റെ ഭാര്യമാരെയും മക്കളെയും കൊല്ലട്ടെ. നാനൂറ് ആളുകളുമായി വന്നാലും ഇരുപതുകൊല്ലം മുമ്പ് ഓടി രക്ഷപ്പെട്ടതുപോലെ ഞാൻ ഓടി രക്ഷപ്പെടും. പക്ഷേ, യാക്കോബ് തനിയെ ശേഷിച്ച ആ രാത്രിയാണ് യാക്കോബിന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒരു കാര്യം നടന്നത്.

> *"അങ്ങനെ അവൻ അവരെ കൂട്ടി ആറ്റിനക്കരെ കടത്തി; തനിക്കുള്ളതൊക്കെയും അക്കരെ കടത്തിയശേഷം യാക്കോബ് തനിയെ ശേഷിച്ചു. അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു; ആകയാൽ അവനോട് മല്ലുപിടിക്കയിൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക; ഉഷസ്സ് ഉദിക്കുന്നുവല്ലോ എന്ന് അവൻ പറഞ്ഞതിന്: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു. നിന്റെ പേർ എന്ത് എന്ന് അവൻ അവനോടു ചോദിച്ചതിന്: യാക്കോബ് എന്ന് അവൻ പറഞ്ഞു. നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി*

*യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും എന്ന് അവൻ പറഞ്ഞു. യാക്കോബ് അവനോട്: നിന്റെ പേർ എനിക്കു പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു: നീ എന്റെ പേർ ചോദിക്കുന്നത് എന്ത് എന്ന് അവൻ പറഞ്ഞു, അവിടെവച്ച് അവനെ അനുഗ്രഹിച്ചു. ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല എന്നു യാക്കോബ് പറഞ്ഞ്, ആ സ്ഥലത്തിനു പെനീയേൽ എന്നു പേരിട്ടു. അവൻ പെനീയേൽ കടന്നുപോകുമ്പോൾ സൂര്യൻ ഉദിച്ചു; എന്നാൽ തുടയുടെ ഉളുക്കുനിമിത്തം അവൻ മുടന്തി നടന്നു.*

*ഉല്പത്തി 32 : 23 – 31*

അനുഗ്രഹത്തിന്റെ ഒരു വലിയ രഹസ്യം നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഞാൻ ഓടി രക്ഷപ്പെട്ടുകൊള്ളാം എന്ന സ്വന്തം കഴിവിലുള്ള ആശ്രയം, എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം എന്നുള്ള യാക്കോബിന്റെ സ്വന്തം കരുത്ത്. അതിൽ ആ പുരുഷൻ തൊട്ടു. ആ പുരുഷൻ ദൈവമാണ്. ജീവനുള്ള ദൈവം യാക്കോബിന്റെ സ്വയത്തെ തകർക്കുകയാണ് ചെയ്തത്.

നമുക്കെല്ലാമുണ്ട് ഒരു സ്വയംപര്യാപ്തത. അക്കാര്യം ഞാൻ നോക്കിക്കൊള്ളാം. അത് ഞാൻ നേടിക്കൊള്ളാം. നമുക്കുണ്ട് ഒരു സ്വയം മതിപ്പ്. അതപകടമാണ്. നമ്മുടെ സ്വയത്തെ നാം താഴ്ത്തി വയ്ക്കാതെ ദൈവത്തിനു നമ്മെ അനുഗ്രഹിക്കാൻ സാധിക്കുകയില്ല. ഇന്നെനിക്ക് കഴിവുണ്ട്. ഈ കഴിവുകളെല്ലാം മാറുവാൻ, തീർന്നുപോകുവാൻ എത്ര നേരം വേണം! ഇന്നുള്ള ആരോഗ്യം തീർന്നുപോകുവാൻ എത്ര നേരം വേണം!

യാക്കോബിന് മനസ്സിലായി, എന്റെ കഴിവുകൾ ഇതാ തീർന്നു.

*"അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവ നോടു മല്ലുപിടിച്ചു." ഉല്പത്തി 32 : 24*

ഉഷസ്സാകുവോളം മല്ലുപിടിക്കുകയാണ്. അവനോട് യുദ്ധംചെയ്യുകയാണ്. സ്വയത്തിന്റെ നേരെയുള്ള യുദ്ധം! ദൈവം മനുഷ്യന്റെ ജീവിതത്തിൽ ചെയ്യുന്ന ഏറ്റവും വലിയ കാര്യം, അവന്റെ സ്വയത്തെ തകർക്കുവാൻ നോക്കുകയെന്ന താണ്. ഇന്ന് മനുഷ്യൻ സ്വയത്തിൽ ആശ്രയിച്ചു നിൽക്കുന്നു. അത് മാറിയിട്ട് ദൈവത്തിൽ ആശ്രയിക്കണം. എന്റെ പ്രാപ്തി, എന്റെ ഭാവി, എന്റെ പേര്, എന്റെ സാമർത്ഥ്യം, എന്റെ കഴിവ്, എനിക്കുള്ള അംഗീകാരം, എന്റെ നിലനിൽപ്പ് ഇങ്ങനെയുള്ള എന്റേതെല്ലാം താഴെവയ്ക്കുക. അത് താഴെ വയ്ക്കുന്നതിനു വേണ്ടിയാണ് ദൈവം നമ്മോട് പോരാടിക്കൊണ്ടിരിക്കുന്നത്. അത് താഴെ വച്ചാൽ മാത്രമേ ദൈവത്തിന് നമ്മെ അനുഗ്രഹി ക്കാൻ പറ്റൂ.

നിങ്ങളുടെ ജീവിതത്തിൽ, നിങ്ങളുടെ സകല കഴിവു കളും താഴെ വയ്ക്കൂ. നമ്മുടെ സ്വയം തകരുവാൻ, നിശ്ശേഷം അസ്തമിക്കാൻ വേണ്ടി ദൈവം അദ്ധ്വാനിക്കുന്നു. അവസാനം അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ, സ്വയം താഴെവ യ്ക്കുകയില്ല എന്നു കണ്ടപ്പോൾ യാക്കോബിന്റെ തുടയുടെ തടം തൊട്ടു. ഉളുക്കു പറ്റി. ഇനി ഓടി രക്ഷപ്പെടാൻ പറ്റുകയില്ല.

ഞാൻ നിങ്ങൾക്കൊരു വലിയ പാഠം പറഞ്ഞു തരാം. ജീവിതത്തിൽ കഷ്ടതകൾ വരുന്നത്, രോഗങ്ങൾ വരുന്നത്, എതിർപ്പുകൾ വരുന്നത്, ശത്രുത്വങ്ങൾ വരുന്നത്, ആക്രമണ ങ്ങൾ വരുന്നത് എല്ലാം നല്ലതിനാണ്. എന്താണെന്നറിയാമോ? നാം ഒന്ന് ചുരുങ്ങും. നാമൊന്ന് താഴും, എളിമപ്പെടും.

യാക്കോബ് തകർന്നു. യാക്കോബിന്റെ ആളത്വം തകർന്നു. ജീവിതത്തിൽ ഒരു brokenness (തകർച്ച) നേരിട്ടാൽ ഭാഗ്യം! ഒരാളുടെ കഴിവിന്റെ സമാപ്തിയിലേക്ക് വന്നാൽ ഭാഗ്യം. എനിക്ക് നിർവ്വാഹമില്ല കർത്താവേ എന്ന് പറയാൻ ഇട

യായാൽ ഭാഗ്യം. ഇനി നീ എന്നെ സഹായിക്കാതെ രക്ഷയില്ല എന്ന് പറയുന്ന ഒരവസ്ഥ കിട്ടിയാൽ ഭാഗ്യം. നീ ഇല്ലെങ്കിൽ, എന്റെ സ്വന്തം പണംകൊണ്ടോ സ്വന്തം ആരോഗ്യംകൊണ്ടോ സ്വന്തം ബന്ധുബലംകൊണ്ടോ സ്വന്തം പാരമ്പര്യംകൊണ്ടോ സ്വന്തം കുടുംബമഹിമകൊണ്ടോ എന്റെ വിദ്യാഭ്യാസം കൊണ്ടോ ഒന്നും ഞാൻ നേടില്ല. ഇതെല്ലാം എനിക്ക് പ്രയോജ നമില്ലാതാകാൻ അധികം നേരമൊന്നും വേണ്ട എന്നുള്ള കാഴ്ച പ്പാട് കിട്ടിയാൽ നിങ്ങൾ രക്ഷപ്പെട്ടു. യാക്കോബ് ക്ഷീണിത നായി, അവശനായി, ഓടാൻ വയ്യാതായി. ഇതുവരെ ദൈവം ഇങ്ങോട്ട് മല്ല് പിടിക്കുന്നു. ഇപ്പോൾ യാക്കോബ് അങ്ങോട്ട് മല്ല് പിടിക്കുന്നു.

*"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു."*

*ഉല്പത്തി 32 : 26*

യാക്കോബ് നിർബ്ബന്ധമായി ദൈവത്തെ കയറിപ്പിടിച്ചു. ദൈവത്തോട് പ്രാർത്ഥിച്ചു. എന്നെ നീ അനുഗ്രഹിക്കണം. ഇനി എനിക്ക് രക്ഷയില്ല. എന്റെ സഹോദരൻ എന്നെ കൊല്ലാൻ വന്നാൽ എനിക്ക് ഓടാൻ പറ്റില്ല. എന്റെ ഭാവി ഇതാ അവസാനിക്കാൻ പോകുന്നു. എന്റെ ജീവിതമിതാ തീരാൻ പോകുന്നു. അക്കരെ കടത്തിവിട്ട ഭാര്യമാരെ ഇനി ഞാൻ കാണില്ല. അക്കരെ കടത്തിവിട്ട മക്കളെ ഇനി കാണില്ല. വേല ക്കാരെ കാണുകയില്ല. ദാസീദാസന്മാരും ആടുമാടുകളും ധാരാളമുണ്ട്. ഒന്നും എനിക്ക് പ്രയോജനം ചെയ്യുകയില്ല. കർത്താവേ, എന്റെ ആയുസ്സ് തീർന്നാൽ പിന്നെ എന്തെല്ലാ മുണ്ട് എന്ന് പറഞ്ഞിട്ടെന്തു കാര്യം? കർത്താവേ, ഇനി എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.

അപ്പോൾ അനുഗ്രഹത്തിനുള്ള വ്യവസ്ഥ വരുന്നു. ഞാൻ നിന്നെ അനുഗ്രഹിക്കാം പക്ഷേ, നിന്റെ പേരെന്ത്? അനുഗ്രഹി ക്കാനാണ് ഞാൻ വന്നത്. പക്ഷേ, അതിനൊരു വ്യവസ്ഥയുണ്ട്. നീ ആരാണ്? നീ അനുതപിക്കേണ്ടിയിരിക്കുന്നു. നിന്റെ ജീവി

തത്തിൽ തെറ്റ് തിരുത്തേണ്ടിയിരിക്കുന്നു. നിന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ നീ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇരുപത് കൊല്ലം മുമ്പ് കണ്ണുകാഴ്ച മങ്ങിയ വൃദ്ധനായ അപ്പൻ യിസ്ഹാക്കിന്റെ മുമ്പിൽ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് നുണപറഞ്ഞ നാവുകൊണ്ട് നീ തിരുത്തി പറയണം. യാക്കോബിന്റെ ശബ്ദം കേട്ടപ്പോൾ അപ്പൻ പറഞ്ഞു: മോനേ, നിനക്ക് യാക്കോബിന്റെ ശബ്ദമാണല്ലോ, നീ ആരാണ്? അപ്പാ, ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്! ഒരു കൂസലും ഇല്ലാതെ യാണ് പറയുന്നത്. അപ്പന് കണ്ണുകാഴ്ചയില്ലല്ലോ. “നീ അടു ക്കൽ വന്നേ ഞാൻ ഒന്നു തപ്പിനോക്കട്ടെ.” ഏശാവിന്റെ രോമാ വൃതമായ ശരീരമാണെന്ന് തോന്നത്തക്കവണ്ണം റിബേക്ക നേരത്തെ തന്നെ ആട്ടിൻകുട്ടിയുടെ തോൽകൊണ്ട് യാക്കോ ബിനെ പൊതിഞ്ഞാണ് വിട്ടിരിക്കുന്നത്.

അപ്പൻ തപ്പിനോക്കി. പാവം, വൃദ്ധനായ കണ്ണുകാഴ്ച ഇല്ലാത്ത യിസ്ഹാക്ക് പറയുന്നു: “ശബ്ദം യാക്കോബിന്റേത്, ശരീരം ഏശാവിന്റേത്. ആർക്കറിയാം?” വൃദ്ധനായ മനുഷ്യനെ കബളിപ്പിച്ചു. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് പറഞ്ഞ ആ പാപം യാക്കോബിനെ പിന്തുടരുകയാണ്. ഏതെല്ലാം രംഗ ങ്ങളിലാണ് ആ പാപം പിന്തുടരുന്നത്?

വേദപുസ്തകചരിത്രം വായിച്ചാൽ നാം ഞെട്ടിപ്പോകും. യാക്കോബ് അപ്പന്റെ അടുക്കൽനിന്ന് ഏശാവിനെ പേടിച്ചോടി യിട്ട് ലാബാന്റെ വീട്ടിൽ ചെന്നപ്പോൾ ലാബാൻ കബളിപ്പിച്ചു. ലാബാൻ റാഹേലിനെ കൊടുക്കാമെന്ന് പറഞ്ഞ് ലേയയെ കൊടുത്തു. യാക്കോബിന് സ്വന്തം പാപത്തിന്റെ തിരിച്ചടികൾ നേരിടേണ്ടി വന്നു. “Be sure, your sin will find you out.” നിശ്ചയ മായും നിന്റെ പാപം നിന്നെ കണ്ടെത്തും!

നീ പാപം ചെയ്തിട്ട് എവിടെ മറഞ്ഞിരുന്നാലും പാപം നിന്നെ കണ്ടെത്തും. സംശയിക്കണ്ട, ഉറപ്പാണ്. ഇന്നല്ലെങ്കിൽ നാളെ പാപം നമ്മെ കണ്ടെത്തും. നിത്യതയിലേക്കൊന്നും പോക

ണ്ട. മരിച്ചതിന് ശേഷവുമല്ല, ഇവിടെവച്ച് തന്നെ.

As you sow, sow you reap.

*"മനുഷ്യൻ വിതയ്ക്കുന്നതുതന്നേ കൊയ്യും."*

*ഗലാത്യർ 6 : 7*

ഇന്ന് നമുക്ക് ആരോഗ്യമുണ്ട്, തന്റേടമുണ്ട്, ആരോടും എന്തും പറയാം. വാഗ്വാദം ചെയ്യാം, തന്റേടത്തോടെ നിൽക്കാം. പക്ഷേ, നമ്മുടെ പാപം നമ്മെ കണ്ടെത്തുന്ന നാൾ അടുത്തു വരുന്നു. യാക്കോബ് അറിഞ്ഞില്ല അപ്പനോട് നുണ പറഞ്ഞത് എന്റെ ജീവിതത്തിൽ കെടുതികൾ വരുന്നതിനു കാരണ മായിത്തീർന്നല്ലോ എന്ന്.

ജീവിതത്തിൽ വന്നുപോയതെന്തെല്ലാമുണ്ടോ, എല്ലാ മൊന്ന് ഛർദ്ദിച്ച് കളഞ്ഞാൽ, തുറന്ന് ഏറ്റുപറഞ്ഞു കഴി ഞ്ഞാൽ നിങ്ങൾക്ക് സ്വസ്ഥത കിട്ടും. നിങ്ങൾ ആവശ്യമി ല്ലാത്ത ഭാരങ്ങൾ ചുമന്നുകൊണ്ട് നടക്കുന്നതെന്തിനാണ്? നിങ്ങളുടെ തിന്മകൾ നിങ്ങൾ ചുമന്നുകൊണ്ട് നടക്കുന്നതെ ന്തിന്? ഒരിക്കലായിട്ട് ഏറ്റുപറഞ്ഞുപേക്ഷിച്ചാൽ നിങ്ങൾക്ക് സ്വസ്ഥത കിട്ടും. നിങ്ങളുടെ മനസ്സിന് സമാധാനം കിട്ടും. നിങ്ങളുടെ ഹൃദയത്തിന് വലിയ സ്വസ്ഥത കിട്ടും.

എന്റെ ചെറുപ്പകാലത്ത്, പഴന്തോട്ടം പള്ളിയിലാണ് അന്ന് സൺഡേസ്കൂൾ. സൺഡേസ്കൂളിൽ തലേന്ന് രാത്രി കൺവൻഷൻ പ്രസംഗം നടക്കുന്നു. കൺവൻഷൻ നാലഞ്ച് ദിവസമുണ്ട്. ഇലവനാമണ്ണിൽ തോമസ്സച്ചനാണ് പ്രസംഗിക്കു ന്നത്. ഞാൻ ആ പ്രസംഗം കേട്ടു. രാത്രി വീട്ടിൽ വന്നിട്ട് എന്റെ ജീവിതത്തിൽ വന്നുപോയ സകല പാപങ്ങളും, എന്റെ ഓർമ്മ യിലുള്ളതെല്ലാം ഒരു കടലാസ്സിൽ എഴുതിവച്ചു. എന്നിട്ട് അതി രാവിലെ പള്ളിയിൽ ചെന്ന് അച്ചനോട് എനിക്കൊന്നു കുമ്പ സാരിക്കണം എന്ന് പറഞ്ഞു. അച്ചൻ ഇരുന്നു. കുറേ നേരം കഴിഞ്ഞപ്പോൾ അച്ചന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വീണ് എന്റെ തല നനയുന്നു. ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞു

കൊണ്ടിരുന്നപ്പോൾ എന്നെക്കാൾ കൂടുതൽ, പാപം കേട്ട അച്ചൻ കരയുന്നു.

പാപം ഹൃദയത്തിൽനിന്ന് ഒഴിവായാൽ എന്തൊരു സ്വസ്ഥതയാണ്! എന്തൊരു സ്വാതന്ത്ര്യമാണ്!

യാക്കോബ് സ്വന്തം നാവെടുത്ത് പറഞ്ഞു: ഞാൻ യാക്കോബ്. ഉടനെ ദൈവം പറഞ്ഞു:

> *"നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും എന്ന് അവൻ പറഞ്ഞു." ഉല്പത്തി 32 : 28*

The prince of God! ദൈവത്തിന്റെ പ്രഭു എന്നു പേരാകും. യാക്കോബിനു പുതിയ പേരു കിട്ടി. യാക്കോബിന് അനുഗ്രഹം കിട്ടി. സൂര്യൻ ഉദിച്ചു.

> *"എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്നു പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ട് അവിടെ രാപാർത്തു." ഉല്പത്തി 28 : 10, 11*

ഇരുപത് വർഷംമുമ്പ് വീട്ടിൽ നിന്ന് പുറപ്പെട്ടപ്പോൾ സൂര്യൻ അസ്തമിച്ചു. വീട്ടിൽനിന്ന് പുറപ്പെട്ട് ഹാരാനിലെത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. ആ സൂര്യൻ പിന്നെ ഉദിക്കുന്നത് പെനീയേലിൽ വച്ചാണ്. യബ്ബോക്ക് കടവിൽ വച്ചാണ്.

നിങ്ങളുടെ ജീവിതത്തിൽ പാപമുണ്ടെങ്കിൽ സൂര്യൻ അസ്തമിച്ചു. നീതിസൂര്യൻ കെട്ടുപോയി. കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിലില്ല. നിങ്ങളുടെ ജീവിതത്തിൽ പാപം ഏറ്റുപറഞ്ഞ് മോചനം കിട്ടിക്കഴിയുമ്പോൾ സൂര്യൻ ഉദിച്ചു. ക്രിസ്തു നിങ്ങളുടെ ഉള്ളിലേക്ക് വന്നു.

എത്ര ഹീനമായ കാര്യങ്ങളാണെങ്കിലും, മ്ലേച്ഛമായ കാര്യങ്ങളാണെങ്കിലും, പുറത്ത് പറയാൻ അറയ്ക്കുന്ന കാര്യങ്ങളാ

ണെങ്കിലും എല്ലാം തുറന്ന് ഏറ്റു പറഞ്ഞുപേക്ഷിക്കുക. ഒന്നും മറച്ച് വയ്ക്കരുത്. മറച്ചു വയ്ക്കുന്തോറും നിങ്ങളുടെ ഹൃദയത്തിൽ അത് ചീഞ്ഞ് ദുർഗന്ധം വ്യാപിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ജീവിതത്തിൽ പാപം നിങ്ങളെ കണ്ടെത്തുന്നതിനു മുമ്പ് നിങ്ങൾ പാപത്തെ കണ്ടെത്തി ഉപേക്ഷിക്കുക. എന്നിട്ട് കർത്താവായ യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക.

ഇന്ന് ഹൃദയത്തിൽ സൂര്യൻ ഉദിക്കട്ടെ. നിങ്ങളുടെ സ്വയം മൂലം, നിങ്ങളുടെ ജഡം മൂലം, നിങ്ങളുടെ പാപ ഇമ്പങ്ങൾ മൂലം, പാപത്തോടുള്ള ആസക്തിമൂലം സൂര്യൻ അസ്തമിച്ചിരിക്കുന്നു. എന്നാൽ അസ്തമിച്ച സൂര്യൻ ഉദിക്കും ഉറപ്പാണ്. നിങ്ങളോട് ഇടപെടുന്ന, നിങ്ങളോട് യുദ്ധം ചെയ്യുന്ന, നിങ്ങളോട് പോരാടുന്ന ജീവനുള്ള ദൈവത്തെ തിരിച്ചറിഞ്ഞ് നിങ്ങൾ പാപത്തെ ഏറ്റുപറയുക.

യാക്കോബിന്റെ ജീവിതത്തിൽ സൂര്യനുദിച്ചു. യാക്കോബ് അനുഗ്രഹിക്കപ്പെട്ടു. യാക്കോബ് ദൈവത്തിന്റെ പ്രഭുവായി മാറി. നിങ്ങൾ ക്രിസ്തുവിന്റെ പ്രഭുവായി മാറണം. നിങ്ങൾക്ക് നല്ല കാലങ്ങൾ ഇനിയും ലഭിക്കും. ശോഭനമായ കാലങ്ങൾ ലഭിക്കും. സമാധാനകാലങ്ങൾ ലഭിക്കും. നിങ്ങൾ മനുഷ്യരെ മറക്കുക, യേശുവിനെ മാത്രം കാണുക.

നിങ്ങളുടെ പാപം ക്ഷമിക്കാൻ യേശുവിന്റെ തിരുരക്തം മതിയായതാണ്. നിങ്ങൾ വിശ്വസിക്കൂ. എനിക്കിതേ പറയാനുള്ളൂ. എനിക്ക് സമാധാനം തന്ന യേശു! എനിക്ക് മേൽവിലാസം തന്ന യേശു! എനിക്ക് ഹൃദയത്തിൽ സ്വസ്ഥത തന്ന യേശു! എന്റെ പാപങ്ങൾ ക്ഷമിച്ചു തന്ന യേശു! ഈ യേശു നല്ലവനാണ്. നിങ്ങളുടെ ജീവിതം കർത്താവിന് കൊടുക്കൂ.

> *“ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരി*

*ക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി."*

*സങ്കീർത്തനങ്ങൾ 32 : 1 – 3*

മിണ്ടാതിരുന്നപ്പോൾ എന്നുവച്ചാൽ ഞാൻ പാപം ഏറ്റുപറയാതിരുന്നപ്പോൾ എന്റെ അസ്ഥികൾക്കുപോലും ക്ഷയം തട്ടി. I was not ready to confess my sins. എന്റെ പാപം ഏറ്റുപറയാൻ ഞാൻ തയ്യാറല്ലായിരുന്നു.

*"രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു; എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി."*

*സങ്കീർത്തനങ്ങൾ 32 : 4*

രാവും പകലും എന്റെ മനസ്സ് വലിയ ചുമട് ചുമക്കുന്നതുപോലെയായിരുന്നു. എന്റെ പാപം മാറാത്തതുകൊണ്ട്, പാപം ക്ഷമിച്ചു കിട്ടാത്തതുകൊണ്ട്, പാപം ഏറ്റുപറയുവാൻ മനസ്സില്ലാത്തതുകൊണ്ട്, കർത്താവേ, വലിയോരു ഭാരം എന്നെ അലട്ടിയിരുന്നു. ഭാരച്ചുമട് എന്റെമേൽ ഉണ്ടായിരുന്നു. വേനൽക്കാലത്തിലെ ഉഷ്ണത്തിൽ വറ്റിപ്പോകുന്നതുപോലെ എന്റെ മജ്ജ വറ്റിപ്പോയി.

*"ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു."* *സങ്കീർത്തനങ്ങൾ 32 : 5*

ഏറ്റുപറഞ്ഞില്ല, ഏറ്റുപറയും എന്നു തീരുമാനിച്ചപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു. വിശ്വസിക്കൂ. പാപം ഇനി മറച്ചുവയ്ക്കരുത്.

*"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്ന*

*വനോ കരുണ ലഭിക്കും."*

*സദൃശവാക്യങ്ങൾ 28 : 13*

നിങ്ങളുടെ പാപം ഏറ്റുപറയുക. നിങ്ങളുടെ സ്വയത്തെ തകർക്കാൻ വിട്ടുകൊടുക്കുക. ദൈവകരങ്ങളിലേക്കു നിങ്ങൾ നിങ്ങളെത്തന്നെ ഏൽപ്പിക്കുക. കർത്താവേ, നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല. നിങ്ങളുടെ ജീവിതത്തിൽ ഇന്ന് അസ്തമിച്ചുപോയ സൂര്യൻ ഉദിക്കുന്ന ദിവസമായി തീരട്ടെ. നിങ്ങളുടെ കെട്ടുപോയ ദീപം ഇന്ന് കത്തട്ടെ. നിങ്ങളുടെ ജീവിതത്തിലെ നഷ്ടപ്പെട്ടുപോയ പ്രതീക്ഷകൾ ഇന്ന് തളിരണിയട്ടെ, പൂവണിയട്ടെ. നഷ്ടപ്പെട്ടുപോയ പ്രസാദാത്മകത്വം നിങ്ങളിലേക്ക് മടങ്ങി വരട്ടെ.

## ഒൻപത്

ദൈവത്തിന്റെ സാക്ഷികൾ ലജ്ജിതരാകാൻ ദൈവം സമ്മതിക്കുകയില്ല. നാം നിന്ദിതരാകാൻ, പിശാച് നമ്മെ നിന്ദിക്കാൻ ദൈവം വിട്ടുകൊടുക്കുകയില്ല. പ്രയാസങ്ങളുണ്ട്, പ്രശ്നങ്ങളുണ്ട്. ജീവിതത്തിൽ അനേകം ക്ലേശങ്ങളുണ്ട്. പരാജയങ്ങളുണ്ട്. പക്ഷേ, അതിന്റെയെല്ലാം അപ്പുറത്ത് വിജയം തന്ന് കർത്താവ് നടത്തും. അത് നിങ്ങൾ വിശ്വസിച്ച് കർത്താവിൽ വ്യക്തിപരമായി ആശ്രയിക്കണം.

നിങ്ങളോരോരുത്തരും ഒരു റിലേ മത്സരത്തിലാണ്. ഓരോ ടീമിലേയും ഒരാളുടെ കൈയിൽ ഓരോ ബാറ്റൺ. അതുകൊണ്ട് ഒരാൾ കുതിച്ചോടും. കാത്തുനിൽക്കുന്ന അടുത്തയാൾക്ക് ബാറ്റൺ കൈമാറുന്നു. ഇങ്ങനെ ഏറ്റുവാങ്ങി ഏറ്റുവാങ്ങി അവർ നാല് പേരും മത്സരിച്ചോടുന്നു.

നിങ്ങൾ ഒരു നല്ല മാതൃകാജീവിതം കാഴ്ച വച്ചാൽ നിങ്ങളുടെ മക്കൾക്ക്, മക്കളുടെ മക്കൾക്ക് മറ്റനേകം പേർക്ക് ഈ ആത്മീയ അനുഗ്രഹങ്ങൾ കൈമാറിക്കൊടുക്കാൻ പറ്റും. ബാറ്റൺ കൈമാറുന്നതു പോലെ ഈ വെളിച്ചം കൈമാറണം. കർത്താവ് നമുക്കൊരു പന്തം തരികയാണ്. ആ പന്തം അടുത്തയാൾക്ക് കൈമാറണം. വാങ്ങാൻ ചിലർ അടുത്തിങ്ങനെ കാത്തു നിൽക്കുകയാണ്. മക്കളാവണമെന്നില്ല, മക്കളുടെ മക്കൾ ആവണമെന്നില്ല, ഈ പന്തം ഏറ്റുവാങ്ങി ഉയർത്തിപ്പിടിച്ചുകൊണ്ട് ഓടാൻ കാത്തുനിൽക്കുകയാണ്. എന്നെക്കൊണ്ട് ആകുന്നത്ര വേഗത്തിൽ ഞാൻ ഓടണം. റിലേ മത്സരത്തിന്റെ പ്രത്യേകത, ഓടുമ്പോൾ ഒരാൾക്ക് എവിടെയെ

ങ്കിലും അൽപ്പം അലസത പറ്റിയാൽ ആ ഗ്രൂപ്പിന് മുഴുവൻ കേട് വരും. അതുകൊണ്ട് ഓരോരുത്തരും ഉത്തരവാദിത്വ ത്തോടെ അത് ഏറ്റുവാങ്ങിക്കൊണ്ട് ഓടണം.

ക്രിസ്തീയജീവിതം അങ്ങനെയാണ്. നമ്മൾ ദൈവത്തിൽ നിന്ന് കൃപ പ്രാപിച്ചുകൊണ്ട് ലോകത്തിന്റെ മുമ്പിൽ പന്ത മായി നിന്ന്, നല്ല മാതൃകയായി മുന്നോട്ട് പോകണം.

*"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു."* *2 കൊരിന്ത്യർ 5 : 17*

സ്വന്തം വീട്ടിൽ ഒരു പുതിയ സൃഷ്ടിയായി നിങ്ങൾ നിൽക്കണം. നിങ്ങളുടെ ഭാര്യ, നിങ്ങളുടെ മക്കൾ, നിങ്ങളുടെ മാതാപിതാക്കൾ, അവർ പറയണം: എന്റെ ഭർത്താവ് പഴയ ആളല്ല, എന്റെ മോൻ പഴയ ആളല്ല, എന്റെ അപ്പൻ പഴയ ആളല്ല. അങ്ങനെ മറ്റുള്ളവർ നിങ്ങളെ നോക്കി പറയത്തക്കവണ്ണം പുതിയ സൃഷ്ടി ആകണം. അപ്പോഴേ ക്രിസ്തീയജീവിതം ആകുന്നുള്ളൂ. കുറേ പ്രസംഗിച്ചിട്ട് കാര്യമില്ല. പ്രസംഗം എന്നു ള്ളതിനേക്കാൾ കൂടുതൽ, ഹൃദയം എപ്പോഴും ആർദ്രമായി രിക്കണം; അലിവുള്ളതായിരിക്കണം; മറ്റുള്ളവരുടെ വേദന കൾ കാണുന്നതായിരിക്കണം; മറ്റുള്ളവരോട് സഹതാപമുള്ള തായിരിക്കണം.

എത്രപേരെ എനിക്കുയർത്താൻ പറ്റും? എത്രപേരെ എനിക്ക് സഹായിക്കാൻ പറ്റും? എനിക്കെത്രത്തോളം അനുഗ്ര ഹപാത്രമായി നിൽക്കാൻ പറ്റും? എത്രത്തോളം എനിക്ക് ഒരു പുതിയ സൃഷ്ടിയായി നിൽക്കാൻ പറ്റും? ഇങ്ങനെ ജീവിതം തന്നെ ഒരു വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് നിങ്ങൾ ധീര തയോടെ മുന്നോട്ടു പോകണം.

നിങ്ങൾ പറയും: ശമ്പളംകൊണ്ട് മതിയാകുന്നില്ല, വരു മാനംകൊണ്ട് മതിയാകുന്നില്ല. എന്തൊരു ചെലവാണ്? കൊച്ചിന്റെ രോഗമായി, ചികിത്സയായി, ഭാര്യയുടെ ചികിത്സ യായി, അമ്മയുടെ ചികിത്സയായി, അപ്പന്റെ ചികിത്സയായി

എന്തെല്ലാം കാര്യങ്ങളാണ്? ഒട്ടും നിനച്ചിരിയാതെ വീട്ടിൽ വിരുന്നുകാർ വന്നു, അതിന്റെ ചെലവായി. നിനച്ചിരിയാതെയുള്ള ചെലവുകൾ!

ധാരാളം സ്വത്തുകിട്ടിയാലും രൂപ കിട്ടിയാലും സമാധാനം കിട്ടണമെന്നില്ല. സമാധാനം വരുന്നത് ക്രിസ്തുവിൽക്കൂടി യാണ്. ക്രിസ്തു മാത്രമാണ് സമാധാനം. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വന്നാൽ സമാധാനമായി. ക്രിസ്തു ഹൃദയ ത്തിൽ വന്നു എന്നുപറഞ്ഞാൽ പാപം ക്ഷമിച്ചു എന്നാണ് അതിന്റെ അർത്ഥം. നമ്മുടെ കഴിഞ്ഞകാലജീവിതം മുഴുവൻ കഴുകിക്കിട്ടി എന്നൊരുറപ്പ് കിട്ടിയാൽ എന്തൊരു സമാധാന മാണ്!

ഞങ്ങളെ ആത്മീയം അഭ്യസിപ്പിച്ച ആത്മീയപിതാവിന്റെ അടുക്കൽ വന്ന് അനേകം പേർ സമർപ്പിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് വ്യാപരിക്കുമ്പോൾ എന്തൊരു സ്വസ്ഥതയാണ്! സമാധാനമാണ്! എന്തൊരു വിടുതലാണ്!

നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ ജീവിതത്തിൽ ക്രിസ്തു വന്ന് നിറയണം. ക്രിസ്തുവിന് മാത്രം എന്റെ ഹൃദയത്തിൽ ഇടം വരണം. പണത്തിനിടം വരാൻ പാടില്ല. ലോകകാര്യങ്ങൾക്കൊന്നിനും ഇടം വരാൻ പാടില്ല. ക്രിസ്തു എന്നിൽ നിറയണം. ഇത് നിങ്ങളുടെ ജീവിതത്തിന്റെ വാഞ്ഛയാകണം; അപ്പോൾ നിങ്ങൾക്ക് തന്നെത്താൻ മനസ്സി ലാക്കാം ഇതുവരെ കിട്ടാത്ത ഏതോ ഒരു നിധി എനിക്ക് കിട്ടി എന്ന്.

യാക്കോബ്, യബ്ബോക്ക് കടവിൽവച്ച് പ്രാർത്ഥിച്ചു: “നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.” ദൈവ ത്തോട് പറയുകയാണ്: ഇനി എന്നെ അനുഗ്രഹിക്കണം. എന്റെ തുട ഉളുക്കിപ്പോയി. ഇനി ഓടി രക്ഷപ്പെടാൻ നിർവ്വാഹ മില്ല. യാക്കോബ് ദൈവത്തോട് നിർബ്ബന്ധമായി ചോദിച്ചു. അനുഗ്രഹം കിട്ടി. അതുവരെ അസ്തമിച്ചുപോയിരുന്ന ജീവിതസൂര്യൻ ഉദിച്ചു. യാക്കോബിന്റെ ജീവിതത്തിൽ നിരാശ

യിലാണ്ടു പോയപ്പോൾ സൂര്യൻ അസ്തമിച്ചുപോയിരുന്നു. എനിക്കാരുമില്ല എന്ന സ്ഥിതിയിലായപ്പോൾ സൂര്യൻ അസ്ത മിച്ചു. ജീവിതത്തിൽ മുന്നോട്ടൊരു ഗതിയില്ലാത്തപ്പോൾ സൂര്യൻ അസ്തമിച്ചു. എല്ലാവാതിലും അടഞ്ഞു. എല്ലാ വഴിയും മുട്ടി.

നിങ്ങളുടെ ജീവിതത്തിൽ സൂര്യൻ അസ്തമിച്ചിരിക്കുക യാണോ? നിരാശകൾ, അസംതൃപ്തികൾ നിങ്ങളെ ബാധിച്ചി രിക്കുകയാണോ? മനസ്സിൽ വിഷാദഭാവം ബാധിച്ചിരിക്കുക യാണോ? ഏതെങ്കിലും ആകുലങ്ങളോ ആവലാതികളോ നിങ്ങളെ വന്ന് പിടികൂടിയിരിക്കുകയാണോ?

എന്നാൽ ഒരു കാര്യം കേൾക്കൂ. യാക്കോബിന്റെ ജീവിത ത്തിൽ സൂര്യനുദിച്ചതുപോലെ നിങ്ങളുടെ ജീവിതത്തിലും ഒരു പ്രകാശമുദിക്കും. ഈ ഇരുൾ ഏറെ നിൽക്കുകയില്ല. ഇന്നത്തെ നിരാശ ഏറെ നിൽക്കുകയില്ല. യാതന ഏറെ നിൽക്കുകയില്ല. അസംതൃപ്തി ഏറെ നിൽക്കുകയില്ല; ദുരിതങ്ങൾ ഏറെക്കാലം നിൽക്കുകയില്ല; ആവലാതികളോ സങ്കടങ്ങളോ യാതനകളോ ഏറെക്കാലം നിൽക്കുകയില്ല. നിങ്ങൾ വിശ്വസിക്കൂ, നീതിസൂ ര്യൻ എന്റെ ഹൃദയത്തിൽ ഉദിക്കും.

എന്റെ ഹൃദയത്തിൽ നീതിസൂര്യനുദിക്കുമ്പോൾ നിരാശ യുടെയും പരിഭവത്തിന്റെയും വൈരാഗ്യത്തിന്റെയും അന്ധ കാരം മാറും. മറ്റുള്ളവരോടുള്ള വിദ്വേഷത്തിന്റെ അന്ധകാരം മാറും. മറ്റുള്ളവർ എന്നെ പരിഗണിച്ചില്ല എന്നുള്ള നിരാശ മാറി യിട്ട് പ്രത്യാശയുടെ സൂര്യനുദിക്കും. ഇന്നത്തെ കഷ്ടതകളും ദുരിതങ്ങളും മാറും. ഇന്നത്തെ ചെറുപ്പക്കാർക്കെല്ലാം വലിയ ടെൻഷനുണ്ട്. സൂര്യനുദിക്കുമ്പോൾ ഈ ടെൻഷന്റെ അന്ധ കാരം മാറും.

യാക്കോബ് പറഞ്ഞു: “സകലവും എനിക്ക് പ്രതികൂലം തന്നെ.” യാക്കോബ് തന്നെത്താൻ തിരിഞ്ഞുനോക്കി. ഓർക്കാ നുള്ളതെല്ലാം പ്രതികൂലം! അപ്പൻ വയോവൃദ്ധനായിട്ട് കിടക്കു ന്നു. ചേട്ടൻ ശത്രുവായിട്ടിതാ വരുന്നു. ഏറ്റവും പ്രിയപ്പെട്ട

ഭാര്യ രണ്ടാമത്തെ പ്രസവത്തോടെ മരിച്ചുപോയിരിക്കുന്നു. കുഞ്ഞുങ്ങൾ പന്ത്രണ്ട് പേരുണ്ട്. ചോരക്കുഞ്ഞ് ബെന്യാമീൻ. അവന്റെ അമ്മ മരിച്ചുപോയിരിക്കുന്നു. ദാസീദാസന്മാരുണ്ട്, ആടുമാടുകളുണ്ട്, എല്ലാമുണ്ട്. പക്ഷേ, സമാധാനം മാത്രമില്ല. ധാരാളം സ്വത്തുണ്ട്. ഇരുപതുകൊല്ലം കൊണ്ട് ധാരാളം സമ്പാദിച്ചു. യാക്കോബ് സകലവും എനിക്ക് പ്രതികൂലം തന്നെ എന്ന് പറയാനുള്ള സാഹചര്യത്തിലേക്ക് വരുന്നത് കടുത്ത ഒരാഘാതം നേരിട്ടപ്പോഴാണ്.

ഉൽപ്പത്തി 37-ാം അദ്ധ്യായത്തിൽ യാക്കോബിന് വലിയ ഒരു വേദനാവിഷയം വന്നു. യാക്കോബിനേറ്റ ഏറ്റവും വലിയ ആഘാതമായിരുന്നു അത്. യാക്കോബ് ലാളിച്ച് ഓമനിച്ചു വളർത്തുന്ന ബാലനാണ് യോസേഫ്. യാക്കോബിന്റെ ഏറ്റവും ഇഷ്ടപുത്രനായിരുന്നു യോസേഫ്. യോസേഫിനെ ഏതോ ദുഷ്ടമൃഗം കടിച്ചുപറിച്ചു തിന്നുകളഞ്ഞു എന്നുള്ള വാർത്ത കിട്ടി. തെളിവായിട്ട് യോസേഫിന്റെ വസ്ത്രം കൊണ്ടുവന്ന് കാണിച്ചു. കാട്ടുമൃഗം തിന്നുപോയി എന്ന് അപ്പന് തോന്നത്തക്കവണ്ണം പെരുമാറിയതെല്ലാം സ്വന്തം സഹോദരങ്ങളാണ്. സഹോദരന്മാർ കളവായിരുന്നു പറഞ്ഞത്.

യാക്കോബ് യോസേഫിനെ ഏറ്റവും അധികം സ്നേഹിച്ചു. അവന് പ്രത്യേകം അങ്കിയുണ്ടാക്കിക്കൊടുത്തു.

> *"യോസേഫ് വാർദ്ധക്യത്തിലെ മകനാകകൊണ്ട് യിസ്രായേൽ എല്ലാ മക്കളിലും വച്ച് അവനെ അധികം സ്നേഹിച്ച് ഒരു നിലയങ്കി അവന് ഉണ്ടാക്കിച്ചുകൊടുത്തു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അവനെ അധികം സ്നേഹിക്കുന്നു എന്ന് അവന്റെ സഹോദരന്മാർ കണ്ടിട്ട് അവനെ പകച്ചു; അവനോട് സമാധാനമായി സംസാരിപ്പാൻ അവർക്ക് കഴിഞ്ഞില്ല."* *ഉല്പത്തി 37 : 3, 4*

അപ്പന് ഞങ്ങളോടുള്ളതിനേക്കാൾ കൂടുതൽ സ്നേഹം യോസേഫിനോടാണ്. അതുകൊണ്ട് സഹോദരന്മാരെല്ലാവരും

യോസേഫിനെ പകച്ചു. ഒരു നല്ല വാക്ക് പറയാൻ അവർക്ക് കഴിഞ്ഞില്ല.

> *“യോസേഫ് ഒരു സ്വപ്നം കണ്ടു; അത് തന്റെ സഹോദരന്മാരോട് അറിയിച്ചതുകൊണ്ട് അവർ അവനെ പിന്നെയും അധികം പകച്ചു.”*
>
> *ഉല്പത്തി 37 : 5*

ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിന്റെ ആകമാനം ആശയം എന്താണ്? യോസേഫ് ഭരണാധികാരി ആകും. സഹോദരന്മാരും അമ്മയും അപ്പനും എല്ലാവരും യോസേഫിന്റെ മുമ്പിൽ വീണു വണങ്ങും. ഇതാണ് സ്വപ്നത്തിന്റെ അർത്ഥം. യോസേഫ് ഈ സ്വപ്നം പറഞ്ഞു. നിങ്ങളൊക്കെ എന്റെ മുമ്പിൽ വേലക്കാരെപ്പോലെ വീണു വണങ്ങും!

> *“അവൻ അവരോട് പറഞ്ഞത്: ഞാൻ കണ്ട സ്വപ്നം കേട്ടുകൊൾവിൻ. നാം വയലിൽ കറ്റ കെട്ടിക്കൊണ്ടിരുന്നു; അപ്പോൾ എന്റെ കറ്റ എഴുന്നേറ്റ് നിവർന്നു നിന്നു; നിങ്ങളുടെ കറ്റകൾ ചുറ്റും നിന്ന് എന്റെ കറ്റയെ നമസ്ക്കരിച്ചു. അവന്റെ സഹോദരന്മാർ അവനോട്: നീ ഞങ്ങളുടെ രാജാവാകുമോ? നീ ഞങ്ങളെ വാഴുമോ എന്നു പറഞ്ഞു. അവന്റെ സ്വപ്നങ്ങൾ നിമിത്തവും അവന്റെ വാക്കുനിമിത്തവും അവനെ പിന്നെയും അധികം ദ്വേഷിച്ചു.”* *ഉല്പത്തി 37 : 6 – 8*

യോസേഫിന് അവരോടകൽച്ചയില്ല; യോസേഫിനവരെ ഇഷ്ടമാണ്; അതുകൊണ്ട് യോസേഫ് എല്ലാം തുറന്നുപറഞ്ഞു. ഭാവികാലത്ത് വരാനിരിക്കുന്നത് ദൈവം മുൻകൂട്ടി കാണിച്ചുകൊടുത്തതാണ്. യോസേഫ് സ്വപ്നത്തെക്കുറിച്ച് അവരോടു പറഞ്ഞത് അവന്റെ പരമാർത്ഥഹൃദയംകൊണ്ടാണ്. എന്നാൽ അവർ യോസേഫിനെ പകച്ചു.

അവൻ മറ്റൊരു സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും തന്നെ നമസ്ക്കരിച്ചു എന്ന് പറഞ്ഞു.

അവൻ അത് അപ്പനോടും സഹോദരന്മാരോടും അറിയിച്ചപ്പോൾ അപ്പൻ അവനെ ശാസിച്ച് അവനോട്: നീ ഈ കണ്ട സ്വപ്നം എന്ത്? ഞാനും നിന്റെ അമ്മയും നിന്റെ സഹോദരന്മാരും സാഷ്ടാംഗം വീണ് നിന്നെ നമസ്ക്കരിപ്പാൻ വരുമോ എന്ന് പറഞ്ഞു. അവന്റെ സഹോദരന്മാർക്ക് അവനോടസൂയതോന്നി. അപ്പനോ ഈ വാക്ക് മനസ്സിൽ സംഗ്രഹിച്ചു.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്കൊരു സ്വപ്നം വേണം. സ്വപ്നം നിങ്ങളുടെ ഹൃദയത്തിൽ വച്ചുപുലർത്തണം. എനിക്ക് ഇന്നതായിത്തീരണം. നിങ്ങൾക്ക് തന്നെ ഒരു സ്വപ്നം നെയ്തെടുക്കാൻ പറ്റും; മെനഞ്ഞെടുക്കാൻ പറ്റും. അത് സ്വന്ത മായിട്ട് സമ്പാദിച്ചെടുക്കാവുന്നതാണ്. ഒരു സ്വപ്നം നിങ്ങൾ നേടണം. നിങ്ങൾ കഠിനമായിട്ട് ഉത്സാഹിക്കണം.

ഞാൻ ഒരിക്കലും കോളേജിന്റെ പ്രിൻസിപ്പൽ ആകണ മെന്ന് വിചാരിച്ചിട്ടില്ല. അങ്ങനെയൊരു സ്വപ്നമൊന്നും എനിക്കുണ്ടായിരുന്നില്ല. പക്ഷേ, ദൈവത്തിന്റെ ആത്മാവ് 1975ൽ വിശുദ്ധനായ ദൈവപുരുഷനിൽകൂടി ഒരു ദർശനം തന്നിരുന്നു. പ്രിൻസിപ്പൽറൂമിലേക്ക് ചൂണ്ടിക്കാട്ടിയിട്ട് “നിനക്ക് അവിടെപോയി ഇരിക്കണ്ടേ” എന്ന്. അന്ന് എനിക്കത് ചിന്തി ക്കാൻ വയ്യാത്ത കാര്യമായിരുന്നു. അതുകൊണ്ട് ആ സ്വപ്നം ഞാൻ താലോലിച്ചില്ല. അതിന് ഗൗരവം കൊടുത്തില്ല. എന്നാൽ ഞാൻ ആഗ്രഹിക്കാതെയും പ്രതീക്ഷിക്കാതെയും ദൈവം എന്നെ ഉയർത്തി. ഏറ്റവും ഉയർന്ന സ്ഥാനത്താക്കി.

നിങ്ങൾ പ്രായമായാലും പഠിക്കണം. നിങ്ങൾ പഠിച്ച് പരീ ക്ഷകൾ പാസാകണം. എനിക്കുയരണം എന്ന ചിന്ത വരണം. ഇപ്പോഴത്തെ സ്ഥിതിയിലല്ല, എനിക്കിതിനേക്കാൾ ഉയരണം.

യോസേഫിന് ദൈവം ഒരു സ്വപ്നം കൊടുത്തു. ഈ സ്വപ്നം കിട്ടിയപ്പോൾ സഹോദരന്മാരെല്ലാവരും അവനെ പക ച്ചു, ദ്വേഷിച്ചു, അസൂയപൂണ്ടു. ഇതൊക്കെ യാക്കോബ് അറിയു ന്നുണ്ട്; യാക്കോബിന്റെ ഉള്ളിൽ വേദനയാണ്; വലിയ സങ്കട മാണ്. മക്കൾ തമ്മിൽ തൊഴുത്തിൽകുത്ത്. ഇത് അപ്പന് സഹി

ക്കുന്ന കാര്യമല്ല. യോസേഫിനെ എല്ലാവരും പകയ്ക്കുന്നു, വെറുക്കുന്നു. യാക്കോബിനോ യോസേഫിനോട് നിഷ്ക്കളങ്കമായ സ്നേഹമാണ്. യാക്കോബ് വിഷമിച്ചു. യാക്കോബിന്റെ ഉള്ള് നീറുന്നു.

ഇതുപോലെ നിങ്ങൾക്കെല്ലാം ഉള്ളുനീറുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ടാവാം. നിങ്ങളുടെ ഭാര്യ നിങ്ങളെ അവഗണിക്കുന്നു. നിങ്ങളുടെ മക്കൾ നിങ്ങളെ അവഗണിക്കുന്നു, അല്ലെങ്കിൽ നിങ്ങളുടെ അപ്പനോ അമ്മയോ നിങ്ങളെ അവഗണിക്കുന്നു.

പ്രത്യേകിച്ചും കല്യാണം കഴിച്ചവർക്കറിയാം, നിങ്ങളുടെ ഭാര്യ, അമ്മയുമായിട്ട് ഇണക്കമില്ലാതാകുന്നു. എന്തൊരു വലിയ യാതനയാണത്? ഒരിക്കലും സമാധാനമില്ല, ഒരിക്കലും സ്വസ്ഥതയില്ല. എന്തൊരു ഉൾത്തിക്കലായിരിക്കും? എന്തൊരു ടെൻഷനായിരിക്കും? എന്റെ അമ്മയ്ക്ക് ആലീസുമായിട്ട് ഒരടുപ്പവും ഉണ്ടായിരുന്നില്ല. എന്റെ അമ്മ വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചത്.

അമ്മ എനിക്കുവേണ്ടി തന്നെയാണ് ജീവിച്ചത്. അമ്മയുടെ മാത്രമായ ഈ മകൻ കല്യാണത്തോടെ വേറൊരാളുടെ വകയായിത്തീരുന്നു. അത് അമ്മയ്ക്ക് സഹിക്കില്ല. കുറച്ച് വിശാലവീക്ഷണമുള്ള അമ്മമാർക്ക് ഇതൊന്നും വിഷയമല്ല. ഇങ്ങനെയൊരവസരത്തിൽ നിങ്ങളൊരിക്കലും അമ്മയെ തള്ളിക്കളയരുത്, ഭാര്യയെ വേദനിപ്പിക്കുകയും അരുത്.

ഇത് രണ്ടും കൂടി യോജിപ്പിച്ചുകൊണ്ടുപോകാനുള്ള ഒരു അന്ത:സംഘർഷമുണ്ട്. അതിൽ നിങ്ങൾ ജയിക്കണമെങ്കിൽ യേശുവിന്റെ കൃപ വേണം. എനിക്കന്ന് ഒരളവിൽ കർത്താവിന്റെ കൃപ കിട്ടിയതുകൊണ്ട് അമ്മയെയും ആലീസിനെയും ഒരിക്കലും വിഷമിപ്പിക്കാതെ അവരുടെ രണ്ടുപേരുടേയും ഇടയ്ക്ക് നിന്നു; മുഴുവനായി ജയിച്ചു എന്ന് ഞാൻ പറയുന്നില്ല.

ആലീസ് മാനസാന്തരപ്പെട്ടതോടുകൂടി പ്രശ്നം തീർന്നു.

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് പതിമൂന്നു കൊല്ലം കഴിഞ്ഞ് ആലീസ് മാനസാന്തരപ്പെട്ടു. ഹൃദയം കർത്താവിന് കൊടുത്തു. അതോടുകൂടി ആളുമാറി. അമ്മയോട് സ്നേഹമായി, അമ്മ യോട് അടുപ്പമായി. അമ്മ എന്തെല്ലാം പറഞ്ഞാലും ചെയ്താലും മനസ്സിൽ ഒട്ടും ഏശാത്തതുപോലെയായി. നൂറു ശതമാനം സന്തോഷമായി, ഐക്യമായി, കുടുംബം ഐശ്വര്യ മായി; കുടുംബം സ്വർഗ്ഗമായി.

ജീവിതത്തിൽ അവഗണനകളോ എതിർപ്പുകളോ നിങ്ങ ളുടെ കുടുംബത്തിൽ തന്നെ വരുമ്പോൾ നിങ്ങൾ പതറരുത്. കുടുംബത്തിൽ തന്നെ എന്തെങ്കിലും അക്കച്ചിക്കലുകൾ വരു മ്പോൾ നിങ്ങൾ വിഷമിക്കരുത്. നിങ്ങൾ അവിടെയെല്ലാം യേശുവിനെ മുറുകെ പിടിച്ചുകൊള്ളണം.

യോസേഫ് ഈ സമയത്തെല്ലാം ദൈവത്തിൽ ആശ്ര യിച്ചു നിന്നു. യാക്കോബിന്റെ ഉള്ളിൽ വലിയ സംഘർഷം നട ക്കുകയാണ്. മക്കൾ തമ്മിൽ ഇഷ്ടക്കുറവാണല്ലോ, മക്കൾ തമ്മിൽ വൈരാഗ്യമാണല്ലോ, ഒരടുപ്പം ഇല്ലല്ലോ. മരിച്ചുപോയ ഭാര്യയുടെ മകൻ യോസേഫ് ഇന്ന് ഒറ്റപ്പെടുന്നു. ഇതെല്ലാം യാക്കോബ് കാണുന്നുണ്ട്; യാക്കോബിന്റെ മനസ്സ് നീറിക്കൊ ണ്ടിരുന്നു.

നിങ്ങളുടെ ആരുടെയെങ്കിലും ഹൃദയം ഏതെങ്കിലും കാര്യത്തിൽ ഇപ്പോൾ നീറിക്കൊണ്ടിരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ പറയണം: കർത്താവേ, എന്റെ ഹൃദയത്തിന്റെ നീറ്റലകറ്റാൻ നിനക്കു മാത്രമേ കഴിയൂ. എന്റെ ഹൃദയത്തിന്റെ അങ്കലാപ്പുമാ റ്റാൻ നിനക്കു മാത്രമേ കഴിയൂ. എന്റെ ഹൃദയത്തിന്റെ ടെൻഷൻ മാറ്റാൻ എന്റെ യേശുവേ, നിനക്ക് മാത്രമേ കഴിയൂ.

നിങ്ങളുടെ ഹൃദയം നീറുന്നുണ്ടോ? ടെൻഷനുണ്ടോ? നിങ്ങളുടെ മനസ്സ് ഏങ്ങലടിക്കുന്നുണ്ടോ? നിങ്ങളുടെ ഹൃദയം കരയുന്നുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധിക ളുണ്ടോ? നിരാശയുണ്ടോ? ആകുലങ്ങളുണ്ടോ? അങ്കലാപ്പുക ളുണ്ടോ? ഭയപ്പാടുകളുണ്ടോ? ആശങ്കകളുണ്ടോ? ജീവിതം വഴി

മുട്ടി നിൽക്കുന്നുണ്ടോ? മക്കളേ, ഞാൻ പറഞ്ഞുതരാം. നിങ്ങൾ ഭയപ്പെടേണ്ട. വഴി മുട്ടി നിൽക്കുമ്പോൾ പുതിയ വഴി തുറന്നുതരാൻ യേശുക്രിസ്തു നിങ്ങളുടെ കൂടെയുണ്ട്. നിങ്ങൾ വിശ്വസിക്കുക. യേശുവിനെ നിങ്ങൾ മുറുകെ പിടിക്കുക. യേശുവിനോട് ചേർന്ന് നടക്കുക.

കർത്താവേ, ഞാനിതാ വഴിമുട്ടി നിൽക്കുകയാണ്. എന്റെ പ്രശ്നം വേറെ ആർക്കും അറിഞ്ഞുകൂടാ. എന്റെ അപ്പനറിഞ്ഞുകൂടാ, എന്റെ അമ്മയ്ക്കറിഞ്ഞുകൂടാ, ഭാര്യയ്ക്കറിഞ്ഞുകൂടാ, കുഞ്ഞുങ്ങൾക്കറിഞ്ഞുകൂടാ. യേശുവേ, നിനക്ക് മാത്രമറിയാം. ഞാനറിയുന്നതു പോലെയല്ല, നീ മുഴുവനായിട്ടറിയുന്നു. ഞാൻ ഇന്നത്തെ പ്രശ്നം മാത്രമേ കാണുന്നുള്ളൂ. നീ നാളെയും കൂടി കാണുന്നു. നിന്റെ കൈയിൽ പരിഹാരമുണ്ട്, ഞാൻ വിശ്വസിക്കുന്നു.

എന്റെ ഹൃദയത്തിന്റെ നീറ്റൽ മാറ്റി എന്നെ നീ പുതിയ വഴിയിൽക്കൂടി മുന്നോട്ടു നയിക്കണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ, നിങ്ങൾ സമർപ്പിക്കൂ. ക്രിസ്തു നിങ്ങളുടെ കൂടെ വരാമെന്ന് പറയുന്നു; ക്രിസ്തുവിന്റെ മഹത്വം നിങ്ങളുടെ പിൻപട ആയിരിക്കും; ക്രിസ്തു നിങ്ങളെ താങ്ങും; ക്രിസ്തു നിങ്ങളെ അനുഗ്രഹിക്കും; ക്രിസ്തു നിങ്ങൾക്ക് തണലായിരിക്കും; ക്രിസ്തു നിങ്ങൾക്ക് വഴിയായിരിക്കും; ക്രിസ്തു നിങ്ങൾക്ക് ആശ്വാസമായിരിക്കും. നിങ്ങളുടെ പ്രശ്നത്തിന് ക്രിസ്തു പരിഹാരം തരും. അപ്പോൾ നിങ്ങൾ ദൈവത്തെ മതിമറന്ന് സ്തുതിക്കും. അപ്പോഴാണ് ആരാധന, അപ്പോഴാണ് നന്ദി. അങ്ങനെ സ്തുതിയിൽ വളരാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

# പത്ത്

*"അവർ നിലയങ്കി തങ്ങളുടെ അപ്പന്റെ അടുക്കൽ കൊടുത്തയച്ചു; ഇത് ഞങ്ങൾക്ക് കണ്ടുകിട്ടി; ഇത് നിന്റെ മകന്റെ അങ്കിയോ അല്ലയോ എന്ന് നോക്കേണം എന്ന് പറഞ്ഞു. അവൻ അത് തിരിച്ച റിഞ്ഞു: ഇത് എന്റെ മകന്റെ അങ്കി തന്നെ; ഒരു ദുഷ്ടമൃഗം അവനെ തിന്നുകളഞ്ഞു: യോസേ ഫിനെ പറിച്ചുകീറിപ്പോയി എന്നു പറഞ്ഞു. യാക്കോബ് വസ്ത്രം കീറി, അരയിൽ രട്ടുശീല ചുറ്റി ഏറിയനാൾ തന്റെ മകനെച്ചൊല്ലി ദു:ഖിച്ചു കൊണ്ടിരുന്നു. അവന്റെ പുത്രന്മാരും പുത്രിമാരും എല്ലാം അവനെ ആശ്വസിപ്പിപ്പാൻ വന്നു; അവനോ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെ ഞാൻ ദു:ഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാള ത്തിൽ ഇറങ്ങുമെന്നു പറഞ്ഞു. ഇങ്ങനെ അവന്റെ അപ്പൻ അവനെക്കുറിച്ചു കരഞ്ഞുകൊണ്ടിരുന്നു."*

*ഉല്പത്തി 37 : 32 – 35*

സമർപ്പണം എടുത്ത ദൈവപൈതലാണെങ്കിലും പ്രതി കൂലം വരികയാണ്. ഇനിയും മുന്നോട്ടുള്ള അദ്ധ്യായങ്ങൾ വായിക്കുമ്പോൾ യാക്കോബിന്റെ ജീവിതത്തിൽ അടിക്കടി ദുരിതങ്ങൾ, താങ്ങാൻ വയ്യാത്ത പ്രയാസങ്ങൾ, വേദനാവിഷ യങ്ങൾ എല്ലാം തിരതല്ലി വന്ന് യാക്കോബിനെ തകർക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

യോസേഫിനോട് അവന്റെ സഹോദരന്മാർക്ക് അസൂയ

തോന്നി. യാക്കോബിന്റെ മൂത്തമക്കൾ പത്തുപേരും യോസേഫിനെ പകച്ചു. ഇളയമകൻ ബെന്യാമീൻ ആ കൂട്ടത്തിലില്ല. അപ്പന് യോസേഫിനോടാണ് സ്നേഹം, ഞങ്ങളോടത്രയും സ്നേഹമില്ല എന്നൊരു തോന്നൽ.

അവനോട് സമാധാനമായി സംസാരിപ്പാൻ അവർക്ക് കഴിഞ്ഞില്ല. എവിടെയും പരുഷമായിട്ടേ സംസാരിക്കുകയുള്ളൂ. അവർ അവനെ പിന്നെയും അധികം ദ്വേഷിച്ചു; അവർക്ക് അവനോട് അസൂയ തോന്നി; അതുകൊണ്ട് അവർ അവനെ കൊല്ലുവാൻ തീരുമാനിച്ചു.

ഞാനൊരു വലിയ സത്യം പറഞ്ഞുതരാം. വിദ്വേഷം എവിടെയുണ്ടോ അവിടെ പിശാചുണ്ട്. അസൂയ എവിടെയുണ്ടോ അവിടെ പിശാചുണ്ട്; അത് ഒരു വീട്ടിലാണെങ്കിൽ അവിടെ പിശാചുണ്ട്. ഒരു വീടിന്റെ ഐശ്വര്യം എന്ന് പറയുന്നത് ആ വീട്ടിലുള്ളവർ തമ്മിലുള്ള സ്നേഹബന്ധമാണ്. വീട്ടിലുള്ളവരെല്ലാം തമ്മിൽ ഐക്യം, സ്നേഹം. അതുകൊണ്ട് പിശാചിന്റെ ഉദ്യമം ആ വീട്ടിലുള്ളവരെ കലക്കുക, അവിടെ വിദ്വേഷം ഉണ്ടാക്കുക എന്നുള്ളതാണ്.

സ്നേഹത്തിൽ തുരങ്കം വയ്ക്കാൻ പിശാച് നോക്കും. ഒരു കുടുംബത്തിൽ സ്നേഹമുണ്ടെങ്കിൽ അവിടെ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാക്കാൻ പിശാച് നോക്കും. ഒരു കൂട്ടായ്മയിൽ സ്നേഹമുണ്ടെങ്കിൽ അവിടെ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാക്കാൻ പിശാച് നോക്കും.

വിദ്വേഷം എവിടെയുണ്ടോ, അഭിപ്രായവ്യത്യാസം എവിടെയുണ്ടോ അവിടെ പിശാച് ജയിക്കും. ആരിൽക്കൂടി വിദ്വേഷം വരുന്നോ അവർക്കാണ് നാശം വരുന്നത്. ഒരു കുടുംബത്തിൽ ഭർത്താവിൽക്കൂടിയാണോ പിശാച് കയറി വരുന്നത്, ആ ഭർത്താവിനായിരിക്കും നാശം. ഭാര്യയിൽക്കൂടിയാണോ, ഭാര്യയ്ക്കായിരിക്കും നാശം. മക്കളിൽക്കൂടിയാണോ, മക്കൾക്കായിരിക്കും നാശം. ആരിൽക്കൂടി വിദ്വേഷം വളർത്തുന്നോ,

ആത്യന്തികമായി നാശം അവർക്ക് വരും. ഇതെല്ലാം പൊതു തത്വങ്ങളാണ്.

സ്നേഹമുണ്ടെങ്കിൽ അവിടെ വിനയമുണ്ട്. സ്നേഹമുണ്ടെങ്കിൽ അവിടെ താഴ്മയുണ്ട്. സ്നേഹമുണ്ടെങ്കിൽ അവിടെ അനുസരണമുണ്ട്. സ്നേഹമുണ്ടെങ്കിൽ പരസ്പരവിധേയത്വമുണ്ട്. സ്നേഹത്തിൽകൂടി മാത്രമേ വിജയിക്കാൻ പറ്റൂ.

രണ്ട് തരത്തിലുള്ള ആളുകളേ ഉള്ളൂ. പ്രശ്നം ഉണ്ടാക്കുന്നവർ; പ്രശ്നം പരിഹരിക്കുന്നവർ.

ഒരു കാരണവശാലും ഞാനൊരു പ്രശ്നക്കാരൻ ആവില്ല. അങ്ങനെ ഒരു തീരുമാനം ഞാൻ എടുക്കുന്നത് എന്റെ നന്മയ്ക്കു വേണ്ടിയാണ്; അതിന്റെ ആത്യന്തിക നന്മ എനിക്കാണ്. എന്റെ ഒരു വാക്കുകൊണ്ടോ, എന്റെ ഒരു ചലനംകൊണ്ടോ, എന്റെ ഒരു പ്രവർത്തനരീതികൊണ്ടോ ഒരു കാരണവശാലും ഞാൻ ദ്വേഷം വളർത്തുകയില്ല. ദ്വേഷം ഉണ്ടാക്കുകയില്ല. എനിക്ക് ആരോടും അസൂയ ഉണ്ടാവുകയില്ല. ഞാൻ ഒരു കാരണവശാലും പ്രശ്നം ഉണ്ടാക്കുകയില്ല. പ്രശ്നം പരിഹരിക്കുന്നവനായിരിക്കും.

> *"വാക്കിനാലോ ക്രിയയാലോ എന്ത് ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ."*
>
> *കൊലോസ്യർ 3 : 17*

എല്ലാറ്റിനും വേണ്ടി ദൈവത്തെ സ്തുതിക്കുവാൻ സാധിക്കണം. നിങ്ങളൊരു പുതിയ തീരുമാനം എടുക്കുക. കർത്താവേ, എന്റെ വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ, ഒരു ചലനം കൊണ്ടോ, ഞാൻ എവിടേയും പ്രശ്നപരിഹാരകനായിരിക്കും; സമാധാനപുത്രനായിരിക്കും. എല്ലാവരേയും സ്നേഹിക്കുന്നവനായി, എല്ലാവരേയും മാനിക്കുന്നവനായി, എല്ലാവരേയും ആദരിക്കുന്നവനായി, എല്ലാവരുടേയും ഗുണം അന്വേഷിക്കുന്നവനായി എന്റെ വീട്ടിലും, എന്റെ സ്ഥാപനത്തിലും, എല്ലായി

ടത്തും ഞാൻ നില്ക്കും.

ഈ തീരുമാനം നിങ്ങളെടുക്കുക. ദൈവത്തിങ്കൽ നിങ്ങളെത്തന്നെ സമർപ്പിക്കുക. ജീവിതത്തിൽ പ്രതികൂലങ്ങൾ വരുന്നത്, എതിർപ്പുകൾ വരുന്നത്, പ്രശ്നങ്ങൾ വരുന്നത്, ആകുലങ്ങൾ വരുന്നത്, കഷ്ടപ്പാടുകൾ വരുന്നത്, നഷ്ടങ്ങൾ വരുന്നത്, എല്ലാം അഭിവൃദ്ധിയിലേക്കുള്ള ചവിട്ടുപടികളായിട്ട് കർത്താവ് തീർത്തുതരും. അതിനായി നിങ്ങളെത്തന്നെ സമർപ്പിക്കുക.

തന്റെ മകൻ യൗസേഫ് മരിച്ചുപോയി എന്ന വാർത്തയാണ് യാക്കോബിന് കിട്ടിയത്. യാക്കോബിന്റെ മൂത്തമക്കൾ പത്തുപേരുംകൂടി ഒരാടിനെ കൊന്ന് യൗസേഫിന്റെ അങ്കി ആടിന്റെ ചോരയിൽ മുക്കിക്കൊണ്ടുവന്ന് അപ്പനെ കാണിച്ചു: "അപ്പാ, ഇത് ഞങ്ങൾക്ക് കാട്ടിൽ കിടന്ന് കിട്ടിയതാണ്. ഞങ്ങൾ കാട്ടിലൂടെ നടന്നപ്പോൾ അവിടെ ഒരിടത്ത് ഈ അങ്കി കിടക്കുന്നത് കണ്ടു." മക്കൾ പറയുന്നത് പച്ചക്കള്ളമാണ്.

ഈ കള്ളമെല്ലാം തലമുറകളിലേക്ക് കടന്നു വരും. കളവ്, സൂത്രം, വ്യാജം ഇവയെല്ലാം തലമുറകളിലേക്ക് കടന്നുവരും. എനിക്കൊരു വ്യാജമുണ്ടെങ്കിൽ എന്റെ മക്കൾക്കത് വരും. മക്കളുടെ മക്കൾക്ക് വരും. ഇങ്ങനെ തലമുറകളിലേക്ക് കടന്നു വരും. യാക്കോബ് കളവ് പറഞ്ഞു. യാക്കോബ് സൂത്രം പ്രയോഗിച്ചു. യാക്കോബിന്റെ മക്കൾ സൂത്രം പ്രയോഗിച്ചു. അത് തുടർന്ന് വരികയാണ്.

ഉല്പത്തി പുസ്തകം വായിച്ചാൽ ഒട്ടേറെ ആത്മീയപാഠങ്ങൾ കിട്ടും. യാക്കോബ് സ്വന്തം അപ്പനായ യിസ്ഹാക്കിന്റെ മുമ്പിൽനിന്ന് പറഞ്ഞു: ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്! പച്ചക്കള്ളമാണ് പറഞ്ഞത്; കണ്ണുകാഴ്ച മങ്ങിയ അപ്പന്റെ മുമ്പിൽ നിന്ന് നുണ പറഞ്ഞു. അപ്പൻ തപ്പിനോക്കിയാലും മനസ്സിലാകാതെവണ്ണം ആട്ടുരോമംകൊണ്ട് കഴുത്തും ദേഹവുമെല്ലാം പൊതിഞ്ഞാണ് ചെന്നു നിന്നത്.

യാക്കോബ് അപ്പന്റെ മുമ്പിൽനിന്ന് സൂത്രം പ്രയാഗിച്ച പ്പോൾ അപ്പൻ പറഞ്ഞു: "ശബ്ദം യാക്കോബിന്റേത്, ശരീരം ഏശാവിന്റേത്, ഹാ, ആർക്കറിയാം." പാവം അപ്പനെ കബളിപ്പി ച്ചു. അതേ യാക്കോബിന്റെ മുമ്പിൽ മക്കൾ പത്തുപേരും നുണ പറഞ്ഞു. നിഷ്ക്കളങ്കമായ വാക്കുകളായിട്ടാണ് തോന്നുക! മര്യാദയുടെ വാക്കുകൾ!

യോസേഫിനെ കച്ചവടക്കാർക്ക് ഏല്പ്പിച്ചുകൊടുത്ത് കച്ചവടക്കാരുടെ കൈയിൽ നിന്ന് 20 വെള്ളിക്കാശും മേടിച്ച് പോക്കറ്റിലിട്ടതിനുശേഷം യോസേഫിന്റെ സഹോദരന്മാർ അവന്റെ അങ്കിയെടുത്ത് ഒരാടിനെ കൊന്ന് ആടിന്റെ ചോര യിൽ മുക്കിയെടുത്തു. വ്യാജം പറഞ്ഞ് അപ്പനെ കബളിപ്പിച്ചത് ഇപ്പോൾ യാക്കോബ് നേരിടേണ്ടി വരുന്നു.

എല്ലാറ്റിനും തിരിച്ചടിയുണ്ട്. ഒരിക്കലും പാപം വെറുതെ പോകില്ല, അത് ശാപത്തിലേക്ക് നീങ്ങും. തിരിച്ചടികളിലേക്ക് നീങ്ങും. തത്ക്കാലത്തേക്ക് ചില നന്മകൾ കിട്ടിയെന്നുവരും. ചില സഹായങ്ങൾ കിട്ടിയെന്ന് വരും. ചില ഉപകാരങ്ങൾ കിട്ടി യെന്ന് വരും. ചില അഭിവൃദ്ധിയും കിട്ടിയെന്ന് വരും. പക്ഷേ, അധികം വൈകാതെ തിരിച്ചടികൾ ഏല്ക്കാൻ തുടങ്ങും. ഭയ പ്പെടേണ്ട കാര്യമാണ്. മനുഷ്യചരിത്രത്തിൽ കാണാം തിരിച്ചടി കൾ!

> *"മിദ്യാന്യ കച്ചവടക്കാർ കടന്നുപോകുമ്പോൾ അവർ യോസേഫിനെ കുഴിയിൽനിന്നു വലിച്ചുക യറ്റി, യിശ്മായേല്യർക്കു ഇരുപതുവെള്ളിക്കാ ശിനു വിറ്റു. അവർ യോസേഫിനെ മിസ്രയീമി ലേക്കു കൊണ്ടുപോയി. രൂബേൻ തിരികെ കുഴി യുടെ അടുക്കൽ ചെന്നപ്പോൾ യോസേഫ് കുഴി യിൽ ഇല്ല എന്നു കണ്ടു തന്റെ വസ്ത്രം കീറി, സഹോദരന്മാരുടെ അടുക്കൽ വന്നു: ബാലനെ കാണുന്നില്ലല്ലോ, ഞാൻ ഇനി എവിടെ പോകേണ്ടു എന്നു പറഞ്ഞു. പിന്നെ അവർ ഒരു കോലാട്ടുകൊ*

*റ്റനെ കൊന്നു, യോസേഫിന്റെ അങ്കി എടുത്തു രക്തത്തിൽ മുക്കി. അവർ നിലയങ്കി തങ്ങളുടെ അപ്പന്റെ അടുക്കൽ കൊടുത്തയച്ചു. ഇത് ഞങ്ങൾക്കു കണ്ടുകിട്ടി; ഇതു നിന്റെ മകന്റെ അങ്കിയോ അല്ലയോ എന്നു നോക്കേണം എന്നു പറഞ്ഞു." ഉല്പത്തി 37 : 28 – 32*

എന്തു സൂത്രമാണ് പറഞ്ഞത്! യോസേഫിന്റെ അങ്കി യാണ് എന്നവർക്കറിയാം. പക്ഷേ, അപ്പനെ കബളിപ്പിക്കുക യാണ്. "അപ്പാ, നിന്റെ മകന്റെ അങ്കിയാണോ എന്ന് നോക്കൂ. യോസേഫ് എന്ന വാക്കുപോലും അവർ പറയുന്നില്ല. ഉള്ളിൽ കടുത്ത അസൂയയും വൈരാഗ്യവുമാണ്. യോസേഫിന്റെ വളർച്ചയിൽ അസൂയ.

*"അവൻ അത് തിരിച്ചറിഞ്ഞു: ഇത് എന്റെ മകന്റെ അങ്കി തന്നേ; ഒരു ദുഷ്ടമൃഗം അവനെ തിന്നുകള ഞ്ഞു. യോസേഫിനെ പറിച്ചുകീറിപ്പോയി എന്നു പറഞ്ഞു: യാക്കോബ് വസ്ത്രം കീറി, അരയിൽ രട്ടുശീല ചുറ്റി ഏറിയനാൾ തന്റെ മകനെച്ചൊല്ലി ദു:ഖിച്ചുകൊണ്ടിരുന്നു." ഉല്പത്തി 37 : 33 – 34*

യാക്കോബിന് ഒന്നിനൊന്ന് തിരിച്ചടികൾ വരികയാണ്. യാക്കോബിന്റെ ഏറ്റവും പ്രിയപ്പെട്ട ഭാര്യ രണ്ടാമത്തെ പ്രസവ ത്തോടെ മരിച്ചുകഴിഞ്ഞിരിക്കുന്നു. ചോരക്കുഞ്ഞായ ബെന്യാ മീനെയുംകൊണ്ടാണ് യാത്ര തുടർന്നത്. സുന്ദരിയായ, ചെറുപ്പ ക്കാരിയായ, തന്റെ പ്രേമഭാജനമായിരുന്ന ഭാര്യയെ വഴിയോ രത്ത് കുഴി കുഴിച്ച് അടക്കം ചെയ്തിട്ട് ചോരക്കുഞ്ഞിനേയും കൊണ്ട് യാക്കോബും കൂട്ടരും യാത്രതുടരുകയാണ്. അങ്ങനെ യാണ് ഇവിടംവരെയും വന്നത്. ജീവിതത്തിൽ ദുരിതം ഒന്നൊ ന്നായി വന്നുകൊണ്ടിരിക്കുന്നു. റാഹേൽ പ്രസവിച്ച ആദ്യജാ തൻ യോസേഫ്, അവനും പോയല്ലോ. ഭാര്യ പോയി, മകനും പോയി. എന്താണ് എനിക്കിങ്ങനെ വന്നത്? യാക്കോബ് ചിന്തി ക്കുന്നു. യാക്കോബ് ദു:ഖിക്കുന്നു. യാക്കോബ് കരയുകയാണ്.

*"അവന്റെ പുത്രന്മാരും പുത്രിമാരും എല്ലാം അവനെ ആശ്വസിപ്പിപ്പാൻ വന്നു; അവനോ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെ: ഞാൻ ദു:ഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്നു പറഞ്ഞു. ഇങ്ങനെ അവന്റ അപ്പൻ അവനെക്കുറിച്ചു കരഞ്ഞുകൊണ്ടിരുന്നു."* *ഉല്പത്തി 37 : 35*

ഈ പുത്രന്മാർ ആശ്വസിപ്പിക്കാൻ വരുമ്പോൾ അവരുടെ ഉള്ളിലിരുപ്പ് എന്താണ്? അവരല്ലേ യോസേഫിനെ ദുഷ്ടമൃഗം കൊന്നു എന്നു പറയുന്നത്? യോസേഫിനെ വിറ്റത് അവരല്ലേ? പക്ഷേ, അവർ ആശ്വസിപ്പിക്കാൻ വന്നു: അപ്പാ, മോൻ മരിച്ചു പോയതിൽ ദു:ഖിക്കേണ്ട. ഞങ്ങൾ ഉണ്ടല്ലോ, അപ്പൻ വിഷമിക്കണ്ട. പക്ഷേ, യാക്കോബിന് എങ്ങനെ ആശ്വാസം കിട്ടും? പോയ്പ്പോയില്ലേ? ഭാര്യ പോയതിന്റെ പുറകെ യോസേഫും പോയി. ഞാൻ മരിക്കുമ്പോൾ ദു:ഖത്തോടെ പാതാളത്തിലേക്ക്, മരണാനന്തരാവസ്ഥയിലേക്ക് എന്റെ മകന്റെ അടുക്കലേക്ക് പോകേണ്ടി വരുമല്ലോ? തീരാദു:ഖം എനിക്ക് വന്നല്ലോ?" യാക്കോബ് കരയുകയാണ്.

തീരാദു:ഖങ്ങൾ വരാതിരിക്കാൻ നമ്മുടെ ജീവിതത്തെ ക്രമീകരിച്ചുകൊള്ളുക; തെറ്റുകൾ തിരുത്തിക്കൊള്ളുക. പിന്നെ തിരുത്താൻ അവസരം കിട്ടി എന്നു വരില്ല. കടുത്ത ദുരിതങ്ങൾ വരാതിരിക്കാൻ ഇന്നേ തെറ്റുകൾ തിരുത്തി മാനസാന്തരപ്പെട്ടുകൊള്ളുക. ഇന്നേ രൂപാന്തരത്തിന് നമ്മെത്തന്നെ വിധേയപ്പെടുത്തിക്കൊള്ളുക. ഇന്നുതന്നെ, ഒട്ടും വൈകാതെ നമ്മുടെ ജീവിതത്തെ നേർവഴിക്ക് തിരിച്ച് വിട്ടുകൊള്ളുക. Take deviation!

അന്ന് ടൈറ്റാനിക് കപ്പലിന് ലഭിച്ച സന്ദേശം അതാണ്. വലിയ ആഡംബരക്കപ്പലായിരുന്ന ടൈറ്റാനിക്, 2400 യാത്രക്കാരുമായിട്ടാണ് പോകുന്നത്. കന്നിയാത്രയാണ്. ധനാഢ്യരായ അനേകം ആളുകൾ ആ കപ്പലിൽ യാത്ര ചെയ്യുന്നുണ്ട്.

ഫ്രാൻസിന്റെ തീരത്തുനിന്ന് ന്യൂയോർക്കിലേക്ക് പോവുക യാണ്. ആളുകൾ എല്ലാം വിരുന്നാണ്, നൃത്തമാണ്, ആനന്ദ ഘോഷമാണ്. ആദ്യമായി ഇത്രയും വലിയ ഒരു കപ്പൽ ഇറങ്ങു ന്നു. ഇത്രയും വലിയ കപ്പൽ ലോകത്തിൽ ഇതുവരെയും കണ്ടി ട്ടില്ല. നീന്തൽക്കുളങ്ങളുണ്ട്. കളിസ്ഥലങ്ങളുണ്ട്. എല്ലാം തികഞ്ഞ ഒരു കപ്പൽ!

കപ്പലിൽ ആളുകൾ മതിമറന്ന് കൂത്താടുന്ന സമയത്ത് ക്യാപ്റ്റൻ, എഞ്ചിൻറൂമിൽ നിന്നുകൊണ്ട് കപ്പലിന്റെ ഗതി നിയന്ത്രിക്കുകയാണ്. അറ്റ്ലാന്റിക് സമുദ്രത്തിലൂടെ എത്ര ത്തോളം വേഗത്തിൽ പോകുവാൻ പറ്റും എന്നുനോക്കി ഗതി നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് ഫോൺബെൽ മുഴങ്ങുന്നത്. ശല്യം! ഇപ്പോൾ ആരാണ് ഫോൺ ചെയ്യുന്നത്? അദ്ദേഹം ആദ്യം എടുത്തില്ല. ഒന്നുരണ്ട് മിനിറ്റ് കഴിഞ്ഞപ്പോൾ വീണ്ടും ഫോൺബെൽ. അപ്പോഴും എടുത്തില്ല. എന്തൊരു ശല്യം! കാരണം, അദ്ദേഹം കപ്പൽ ഇങ്ങനെ വേഗത്തിൽ പോകുന്നത് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

മൂന്നാമതും ബെൽ അടിച്ചപ്പോൾ അദ്ദേഹം മനസ്സില്ലാമന സ്സോടെ ഫോൺ എടുത്തു. Take deviation! വേഗം വഴി മാറുക! വേഗം വഴി തിരിച്ചു വിടുക! ഭീമാകാരമായ ഒരു വലിയ മഞ്ഞു പർവ്വതം മുന്നിലുണ്ട്. വഴി തിരിച്ചുവിട്ടില്ലെങ്കിൽ മഞ്ഞുപർവ്വത ത്തിൽ ചെന്നു കപ്പൽ ഇടിക്കും. അത്യാഹിതം സംഭവിക്കും. വേഗം വഴിതിരിച്ചുവിടുക. മഞ്ഞുപർവ്വതത്തിൽ കപ്പൽ ഇടി ച്ചാൽ കപ്പൽ തകരും.

പക്ഷേ, വൈകിപ്പോയി. ആദ്യം ഫോൺ ബെൽ അടിച്ച പ്പോൾ എടുത്താൽ മതിയായിരുന്നു. വഴിതിരിക്കാമായിരുന്നു. പക്ഷേ, വഴിതിരിച്ചുവിടാൻ വൈകിപ്പോയി. ലൈഫ് ബോട്ടിൽ ഏകദേശം 650 പേർ രക്ഷപ്പെട്ടു. ബാക്കിയുള്ളവർ എല്ലാവരും കടലിൽ ജീവനോടെ താണു. ഒടുവിൽ കപ്പലും താണു. എല്ലാ വരും മരിച്ചു.

അപകടം വരുന്നതിനുമുമ്പ് വഴി തിരിച്ചു വിട്ടുകൊള്ളുക; തിരിച്ചടികൾ വരുന്നതിനുമുമ്പ് നാം വഴി നേരെയാക്കിക്കൊള്ളുക. കാരണം, എന്നും ജയിച്ചുപോകാമെന്നാരും വിചാരിക്കരുത്. എല്ലാം കാണുന്ന ഒരു ദൈവമുണ്ട്.

> *"ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ട് മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു."* *സഭാപ്രസംഗി 8 : 11*

മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു. കാരണം, ശിക്ഷയൊന്നും വരുന്നില്ലല്ലോ; തിരിച്ചടികൾ ഉണ്ടാകുന്നില്ലല്ലോ. എന്തുവരാനാണ്? ഇതൊക്കെ ഇങ്ങനെ ലോകത്ത് സംഭവിക്കും. ഇങ്ങനെ യാദൃച്ഛികമായി ചില അപകടങ്ങൾ സംഭവിക്കും. പക്ഷേ, ഓർത്തുകൊള്ളുക, ഒരു കാര്യവും യാദൃച്ഛികമല്ല. എല്ലാം നാം വരുത്തിവയ്ക്കുന്ന അനർത്ഥങ്ങൾ മാത്രം. നമുക്ക് വേണമെങ്കിൽ ആ അനർത്ഥങ്ങൾ ഒഴിവാക്കാൻ പറ്റും. ആപത്തുകൾ ഒഴിവാക്കാൻ പറ്റും. എപ്പോഴും കർത്താവിന്റെ ചിറകിൻ മറവിൽ നിങ്ങൾ ശരണം പ്രാപിച്ചുകൊള്ളുക.

"അത്യുന്നതന്റെ മറവിൽ" എന്ന പുസ്തകത്തിൽ ഞാൻ എഴുതിയിട്ടുണ്ട്, എപ്പോഴും നാം ദൈവസ്നേഹത്തിന്റെ ചിറകടിയിൽ മറഞ്ഞിരിക്കണം. അത്യുന്നതന്റെ മറവിൽ വസിക്കണം. സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കണം; ജീവിതത്തിൽ നമുക്ക് ഒരു മറവ് വേണം. ഒരു സങ്കേതം വേണം. നമുക്കൊരു അഭയസ്ഥാനം വേണം. ബലമുള്ള ഒരു ആശ്രയസ്ഥാനം വേണം. കർത്താവിന്റെ കരത്തിൻ കീഴിൽ താണിരിക്കണം. അല്ലെങ്കിൽ തിരിച്ചടികൾ വന്ന് നമ്മെ നശിപ്പിച്ചുകളയും. നമ്മളെ തൂത്തുവാരിക്കളയും.

# പതിനൊന്ന്

*"അവരുടെ അപ്പനായ യാക്കോബ് അവരോട്: നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുന്നു; യോസേഫ് ഇല്ല, ശിമയോനില്ല; ബെന്യാമീനേയും നിങ്ങൾ കൊണ്ടുപോകും; സകലവും എനിക്ക് പ്രതികൂലം തന്നേ എന്നു പറഞ്ഞു."*

*ഉല്പത്തി 42 : 36*

എനിക്കെല്ലാം പ്രതികൂലമാണ്, ആരും എനിക്ക് അനുകൂലമല്ല. ഒരു അസംതൃപ്തി യാക്കോബിന്റെ ജീവിതത്തിൽ നാം നിരന്തരം കാണുന്നതാണ്. യാക്കോബ് എന്നും ദു:ഖിതനാണ്. വാസ്തവത്തിൽ ആ ദു:ഖത്തിൽനിന്ന്, ജീവിതത്തിൽ വന്ന പ്രതിസന്ധികളിൽനിന്ന് യാക്കോബ് കരകയറാൻ ചെറുപ്പംമുതലേ നോക്കുന്നുണ്ട്. അതുകൊണ്ടാണ് എനിക്ക് നേതാവാകണം, ഞാൻ കുടുംബത്തിൽ ഏറ്റവും മുതിർന്നവനാകണം, എനിക്കാണ് ജ്യേഷ്ഠാവകാശം വേണ്ടത്, എനിക്കാണ് സമ്പത്ത് വേണ്ടത്, തുടങ്ങിയ സ്വാർത്ഥചിന്തകൾ യാക്കോബിന്റെ ഉള്ളിൽ ഉണ്ടായിരുന്നത്.

ഇന്ന് പലർക്കും അങ്ങനെയാണ്. ചിലർ ദു:ഖം മാറ്റാനുള്ള യത്നത്തിൽ കഠിനാദ്ധ്വാനം ചെയ്യും. പക്ഷേ, ഫലം കിട്ടില്ല. അപ്പോൾ ദു:ഖം കൂടും. ചിലർ ദു:ഖം വർദ്ധിച്ച് ആത്മഹത്യയിൽ അഭയം പ്രാപിക്കും. ആത്മഹത്യകളൊക്കെ ഒരു സ്വയം കൊണ്ടാണ്. പലർക്കും യാതനകളിൽനിന്ന് രക്ഷനേടാനുള്ള ഒരു മാർഗ്ഗം. ആത്മഹത്യ മഹാപാപമാണ്. അതിന്റെ പിന്നിൽ വൈരാഗ്യമോ, പ്രതികാര ചിന്തയോ, കോപാവേശമോ കാണും.

നിരാശയിൽ നിന്നാണ് അസംതൃപ്തി വരുന്നത്. അതിൽനിന്ന് രക്ഷപ്രാപിക്കാനുള്ള യത്നം. അത് എല്ലാമനുഷ്യർക്കുമുണ്ട്. ആകപ്പാടെ ഒരു നിരാശയും യാതനയും! ഇതായിരുന്നു അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബിന്റെ ജീവിതം. അതാണ് കാലങ്ങൾ പിന്നിട്ടു വന്നപ്പോൾ യാക്കോബ് പറയുന്നത്, എനിക്കെല്ലാം പ്രതികൂലമാണ് എന്ന്.

18 വയസ്സായ ഒരു കൊച്ചൻ ഒരിക്കൽ എന്നോട് പറഞ്ഞു: “എന്റെ വീട്ടിൽ അപ്പനും അമ്മയും സഹോദരങ്ങളും ഉണ്ട്. പക്ഷേ, എന്നോട് സ്നേഹമുള്ള, കരുണയുള്ള, എന്നെക്കുറിച്ച് ഒരു പരിഗണനയുള്ള ആരും എന്റെ വീട്ടിൽ ഇല്ല.”

എന്നെക്കുറിച്ചാർക്കും ഒരു പരിഗണനയില്ല എന്ന് നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? ഇപ്പോൾ എന്റെ കമ്പനിയിൽ, ഓഫീസിൽ ഞാനാരാണ്? എനിക്കൊരു വിലയില്ല. എനിക്കൊരു മാനമില്ല. എന്നെ ആരും ഗൗനിക്കുന്നില്ല. എന്നെക്കുറിച്ചാർക്കും ഒരു കരുതലില്ല. ജോലിയല്ലേ, അതങ്ങ് ചെയ്തുപോകും. ഞാനൊരാൾ കൂടിയേ കഴിയൂ എന്നാർക്കാണ് നിർബ്ബന്ധം? വീട്ടിൽ വിലയില്ല, ജോലി സ്ഥലത്ത് വിലയില്ല, സമൂഹത്തിൽ സ്ഥാനമില്ല. അങ്ങനെ തള്ളിനീക്കി കഴിഞ്ഞുപോകും, അത്ര തന്നെ. ഇങ്ങനെ നിരാശയിൽ ആണ്ടുപോയ ഒരനുഭവം.

യാക്കോബിന്റെ അനുഭവമതാണ്. സകലവും എനിക്ക് പ്രതികൂലം തന്നെ.

ഇങ്ങനെ നിരാശ വരുമ്പോഴാണ് കോപം പൊട്ടിത്തെറിയാകുന്നത്. കയ്പ്പോ, നീരസമോ ഉണ്ടാകുന്നത്. ചിലപ്പോൾ വലിയ യുദ്ധങ്ങൾ നടക്കുന്നത്. ആയുധംകൊണ്ടുള്ളതല്ല, ഹൃദയംകൊണ്ട് യുദ്ധം. ഹൃദയത്തിൽ പോരാട്ടം. എപ്പോഴും ഉള്ള് നീറി പുകഞ്ഞുകൊണ്ടിരിക്കും. ഉള്ളിൽ കോപം പുകഞ്ഞുകൊണ്ടിരിക്കും.

നിങ്ങളുടെ പലരുടേയും വീടുകൾ അങ്ങനെയല്ലേ?

എപ്പോഴും ഒരസ്വസ്ഥത. വീടാകെ മൂടിക്കെട്ടിയ അന്തരീക്ഷം, ഒരു മ്ലാനത. നിങ്ങൾ ഒരാൾക്ക് വീട്ടിലെ മ്ലാനത മാറ്റാൻ പറ്റും. വീട്ടിലെല്ലാവരും ശരിയാകണമെന്നും, എല്ലാം ഒരുദിവസം കൊണ്ട് ശരിയാകുമെന്നും ഞാൻ പറയുന്നില്ല. പക്ഷേ, നിങ്ങൾ ഒരാൾക്ക് വീടിന്റെ മ്ലാനത മാറ്റാൻ സാധിക്കും. നിങ്ങളുടെ ഓഫീസിലെ മ്ലാനത മാറ്റാൻ സാധിക്കും. നിങ്ങളുടെ ഉള്ളിൽ, ജീവിക്കുന്ന ക്രിസ്തു കത്തിജ്ജ്വലിക്കണം. ക്രിസ്തുവിന്റെ സ്നേഹം, ക്രിസ്തുവിന്റെ വിശുദ്ധി നിങ്ങളുടെ ഉള്ളിൽ കത്തണം. ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വസിക്കണം. അപ്പോൾ നിങ്ങളുടെ വീടിന്റെ അന്തരീക്ഷം മാറും.

നിങ്ങൾ പലരും പറയുന്നതാണ്, എന്റെ ഭാര്യ ഒരു കോപിഷ്ഠയാണ്, അല്ലെങ്കിൽ വഴക്കാളിയാണ്. ഞാനെന്ത് ചെയ്താലും ശരിയാവില്ല. അല്ലെങ്കിൽ എന്റെ മക്കളങ്ങനെയാണ്, എന്റെ അപ്പൻ മദ്യപിച്ച് ലക്കില്ലാതെ വന്ന് അമ്മയെ തല്ലുന്നു, എന്റെ വീട്ടിൽ ഒരു സമാധാനമില്ല. പൈസ ചിലവഴിക്കാൻ ഒരു നിയന്ത്രണവുമില്ലാത്ത ഭർത്താവ്. ഞാൻ കഷ്ടപ്പെട്ട് ജോലിചെയ്ത് പത്തു രൂപ ഉണ്ടാക്കിയാൽ അതും എടുത്ത് മദ്യപിക്കും. അതും എടുത്ത് മറ്റുള്ളവർക്ക് കൊടുക്കും. ഒരു വിവരമില്ലാത്ത അപ്പൻ. അമ്മ എന്റെ ഭാര്യയോട് എന്നും വഴക്ക്, എന്നും ബഹളം. ഒരിക്കലും സ്വസ്ഥതയില്ല. എനിക്കൊരു സമാധാനം തരുന്നില്ല. ഞാനെന്താണ് ചെയ്യുക? ഇങ്ങനെയുള്ള ഓരോ നിരാശയിലാണ് പലരും.

ഒന്നു മനസ്സിലാക്കൂ. നിങ്ങൾ മറ്റുള്ളവരിലേക്ക് കുറ്റം ചാരുകയാണ്. മറ്റുള്ളവരിലാണ് കുഴപ്പം, മറ്റുള്ളവരിലാണ് തെറ്റ്, അവരിലാണ് പ്രശ്നം. ജീവിതത്തിലെ നിരാശയുടെ കാരണം മറ്റുള്ളവരിലേക്ക് ചാരുന്നതിന് പകരം നിങ്ങളേറ്റെടുക്കൂ. എന്റെ വീടിന്റെ മ്ലാനത ഞാനേറ്റെടുക്കുന്നു. ദു:ഖം ഞാനേറ്റെടുക്കുന്നു. ദുരിതം ഞാനേറ്റെടുക്കുന്നു. എന്റെ ഓഫീസിലെ പ്രശ്നം ഞാനേറ്റെടുക്കുന്നു. ഞാനവിടെ ഒരു സമാധാനപുത്രനായി നിൽക്കും.

അങ്ങനെ നിങ്ങൾ തീരുമാനിച്ചു നോക്കൂ, കാണാം എന്തെന്നില്ലാത്ത ഒരു സമാധാനം, എന്തെന്നില്ലാത്ത ഒരു സ്വസ്ഥത നിങ്ങളുടെ ഹൃദയത്തിൽ കിട്ടുന്നത്. നിങ്ങളിൽക്കൂടി അനേ കർക്ക് ആ സമാധാനം പ്രാപിക്കാൻ സാധിക്കും. അത് അവരി ലേക്ക് പകരാൻ സാധിക്കും. നിങ്ങളുടെ ഉള്ളിൽ തീ കത്തും. ആ തീയും അതിന്റെ വെളിച്ചവും ചൂടും അവരിലേക്ക് പകരും. അങ്ങനെ നിങ്ങൾ നിങ്ങളുടെ കുടുംബത്തിലെ സമ്പത്തായി മാറും. നിങ്ങളുടെ ഓഫീസിൽ വിലപ്പെട്ടവനായി മാറും. സമൂ ഹത്തിൽ ആദരണീയനായി മാറും. സമൂഹത്തിൽ വിലയുള്ള വനായി മാറും. നമ്മുടെ ജീവിതം വിലകെട്ടുപോകാൻ പാടില്ല.

കേരളത്തിലെ പ്രശസ്ത സാഹിത്യനിരൂപകനും ഗ്രന്ഥ കാരനുമായ സുകുമാർ അഴീക്കോട്, ഒരിക്കൽ ക്ലാസ്സിൽ പറ ഞ്ഞു: ‘ജനനം’ എന്ന മൂന്നക്ഷരത്തിൽ ആരംഭിച്ച് ‘മരണം’ എന്ന മൂന്നക്ഷരത്തിൽ അവസാനിക്കുന്ന ഒന്നല്ല, ‘ജീവിതം’ എന്ന മൂന്നക്ഷരം. ജീവിതം കളയാനുള്ളതല്ല, ജീവിക്കാനുള്ള താണ്. നിങ്ങൾ ഓരോരുത്തരുടേയും ജീവിതം വിലയേറിയ താണ്. നിങ്ങളുടെ ജീവിതത്തിന് കരുത്തുണ്ട്. നിങ്ങൾക്ക് ആന്തരികമായ ശക്തി ദൈവം തന്നിട്ടുണ്ട്. നിങ്ങൾ സിദ്ധി യുള്ളവരാണ്, കഴിവുള്ളവരാണ്, ശക്തരാണ്.

എന്നാൽ ഇന്ന് തീയുടെ ചൂടും വെളിച്ചവും പുറത്തേക്ക് വരുന്നില്ല. ചാരം മൂടിയിരിക്കുകയാണ്. നിങ്ങൾ ചാരം ഊതി ക്കളയൂ. നിങ്ങളുടെ ഉള്ളിലെ തീ കത്തട്ടെ. അപ്പോൾ നിങ്ങൾമൂലം നിങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ സമൂഹം അനുഗ്രഹിക്കപ്പെടും. നിങ്ങൾ സമൂഹ ത്തിൽ സമാധാനപുത്രന്മാരായി അറിയപ്പെടും.

അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്: “സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്ര ന്മാർ എന്ന് വിളിക്കപ്പെടും.” പ്രശ്നം ഉണ്ടാക്കുന്നവരുണ്ട്, പ്രശ്നം പരിഹരിക്കുന്നവരുണ്ട്. നമ്മൾ എന്നും പ്രശ്നം പരി ഹരിക്കുന്നവരായിരിക്കണം. ഒരിക്കലും പ്രശ്നം ഉണ്ടാക്കുന്ന

വരായിരിക്കരുത്. ഞാൻ മൂലം ഒരു പ്രശ്നം ഉണ്ടാകരുത്. വീട്ടിൽ കുറെ അപസ്വരങ്ങൾ ഉണ്ടെന്നിരിക്കട്ടെ. ഞാൻ മിണ്ടാതിരിക്കും. വീട്ടിൽ അപ്പനും അമ്മയും തമ്മിൽ വഴക്ക് അല്ലെങ്കിൽ ഭാര്യയും അമ്മായിയമ്മയും തമ്മിൽ വഴക്ക്. അവിടെ ഞാൻ മൗനമായിരിക്കും എന്നല്ല, ചിലപ്പോൾ നാമവിടെ അനുഗൃഹീതമായ വാക്ക് പറയേണ്ടി വരും. എങ്ങനെയായാലും ഞാനവിടെ പ്രശ്നം പരിഹരിക്കുന്നവനായിരിക്കും.

ഭാര്യ എപ്പോഴും ബഹളം വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഭാര്യയെ ശാസിക്കേണ്ടി വരും, സംശയമില്ല. ഞാൻ സമാധാനമുണ്ടാക്കുന്ന ആളാണ്, അതുകൊണ്ട് മിണ്ടുന്നില്ല എന്നല്ല. തക്കസമയത്ത് നാമവിടെ പ്രവർത്തിക്കണം. സംസാരിക്കേണ്ട സമയത്ത് സംസാരിക്കേണ്ടതുപോലെ സംസാരിക്കണം. പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കണം. ചിലപ്പോൾ മൗനമായി ഇരുന്നാൽ മതിയായിരിക്കും. ചിലപ്പോൾ നാമെല്ലാറ്റിലും ഇടപെടണമായിരിക്കും. ഇതിനെല്ലാമുള്ള പരിജ്ഞാനം ക്രിസ്തു നമ്മുടെ അകത്തു വരുമ്പോൾ കിട്ടും. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വരുമ്പോൾ ആന്തരികമായി ഒരു ശാന്തി നമ്മുടെ ഹൃദയത്തിൽ കിട്ടും. അപ്പോൾ നമുക്ക് ദൈവത്തെ സ്തുതിക്കാൻ പറ്റും. അപ്പോൾ നാം മൂലം മറ്റുള്ളവർക്ക് അനുഗ്രഹം കിട്ടും.

ഏറ്റവും പ്രധാനപ്പെട്ട സംഗതി ദൈവം എനിക്ക് പ്രതികൂലമായി വരാതെ, എനിക്ക് അനുകൂലമായി നിൽക്കത്തക്കവണ്ണം ഞാൻ ദൈവമുള്ളവനായി തീരണം. ദൈവം പ്രസാദിക്കുന്നവനായിത്തീരണം. എന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ എനിക്ക് സാധിക്കില്ല. പരിഹരിക്കാൻ കഴിയുന്ന ഒരാളുണ്ട്. അത് എന്റെ ദൈവമാണ്. ആ ദൈവം എനിക്ക് അനുകൂലമാണ്. പിന്നെ പ്രതികൂലം ആര്?

എന്റെ കാര്യത്തിൽ ദൈവത്തിന്റെ ഉള്ളം പ്രസാദിക്കണം. യെശയ്യാപ്രവചനം 42-ാം അദ്ധ്യായത്തിൽ പറയും:

*"ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ. എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വ്രതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു; അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല."*

*യെശയ്യാവ് 42 : 1, 2*

ഈ വേദവാക്യങ്ങൾ വായിക്കുമ്പോൾ നിങ്ങൾ കാണാതെ പഠിച്ചെടുക്കണം. വീണ്ടും വീണ്ടും വായിക്കണം. ഹൃദയം വളരെ ശാന്തമായിരിക്കും. അങ്ങനെ ദൈവം അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആർ? സർവ്വശക്തനായ ഒരു ദൈവമുണ്ട്. ആ ദൈവം നമുക്ക് അനുകൂലമായിട്ട് നിൽക്കണം.

Dr. Raymond Mody എഴുതിയ 'Life after Life' 'ജീവിതത്തിന് ശേഷമുള്ള ജീവിതം' എന്ന പുസ്തകം ഞാൻ വായിച്ചു. അതിലദ്ദേഹം പറയുന്നത്: അനേകംപേരും മരണശേഷമുള്ള ജീവിതത്തെക്കുറിച്ച് ചിന്തിച്ചിട്ടേ ഇല്ല. അവർക്കത് ചിന്താവിഷയമല്ല. മനുഷ്യർ ഈ ലോകത്തിലെ കാര്യങ്ങൾ മാത്രം ചിന്തിച്ച് പോകുന്നു. അദ്ദേഹം പറയുകയാണ്: മരണം എന്ന ഒരു കാര്യത്തെക്കുറിച്ച് മനുഷ്യന് മാത്രമേ ചിന്തയുള്ളൂ. മൃഗങ്ങൾക്ക് ആ ചിന്തയില്ല, മറ്റു ജീവികൾക്ക് ഒന്നിനും ആ ചിന്തയില്ല. മനുഷ്യന് മാത്രം അത് ചിന്തിക്കാനുള്ള വിവേകം കർത്താവ് തന്നു. പക്ഷേ, അവനത് ചിന്തിക്കുന്നില്ല.

എനിക്കെല്ലാം പ്രതികൂലമാണെന്ന് പറഞ്ഞ് നാമിരിക്കുന്നു. അപ്പുറത്തുള്ള ജീവിതത്തിനുവേണ്ടി നാം അനുകൂലമായി വരുന്നില്ല. ദൈവത്തെ നാം സ്വീകരിച്ച് ദൈവത്തിനുവേണ്ടി നമ്മുടെ ഹൃദയം തുറന്നുകൊടുത്തിട്ടില്ല. ഇതൊരു യാഥാർത്ഥ്യമാണ്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ മരണശേഷമുള്ള നിത്യതയെക്കുറിച്ച് ചിന്തിക്കണം.

ഒരു ദൈവമുണ്ട് സത്യമാണ്. നിങ്ങൾ ഇപ്പോൾ ഇവിടെ

ഇരിക്കുന്നത് യാഥാർത്ഥ്യമായിരിക്കുന്നതുപോലെ തന്നെ ക്രിസ്തു ജീവിക്കുന്നുണ്ട്. ക്രിസ്തു പ്രവർത്തിക്കുന്നുണ്ട്. ക്രിസ്തു സഞ്ചരിക്കുന്നുണ്ട്. ക്രിസ്തു ഓരോരുത്തരുടേയും അരികത്ത് വരുന്നുണ്ട്. ക്രിസ്തു തന്നെ വിളിച്ചപേക്ഷിക്കുന്ന വരെ സഹായിപ്പാൻ മനസ്സുള്ളവനാണ്. ക്രിസ്തു സ്നേഹം തന്നെയാണ്. ക്രിസ്തു നമ്മെ കഴുകാൻ തയ്യാറാണ്.

കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകി നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കാൻ ക്രിസ്തു തയ്യാറാണ്. ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നതാണ്. അതിനുവേണ്ടിയാണ് ക്രിസ്തു ജീവൻ വെടിഞ്ഞത്. എന്നെ വിടുവിക്കാനും എന്നെ പിശാചിന്റെ വലയിൽനിന്ന് വിടുവിച്ച് സ്വർഗ്ഗത്തിന്റെ അവകാശിയാക്കാനും വേണ്ടിയാണ് ക്രിസ്തു സ്വർഗ്ഗം വിട്ട് ഭൂമിയിലേക്കിറങ്ങി വന്ന് സാധാരണ മനുഷ്യനെപ്പോലെ ജീവിച്ച് കുരിശിൽ മരിച്ചത്.

ഒരു പാപവും ചെയ്യാത്ത ക്രിസ്തു ക്രൂശിൽ മരിച്ചതിന് കാരണം ഞാനാണ്, എന്റെ പാപമാണ്. ആ രക്തം എനിക്ക് ഇന്നും മതിയായതാണ്. ആ തിരുരക്തം എന്നോട് സംസാരിക്കുന്നു. യേശു എന്റെ ഹൃദയവാതിൽക്കൽ വന്ന് കെഞ്ചിക്കൊണ്ട് നിൽക്കുകയാണ്; മോനേ, ഈ വാതിൽ തുറക്ക്. മോനേ, നിന്റെ ഹൃദയം തുറന്നു തരൂ, ഞാൻ വരാം. ക്രിസ്തു ഹൃദയവാതിൽക്കൽ നിന്ന് മുട്ടുകയാണ്.

ഇത് വിശ്വസിച്ചുകൊണ്ട്: കർത്താവേ, എനിക്ക് ഒന്നും അറിഞ്ഞുകൂടാ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ എന്ന് വിളിച്ചാൽ കർത്താവ് അകത്ത് വരും. നീ എന്നെ സന്ദർശിക്കണമേ. നീ എന്നെ അനുഗ്രഹിക്കണമേ. കർത്താവേ, നീ എന്റെ ഹൃദയത്തിൽ വന്ന് വാഴണമേ എന്ന് നാം പറഞ്ഞാൽ ക്രിസ്തു നമ്മുടെ അകത്ത് വരും. ക്രിസ്തു നമ്മെ സ്വീകരിക്കും. ക്രിസ്തു നമ്മുടെ പാപക്കറകൾ കഴുകി നമുക്ക് അനുകൂലമായി നമ്മുടെ ജീവിതത്തിൽ വന്ന് നമ്മെ അനുഗ്രഹിക്കും.

ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആര്? യാക്കോബ് പറഞ്ഞു. സകലവും എനിക്ക് പ്രതികൂലം തന്നെ. ഓരോന്നോരോന്ന് യാക്കോബ് ഓർക്കുകയാണ്. പഴയ കാലങ്ങൾ ഓർക്കുമ്പോൾ യാക്കോബിന്റെ ഹൃദയത്തിൽ നെടുവീർപ്പുയരും. ചെറുപ്രായത്തിൽ യൗവ്വനത്തിന്റെ ആരംഭ ത്തിൽ വീട് വിട്ടിറങ്ങി ഓടിയത്. മരുഭൂമിയിൽക്കൂടി, ആ മണ ലാരണ്യത്തിൽക്കൂടി 600 നാഴിക നടന്ന് നടന്ന് തളർന്ന് അവ സാനം അങ്ങ് മെസൊപ്പൊത്താമ്യയിൽ എത്തിയത്.

യാക്കോബ് അവിടെ ചെന്ന് അമ്മാവന്റെ വീട്ടിൽ പാർത്തത്! അമ്മാവന്റെ വീട്ടിൽ ചെന്നതിന് ശേഷം യാക്കോ ബിന്റെ ജീവിതത്തിൽ വന്ന ദുരിതങ്ങൾ! വെയിലെന്നില്ല, മഴ യെന്നില്ല എന്നും അദ്ധ്വാനം! യാക്കോബ് അഹോരാത്രം പണി യെടുത്തത്! എല്ലാം അമ്മാവനും അമ്മാവന്റെ മക്കൾക്കും വേണ്ടി. പക്ഷേ, അതിനെല്ലാം പിന്നിൽ യാക്കോബിന് പ്രേരക മായത് അമ്മാവന്റെ മകളോടുള്ള സ്നേഹമാണ്. അവളെ ഭാര്യയാക്കണമെന്നുള്ള ആഗ്രഹമാണ്. ആ ആഗ്രഹംകൊണ്ട് എന്ത് ജോലി ചെയ്താലും വേണ്ടില്ല, അമ്മാവന്റെ മോളെ കിട്ട ണമെന്നുള്ള ലക്ഷ്യത്തോടെ യാക്കോബ് അവിടെ അദ്ധ്വാനി ച്ചത്.

ക്ലേശം നിറഞ്ഞ ജീവിതം! അങ്ങനെ ഇരുപത് കൊല്ലം അവിടെ കഴിഞ്ഞത്. ഏഴു കൊല്ലം അദ്ധ്വാനിച്ചു ലേയയെ കിട്ടി; റാഹേലിനെ കിട്ടുമെന്നാണ് വിചാരിച്ചത്. പക്ഷേ, ലേയയെ യാണ് കിട്ടിയത്. അതുതന്നെ വലിയൊരു നിരാശയ്ക്ക് കാരണ മായി. ഏഴ് കൊല്ലം അദ്ധ്വാനിച്ചിട്ട് അമ്മാവൻ എന്നെ ചതി ച്ചല്ലോ. റാഹേലിനെ തരാം എന്ന് പറഞ്ഞിട്ടാണ് അദ്ധ്വാനിച്ച് തുടങ്ങിയത്. പക്ഷേ, ലേയയെ ആണല്ലോ തന്നത്. പിന്നെ ആ കുടുംബജീവിതം എന്തായി? ലേയയെ ഇഷ്ടമില്ല. ലേയയെ വി ലയില്ല. സ്വന്തം ഭാര്യയെ സ്നേഹിക്കാത്ത ഒരു ഭർത്താവ്. യാക്കോബിന് ആ ഭാര്യയോട് ഒരു മതിപ്പില്ല. കാരണം അവളെ അല്ല ആഗ്രഹിച്ചത്.

അനിയത്തിയെയാണ് ആഗ്രഹിച്ചത്, ചേട്ടത്തിയെയാണ് കിട്ടിയത്. അതിന്റെ വിഷമം, അതിന്റെ വേദന, അതിന്റെ നിരാശ. അടുത്ത ഏഴുകൊല്ലം നിരാശയിൽ കഴിഞ്ഞതത്. അങ്ങനെ പതിനാല് കൊല്ലം കഴിഞ്ഞാണ് റാഹേലിനെ കിട്ടുന്നത്. അതുകഴിഞ്ഞ് ആറ് കൊല്ലം പിന്നെയും അദ്ധ്വാനം. അങ്ങനെ ഇരുപത് കൊല്ലം. ഇനി വീട്ടിലേക്ക് തിരിച്ചുപോകാം. തിരിച്ചു പോകുമ്പോഴാണ് പ്രശ്നങ്ങൾ. സ്വന്തം ജ്യേഷ്ഠന്റെ ശത്രുവാണ് യാക്കോബ്. ജ്യേഷ്ഠൻ നാനൂറ് ആളുകളുമായി വരുന്നു. എന്നെ പിടികൂടാൻ വരികയാണ്. എന്നെ കൊന്നുകളയും. എന്റെ മക്കളെ കൊന്നുകളയും. എന്റെ ഭാര്യമാരെ കൊന്നുകളയും. പാവം, പേടിച്ചുപോയി.

അങ്ങനെ യാക്കോബ് ജീവിതത്തിൽ ദുരിതങ്ങളും വ്യസനങ്ങളും അനുഭവിച്ചു വരികയാണ്. അവസാനം യാക്കോബ് സങ്കടകരമായ ഒരു കാര്യത്തിലേക്ക് വന്നു. യാക്കോബിന്റെ ഭാര്യ റാഹേൽ രണ്ടാമത്തെ പ്രസവത്തോടുകൂടി മരിച്ചു. ഓമനിച്ച് ലാളിച്ച് അങ്ങനെ ആറ്റ് നോറ്റ് കിട്ടിയ യുവതിയായ ഭാര്യ രണ്ടാമത്തെ പ്രസവത്തോടെ പെട്ടെന്ന് മരിച്ചു. അതോടുകൂടി യാക്കോബ് തകർന്നു. ഭാര്യയുടെ മൃതശരീരം റോഡരികിൽ ഒരു കുഴികുഴിച്ച് അടക്കം ചെയ്തിട്ട് ചോരക്കുഞ്ഞിനേയും എടുത്തുകൊണ്ട് പോകുന്ന ആ പോക്ക്! ഏങ്ങലടിച്ചുകൊണ്ടുള്ള ആ യാത്ര! കണ്ണീരൊഴുക്കിയുള്ള നിരാശയോടുകൂടിയുള്ള യാത്ര!

യാക്കോബ് തിരിഞ്ഞുനോക്കുമ്പോൾ എല്ലാം പ്രതികൂലം. ബെന്യാമീനല്ല, അവന്റെ ജ്യേഷ്ഠൻ യോസേഫിനാണ് റാഹേലിന്റെ തനി ഛായ. അതുകൊണ്ട് യോസേഫിനോട് ഒരു പ്രത്യേക സ്നേഹം. ഭാര്യയെ കാണുന്നതിനു പകരം യോസേഫിനെ കണ്ടാൽ മതി എന്നുള്ള ഒരു സംതൃപ്തി. എന്നാൽ യോസേഫിന് 17 വയസ്സായി. ചെറുപ്പം മുതൽ യോസേഫിന് ചില പ്രത്യേകതകൾ, ചില നിഷ്ഠകൾ ഉണ്ടായിരുന്നു. അവൻ ഒരു ഭക്തനായിരുന്നു. അവൻ ദൈവവിശ്വാസിയായിരുന്നു.

അവൻ മറ്റെല്ലാവരേക്കാളും സമർത്ഥനായിരുന്നു. ബുദ്ധിശാലിയായിരുന്നു. അങ്ങനെയൊരു സമർത്ഥനും ബുദ്ധിമാനും ആയ മോനെ കിട്ടിയതിൽ യാക്കോബിന് സന്തോഷം ഉണ്ടായിരുന്നു.

അങ്ങനെയിരിക്കുമ്പോഴാണ് ഒരു ദിവസം മൂത്തമക്കൾ വന്ന് അപ്പനോട് പറയുന്നു: അപ്പാ, ഇത് നിന്റെ മോന്റെ അങ്കിയാണോ എന്നു നോക്ക്. യാക്കോബിന് മനസ്സിലായി. യാക്കോബ് മോന് പ്രത്യേകിച്ച് ഉണ്ടാക്കിക്കൊടുത്തിരുന്ന അങ്കിയാണ്. ചോരയിൽ കുതിർന്ന അങ്കി! അയ്യോ, എന്റെ മോനെ ഏതോ ദുഷ്ടമൃഗം തിന്നുപോയല്ലോ! എനിക്ക് ഈ ദുരിതംകൂടി കാണേണ്ടി വന്നല്ലോ കർത്താവേ! സങ്കടത്തോടെ കരയുകയാണ്. ഭാര്യ മരിച്ചു, ഇപ്പോൾ മോനും മരിച്ചു. യാക്കോബ് തകർന്നു. നിരാശയുടെ അടിത്തട്ടിലേക്ക് താണുകൊണ്ടിരിക്കുകയാണ്.

ഞാനിത് പറയുമ്പോൾ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് നോക്കണം. ഒന്നിനൊന്ന് നിരാശയിലേക്ക് താണുകൊണ്ടിരിക്കുന്നു. ഓരോദിവസം ചെല്ലുമ്പോഴും നിങ്ങൾ ക്ഷീണിതരായി മനസ്സ് തളർന്ന് വരികയാണോ? എന്നാൽ അപ്പോഴെല്ലാം മുകളിൽനിന്നുകൊണ്ട് കാണുന്ന ജീവനുള്ള ഒരു ദൈവമുണ്ട്. യാക്കോബിനുവേണ്ടി കരുതുന്ന ദൈവം! മോനേ, നീ നിരാശയിൽ താണുപോകുമ്പോഴും നിന്റെ ഭാവി ശോഭനമാകുന്നത് കണ്ട് സന്തോഷിച്ചുകൊണ്ട്, ഭാവികണ്ട് പുഞ്ചിരി തൂകുന്ന ഒരു ദൈവമുണ്ട്. നീ ഇപ്പോൾ കാണുന്നില്ല. നീ കാണുന്നത് ഭാര്യ മരിച്ചതും മോൻ നഷ്ടപ്പെട്ടതും അങ്ങനെ കുടുംബത്തിലെ കലക്കവും, പിള്ളേരുതമ്മിലുള്ള അടിപിടിയും എല്ലാമാണ്.

പതിനൊന്നെണ്ണം അങ്ങോട്ടും ഇങ്ങോട്ടും അടിപിടിയാണ്. പോരാണ്. എന്ത് ദയനീയമായ ചിത്രം! യാക്കോബ് ഇങ്ങനെ നിരാശയിൽ ഒന്നിനൊന്ന് തളർന്നിരിക്കുമ്പോഴും മുകളിൽ അത്യുന്നതങ്ങളിൽ ഇരുന്നുകൊണ്ട് യാക്കോബിനെ വീക്ഷിച്ചു

കൊണ്ടിരിക്കുന്ന ഒരു ദൈവം! മോനേ, നിനക്കുവേണ്ടി ഞാൻ വലിയത് കരുതിയിട്ടുണ്ട്, സമാധാനകാലം കരുതിയിട്ടുണ്ട്, ശോഭനമായ ഒരു ഐശ്വര്യകാലം കരുതിയിട്ടുണ്ട്, അനുഗൃഹീതമായ നല്ലകാലം കരുതിയിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ട്, ദൈവം മുകളിൽ ഇരിക്കുന്നു.

ദൈവം നമുക്കുവേണ്ടി ശുഭകാലങ്ങൾ കരുതിയിരിക്കുന്നതുകൊണ്ട് ദൈവത്തിന് ഒരു തിടുക്കവുമില്ല. അത് വേണ്ട സമയത്ത് നടത്തിക്കൊള്ളാം എന്ന് കർത്താവിനറിയാം. അത് വരേണ്ട സമയത്ത് വന്നുകൊള്ളും. നിങ്ങൾ വിശ്വസിക്കൂ. ഇന്ന് നിങ്ങൾക്ക് നിരാശയാണെങ്കിലും, മനംമടുപ്പാണെങ്കിലും, ഇന്ന് നിങ്ങൾ തളർന്നുകൊണ്ടിരിക്കുകയാണെങ്കിലും, ഇന്ന് നിങ്ങൾ ക്ഷീണിതരാണെങ്കിലും നിങ്ങൾക്കൊരു നല്ല ഭാവി ദൈവം കരുതിയിട്ടുണ്ട്.

ഇത് വെറും വീൺവാക്കല്ല. ഇത് വെറും ഊഹാപോഹമല്ല. ഇത് വെറും ഭാവനയല്ല, സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അരുളപ്പാടാണ്. നിങ്ങൾക്കുവേണ്ടി ശോഭനമായ ഒരു കാലം ദൈവം കരുതിയിട്ടുണ്ട്. ഇന്ന് നിങ്ങൾക്ക് ദുരിതമുണ്ട്, ഇന്ന് നിങ്ങൾക്ക് ദു:ഖമുണ്ട്, വറുതിയുണ്ട്. മറ്റുള്ളവരോടൊപ്പം നിൽക്കാൻ പറ്റാത്തതായ എന്തെങ്കിലും ബലഹീനതകളോ അപകർഷതാബോധമോ നിങ്ങൾക്കുണ്ടായിരിക്കാം.

പക്ഷേ നിങ്ങൾ വിശ്വസിക്കൂ, കർത്താവ് എനിക്കുവേണ്ടി കരുതിയ ഭാവിയിലേക്ക് ഞാൻ നടന്നടുക്കും. നിങ്ങളത് വിശ്വസിച്ചുകൊണ്ട് കർത്താവിനോട് പറയുക: കർത്താവേ, ഇന്ന് നിന്റെ പരിശുദ്ധമായ കരം എന്നെ തൊടുന്നതിന് പറ്റാത്തവിധത്തിൽ എന്റെ ജീവിതത്തിൽ അഴുക്കുകളുണ്ട്. കോപമുണ്ട്, വാശിയുണ്ട്, വൈരാഗ്യമുണ്ട്, പിണക്കമുണ്ട്, തമ്മിൽത്തല്ലുണ്ട്.

പലതരത്തിലുള്ള ഇഷ്ടക്കേടുകളുണ്ട്, മുഷിച്ചിലുകളുണ്ട്, പകയുണ്ട്, വിദ്വേഷമുണ്ട്. അശുദ്ധമായ പലതുമുണ്ട്. അശുദ്ധമായ പടങ്ങളുണ്ട്. ബ്ളൂഫിലിം ഉണ്ട്. അശുദ്ധമായ സിനിമാരം

ഗങ്ങളുണ്ട്. അശുദ്ധമായ കൂട്ടുകെട്ടുകളുണ്ട്. അശുദ്ധമായ ശീലങ്ങളുണ്ട്. മദ്യപാനമുണ്ട്, പുകവലിയുണ്ട്. പുറത്ത് പറയാൻകൊള്ളാത്ത പല വൃത്തികേടുകളുണ്ട്. ഇന്ന് നിനക്കെന്നെ തൊടാൻ പറ്റുന്നില്ല.

പക്ഷേ, കർത്താവേ, ഞാൻ നിന്നോട് ഒരു വാക്കു പറയുകയാണ്. ഞാൻ ഇന്നത്തെ എന്റെ ഈ അശുദ്ധമായ ജീവിതത്തിന് ഇവിടെ ഫുൾസ്റ്റോപ്പ് ഇട്ടിട്ട് വിശുദ്ധിയുടെ പാതയിലേക്ക് തിരിയുകയാണ്. യേശുക്രിസ്തു പ്രസാദിക്കുന്ന ഒരു വിശുദ്ധിയുടെ വഴിയിലേക്ക് ഞാനിതാ തിരിയുകയാണ്. കർത്താവേ, ഞാൻ ഈ തീരുമാനം എടുത്തതുകൊണ്ട് എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചതുകൊണ്ട് ഇനി ഞാൻ പാപം ചെയ്യുകയില്ല.

എന്റെ തീരുമാനം സ്വീകരിച്ച് എന്റെ കരത്തിൽ നീ കടന്നുപിടിക്കണമേ; നീ എന്നെ നയിക്കണമേ. വന്നത് വന്നുപോയി. തെറ്റുകൾ പറ്റിപ്പോയി. എനിക്കഭിമാനിക്കാനില്ല. വചനം കേട്ടിട്ട് പിന്നെയും ഞാൻ വീണുപോയി. പക്ഷേ, ഇന്ന് ഞാൻ നിന്നോട് പറയുന്ന വാക്ക് എന്റെ ജീവിതത്തിൽ ഏറ്റവും ഗൗരവമായി എടുക്കുന്ന തീരുമാനമാണ്.

നിങ്ങളുടെ സകല പാപങ്ങളും ക്ഷമിക്കുന്ന ക്രിസ്തുവിന്റെ രക്തം! സകല അശുദ്ധിയും നീക്കിത്തരുന്ന ക്രിസ്തുവിന്റെ രക്തം! സകല തിന്മയും മാറ്റുന്ന യേശുവിന്റെ രക്തം! നിങ്ങൾക്ക് വരുന്ന വിഡ്ഢിത്തങ്ങൾ മാറ്റുന്ന യേശുവിന്റെ രക്തം! നിങ്ങൾക്ക് വന്ന അവിവേകങ്ങൾ മാറ്റുന്ന യേശുവിന്റെ രക്തം! നിങ്ങൾക്കു വന്ന ബുദ്ധിശൂന്യതകൾ മാറ്റുന്ന യേശുവിന്റെ രക്തം! നിങ്ങൾക്കു വന്ന കേടുകൾ തീർത്തുതരുന്ന യേശുവിന്റെ രക്തം! നിങ്ങൾക്കു വന്ന പരാജയങ്ങൾ മാറ്റിത്തരുന്ന യേശുവിന്റെ രക്തം! ആ ക്രിസ്തുവിന്റെ രക്തം നിങ്ങളെ തൊടുമ്പോൾ നിങ്ങൾ ശുദ്ധരായി തീരും. നിങ്ങൾ ശോഭനമായ ഭാവിയിലേക്ക് കുതിക്കും. യേശുവന്ന് കരത്തിൽ പിടിക്കും. പിന്നെ യേശു നിങ്ങളെ നടത്തും.

നിങ്ങളുടെ സാഹചര്യങ്ങൾ, നിങ്ങളുടെ കഷ്ടപ്പാടുകൾ, നിങ്ങളുടെ പ്രശ്നങ്ങൾ, നിങ്ങളെ വിഷമിപ്പിക്കുകയും നടുക്കുകയും ചെയ്യുന്ന ഭീതിവിഷയങ്ങൾ, anxities, worries, cares, tribulations, രോഗങ്ങൾ, ആവലാതികൾ, ഞെരുക്കങ്ങൾ എല്ലാം നിങ്ങൾ യേശുവിന്റെ കൈകളിലേക്ക് കൊടുക്കൂ. യേശുവിനോട് പറയൂ, കർത്താവേ, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം അവിടുത്തെ ആണിപ്പാടുള്ള പാദത്തിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്കുവേണ്ടി തകർക്കപ്പെട്ട കരങ്ങളിലേക്ക് ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

എന്റെ കർത്താവേ, എന്റെ ജീവിതത്തെ നീ ഏറ്റെടുക്കണമേ. നിന്റെ കരങ്ങളിൽ എടുക്കണമേ. ദൈവം എനിക്ക് അനുകൂലമെങ്കിൽ എനിക്ക് പ്രതികൂലം ആര്? യേശുവേ, തൃക്കരം എന്റെമേൽ വയ്ക്കണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെ കരത്തിൽ പിടിക്കണമേ. പാപത്തെ ഞാനുപേക്ഷിക്കുന്നു. സർവ്വ തിന്മകളോടും ഞാൻ യാത്രപറയുന്നു. വിശുദ്ധ ജീവിതം ഞാനിതാ ആരംഭിക്കുന്നു. യേശുനാഥാ! എന്റെ പാപക്കറകൾ കഴുകണമേ. പുതിയജീവിതം എനിക്ക് തരണമേ. നീ എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയതിനാൽ ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

## പന്ത്രണ്ട്

*"അവരുടെ അപ്പനായ യാക്കോബ് അവരോട്: നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുന്നു; യോസേഫ് ഇല്ല, ശിമെയോൻ ഇല്ല; ബെന്യാമീനെയും നിങ്ങൾ കൊണ്ടുപോകും; സകലവും എനിക്കു പ്രതികൂലം തന്നേ എന്നു പറഞ്ഞു."*

*ഉല്പത്തി 42 : 36*

"ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും" എന്നു പറഞ്ഞുകഴിഞ്ഞതിനുശേഷം പിന്നെയും വർഷങ്ങൾ കഴിഞ്ഞ് യാക്കോബ് പറയുകയാണ്: "സകലവും എനിക്ക് പ്രതികൂലം തന്നെ." നിരാശയിൽ ആണ്ടുപോയി. ഇനി എന്റെ സ്വന്ത ഭവനത്തിനുവേണ്ടി എപ്പോൾ കരുതും എന്ന് പറഞ്ഞത് മുപ്പതാം അദ്ധ്യായത്തിലാണ്. അത് കഴിഞ്ഞ് നാൽപത്തിരണ്ടാം അദ്ധ്യായം വരെയുള്ള അദ്ധ്യായങ്ങളുടെ കാലയളവ് എന്നു പറഞ്ഞാൽ ദീർഘവർഷങ്ങളാണ്.

യാക്കോബ് ഇപ്പോൾ വാർദ്ധകൃത്തിലായി. മക്കളെല്ലാം വളർന്നു. മക്കൾക്ക് മക്കളുണ്ടായി. അന്ന് യാക്കോബ്, എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും എന്ന് പറയുമ്പോൾ പതിനൊന്നു മക്കളേയുള്ളൂ. പിന്നീടാണ് ബെന്യാമീൻ ജനിക്കുന്നത്.

അന്ന് പതിനൊന്നു മക്കളുള്ള ഒരു യുവാവാണ് യാക്കോബ്. പക്ഷേ, ഇന്നു നല്ല വാർദ്ധകൃത്തിലായി. പ്രായമായി. മക്കളെല്ലാം വളർന്നു, അവർക്ക് മക്കളുണ്ടായി. അന്ന് പതിനാല് പേരുണ്ടായിരുന്ന കുടുംബം, ഇപ്പോൾ എണ്ണം കൂടി

എഴുപത്തിഒന്നായി. മക്കളും മക്കളുടെ മക്കളും ഒക്കെയായി വളരെ പേരായി. ഇപ്പോൾ നല്ലൊരു ഗൃഹസ്ഥനായി. സാമ്പത്തിക ഭദ്രതയുള്ളവനായി. അന്നത്തെ സ്ഥിതിയല്ല, സാമ്പത്തിക മായിട്ട് ഉയർന്നു. ധാരാളം ആടുമാടുകൾ! ധാരാളം ദാസീ ദാസന്മാർ! എല്ലാ വസ്തുവകകളും! വലിയൊരു മൃഗസമ്പത്ത്! എല്ലാം ഉണ്ട്. പക്ഷേ, യാക്കോബ് ഇപ്പോൾ നെടുവീർപ്പോടെ പറയുകയാണ്: ഓ! എല്ലാം പ്രതികൂലം! സകലവും എനിക്ക് പ്രതികൂലം തന്നെ.

വാർദ്ധക്യത്തിലിരുന്ന് ഏങ്ങലടിക്കുന്ന ഒരു വൃദ്ധനായ മനുഷ്യനെയാണ് നാം ഇവിടെ കാണുന്നത്. നിങ്ങൾക്ക് എപ്പോഴെങ്കിലും ഇങ്ങനെ തോന്നിയിട്ടുണ്ടോ? എനിക്കെല്ലാം പ്രതികൂലമാണ്; ഞാനേത് വഴി പോയാലും മുന്നോട്ടൊരു ഗതി കിട്ടില്ല. ഇന്ന് പത്ത് രൂപ കൈയിൽ വന്നാൽ നാളെ അത് ചോർന്ന് പോയിരിക്കും; പത്തിന്റെ സ്ഥാനത്ത് പതിനഞ്ച് രൂപ എനിക്ക് ചിലവ് വരും.

ഒരിക്കലും എനിക്ക് സ്വന്തമായിട്ട് പൈസയില്ല. എന്നും കടം. ഒരിക്കലും കടം കൊണ്ടല്ലാതെ കാര്യങ്ങൾ നടത്താൻ സാധിക്കയില്ല. ഒരിക്കലും ഒരു കരേറ്റം കിട്ടുന്നില്ല. മനസ്സിങ്ങനെ പതറി ഇരിയ്ക്കാറുണ്ടോ? നിങ്ങളുടെ മനസ്സിൽ നിരാശ വരാറുണ്ടോ? എല്ലാം എനിക്ക് പ്രതികൂലം. ആരാണ് എനിക്ക് അനുകൂലം?

അപ്പന് എന്നോട് സ്നേഹമില്ല. അമ്മയ്ക്ക് എന്നെക്കുറിച്ച് കരുതലില്ല. എന്റെ ഭാര്യയ്ക്ക് എന്നെ വലിയ കരുതലൊന്നുമില്ല. വലിയ സ്നേഹമൊന്നുമില്ല. പണ്ടൊക്കെ ഉണ്ടായിരുന്നു എന്ന് വിചാരിച്ചു. പക്ഷേ, കുഞ്ഞുങ്ങളായി, ഭാര്യയുടെ സ്നേഹ മൊക്കെ കുറഞ്ഞുപോയി. ആർക്കാണ് എന്റെ കാര്യത്തിൽ ഒരു താത്പര്യമുള്ളത്? ആരുണ്ട് എനിക്കൊരു സഹായം ചെയ്യാൻ? ആത്മാർത്ഥതയോടെ എന്നെ താങ്ങാനാരുണ്ട്? പലർക്കും ഇങ്ങനെയുള്ള ചിന്തകളുണ്ട്.

യാക്കോബ് പറയുകയാണ്: "സകലവും എനിക്ക് പ്രതികൂലം തന്നെ." വളരെ ഗൗരവമേറിയ ഒരു വാക്യമാണ് ഇത്.

ദീർഘനാൾ ജീവിച്ച അനുഗൃഹീതമായ കുടുംബത്തിലെ ശ്രേഷ്ഠനായ ഒരു വ്യക്തി! ദൈവത്തിന്റെ പ്രത്യക്ഷത ലഭിച്ച വ്യക്തി! ദൈവത്തിന്റെ വചനം കേട്ട വ്യക്തി! ദൈവം നേരിട്ട് ഇടപെട്ട ഒരു വ്യക്തി! ഇങ്ങനെ എന്തെല്ലാം നല്ല നല്ല അനുഭവങ്ങളാണ് യാക്കോബിനു പറയാനുള്ളത്. എത്രയോ പ്രാവശ്യം യാക്കോബിനു ദൈവം പ്രത്യക്ഷപ്പെട്ടു! ഏഴു പ്രാവശ്യം ദൈവം നേരിട്ട് പ്രത്യക്ഷപ്പെട്ട് അരുളപ്പാട് കൊടുത്ത ഒരു അനുഗൃഹീതനായ വ്യക്തിയാണു യാക്കോബ്! അനുഗ്ര ഹങ്ങൾ ധാരാളം ലഭിച്ചവനാണ്. ദൈവത്തിൽ നിന്ന് അനേകം കൃപകൾ പ്രാപിച്ചവനാണ്.

ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചതുകൊണ്ട് ജ്യേഷ്ഠന്റെ കോപത്തിൽ നിന്ന് രക്ഷപ്പെട്ടു. ജ്യേഷ്ഠൻ നാനൂറ് ആളുമായി വന്നപ്പോൾ ജ്യേഷ്ഠനോട് എതിരിടാൻ കഴിവില്ല എന്നോർത്ത് ഓടി രക്ഷപ്പെടാൻ നോക്കിയ ആളാണ്. പക്ഷേ, ആ യാക്കോബിന് വേണ്ടി ജ്യേഷ്ഠനെ ദൈവം തണുപ്പിച്ചു കൊടുത്തു; എന്തെല്ലാം കാര്യങ്ങൾ ചെയ്തു? ഇന്ന് യാക്കോബ് സമ്പന്നനാണ്. പക്ഷേ, യാക്കോബ് പറയുന്നു: എനിക്കെല്ലാം പ്രതികൂലമാണ്. പറഞ്ഞത് സത്യമാണ്, എല്ലാം പ്രതികൂലമാണ്. നോക്കിയാൽ നിരാശപ്പെടാനുള്ള കാര്യങ്ങളേ നടന്നിട്ടുള്ളൂ.

പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തിക്കൂ. നിങ്ങളുടെ ജീവിത ത്തിൽ താങ്ങാനാവാത്ത ദുരിതങ്ങൾ വന്നിട്ടുണ്ടോ? ഏതെങ്കിലും മാരകമായ രോഗങ്ങൾ സംഭവിച്ചിട്ടുണ്ടോ? നിങ്ങളുടെ പ്രിയപ്പെട്ടവരാരെങ്കിലും മാരകമായ രോഗങ്ങൾക്കടിമ പ്പെട്ടിട്ടുണ്ടോ? ജീവിതത്തിൽ താങ്ങാൻ വയ്യാത്ത വിപത്തുകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ?

ഓർത്താൽ ജീവിതത്തിന്റെ വഴിയോരത്ത് നിങ്ങൾക്ക്

അസഹ്യമായ വേദനയോടെ, വിങ്ങിപ്പൊട്ടലുകളോടെ, വിതുമ്പിക്കൊണ്ട് നിൽക്കേണ്ടിവന്ന സാഹചര്യങ്ങൾ ഉണ്ടായിക്കാണും. അത് ചിലപ്പോൾ നിങ്ങളുടെ ജോലിയോടുള്ള ബന്ധത്തിലായിരിക്കാം. ചിലപ്പോൾ നിങ്ങളുടെ കുടുംബത്തോടുള്ള ബന്ധത്തിലായിരിക്കാം. ചിലപ്പോൾ നിങ്ങളുടെ ചാർച്ചക്കാരോടുള്ള ബന്ധത്തിലായിരിക്കാം. അല്ല ചിലപ്പോൾ നിങ്ങളുടെ ഭാര്യയുടെ കാര്യത്തിലായിരിക്കാം.

താങ്ങാനാവാത്ത ചില പ്രതിസന്ധികൾ! ചില operations വേണ്ടിവന്നത്. ഗൗരവമേറിയ Surgery ആയിരുന്നിരിക്കാം. വലിയൊരു രോഗമായിരിക്കാം. ചികിത്സയായിരിക്കാം. സ്വന്തം സഹോദരിയുടെ കല്യാണം നടത്താൻ നിങ്ങൾ പ്രയാസപ്പെട്ട കാര്യങ്ങളായിരിക്കാം.

സകലവും എനിക്ക് പ്രതികൂലം തന്നെ എന്ന് യാക്കോബ് പറഞ്ഞ വാക്ക് അന്തരീക്ഷത്തിലിങ്ങനെ തിങ്ങിനിന്നു. തലമുറ തലമുറകൾ കഴിഞ്ഞിട്ടും ആ വാക്ക് അവിടുന്ന് മാറിയില്ല. പിന്നീട് റോമർ ലേഖനം എട്ടാം അദ്ധ്യായത്തിൽ വന്നപ്പോൾ അതിന്റെ മറുപടി ലഭിച്ചു:

> *"ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടൂ? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ?"* *റോമർ 8 : 31*

"സകലവും എനിക്ക് പ്രതികൂലം തന്നെ" എന്നാണ് യാക്കോബ് പറഞ്ഞത്. പക്ഷേ, ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആർ? നിങ്ങളോട് ഞാൻ തുറന്ന് പറയാം, ദൈവം എനിക്ക് അനുകൂലമായിരുന്നു; എന്നും കർത്താവ് എനിക്കുവേണ്ടി advocate ചെയ്തിരുന്നു. എന്റെ കാര്യം അന്വേഷിച്ചിരുന്നു. ദൈവത്തിന് എന്നോട് വലിയ സ്നേഹമായിരുന്നു. കരുതലായിരുന്നു.

നിങ്ങളോരോരുത്തരേയും ദൈവത്തിനു വലിയ

സ്നേഹമാണ്. നിങ്ങളെ കഴുകിയെടുക്കാൻ ദൈവത്തിന് അഗാധമായ ഉത്സാഹമാണ്. നിങ്ങളെ വിശുദ്ധീകരിച്ചെടുക്കാൻ ദൈവത്തിന് അത്യന്തം താത്പര്യമാണ്. നിങ്ങളെ തന്റെ സ്വന്തജനമാക്കി നിർത്താൻ കർത്താവിനു നിർബ്ബന്ധമാണ്.

ഞാൻ സ്നേഹത്തോടെ പറയട്ടെ, ദൈവത്തിന് നിങ്ങളെ ഏറ്റവും വലിയ സ്നേഹമാണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞാൽ നിങ്ങളുടെ പാപങ്ങളെല്ലാം മാറിപ്പോകും.

നിങ്ങൾ പറയണം: കർത്താവേ, എല്ലാം പ്രതികൂലമാണ്. എന്റെ സ്വഭാവവും പ്രതി കൂലമാണ്. എന്നാൽ ഇപ്പോൾ ഞാൻ നിന്നോടൊന്നു പറയുന്നു, എന്നെ നീയൊന്ന് രൂപാന്തരപ്പെടുത്തണം. എന്റെ സ്വഭാവം നീ മാറ്റിത്തരണം. എന്റെ ഹൃദയം നീ മാറ്റിത്തരണം. നിന്റെ ഹൃദയം എനിക്ക് തരണം. യേശുവിന്റെ ഹൃദയം എനിക്ക് തരണം. യേശുവിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനാക്കി എന്നെ മാറ്റണം.

എന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനെന്ന് ദൈവം പറയത്തക്കവണ്ണം എന്നെ നീ രൂപാന്തരപ്പെടുത്തണം. ദാവീദിനെക്കുറിച്ച് അങ്ങനെയാണ് പറഞ്ഞത്: ‘A man after my own heart!’ എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ!

അപ്പോൾ തെറ്റുചെയ്തവരോട് ക്ഷമിക്കാൻ സാധിക്കും. ആരോടും പരാതിയില്ലാതാകും. പരിഭവമില്ലാതാകും. ആരോടും നമുക്ക് വൈരാഗ്യമില്ലാതാകും. അമർഷമില്ലാതാകും. നമ്മുടെ ഹൃദയത്തിൽ സ്നേഹം നിറഞ്ഞുനിൽക്കും. യേശു സ്നേഹം മാത്രമാണ്.

നിങ്ങളെ വലിയവരാക്കാൻ യേശു ആഗ്രഹിക്കുന്നു. ഇന്നുള്ള മാലിന്യങ്ങൾ മാറ്റിത്തരാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ശോഭനമായ ഭാവി തന്ന് നിങ്ങളെ ഉയർന്ന തലങ്ങളിലെത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ഇന്നത്തെ എല്ലാ പ്രതിസന്ധികളും പ്രശ്നങ്ങളും ഉള്ള ഈ നിലവാരത്തിൽ നിന്ന് മാറിയിട്ട്

നിങ്ങൾക്ക് സമാധാനമുള്ള നല്ല ഭാവി തരാൻ കർത്താവ് ആഗ്രഹിക്കുന്നു.

നിങ്ങൾ ഉണരുക, നിങ്ങൾ ഉയരുക, നിങ്ങൾ അനുഗ്രഹം പ്രാപിക്കുക. ദൈവത്തെ അനുകൂലമെന്ന് ഓർക്കത്തക്കവണ്ണം നിങ്ങൾ ദൈവത്തെ മുറുകെപ്പിടിക്കുക. നിങ്ങൾ വിശ്വസിക്കുക. യേശുവിന് എന്നെ വലിയ സ്നേഹമാണ്. എന്നെ യേശു അധികമധികമായി സ്നേഹിക്കുന്നു. ഞാൻ യേശുവിനെ സ്നേഹിക്കും.

## പതിമൂന്ന്

*"അവരുടെ അപ്പനായ യാക്കോബ് അവരോട്: നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുന്നു; യോസേഫ് ഇല്ല, ശിമെയോൻ ഇല്ല; ബെന്യാമീനെയും നിങ്ങൾ കൊണ്ടുപോകും; സകലവും എനിക്കു പ്രതികൂലം തന്നേ എന്നു പറഞ്ഞു."*

*ഉല്പത്തി 42 : 36*

കാലം പിന്നെയും മുന്നോട്ടു പോയി. ദു:ഖത്തിന്റെ തീവ്രത ചിലപ്പോൾ കുറഞ്ഞുകാണും. പക്ഷേ, ഓർക്കുമ്പോൾ ദു:ഖം തന്നെയല്ലേ? മകൻ മരിച്ചുപോയില്ലേ? കാട്ടുമൃഗം പറിച്ചുകീറിപ്പോയില്ലേ? പക്ഷേ, ഈ മകൻ മരിച്ചില്ലായിരുന്നു. യിശ്മായേല്യ കച്ചവടക്കാർ അവനെ കൊണ്ടുപോയി. അവന്റെ ശരീരത്തിൽ ചൂടടയാളം വച്ചു.

അടിമ വ്യവസായം ഉള്ള കാലമല്ലേ - ഇരുമ്പു പഴുപ്പിച്ച് അടിമയുടെ തുടയിൽ വയ്ക്കും. പഴുപ്പിച്ച ഇരുമ്പ് തുടയിൽ വയ്ക്കുമ്പോൾ അവിടെ പൊള്ളി അഴുകി വല്ലാതെ പഴുക്കും. കുറെ ദിവസംകൊണ്ട് പഴുപ്പ് മാറും. ഉണങ്ങിക്കഴിയുമ്പോൾ അവിടെ സ്ഥിരമായ ഒരടയാളം ഉണ്ടാകും. അടിമകൾക്ക് ചൂടടയാളം ഉണ്ടായിരുന്നു. അടയാളം വച്ച് യോസേഫിനെ അവർ ഈജിപ്തിലേക്ക് കൊണ്ടുപോയി. തുടർന്ന് യോസേഫ് ഈജിപ്തിലെ പ്രധാനമന്ത്രിയായി. എന്തൊരത്ഭുതമാണ്! ദൈവം ഒരാളെ ഉയർത്തിയാൽ ഉയരുന്നതിനറുതിയില്ല. അത്രമാത്രം ഉയരും. ദൈവം ഒരാളെ കൈവിട്ടുകളഞ്ഞാൽ അങ്ങ് അഗാധതയിലേക്ക് താണുപോകും. യോസേഫിനെ ദൈവം ഉയർത്തി.

യാക്കോബ് മകൻ മരിച്ചു എന്ന് പറഞ്ഞു കരഞ്ഞതിനു ശേഷം പതിമൂന്ന് കൊല്ലം യോസേഫ് ജയിലിൽ കിടന്നു. അപ്പോൾ യോസേഫിന് മുപ്പത് വയസ്സ്. ഈ പതിമൂന്ന് കൊല്ലം കഴിഞ്ഞ് പിന്നീടുള്ള പതിനാല് കൊല്ലം യോസേഫ് പ്രധാനമന്ത്രിയായി അവിടെ ഭരിക്കുകയാണ്. ആ കാലത്ത് നാട്ടിൽ ധാന്യം സംഭരിച്ചു, മിസ്രയീമിൽ വലിയ പാണ്ടികപ്പുരകൾ പോലെ ധാന്യപ്പുരകൾ ധാരാളമുണ്ടായി.

നാടായനാട്ടിലെല്ലാം ക്ഷാമം വന്നപ്പോൾ അവിടുന്നെല്ലാം ആളുകൾ ഈ പ്രധാനമന്ത്രിയുടെ അടുക്കൽവന്ന് ധാന്യം വാങ്ങിക്കൊണ്ട് പോകും. അങ്ങനെയിരിക്കെ യോസേഫ് മരിച്ചു എന്ന് യാക്കോബ് നിരൂപിച്ച് 27 കൊല്ലം കഴിഞ്ഞപ്പോൾ യാക്കോബ് മക്കളോട് പറഞ്ഞു: "മക്കളേ, നമ്മൾ എത്ര നാളായി ഇങ്ങനെ പട്ടിണി കിടക്കുന്നു? മിസ്രയീമിൽ ധാന്യം ധാരാളം ഉണ്ടെന്ന് കേൾക്കുന്നു. നമുക്കവിടെപ്പോയി ധാന്യം കിട്ടുമോ എന്ന് നോക്കാം. മക്കളേ, നിങ്ങൾ പോകൂ. എനിക്കവിടം വരെയും യാത്രചെയ്യാൻ സാധിക്കില്ലല്ലോ. അവിടെ സമർത്ഥനായ ഒരു പ്രധാനമന്ത്രിയുണ്ടെന്ന് കേട്ടു. അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് നിങ്ങൾ ധാന്യം യാചിച്ച് വാങ്ങൂ."

അങ്ങനെ മക്കൾ പത്തുപേരും പോയി. ഇളയ മകൻ ബെന്യാമീൻ അപ്പന്റെ അടുക്കൽ തന്നെ നിന്നു. ഈ മക്കൾ പത്തുപേരും അറിയുന്നില്ല യോസേഫാണ് അവിടുത്തെ പ്രധാനമന്ത്രിയെന്ന്. അവൻ ചത്തുകാണും, അടിമയല്ലേ? കൊല്ലാനും എന്തുചെയ്യാനും യജമാനന്മാർക്ക് അധികാരമുണ്ടല്ലോ; കൊന്നുകാണും. അവർക്കിപ്പോൾ യോസേഫ് ചിന്താവിഷയമല്ല. അവർ പത്തുപേരും അവിടെ ചെന്ന് യോസേഫിനെ കണ്ടു. യോസേഫാണെന്ന് അവർ അറിഞ്ഞില്ല. പക്ഷേ, യോസേഫിന് അവരെ മനസ്സിലായി.

> *"മൂന്നാം ദിവസം യോസേഫ് അവരോടു പറഞ്ഞത്: ഞാൻ ദൈവത്തെ ഭയപ്പെടുന്നു; നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്ന് ഇതു ചെയ്‌വിൻ: നിങ്ങൾ*

*പരമാർത്ഥികൾ എങ്കിൽ നിങ്ങളുടെ ഒരു സഹോദരൻ കാരാഗൃഹത്തിൽ കിടക്കട്ടെ; നിങ്ങൾ പുറപ്പെട്ടു, നിങ്ങളുടെ വീടുകളിലെ ബുദ്ധിമുട്ടിന് ധാന്യം കൊണ്ടുപോകുവിൻ. എന്നാൽ നിങ്ങളുടെ ഇളയ സഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരേണം; അതിനാൽ നിങ്ങളുടെ വാക്ക് നേരെന്നു തെളിയും; നിങ്ങൾ മരിക്കേണ്ടി വരികയില്ല; അവർ അങ്ങനെ സമ്മതിച്ചു. ഇത് നമ്മുടെ സഹോദരനോടു നാം ചെയ്ത ദ്രോഹമാകുന്നു. അവൻ നമ്മോടു കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ; അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്നു അവർ തമ്മിൽ പറഞ്ഞു. അതിന് രൂബേൻ: ബാലനോട് ദോഷം ചെയ്യരുതെന്നു ഞാൻ നിങ്ങളോട് പറഞ്ഞില്ലയോ? എന്നിട്ടും നിങ്ങൾ കേട്ടില്ല; ഇപ്പോൾ ഇതാ, അവന്റെ രക്തം നമ്മോടു ചോദിക്കുന്നു എന്ന് അവരോട് പറഞ്ഞു. യോസേഫ് അവരോട് സംസാരിച്ചത് ദ്വിഭാഷി മുഖാന്തരം ആയിരുന്നതുകൊണ്ട് അവൻ അത് ഗ്രഹിച്ചു എന്ന് അവർ അറിഞ്ഞില്ല. അവൻ അവരെ വിട്ടുമാറിപ്പോയി കരഞ്ഞു.”*

*ഉല്പ്പത്തി 42 : 18 – 24*

കൂപ്പുകൈയോടെ ചേട്ടന്മാർ പത്തുപേരും അനിയന്റെ മുമ്പിൽ ചെന്ന് നിൽക്കുകയാണ്. യോസേഫ് ആണെന്നറിഞ്ഞുകൊണ്ടല്ല. മിസ്രയീമിലെ പ്രധാനമന്ത്രിയുടെ മുമ്പിൽ അവർ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു. എന്നിട്ട് എളിമയോടെ അവർ പറഞ്ഞു: ഞങ്ങളുടെ അപ്പൻ പട്ടിണി കിടക്കുകയാണ്. ഞങ്ങൾക്ക് അവിടെ ഒരു അനിയനുണ്ട്. ഞങ്ങൾ മക്കൾ പന്ത്രണ്ടുപേരാണ്. അതിൽ ഒരാൾ മരിച്ചുപോയി.

ആരോടാണ് പറയുന്നത്? മരിച്ചു എന്ന് ഇവർ പറയുന്നത്

യോസേഫിനോടാണ്. അനിയൻ വന്നിട്ടില്ല. അവനെ വിട്ടുപിരിയുവാൻ അപ്പന് നിർവ്വാഹമില്ല. അപ്പന് അവനെ ഭയങ്കര സ്നേഹമാണ്. അവനെ പിരിഞ്ഞാൽ അപ്പൻ ജീവിച്ചിരിക്കില്ല. ഞങ്ങൾ പത്തുപേരും ആഹാരം വാങ്ങിക്കൊണ്ട് പോകാൻ വന്നതാണ്. ആഹാരം തരണം. വിനയപൂർവ്വം പറയുകയാണ്.

ഈജിപ്തിലെ ധാടിമോടി പ്രതാപത്തോടുകൂടി യോസേഫ് നിൽക്കുകയാണ്. പുരാതന സംസ്ക്കാരമനുസരിച്ച് ഏറ്റവും സമ്പന്നരാഷ്ട്രമാണ് ഈജിപ്ത്. അതുകൊണ്ട് യോസേഫിനെ അവർക്ക് മനസ്സിലായില്ല. പക്ഷേ, അവരെ യോസേഫിന് മനസ്സിലായി. യോസേഫ് അവരോട് ഈജിപ്തിലെ ഭാഷയിൽ സംസാരിക്കും. ദ്വിഭാഷി അതുകേട്ട് എബ്രായ ഭാഷയിലാക്കി അവരോട് പറയും. അപ്പോൾ അവർക്ക് മനസ്സിലാകും. അവർ എബ്രായഭാഷയിൽ പറയുന്നത് ദ്വിഭാഷി Coptic ഭാഷയിൽ യോസേഫിനോടു പറയും.

യോസേഫ് പറഞ്ഞു: നിങ്ങൾ ഒറ്റുകാരാണ്. നിങ്ങൾ ഇവിടെ വന്നത് ഈ രാജ്യത്തെ ഒറ്റിക്കൊടുക്കാനാണ്. “അയ്യോ, യജമാനനേ, ഞങ്ങൾ ഒറ്റുകാരല്ല. ഞങ്ങൾ ഒരപ്പന്റെ മക്കളാണ്. ഞങ്ങൾ പന്ത്രണ്ടുപേരാണ്. ഒരാൾ ഇപ്പോൾ ഇല്ല. അനിയൻ അപ്പന്റെ കൂടെയാണ്. ഞങ്ങൾ പരമാർത്ഥികളാണ്. യജമാനനേ, അങ്ങ് വിചാരിക്കുംപോലെ ഞങ്ങൾ ഒറ്റുകൊടുക്കാൻ വന്നവരല്ല.

ശരിയാണ് അവർ ഒറ്റുകൊടുക്കാൻ വന്നവരല്ലല്ലോ. പക്ഷേ, യോസേഫ് നിങ്ങൾ ഒറ്റുകാരാണെന്നാണ് പറയുന്നത്. നിങ്ങൾ സ്വന്തം സഹോദരനെ വിറ്റവരാണ്. ആ കുറ്റബോധം അവർക്ക് വരണം. അവരെ ശിക്ഷിക്കാനല്ല, അവരോട് നിശിതമായും കർക്കശമായും ഇടപെടുന്നത് അവരെ അനുഗ്രഹിക്കാനാണ്.

അവരുടെ ജീവിതത്തിൽ ശോഭനമായ നല്ല ഭാവികൊടുക്കാനാണ്. അവരെ ഉപദ്രവിക്കാനല്ല. യോസേഫിന് സ്നേഹ

മാണ്. യോസേഫിന് വഴക്കില്ല. യോസേഫ് അവരോട് വളരെ കർക്കശമായി സംസാരിച്ചു. നിങ്ങൾ പരമാർത്ഥികൾ അല്ല. നിങ്ങൾ ഒറ്റുകാരാണ്. ദേശത്തിന്റെ ദുർബ്ബലഭാഗം നോക്കാൻ വന്നിരിക്കുന്നു. എല്ലാം കരുതിക്കൂട്ടിയുള്ള വാക്കാണ്. ദുർബ്ബലനായ ആ യോസേഫിനെ നിങ്ങൾ വിറ്റുകളഞ്ഞില്ലേ? പൊട്ടക്കിണറ്റിൽ തള്ളിയിട്ടില്ലേ?

ഒരു കാര്യം ചെയ്യാം. നിങ്ങൾ പരമാർത്ഥികളാണോ എന്നു നോക്കാം. നിങ്ങളുടെ കുടുംബങ്ങൾ പട്ടിണി കിടക്കണ്ട. ഒരു സഹോദരൻ ഇവിടെ കാരാഗൃഹത്തിൽ കിടക്കട്ടെ. നിങ്ങൾ ആഹാരം കൊണ്ടുപോകുവിൻ. ഇനി തിരിച്ചുവരുമ്പോൾ നിങ്ങളുടെ ഇളയസഹോദരനെ കൊണ്ടുവരണം. യോസേഫിനെ പിടിച്ച് അടിമയാക്കി കൊടുത്ത കുറ്റബോധം അവർക്ക് വരണം. ഒരു സഹോദരൻ കാരാഗൃഹത്തിൽ കിടക്കുമ്പോൾ ഉള്ളു നോവണം.

അവർ ധർമ്മസങ്കടത്തിലായി. ഇനി എന്തുചെയ്യും? സമ്മതിക്കാതിരിക്കാൻ പറ്റുമോ? മിസ്രയീമിന്റെ അധിപതി ഈ സഹോദരനെ കാരാഗൃഹത്തിൽ ഇട്ടാൽ കിടന്നതുതന്നെ. കൊന്നാലും ഒന്നും ചെയ്യുവാൻ അവർക്കു നിർവ്വാഹമില്ല. ഇപ്പോൾ അവർ പരസ്പരം പറയുകയാണ്. ആ വാക്കു പ്രത്യേകം ശ്രദ്ധിക്കണം.

> *"ഇതു നമ്മുടെ സഹോദരനോടു നാം ചെയ്ത ദ്രോഹമാകുന്നു; അവൻ നമ്മോടു കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ; അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്ന് അവർ തമ്മിൽ പറഞ്ഞു."* *ഉല്പത്തി 42 : 21*

അവർ പരസ്പരം പറയുകയാണ്. യോസേഫിന് അവർ പറയുന്നത് മനസ്സിലാകുന്നുണ്ട്. നമുക്കിങ്ങനെ വന്നത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദ്രോഹമാകുന്നു. അവൻ

നമ്മോടു കെഞ്ചിയതാണല്ലോ. അയ്യോ, എന്നെ പിടിച്ചുകൊടുക്കല്ലേ, എന്നെ വില്ക്കല്ലേ എന്നു പറഞ്ഞു കരഞ്ഞതല്ലേ? അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു. ഈ തിരിച്ചടി നമുക്ക് വരാൻ കാരണമതാണ്. ഈ കെടുതി വരുവാൻ കാരണമതാണ്. എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. എല്ലാമറിയുന്ന ഒരു ദൈവമുണ്ട്.

നമ്മുടെ ജീവിതത്തിൽ ഒന്നും യാദൃച്ഛികമല്ല. ഈ കെടുതി നമുക്ക് വരുവാൻ, പ്രതിസന്ധി വരുവാൻ തക്കകാരണമുണ്ട്. ഈ സങ്കടം നമുക്ക് വരുവാൻ തക്കകാരണമുണ്ട്. നമ്മുടെ സഹോദരൻ പ്രാണസങ്കടത്തോടെ കെഞ്ചിയിട്ടും, അവന്റെ പ്രാണസങ്കടം കണ്ടിട്ടും നാം അവനോട് മനസ്സലിഞ്ഞില്ല. അവന്റെ പ്രാർത്ഥന നാം കേട്ടില്ല. അവന്റെ അപേക്ഷ കേട്ടില്ല. നാം അവനെ നിഷ്ക്കരുണം വിറ്റുകളഞ്ഞല്ലോ.

കണ്ണിൽ ചോരയില്ലാതെ സ്വന്തം സഹോദരനെ വിറ്റുകളഞ്ഞ നമ്മുടെ ഹീനപ്രവൃത്തികൊണ്ട്, നമ്മുടെ ദ്രോഹപ്രവൃത്തികൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു.

ഒരു കാരണവശാലും ആരേയും നൊമ്പരപ്പെടുത്തരുത്. ആരേയും വേദനിപ്പിക്കരുത്. ആരേയും ചെറുതായി കാണരുത്. ആരേയും നിസ്സാരവത്ക്കരിക്കരുത്. നാം കഴിവുള്ള ഉപകാരം ചെയ്തുകൊള്ളുക. ഒരിക്കലും നാം മൂലം ഒരാൾ കരയാൻ ഇടവരരുത്. വേറൊരാൾ ദു:ഖിക്കാൻ ഇടവരുത്തരുത്. വേറൊരാൾക്ക് നഷ്ടം വരാൻ ഇടവരുത്തരുത്. കാരണം, പിന്നാലെ നമുക്ക് വലിയ നഷ്ടങ്ങൾ വരും സംശയിക്കണ്ട. തീർത്താൽ തീരാത്ത നഷ്ടങ്ങൾ നമുക്ക് വരും.

കോട്ടപ്പടി അപ്പുറത്ത് മുട്ടത്തുപാറ എന്ന ഒരു സ്ഥലമുണ്ട്. എന്റെ ചെറുപ്പത്തിൽ, ഏകദേശം 22 വയസ്സ് കാണും. അവിടെയൊരു സൺഡേസ്കൂളിൽ പ്രസംഗിക്കാൻ ക്ഷണിച്ചു. ഒരു ചെറിയ യോഗമാണ്. പെരുമ്പാവൂരിൽനിന്ന് മുട്ടത്തുപാറയ്ക്ക് ബസ്സുണ്ട്. ഞാൻ അതിൽ കയറി. ചുരുക്കമായിട്ടേ അങ്ങോട്ട്

ബസ്സുള്ളൂ. മുട്ടത്തുപാറയിൽ ബസ്സിറങ്ങി. സണ്ടേസ്കൂളി ലേക്ക് എത്രദൂരം ഉണ്ടെന്ന് എനിക്കറിയില്ലായിരുന്നു.

അവിടെ ബസ്സിറങ്ങിയപ്പോൾ സമയം പതിയെ ഇരുട്ടി ത്തുടങ്ങിയിരുന്നു. എന്റെ കൈയിൽ ടോർച്ചും ഇല്ല. ഏതാ യാലും ഞാൻ ഇരുട്ടത്ത് നടന്നു. ബസ് സ്റ്റോപ്പിൽ വച്ച് ആരോ പറഞ്ഞു: സൺഡേസ്കൂളിലേക്ക് ഇവിടെനിന്ന് രണ്ടോ മൂന്നോ കിലോമീറ്റർ നടക്കണം. കരിങ്കൽ ചീളുകൾ ധാരാളം നിറഞ്ഞുകിടക്കുന്ന റോഡ്. ഞാൻ അവിടെ ചെന്നു പ്രസം ഗിച്ചു. അന്ന് രാത്രി അവിടെ താമസിച്ചു.

അടുത്ത കാലത്ത് ഞാൻ ഓർത്തു. ഓരോ സ്ഥലത്തും ആളുകൾ എന്നെ മാനിക്കുകയും ഞാൻ ഒരു വീട്ടിൽ ചെല്ലണ മെന്ന് ആഗ്രഹിക്കുകയും ഒന്ന് വരണമെന്ന് നിർബ്ബന്ധിക്കയും ചെയ്തപ്പോൾ പിന്നിൽ മാറിയിരുന്ന് ഞാൻ ഏങ്ങലടിച്ചു കര ഞ്ഞു. അന്ന് മുട്ടത്ത്പാറയ്ക്ക് ഞാൻ ലൈറ്റുപോലും ഇല്ലാതെ നടന്നുപോയി. ഇന്ന് air ticket തന്ന് എന്നെ ദൈവമക്കൾ കൊണ്ടുപോകുന്നു.

കർത്താവിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയാൽ അതിന് പ്രതിഫലം കിട്ടാതെ പോകയില്ല. യേശുക്രിസ്തു വിന്റെ നാമത്തിൽ സ്വാർത്ഥോദ്ദേശമില്ലാതെ, സ്വാർത്ഥലാഭമി ല്ലാതെ ഒരു ചെറുവിരൽ അനക്കിയാൽ അതിന് പ്രതിഫലം കിട്ടാതെ പോവുകയില്ല. ജീവിതത്തിൽ നിങ്ങൾ പഠിച്ചുകൊ ള്ളൂ. ക്രിസ്തുവിനുവേണ്ടി കഷ്ടപ്പെട്ടാൽ, ക്രിസ്തുവിനു വേണ്ടി ഉറക്കമിളച്ചാൽ അതിനു പ്രതിഫലമുണ്ട്.

എത്രയോ ദിവസങ്ങളിൽ രാത്രി ഞാൻ ബസ്സ്സ്റ്റാന്റിൽ കിടന്നിട്ടുണ്ട്. റെയിൽവേ സ്റ്റേഷനിൽ കിടന്നുറങ്ങിയിട്ടുണ്ട്. വേദപുസ്തകം കൊണ്ടുപോകുന്ന ബാഗ് തലയിണയായി വയ്ക്കും. എന്റെ ചെരുപ്പ് ഊരി കാല് ചെരുപ്പിന്റെ മീതെ വയ്ക്കും. പത്രം മേടിച്ച് തറയിൽ വിരിക്കും. കോട്ടയം ബസ്സ്സ്റ്റാന്റിലും കോഴിക്കോട് റയിൽവേസ്റ്റേഷനിലും കൊട്ടാ

രക്കര സ്റ്റേഷനിലും കിടന്നുറങ്ങി. ഒന്നും നഷ്ടമായില്ല. ഇന്ന് ഞാൻ അനുഭവിക്കുന്ന സമാധാനം യേശുക്രിസ്തു തന്ന സമാധാനമാണ്. ഇന്ന് ഞാൻ അനുഭവിക്കുന്ന ശാന്തത യേശു തന്നതാണ്. ഇന്നനുഭവിക്കുന്ന സ്വസ്ഥത യേശു തന്നതാണ്.

യേശുവിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയാൽ യേശു നിങ്ങൾക്ക് പതിന്മടങ്ങല്ല നൂറ് മടങ്ങല്ല ആയിരമായിരം മടങ്ങ് പ്രതിഫലം തരും. നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾ ക്രിസ്തുവിനുവേണ്ടി മുഴുവനായി നിങ്ങളെത്തന്നെ വിട്ടുകൊടുക്കുവാൻ തയ്യാറാവുക. അന്ന് യോസേഫ് യാതന അനുഭവിച്ചു. പക്ഷേ, ദൈവം യോസേഫിനെ ഉയർത്തി. യോസേഫ് സഹോദരന്മാരോട് കർശനമായും കർക്കശമായും സംസാരിച്ചു. അവർ പറയുകയാണ്: "അവൻ നമ്മോട് കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ, അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു."

> *"അതിനു രൂബേൻ: ബാലനോടു ദോഷം ചെയ്യരുതെന്നു ഞാൻ നിങ്ങളോടു പറഞ്ഞില്ലയോ? എന്നിട്ടും നിങ്ങൾ കേട്ടില്ല; ഇപ്പോൾ ഇതാ, അവന്റെ രക്തം നമ്മോടു ചോദിക്കുന്നു എന്ന് അവരോട് പറഞ്ഞു. "* *ഉല്പത്തി 42 : 22*

27 കൊല്ലം മുമ്പ് നടന്ന കാര്യമാണ്. അത് ഇപ്പോൾ തിരിച്ചടിക്കുകയാണ്. യോസേഫിന്റെ രക്തം നമ്മോട് ചോദിക്കുന്നു. യോസേഫ് ഇതെല്ലാം കേട്ടുകൊണ്ട് നിൽക്കുകയാണ്. യോസേഫ് കേൾക്കെ പറയാൻ അവർ പേടിക്കേണ്ട കാര്യമില്ല. കാരണം യോസേഫാണെന്നറിഞ്ഞുകൂടാ. ഈ നിൽക്കുന്ന ആർക്കും ഇവർ പറയുന്ന എബ്രായഭാഷ മനസ്സിലാവില്ല. അവർ പത്തുപേർക്ക് മാത്രമേ മനസ്സിലാവുകയുള്ളൂ. പിന്നെ കൂടിവന്നാൽ ദ്വിഭാഷിക്കറിയാം. വേറെ ആർക്കും മനസ്സിലാവില്ല.

യോസേഫ് അത് കേട്ടപ്പോൾ, "അവൻ അവരെ വിട്ടു

മാറിപ്പോയി കരഞ്ഞു.” എന്റെ സഹോദരന്മാർക്ക് കുറ്റബോധം കിട്ടിത്തുടങ്ങി. 27 കൊല്ലം മുമ്പ് ചെയ്ത പാപത്തെപ്പറ്റി അവർക്ക് ബോധം വന്നുതുടങ്ങി, നന്നായി. ഇനി ദൈവ ത്തിന്റെ അനുഗ്രഹം അവർക്ക് വരും; ദൈവം അവരെ അനുഗ്ര ഹിക്കും. ദൈവം അവരുടെ പാപം ക്ഷമിച്ചു കൊടുക്കും.

കുറ്റബോധം വന്നാൽ പാപം ക്ഷമിച്ചുകിട്ടും. യോസേ ഫിന് അവരോട് സ്നേഹമേ ഉള്ളൂ. ദൈവത്തിന്റെ അനുഗ്രഹം അവരുടെമേൽ പകരുന്നതുകണ്ട് സന്തോഷിക്കണമെന്നേ യോസേഫിന് ആഗ്രഹമുള്ളൂ. യോസേഫിന് വഴക്കില്ല, യോസേഫിന് അവരോട് പരിഭവമില്ല; അവരെന്നെ ഉപദ്രവിച്ച വരല്ലേ എന്ന ചിന്തയില്ല. വേണമെങ്കിൽ അവരോടെല്ലാം പ്രതി കാരം ചെയ്യാൻ അവസരം കിട്ടിയിരിക്കയല്ലേ? അവരെ പിടിച്ച് ഉപദ്രവിക്കാമല്ലോ! ഒരിക്കലും ചെയ്യില്ല. യോസേഫ് ക്രിസ്തു വിന്റെ മനസ്സുള്ളവനാണ്. ക്രിസ്തുവിന്റെ പ്രതീകമാണ്. യോസേഫ് മാറിപ്പോയി കരഞ്ഞു.

ഇന്ന് നിങ്ങൾക്ക് വ്യക്തമായ ഒരു ബോധ്യം വരട്ടെ. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ മാറിപ്പോയി കരഞ്ഞാൽ ക്രിസ്തു പാപം ക്ഷമിച്ചു തരും. എത്ര ഹീനപാതകം വന്നിട്ടു ണ്ടെങ്കിലും ഉറപ്പാണ്. എത്ര മ്ലേച്ഛതകൾ വന്നിട്ടുണ്ടെങ്കിലും നല്ലതുപോലെ നിങ്ങൾ ഉറച്ചുകൊള്ളൂ, എല്ലാം ക്ഷമിക്കും. അതാണ് ക്രൂശിലെ സ്നേഹം. എല്ലാത്തിനും മാപ്പ് തരും, അതാണ് ക്രൂശിലെ സ്നേഹം. “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്ക ണമേ.” നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾ സമർപ്പിക്കൂ.

കർത്താവേ, വേറെയാരും അറിഞ്ഞില്ല, എന്നാൽ അവി ടുന്നറിഞ്ഞു. എന്റെ കർത്താവേ, നീ കാണാതെ ഒരു കാര്യവും സംഭവിച്ചിട്ടില്ല, നീ അറിയാതെ ഒരു കാര്യവും സംഭവിച്ചിട്ടില്ല. ഞാൻ ഇപ്പോൾ കുറ്റബോധത്തോടെ തിരുമുമ്പാകെ വരുന്നു. പാപബോധത്തോടെ തിരുമുമ്പാകെ വരുന്നു. അനുതാപ ത്തോടെ തിരുമുമ്പാകെ വരുന്നു. എന്നോടു നീ ക്ഷമിക്കണമേ.

എന്നോടു നീ പൊറുക്കണമേ. എന്റെ പാപം നീ കഴുകിത്തരണമേ. എന്റെ ഹൃദയത്തിൽ നീ സമാധാനം തരണമേ. എന്റെ അകൃത്യം നീ ക്ഷമിക്കണമേ. പ്രിയപ്പെട്ടവരേ, നിങ്ങൾ പ്രാർത്ഥിക്കൂ. നിങ്ങൾ ദൈവത്തോടപേക്ഷിക്കൂ.

പാപമോചനസൗഖ്യം പോലെ വേറൊന്നില്ല. പാപക്ഷമ കിട്ടുന്നതുപോലത്തെ ഭാഗ്യം വേറൊന്നില്ല. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം കിട്ടുന്നതുപോലൊരു മഹാഭാഗ്യം വേറൊന്നില്ല. യേശുക്രിസ്തു ഹൃദയത്തിലേയ്ക്ക് വരുന്നതുപോലൊരു സൗഭാഗ്യം മറ്റൊന്നില്ല.

> *"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."*
>
> *സങ്കീർത്തനങ്ങൾ 32 : 1*

ഹൃദയം ശുദ്ധമായി കിട്ടുക, പാപം മാറിക്കിട്ടുക, പാപം ക്ഷമിച്ചു കിട്ടുക, അതാണ് മഹാഭാഗ്യം. നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി കർത്താവിനോടു പറയണം: കർത്താവേ, എന്റെ ജീവിതത്തിൽ പാപത്തിന്റെ പൊടിപോലും ഇനി ബാക്കിയില്ലാതെ എല്ലാം തങ്കച്ചോരയാൽ കഴുകിത്തരണമേ; എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം കഴുകിത്തരണമേ. കർത്താവേ, എനിക്കു നീ പാപമോചനം തരണമേ. എന്നെ നീ കഴുകി വെടിപ്പാക്കണമേ. നിങ്ങൾ പ്രാർത്ഥിക്കൂ, കർത്താവ് പാപമോചനം തരും.

"നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധികരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." യേശുക്രിസ്തുവിന്റെ രക്തം സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

> *"വരുവിൻ, നമുക്ക് തമ്മിൽ വാദിക്കാം എന്നു*

*യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായ്ത്തീരും."*

*യെശയ്യാവ് 1 : 18 – 20*

നമുക്ക് കേട്ടനുസരിക്കാം. നമുക്ക് രക്താംബരംപോലെ ചുവപ്പുപിടിച്ച പാപങ്ങളെല്ലാം ഹിമംപോലെ വെണ്മയാക്കിത്തരുന്ന കർത്താവായ യേശുവിന്റെ പാദപീഠത്തിലേക്ക് ഓടിയണയാം. ക്രിസ്തുവിനോടു വാക്കുപറയാം: കർത്താവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും. യേശുവിന്റെ സന്നിധിയിൽ ഹൃദയം സമർപ്പിക്കൂ. ജീവിതം ക്രിസ്തുവിനു കൈമാറൂ. യേശുവിന്റെ കരങ്ങളിലേയ്ക്ക് ജീവിതം കൊടുക്കൂ.

കർത്താവേ, എന്നെ കഴുകിയെടുക്കണമേ. എന്നെ ശുദ്ധീകരിക്കണമേ. നിന്റെ വീഞ്ഞ് എന്റെ ഹൃദയത്തിൽ പകരണമേ. നിന്റെ തിരുരക്തം എന്റെ ഹൃദയത്തിൽ പകരണമേ. എന്റെ സിരകളിലൂടെ ആ തിരുരക്തം ഒഴുകണമേ. എന്നെ നീ രൂപാന്തരപ്പെടുത്തിയെടുക്കണമേ. ഒരു പുതിയ മനുഷ്യനായി ജീവിക്കാൻ ഞാനിതാ തീരുമാനിക്കുന്നു.

നാഥാ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. ഞാൻ നിനക്ക് ഉറപ്പ് തരുന്നു. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ. എന്നെ ശുദ്ധീകരിക്കണമേ. എന്നെ നിന്റെ മകനും അവകാശിയുമാക്കി സ്വീകരിക്കണമേ. ജീവന്റെ പുസ്തകത്തിൽ എന്റെപേർ എഴുതിച്ചേർക്കണമേ.

കർത്താവേ, ഈ നല്ല സമയത്തിനായി സ്തോത്രം.

അവിടുത്തെ ജീവദായകമായ തിരുമൊഴികൾക്കായി സ്തോത്രം. അവിടുത്തെ സ്നേഹമൂറുന്ന സന്ദേശത്തിനായി സ്തോത്രം. പാപം ക്ഷമിക്കുന്ന കൃപയ്ക്കായി സ്തോത്രം. പാപബോധം തരുന്ന കൃപയ്ക്കായി സ്തോത്രം. ഹൃദയം തകർത്തു തരുന്ന കൃപയ്ക്കായി സ്തോത്രം. തകർന്നും നുറുങ്ങിയതുമായ ഹൃദ യത്തെ ദൈവമേ നീ നിരസിക്കുന്നില്ലല്ലോ.

കർത്താവേ, നിന്റെ ഈ മക്കളെ എല്ലാവരേയും അനുഗ്ര ഹിക്കണമേ. എല്ലാവർക്കും കുറ്റബോധവും പാപബോധവും നൽകി വിശുദ്ധീകരിച്ച് ശ്രേഷ്ഠമേറിയ അനുഭവങ്ങളിലേയ്ക്ക് നയിക്കണമേ. എല്ലാവരേയും സ്വർഗ്ഗരാജ്യത്തിനു യോഗ്യ രാക്കിത്തീർക്കണമേ. ജീവന്റെ പുസ്തകത്തിൽ പേരെ ഴുതിച്ചേർക്കുന്ന മഹാഭാഗ്യം ഈ മക്കൾക്കെല്ലാവർക്കും നൽക ണമേ. യേശുക്രിസ്തുവിന്റെ ജയകരമായ നാമത്തിൽ പ്രാർത്ഥി ക്കുന്നു പിതാവേ, കൃപയോടെ കേൾക്കുമാറാകണമേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**ദിവസവും രാത്രി 8 : 30 നും ഉച്ചയ്ക്ക് 1:30 നും രാവിലെ 5:30 നും പവർവിഷൻ TV**

SUN DIRECT - 607, VIDEOCON - 646, AIRTEL - 873, KERALA VISION - 510, ASIANET CABLE - 662
IDUKKI VISION - 52, WAYANAD VISION - 510, MALANADU CHANNEL - 57, DEN Cable - 637

**ഓരോ സമയത്തും വ്യത്യസ്തമായ വിഷയങ്ങളാണ് പ്രസംഗിക്കുന്നത്**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**വെള്ളി രാത്രി 9:30, ചൊവ്വ ഉച്ചയ്ക്ക് 2:00**
**ആത്മീയയാത്ര TV**

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ T V പ്രോഗ്രാമുകൾ
തത്സമയം ലഭിക്കുന്നു : www.crfgospel.org

Ph : 9142 30 30 96


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

----------------------

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** **യുവാക്കന്മാരുടെ യോഗം** (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |